# മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരു പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി
ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്നത്

വി.വി. മാത്യു

മലയാള – കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
ഒക്ടോബർ 2008

# A Study on Malayalam Literature for Literacy

**Thesis submitted to the University of Calicut**
**for the**
**Degree of Doctor of Philosophy**

**V.V.MATHEW**

Department of Malayalam and Kerala Studies
University of Calicut
October 2008

പ്രൊഫ. പി.എം. വിജയപ്പൻ
വകുപ്പ് അദ്ധ്യക്ഷൻ
മലയാള – കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പിഎച്ച്.ഡി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരു പഠനം എന്ന ഈ ഗവേഷണ പ്രബന്ധം വി.വി.മാത്യു എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രൊഫ. പി.എം. വിജയപ്പൻ

കാലിക്കറ്റ് സർവ്വകലാശാല,

10/10/2008,

ഈ പ്രബന്ധം ഇതിനുമുൻപ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ അസോസിയേറ്റ്ഷിപ്പിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യം ബോധ്യപ്പെടുത്തുന്നു.

വി.വി.മാത്യു

കാലിക്കറ്റ് സർവ്വകലാശാല,

10/10/2008.

# സമർപ്പണം

എന്റെ ഗവേഷണ പ്രവർത്തനങ്ങളുടെ ഗൈഡായിരിക്കെ അന്തരിച്ച അഭിവന്ദ്യ ഗുരുനാഥൻ പ്രൊഫ. എസ്. ഗുപ്തൻനായർക്ക് ഈ ഗവേഷണ പ്രബന്ധം സമർപ്പിച്ചുകൊള്ളുന്നു.

വി.വി.മാത്യു

കാലിക്കറ്റ് സർവ്വകലാശാല,

10/10/2008.

# കൃതജ്ഞത

ഈ ഗവേഷണ പ്രവർത്തനങ്ങളുടെ ഗൈഡായിരിക്കെ അന്തരിച്ച അഭിവന്ദ്യ ഗുരുനാഥൻ പ്രൊഫ. എസ് ഗുപ്തൻ നായർക്ക് ഞാൻ അതിയായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഗൈഡായി മാർഗ്ഗനിർദ്ദേശം നൽകിയ പ്രൊഫ. പി.എം.വിജയപ്പനോട് നിസ്സീമമായ കടപ്പാടുണ്ട്. പ്രബന്ധരചനയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുതന്ന ഡോ. എം. ജി. ശശിഭൂഷൺ, ഡോ.വി.രഘു, ഡോ.സ്കറിയാ സക്കറിയാ, ഡോ.ടി.സുന്ദരേശൻ നായർ ഡോ. എം.എം.പുരുഷോത്തമൻ നായർ, എന്നിവരോടും അതിയായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

വി.വി.മാത്യു

കാലിക്കറ്റ് സർവ്വകലാശാല

10/10/2008

# ഉള്ളടക്കം


ആമുഖം : 1 – 14

അദ്ധ്യായം ഒന്ന് : സാക്ഷരതാപ്രവർത്തനങ്ങളുടെ ചരിത്രവും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആവിർഭാവവും. : 15 –58

അദ്ധ്യായം രണ്ട് : മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ വളർച്ച. : 59 – 91

അദ്ധ്യായം മൂന്ന് : ഔദ്യോഗിക സാക്ഷരതാ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം. : 92 – 126

അദ്ധ്യായം നാല് : തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം. : 127 – 186

അദ്ധ്യായം അഞ്ച് : ഭാഷാശൈലിയും അവതരണസമ്പ്രദായവും. : 187 – 214

അദ്ധ്യായം ആറ് : സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും : 215 – 230

ഉപസംഹാരം : 231 – 242

ഗ്രന്ഥസൂചി : 243 – 257

അനുബന്ധം : 258 – 265

സാങ്കേതിക പദാവലി : 266

## ആമുഖം


| | | |
|---|---|---|
| 1. | പഠനലക്ഷ്യം | : 2 |
| 2. | പ്രസക്തി | : 2 |
| 3. | പൂർവ്വപഠനങ്ങൾ | : 3 |
| 4. | രീതിശാസ്ത്രം | : 6 |
| 5. | പഠനമേഖല | : 6 |
| 6. | പ്രബന്ധസ്വരൂപം | : 7 |
| 7. | കുറിപ്പുകൾ | : 13 |

# ആമുഖം

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ അക്ഷരം പഠിച്ച് അന്തസ്സായി ജീവിക്കാൻ വേണ്ടുന്ന അറിവു കഴിവും നേടാൻ മലയാളികൾ നടത്തിയ തീവ്രയത്നത്തിന്റെ ചരിത്രമാണ് കേരളത്തിലെ സാക്ഷരതാപ്രവർത്തനം. അനൗപചാരിക വിദ്യാഭ്യാസത്തിന് ഭദ്രമായ അടിത്തറ സൃഷ്ടിച്ച് തിളക്കമാർന്ന മാതൃകകാട്ടാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്.

സമ്പൂർണ്ണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയാക്കാൻ കഴിഞ്ഞ പ്രവർത്തനങ്ങളാണ് കേരളത്തിലെ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം. ജാതി, മത, വർഗ്ഗ, വർണ്ണ ചിന്തകൾക്കും കക്ഷി രാഷ്ട്രീയത്തിനും അതീതമായി ഒരു ചരടിൽ കോർത്ത മുത്തുമണികൾ പോലെ ഒത്തൊരുമയോടുകൂടി ഒരു സംസ്ഥാനത്തെ  വലിയ വിഭാഗം ജനങ്ങൾ നിരക്ഷരതാ നിർമ്മാർജ്ജന പ്രക്രിയയിൽ പങ്കാളികളാകുന്നത് ഇന്ത്യയിലെ തന്നെ ആദ്യസംഭവമാണ്.

സാക്ഷരകേരളം സുന്ദരകേരളം എന്ന സങ്കൽപ്പം മലയാളി മനസ്സുകളിൽ പുത്തൻദിശാബോധം സൃഷ്ടിച്ചു. കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ഉണർത്തുപാട്ടായി കടന്നുവന്ന ഈ സാക്ഷരതാ പ്രവർത്തനം വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രവികസനത്തിനു തകുന്ന വഴിത്താര വെട്ടിത്തുറന്നു. അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും കേരളീയ ജനതയെ മോചിപ്പിക്കുന്നതിനും ഒരളവിൽ ഭാഷയ്ക്കും സാഹിത്യത്തിനും മൗലീകമായ സംഭാവനകൾ നൽകുന്നതിനും കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾക്കും അതിനായി രൂപംകൊണ്ട മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിനും കഴിഞ്ഞു.

കേരളത്തിന്റെ നവോത്ഥാനത്തിനും സാംസ്കാരിക ഉന്നമനത്തിനും വിദ്യാഭ്യാസ വളർച്ചക്കും സാക്ഷരതാപ്രവർത്തനം മഹത്തായ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളസമൂഹത്തിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിച്ച

സാക്ഷരതാപ്രവർത്തനങ്ങൾക്ക് കരുത്തും ശക്തിയും പകർന്ന സാഹിത്യത്തെ സംബന്ധിച്ച പഠനമാണ് *മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരു പഠനമെന്ന* ഈ ഗവേഷണ പ്രബന്ധം.

1. *പഠനലക്ഷ്യം :* മലയാളത്തിലെ സാക്ഷരതാസാഹിത്യത്തെ നിർവ്വചിച്ച് അതിന്റെ ഉദയവികാസ ചരിത്രം കണ്ടെത്താൻ മലയാളത്തിലെ സാക്ഷരതാ സാഹിത്യം ഒരു പഠനം എന്ന ഈ ഗവേഷണ പ്രബന്ധത്തിലൂടെ ലക്ഷ്യമിടുന്നു. ഭാഷാശൈലി, അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ്, വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി മലയാളത്തിലെ സാക്ഷരതാസാഹിത്യ രംഗത്ത് വന്ന പരിണാമങ്ങളെ കണ്ടെത്താനുള്ള ശ്രമവും ഈ ഗവേഷണ പ്രബന്ധത്തിൽ നിർവ്വഹിച്ചിരിക്കുന്നു. മലയാളികളുടെ വായനാശീലം വളർത്താനും നിലനിർത്താനും ജീവിതഗുണനിലവാരം മെച്ചപ്പെടുത്താനും വരുമാനം വർദ്ധിപ്പിക്കാനും വ്യക്തിഗത താത്പര്യം പരിപോഷിപ്പിക്കാനും ചിന്താശീലം ഉണർത്തുന്നതിനും മലയാളത്തിലെ സാക്ഷരതാസാഹിത്യം നൽകിയ സംഭാവനകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്താൻ ഈ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുണ്ട്. ജനപ്രിയ സാഹിത്യവും സാക്ഷരതാസാഹിത്യവും തമ്മിലുള്ള ബന്ധവും ഈ പഠനത്തിൽ നിരീക്ഷിച്ചിട്ടുണ്ട്.

2. *പ്രസക്തി :* മലയാള സാഹിത്യ മേഖലയിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കാതെയും ആരും ശ്രദ്ധിക്കാതെയും പോയ ഒരു സാഹിത്യശാഖയാണ് സാക്ഷരതാസാഹിത്യം. ബാലസാഹിത്യവും ദളിത്സാഹിത്യവും പെണ്ണെഴുത്തും ഉത്തരാധുനികതയും ഒക്കെ വേർതിരിച്ചു ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടത്തിൽപ്പോലും സാക്ഷരതാസാഹിത്യത്തെക്കുറിച്ച് വേണ്ടത്ര പഠനങ്ങൾ ഉണ്ടായിട്ടില്ല. ആ നിലയിലുള്ള പ്രാധാന്യവും പ്രസക്തിയുമാണ് ഈ പ്രബന്ധത്തിനുള്ളത്. മലയാളഭാഷയെയും സാഹിത്യത്തെയും സാധാരണ

കേരളീയരുടെ ജീവൽഭാഷയും ജീവൽസാഹിത്യവുമാക്കി മാറ്റിയ സാക്ഷരതാ സാഹിത്യത്തെ സംബന്ധിച്ച് നാളിതുവരെ പഠനം നടത്തിയിട്ടില്ല. ആ കുറവ് പരിഹരിക്കുന്നതിനും സാക്ഷരതാസാഹിത്യം മലയാളഭാഷയ്ക്കും സാഹിത്യ ത്തിനും നൽകിയ സംഭാവനകൾ വിലയിരുത്തുന്നതിനും ഈ ഗവേഷണ പ്രബന്ധത്തിലൂടെ പരിശ്രമിക്കുന്നു. സാധാരണ മലയാളികളിൽ വായനാശീലം വളർത്താനും നിലനിർത്താനും സാക്ഷരതാസാഹിത്യവും ജനപ്രിയ സാഹിത്യവും നൽകിയ സംഭാവന പഠിക്കാനുള്ള ആദ്യ സംരഭമാണ് ഈ പ്രബന്ധത്തിലൂടെ നിർവ്വഹിക്കപ്പെടുന്നത്.

കേരളത്തിന്റെ നവോത്ഥാനത്തിനും സാംസ്കാരിക വളർച്ചയ്ക്കും ഭാഷയുടെയും സാഹിത്യത്തിന്റെയും ഉയർച്ചയ്ക്കും അതുവഴി സാർവ്വത്രിക പുരോഗതിക്കും പ്രധാന കാരണമായത് കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. നിരവധി വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും ഒറ്റപ്പെട്ടതും കൂട്ടായതുമായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഇവരുടെ പ്രവർത്തന ങ്ങളെ സംബന്ധിച്ചും സാക്ഷരതാസാഹിത്യത്തിന് അവർ നൽകിയ സംഭാവന കളെ സംബന്ധിച്ചും ഇതുവരെ പഠനം നടന്നിട്ടില്ല. ആ കുറവ് പരിഹരിക്കാനുള്ള ശ്രമം ഈ പഠനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

3. *പൂർവ്വപഠനങ്ങൾ :* കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്ത നങ്ങളെ സംബന്ധിച്ചും അതിനായി രൂപം കൊണ്ട സാക്ഷരതാസാഹിത്യത്തെ സംബന്ധിച്ചും ആധികാരികമായ പഠനം മലയാളഭാഷയിൽ ഇതുവരെ നടന്നിട്ടില്ല. നവസാക്ഷരർക്ക് പുസ്തകം രചിക്കുന്നത് സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങളും ശില്പശാലകളും സംഘടിപ്പിച്ചിരുന്നതൊഴിച്ചാൽ സാക്ഷരതാസാഹിത്യമെന്ന നിലയിൽ ഒരു പഠനവും നടന്നിട്ടില്ല.

ഇന്ത്യയിൽ നവസാക്ഷരസാഹിത്യത്തെ സംബന്ധിച്ച് ആദ്യമായി നടന്ന " ശില്പശാല 1952 ഡിസംബർ 20മുതൽ26വരെ ജാമിയാമില്ലയായിൽ ആയിരുന്നു.

ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇൻഡ്യൻ അഡൾട്ട് എഡ്യക്കേഷന്റെ നേതൃത്വത്തിൽ നടത്തിയ പ്രസ്തുത ശില്പശാലയിൽ രംഗനാഥൻ എസ്. ആർ. നവസാക്ഷരസാഹിത്യത്തെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു.[1] നവസാക്ഷരസാഹിത്യത്തിൽ സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച രൂപരേഖ പ്രസ്തുത ശില്പശാലയിൽ ചർച്ച ചെയ്ത് അംഗീകരിച്ചു.

"1957 ൽ മുഷ്ത്താഖ് അഹമ്മദ് ഇന്ത്യയിലെ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിച്ച നവസാക്ഷര ഗ്രന്ഥങ്ങളെക്കുറിച്ച് ഒരു സർവേ"[2] നടത്തുകയുണ്ടായി.

"1973 ഏപ്രിൽ 27,28,29 തീയതികളിൽ കേരള ഗ്രന്ഥശാലാസംഘം നവസാക്ഷരസാഹിത്യ ശില്പശാല സംഘടിപ്പിച്ചിരുന്നു."[3] ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലാസംഘം നവസാക്ഷരപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത്തരം പുസ്തകങ്ങൾ ഈ ഗവേഷണ പ്രബന്ധത്തിൽ പഠന വിധേയമാക്കിയിട്ടുണ്ട്.

മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നവസാക്ഷരപുസ്തകങ്ങളെക്കുറിച്ചും കേരളീയരായ നവസാക്ഷരരെക്കുറിച്ചും "1974 ൽ ശിവദാസൻപിള്ള കെ. പഠനം നടത്തിയിരുന്നു."[4]

"1974 ൽ റൊക്കാഡിയ ബി.സി."[5] നവസാക്ഷരപുസ്തകങ്ങൾ എങ്ങനെ രചിക്കാമെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

നവസാക്ഷരർക്കുള്ള ജേർണലുകളെ സംബന്ധിച്ചുള്ള പഠനം "മാത്തൂർ ജെ.സി 1977ൽ"[6] നടത്തിയിട്ടുണ്ട്.

"1978 ൽ കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) നവസാക്ഷരസാഹിത്യം ഒരു പഠനം"[7] എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാസ്ക്കരപ്പണിക്കർ പി.ടി. രചിച്ച പ്രസ്തുത പുസ്തകത്തിൽ നവസാക്ഷരർക്കുള്ള പുസ്തകരചനയിൽ എഴുത്തുകാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് വിവരിക്കുന്നത്.

നവസാക്ഷരപുസ്തകങ്ങൾ എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ച് "1978 ആഗസ്റ്റ് മാസം 15ന് ഹിന്ദു പത്രത്തിൽ ശിവദാസൻപിള്ള കെ.[8]" ലേഖനം എഴുതിയിരുന്നു.

നവസാക്ഷരപുസ്തകങ്ങൾ തയാറാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഒരു മാർഗ്ഗരേഖ "1978 ൽ തമിഴ്നാട്ടിലെ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ നോൺ ഫോർമൽ എഡ്യുക്കേഷൻ[9]" രൂപം നൽകി.

നവസാക്ഷരപുസ്തകങ്ങൾ തയാറാക്കുന്നതിനായി "കേരളാ സർവ്വകലാശാല വിദ്യാഭ്യാസ വിഭാഗം 1979 ൽ[10]" ഒരു മാർഗ്ഗരേഖയ്ക്കു രൂപം നൽകി.

"നാഷണൽ ബുക്ക് ട്രസ്റ്റ് 1981 ഏപ്രിൽ 27,28 തീയതികളിൽ എറണാകുളത്ത്[11]" നവസാക്ഷരപുസ്കങ്ങളെ സംബന്ധിച്ച ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു.

കേരള സർവ്വകലാശാലയുടെ വയോജനവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ "1980 ഒക്ടോബറിലും[12]" "1981 ജനുവരിയിലും[13]" ശില്പശാലകൾ സംഘടിപ്പിച്ചിരുന്നു.

സ്റ്റേറ്റ് റിസോഴ്സ് സെന്റർ "1994 ൽ നവസാക്ഷരസാഹിത്യ രചന ഒരു സമീപനം[14]" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു.

"ദേശീയ സാക്ഷരതാമിഷൻ 1998 ലും[15]" "സ്റ്റേറ്റ് റിസോഴ്സ് സെന്റർ 2000ലും[16]" നവസാക്ഷരപുസ്തക രചനയ്ക്കുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുകയുണ്ടായി.

C¯ є-¯ nÂ am\ Z-W ÿ § f pw amÀ¤ \ nÀt ±i § f pw am{X amW v CXph sc D- mb nкpÅ X v t I cf-¯ nse k m£ єX m[] hÀ¯ \ s¯ b pw A X n\ mb n cq] w sI m- k ml nX ys¯ b pw ae b mf-¯ nse k m£ єX mk ml nX ys a¶ h ri me mÀ° -¯ nÂ DÄ s¸ Sp¯ n \ S-¯ p¶ B Zy] T\ amW vC X v

*4. രീതിശാസ്ത്രം :* തെരഞ്ഞെടുത്ത പുസ്തകങ്ങളെ സംബന്ധിച്ച വിശദമായ പഠനവും മറ്റ് കൃതികളെ സംബന്ധിച്ചുള്ള സാമാന്യ പഠനവും എന്ന സമീപന മാണ് ഈ ഗവേഷണ പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളത്. സാഹിത്യകാരന്മാർ, സാംസ്കാരിക പ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, മതപുരോഹിതന്മാർ, ഗ്രന്ഥശാലാ പ്രവർത്തകർ, അദ്ധ്യാപകർ, സന്നദ്ധസംഘടനാ പ്രവർത്തകർ, മുൻകാല സാക്ഷരതാപ്രവർത്തകർ, പ്രേരക്മാർ,നവസാക്ഷരർ, തുടർവിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയ സമൂഹത്തിലെ വ്യത്യസ്ത ശ്രേണിയിലുള്ളവരുമായി നേരിട്ടു നടത്തിയ അഭിമുഖങ്ങളും ഈ പ്രബന്ധ രചനയ്ക്ക് സഹായക മായിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള സാക്ഷരതാ തുടർവിദ്യാഭ്യാസ പഠിതാക്കളിൽ നിന്നു ശേഖരിച്ച സർവേ ഫലവും ഈ ഗവേഷണ പ്രബന്ധം തയാറാക്കാൻ മാർഗ്ഗദർശകമായിട്ടുണ്ട്. വിവര സമാഹരണവും അപഗ്രഥനവും എന്ന രീതിയാണ് പ്രബന്ധരചനയിൽ സ്വീകരിച്ചിട്ടുള്ളത്.

*5. പഠനമേഖല :* കേരളത്തിൽ വിവിധ കാലങ്ങളിൽ നടന്ന സാക്ഷരതാ പ്രവർത്തനവും അതിനായി രൂപം കൊണ്ട സാഹിത്യവും ഈ പഠനമേഖല യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആരംഭവും വളർച്ചയും സ്ഥായീഭാവവും അതിനായി വ്യക്തികളും പ്രസ്ഥാന ങ്ങളും നൽകിയ സംഭാവനകളും മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരു പഠനം എന്ന ഗവേഷണ പ്രബന്ധത്തിന്റെ പഠനമേഖലയിൽ ഉൾപ്പെടുന്നു. നവസാക്ഷരരും പ്രാഥമിക വിദ്യാഭ്യാസം നേടിയവരുമായ മലയാളികളിൽ വായനാശീലം വളർത്തുന്നതിനും നിലനിർത്തുന്നതിനും സഹായകരമായി ത്തീർന്ന സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും പഠനമേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ സാക്ഷരതാതുടർവിദ്യാഭ്യാസ പ്രവർത്ത നങ്ങൾക്കായി 2002 വരെ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും പാഠക്കുറിപ്പു കളും പാട്ടുകളും സഹായകരചനകളും പഠനമേഖലയിൽ ഉൾപ്പെടുന്നതാണ്.

*6. പ്രബന്ധസ്വരൂപം :* മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരുപഠനം എന്ന ഈ ഗവേഷണ പ്രബന്ധം ആറ് അദ്ധ്യായങ്ങളും ഉപസംഹാരവും ഉൾപ്പെടുന്ന താണ്. സാക്ഷരതാപ്രവർത്തനങ്ങളുടെ ചരിത്രവും മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിന്റെ ആവിർഭാവവും എന്ന ഒന്നാം അദ്ധ്യായത്തിൽ സാക്ഷരതാ പ്രവർത്തനങ്ങളുടെ ചരിത്രവും അസംഘടിതം, സംഘടിതം , ഔദ്യോഗികം എന്നീ മൂന്ന് ഘട്ടത്തിൽ കേരളത്തിൽ നടന്ന സാക്ഷരതാപ്രവർത്തനവും പഠനവിധേയമാക്കുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആവിർഭാ വവും സാക്ഷരതാസാഹിത്യത്തിന്റെ നിർവ്വചനവും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുന്നു. വിവിധ കാലഘട്ടങ്ങളിലായി കേരളത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കണ്ടെത്തുന്നതിനും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും ശ്രമിച്ചിട്ടുണ്ട്.

കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾക്കായി കേരള ഗ്രന്ഥശാലാ സംഘം പുറത്തിറക്കിയ പന്ത്രണ്ട് നവസാക്ഷര പുസ്തകങ്ങളും കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റാൻ നടത്തിയ അക്ഷരകേരളം പദ്ധതിക്കു മുമ്പ് വരെ കേരളത്തിൽ നടന്ന സാക്ഷരതാപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച അഞ്ച് പാഠാവലികളും ഇതേ കാലയളവിൽ പുറത്തിറക്കിയ പന്ത്രണ്ട് നവസാക്ഷര പുസ്തകങ്ങളുമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ വളർച്ച എന്ന രണ്ടാം അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നത്. കേരള ഗ്രന്ഥശാലാസംഘവും പ്രവൃത്യുന്മുഖ സാക്ഷരതയുമായി ബന്ധപ്പെട്ട് കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി(കാൻഫെഡ്) യും സ്റ്റേറ്റ് റിസോഴ്സ് സെന്ററും ചേർന്ന് പുറത്തിറക്കിയ പാഠാവലികളും നവസാക്ഷരപുസ്തകങ്ങളും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പുറത്തിറക്കിയ പാഠാവലിയും നവസാക്ഷരപുസ്തകങ്ങളും അവയുടെ സംഭാവനകളും ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നു.

കേരളത്തെ സമ്പൂർണ്ണസാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിനു വേണ്ടി രൂപം കൊണ്ട കേരള സാക്ഷരതാ സമിതി പുറത്തിറക്കിയ പാഠാവലികളെയും സാക്ഷരതാനന്തര പ്രവർത്തനങ്ങളിൽ നവസാക്ഷരർക്കായി പുറത്തിറക്കിയ പുസ്തകങ്ങളെയും കുറിച്ചുള്ള പഠനമാണ് ഔദ്യോഗിക സാക്ഷരതാപ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം എന്ന മൂന്നാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് ബലമുള്ള അടിത്തറ പ്രദാനം ചെയ്യുന്നതിനും സാക്ഷരതാസാഹിത്യ സരണിയെ കെട്ടിപ്പെടുക്കുന്നതിനും സ്ഥായീഭാവം നൽകുന്നതിനും കേരള സാക്ഷരതാ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളും പുറത്തിറക്കിയ പുസ്തകങ്ങളും സഹായകമായിത്തീർന്നു. മലയാളത്തിലെ സാക്ഷരതാ സാഹിത്യം പാഠാവലികളും കഥകളും നോവലുകളും നാടകങ്ങളും പാട്ടുകളും സാരോപദേശ കഥകളും എല്ലാം അടങ്ങിയതാണെന്ന് ഈ അദ്ധ്യായത്തിലെ പഠനത്തിലൂടെ തെളിയുന്നു.

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളും അതിനായി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുമാണ് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം എന്ന നാലാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്ഷരങ്ങൾക്കപ്പുറം എന്ന പ്രായോഗിക സമീപനത്തിലൂടെ നവസാക്ഷര സമൂഹത്തിന് പുതിയ ദിശാബോധം നൽകുന്നതിനും കർമ്മശേഷി ഉണർത്തുന്നതിനുമായി ആരംഭിച്ച വികസനസാക്ഷരത, തൊഴിൽസാക്ഷരത, ആരോഗ്യസാക്ഷരത, കൃഷിസാക്ഷരത, പാർപ്പിടസാക്ഷരത, നിയമസാക്ഷരത, സാംസ്കാരിക സാക്ഷരത, കായികസാക്ഷരത എന്നിവയ്ക്കായി പുറത്തിറക്കിയ അൻപത്തിനാല് പുസ്തകങ്ങളെ ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യം ഏതെല്ലാം മേഖലകളിലേക്ക് കടന്നു ചെല്ലാൻ കഴിയും എന്ന് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും അതിനായി പുറത്തിറക്കിയ പുസ്തകങ്ങളിലൂടെയും തെളിയുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഭാഷാശൈലി,അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ്, വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി പൂർവ്വാർദ്ധമെന്നും ഉത്തരാർദ്ധമെന്നും രണ്ടായി തിരിച്ച് നടത്തുന്ന പഠനമാണ് ഭാഷാശൈലിയും അവതരണസമ്പ്രദായവും എന്ന അഞ്ചാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മിഷനറിമാരിൽ ആരംഭിച്ച് നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെയും ദേശീയപ്രസ്ഥാനങ്ങളിലൂടെയും കടന്ന് ഗ്രന്ഥശാലാസംഘത്തിൽ എത്തി കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) യുടെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും പ്രവർത്തനങ്ങളിലൂടെ കേരളസാക്ഷരതാമിതിയിലെത്തി കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിനും തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്കായും രൂപംകൊണ്ട സാഹിത്യത്തെ പൂർവ്വാർദ്ധ രചനകളിൽ ഉൾപ്പെടുത്തുന്നു. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ തുടർവിദ്യാഭ്യാസ പരിപാടിയ്ക്കായി പുറത്തിറക്കിയ പുസ്തകങ്ങളെ ഉത്തരാർദ്ധ രചനകളായും പരിഗണിക്കുന്നു.

മലയാളത്തിൽ ജനപ്രിയസാഹിത്യത്തിന്റെ കടന്നുവരവ്, വളർച്ച, മലയാളത്തിലെ സാക്ഷരതാസാഹിത്യവുമായുള്ള ബന്ധം എന്നിവ വിശദമായ പഠനത്തിന് വിധേയമാക്കുകയാണ് സാക്ഷരതാസാഹിത്യവും ജനപ്രിയ സാഹിത്യവും എന്ന ആറാം അദ്ധ്യായം. മലയാളത്തിലെ സാക്ഷരതാ സാഹിത്യവും മലയാളത്തിലെ ജനപ്രിയസാഹിത്യവും എവിടെ യോജിക്കുന്നു എവിടെ വിയോജിക്കുന്നു എന്ന പഠനം ഈ അദ്ധ്യായത്തിൽ ഉൾപ്പെടുന്നു. കേരളം നേടിയെടുത്ത അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതിനും നവസാക്ഷരരിലും പ്രാഥമികവിദ്യാഭ്യാസം നേടിയവരിലും വായനാശീലം വളർത്തുന്നതിന് മലയാളത്തിലെ ജനപ്രിയസാഹിത്യം നൽകിയ സംഭാവനകൾ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരു പഠനം എന്ന ഈ ഗവേഷണ പ്രബന്ധത്തിന്റെ നിഗമനങ്ങൾ ഉൾക്കൊള്ളുന്നതാണ് *ഉപസംഹാരം.* ഈ പഠനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം

1. നിരക്ഷരനായ വ്യക്തിയെയോ സമൂഹത്തെയോ അനൗപചാരിക പ്രവർത്തനങ്ങളിലൂടെ സാക്ഷരനാക്കുന്നതിനും സാക്ഷരതായാർജ്ജിച്ച നവസാക്ഷരനെയോ നവസാക്ഷരസമൂഹത്തെയോ തുടർവിദ്യാഭ്യാസത്തിലൂടെ ഭാഷയുടെയും വിജ്ഞാനത്തിന്റെയും പ്രയോക്താവാക്കി മാറ്റുന്നതിനുവേണ്ടി നിശ്ചിത ലക്ഷ്യത്തോടെ രചിക്കപ്പെട്ട സാഹിത്യസൃഷ്ടികളെ സാക്ഷരതാസാഹിത്യമെന്നു നിർവ്വചിക്കാം.

2. മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആരംഭിച്ച് ഗ്രന്ഥശാലാസംഘത്തിലെത്തുന്നതുവരെ നടത്തിയ സാക്ഷരതാപ്രവർത്തനങ്ങളെ അസംഘടിത സാക്ഷരതാ പ്രവർത്തനങ്ങളെന്നും കേരള ഗ്രന്ഥശാലാസംഘം, കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്), കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകൾ നടത്തിയ സാക്ഷരതാപ്രവർത്തനങ്ങളെ സംഘടിത സാക്ഷരതാപ്രവർത്തനങ്ങളെന്നും സർക്കാർ നിയന്ത്രണത്തിൽ നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങളെ ഔദ്യോഗിക സാക്ഷരതാ പ്രവർത്തനങ്ങളെന്നും കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങളെ മൂന്നായി തരംതിരിക്കാം.
3. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉദയവികാസ ചരിത്രം നിലകൊള്ളുന്നത് അസംഘടിതം, സംഘടിതം, ഔദ്യോഗികം എന്നീ മൂന്ന് തലങ്ങളിൽ നടന്ന സാക്ഷരതാപ്രവർത്തനങ്ങളിലൂടെയാണ്. ഇതിന്റെ ഫലമായി ശക്തവും വ്യക്തവുമായ ഒരു സാക്ഷരതാസാഹിത്യം മലയാളത്തിൽ ഉദയം ചെയ്തു.

4. മലയാളത്തിലെ സാക്ഷരതാസാഹിത്യം പാഠാവലികളും കഥകളും നോവലുകളും നാടകങ്ങളും ചിത്രീകരണങ്ങളും പാട്ടുകളും സാരോപദേശ കഥകളും വിജ്ഞാന,നിയമ പരിശീലന പുസ്തകങ്ങളും എല്ലാം അടങ്ങിയതാണ്.

5. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് അനുവാചകരും ഗുണഭോക്താക്കളുമായി ഒരു വലിയവിഭാഗം ജനങ്ങളുണ്ട്. വിവിധ കാരണങ്ങളാൽ പഠിക്കാൻ കഴിയാതിരുന്നവരും നവസാക്ഷരരും സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവരും പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവരുമായ ജനവിഭാഗത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ട സാഹിത്യമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യം.

6. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തെ ഭാഷാരീതി,അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ്, വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി പൂർവ്വാർദ്ധമെന്നും ഉത്തരാർദ്ധമെന്നും രണ്ടായിതിരിക്കാം. 1998 വരെയുള്ള രചനകളെ പൂർവ്വാർദ്ധ രചനകളായും ശേഷമുള്ള തുടർവിദ്യാഭ്യാസ രചനകളെ ഉത്തരാർദ്ധ രചനകളായും വേർതിരിക്കാം.

7. വിജ്ഞാനത്തോടൊപ്പം പ്രവൃത്തിമണ്ഡലത്തിൽ അറിവും കഴിവും വികസിപ്പിക്കാൻ പര്യാപ്തമായ സാഹിത്യസൃഷ്ടികൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ ഉദയം ചെയ്തു. ഇതിന്റെ ഫലമായി കേവല സാക്ഷരതയ്ക്കപ്പുറമുള്ള വികസനസാക്ഷരത, തൊഴിൽസാക്ഷരത, ആരോഗ്യസാക്ഷരത, കൃഷിസാക്ഷരത, പാർപ്പിടസാക്ഷരത, പാരമ്പര്യസാക്ഷരത, നിയമസാക്ഷരത, സാംസ്കാരികസാക്ഷരത, കായികസാക്ഷരത എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലേക്ക് മലയാളത്തിലെ സാക്ഷരതാസാഹിത്യം വളർച്ച പ്രാപിച്ചു.

8. മലയാളത്തിലെ സാക്ഷരതാസാഹിത്യവും മലയാളത്തിലെ ജനപ്രിയസാഹിത്യവും പദങ്ങളുടെ തെരഞ്ഞെടുപ്പിലും അവതരണ ശൈലിയിലും സമാനതകൾ പുലർത്തുന്നു. എന്നാൽ ആശയതലത്തിലും ഭാവതലത്തിലും ലക്ഷ്യത്തിലും വ്യത്യസ്ത സമീപനങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ലക്ഷ്യവും മാർഗ്ഗവും രണ്ടായിരുന്നെങ്കിലും മലയാളികളിൽ അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ജനപ്രിയസാഹിത്യം കാരണമായി.

9. മലയാളത്തിലെ ജനപ്രിയസാഹിത്യം നവസാക്ഷരസമൂഹത്തിൽ തുടർ വായനയ്ക്കുള്ള സാഹിത്യമെന്ന നിലയിൽ കടന്നുകയറാനും ആ ദൗത്യം നിർവ്വഹിക്കാനും കഴിഞ്ഞതു കൊണ്ടാണ് നവസാക്ഷരത്വം ലഭിച്ച ലക്ഷക്കണക്കിന് മലയാളികൾ നിരക്ഷരതയിലേക്ക് മടങ്ങിപ്പോകാതിരുന്നത്.

10. മലയാളത്തിലെ മറ്റേതൊരു സാഹിത്യത്തെപ്പോലെയും മലയാളത്തിലെ സാക്ഷരതാസാഹിത്യം ശക്തവും ഓജസ്സുറ്റതും തെളിമയാർന്നതുമായ ഒരു സാഹിത്യമാണ്.

## 8 : കുറിപ്പുകൾ


1. Ranganathan S.R(Ed), *Literature for Neo-Literates,* Indian Adult Education Association, New Delhi, 1952.
2. Ahmed Mushtaq, *A Survey of Reading Material for Neo- Literates in India*, Research Training and Production Centre, Jamia Millia and Inadian Adult Education Association, New Delhi, 1957.
3. കൊച്ചീ നഗരം, കേരള ഗ്രന്ഥശാലാസംഘം, തിരുവനന്തപുരം, 1973.
4. Sivadasan Pillai K, *Reading Interests of Neo- Literates*, *Educational India Vol.41*, No.6, December, 1974.
5. Rokadiya B.C, Some Considerations on the Preparation of Reading Materials for Adult Literacy, *Literacy News Vol 2*, No.6-10, April 1974.
6. Mathur J.C, *Journal for Neo- literates, Indian Journal of Adult Education, Vol 33*, March 1977.
7. Bhaskara Panicker P.T, *Navasakshara Sahityam- Oru Patanam*, KANFED, Trivandrum, 1978.
8. Sivadasan Pillai K, Adult Literacy follow up Programmes, *THE HINDU*, Madurai, 15 August 1978.
9. Saraswathy L.S, *Criteria for the Evaluation of Neo- Literate Literature*, State Resource Centre for Non formal Education, Madras 1978.
10. Saraswathy O, An Analysis of the Books Availabile in Malayalam for Neo-Lierates with a view to formulating a criteria in their preperation, un published M.Ed Thesis, Department of Education, University of Kerala, 1979.
11. Sivadasan Pillai K, Books for Neo- Literates, (Mimeograph) National Book Trust's, Seminar Eranakulam, April 27,28, 1981

12. Sasidharan Nair & Sivarajan K, Neo- Literate Literature -an Evaluation, *Non Formal Education Fortnightly*, KANFED, TVM, Vol.4, February 1981.

13. Sivarajan K, Evaluation of Neo- Literate Literature, *Non Formal Education Fortnightly*, KANFED, TVM, Vol.4, No.4, February 15, 1981.

14. ശ്രീധരൻ ആർ പാരൂർ, *നവസാക്ഷരസാഹിത്യ രചന ഒരു സമീപനം*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1994.

15. Bhaskar Chatterjee, Production, Selection and Purchase of Neo- Literates Material for Continuing Education Centres, Policy Guidelines, Directorate of Adult Education, New Delhi, 1998.

16. സുന്ദരേശൻ നായർ ടി, *നവസാക്ഷരപുസ്തക രചന(മാർഗ്ഗരേഖ)*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 2000

## അദ്ധ്യായം ഒന്ന്
## സാക്ഷരതാപ്രവർത്തനങ്ങളുടെ ചരിത്രവും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആവിർഭാവവും.

1 : 1 സാക്ഷരതാ വയോജന വിദ്യാഭ്യാസം ആഗോളതലത്തിൽ : 16

1 : 2 ഇന്ത്യയിലെ സാക്ഷരതാപ്രവർത്തനങ്ങൾ : 18

1 : 3 കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾ : 21

1 : 4 സാക്ഷരതാ സാഹിത്യം നിർവ്വചനം, പ്രസക്തിയും വ്യാപ്തിയും : 23

1 : 5 ഗ്രന്ഥശാലകൾ വഴിയുള്ള വിജ്ഞാനവിതരണം : 34

1 : 6 ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ സംഭാവന : 35

1 : 7 പാലാക്കുന്നേൽ വല്യച്ചന്റെ പരിശ്രമങ്ങൾ : 37

1 : 8 പേട്ടയിൽ രാമൻപിള്ള ആശാന്റെ സംഭാവന : 38

1 : 9 മധുരവനം കൃഷ്ണക്കുറുപ്പിന്റെ സംഭാവന : 39

1 : 10 പി.എൻ.പണിക്കരുടെ സംഭാവന : 40

1 : 11 പി.ടി.ഭാസ്ക്കരപ്പണിക്കരുടെ സംഭാവന : 41

1 : 12 കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി ( കാൻഫെഡ്) : 43

1 : 13 സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ സംഭാവന : 43

1 : 14 കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംഭാവന : 45

1 : 15 പ്രവൃത്ത്യുന്മുഖ സാക്ഷരതാപ്രസ്ഥാനം : 47

1 : 16 ജനബോധന സാക്ഷരതാ യജ്ഞം : 49

1 : 17 വെളിച്ചമേ നയിച്ചാലും : 50

1 : 18 കേരള സാക്ഷരതാ സമിതി : 51

1 : 19 കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി : 52

1 : 20 കുറിപ്പുകൾ : 56

### 4 : 11 കുറിപ്പുകൾ

1. APPEAL Training Materials for Continuing Education Personnel( ATLP-CE) Published by UNESCO Principal Regional Office for Asia and the Pacific, Bangkok, 1993

2. ശശിഭൂഷൺ എം.ജി, *സാക്ഷരതയിൽ നിന്നു മുന്നോട്ട്*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം. 2000

3.. *അ. പു.* ,പേജ് 4

4. കുഞ്ഞിക്കണ്ണൻ ടി.പി, *അയൽക്കൂട്ടങ്ങളും പങ്കാളിത്ത ജനാധിപത്യവും*, തുടർവിദ്യാഭ്യാസ പുസ്തകമാല, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി തിരുവനന്തപുരം. കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, കോഴിക്കോട് 2000

5. *അ. പു.* പേജ് 3

6. ജോസഫ് പി.ജെ, *കേരളത്തിലെ തുടർവിദ്യാഭ്യാസം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2001

7. സ്കറിയാ സക്കറിയാ, *സ്വകാര്യ അഭിമുഖം*, മാത്യു വി.വി., 18 ഏപ്രിൽ 2001.

8. ഹരിഹരൻ ഉണ്ണിത്താൻ എസ്. പി, *അറിവിൽക്കൂടി വികസനം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2001

9. അജിത് വെണ്ണിയൂർ, *പ്ലാസ്റ്റിക് ശത്രുവോ മിത്രമോ*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, ശാസ്തമംഗലം, തിരുവനന്തപുരം, 2001.

10. ഗോപകുമാർ പി. കോന്നി, *ജനകീയാസൂത്രണവും തുടർവിദ്യാഭ്യാസവും*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000

11. വാസു ഇ, *ഗ്രാമക്ഷേമം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000

12. വാസു ഇ, *ആസൂത്രിതഗ്രാമവികസനം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

13. ബാലഭാസ്ക്കരൻ കെ.ടി, മൻസൂർ ടി.കെ, *ചെറുവ്യവസായം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

14 . കുഞ്ഞിക്കണ്ണൻ ടി.പി., *ജനങ്ങൾ സമ്പത്ത്*, തുടർവിദ്യാഭ്യാസ പുസ്തകമാല, കരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം,കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ,കോഴിക്കോട് 2000.

15. സുനിൽകുമാർ സി, *ഫോട്ടോഗ്രഫി വീഡിയോഗ്രഫി*, ഡി.സി കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

16. സിറിൾ സി.വി, *ബുക്ക് ബൈൻഡിങ്ങ്*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, , തിരുവനന്തപുരം, 2001.

17. ഇന്ദിരാ കൃഷ്ണൻ, *റെഡിമെയ്ഡ് വസ്ത്രനിർമ്മാണം*, ഡി.സി.കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999

18.. ശിവൻകുട്ടി എസ്, *ആഭരണനിർമ്മാണം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, , തിരുവനന്തപുരം, 1999.

19. ഗംഗാധരകുറുപ്പ് ഇ.പി, *കോഴിക്കോടൻ ഹൽവ*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

20. അജീബ് കൊമാച്ചി, *കാപ്പിച്ചെടി വേരു കൊണ്ട് അലങ്കാര ശില്പങ്ങൾ*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

21. ഷാജി പി. എം, *വെൽഡിങ്ങ്*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

22. ഗോപിനാഥൻ, *കളിപ്പാട്ടം ഉണ്ടാക്കാം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

23. അരവിന്ദാക്ഷൻ സി.പി, *ചന്ദനതിരിയും പനിനീരും*,കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

24. ഷാജി പി. മുഹമ്മദ്, *കുടനിർമ്മാണം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

25. രാമദാസ് എസ്, *പൊതുജനാരോഗ്യപ്രശ്നങ്ങൾ അത്യാവശ്യം അറിയേണ്ട കാര്യങ്ങൾ*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

26. അഗ്നിവേശ്, ജോസ് നാഞ്ഞിലത്ത്, *ആർത്തവം : അറിയേണ്ട കാര്യങ്ങൾ*, ഡി.സി കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി , തിരുവനന്തപുരം, 2000.

27. രാധ, *ആസ്ത്മ, ടൈഫോയ്ഡ്,* ഡി.സി കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000

28. ഗോവിന്ദൻ നായർ, *ലഘുയോഗാസനങ്ങൾ,* ഡി.സി കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000

29. ദിവാകരൻ ആർ. വി.എം, *തൊഴിൽജന്യരോഗങ്ങൾ,* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

30. രാമചന്ദ്രൻ സി.കെ, *വാതരോഗങ്ങൾ സംശയങ്ങളും നിവാരണങ്ങളും,* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999

31. ബാലചന്ദ്രൻ പി, *എയ്ഡ്സിനെതിരെ,* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000

32. ജോർജ് ഇ.എം, *കൊതുകുനിവാരണ മാർഗ്ഗങ്ങൾ,*ഡി.സി കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000

33. തോമസ് വി.ടി, *സ്വകാര്യഅഭിമുഖം,* മാത്യു വി.വി, 14 ജൂൺ 2007.

34. ഏലിയാസ് ടി. പി, *ഹോമിയോപ്പതി അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ,* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

35. ചന്ദ്രശേഖരൻ നായർ കെ.എ, *തിരുമ്മുചികിത്സ,*കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം 2000.

36 സുധീർ ബാബു, പുഷ്പകൃഷി, ഓർക്കിഡ് – ആന്തൂറിയം, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

37. ഗോപിമണി ആർ, *നെൽകൃഷിക്കാർ അറിയാൻ*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം,2000.

38. സുനിൽകുമാർ ടി.കെ, *കാർഷികോത്പന്നങ്ങളുടെ സംസ്ക്കരണവും സംരക്ഷണവും*,കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

39. ഗോപിമണി ആർ, *വാഴകൃഷി*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, ഏപ്രിൽ 2001.

40. സീരി, ഒട്ടുചെടിവളർത്തൽ, ഡി.സി. കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

41. അനൂപ് ഇ.പി, *വനവൃക്ഷങ്ങൾ കൃഷിയും പരിപാലനവും*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

42. നായർ ആർ. ആർ, *തെങ്ങുകൃഷി*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

43. നമ്പൂതിരി എൻ.എൻ, *ടിഷ്യുകൾച്ചർ*, ഡി.സി. കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി,തിരുവനന്തപുരം, 1999.

44. നിമി ജോർജ്, *മണ്ണിരവളം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

45. തോമസ് എം.ജെ, *വീട്ടുവളപ്പിലെ കുരുമുളകു കൃഷി,* കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം 2000.

46. വർഗീസ് സി.എസ്, *ചെലവ് കുറച്ച് എങ്ങനെ വീട് പണിയാം,* ഡി.സി. കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999

47. ശശിഭൂഷൺ എം.ജി, *പാരമ്പര്യ സാക്ഷരത*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി,തിരുവനന്തപുരം, 2000

48. ജോർജ് പി.സി, *ജനനീതി*, കേരള സംസ്ഥാന സാക്ഷരതാമിഷൻ, അതോറിറ്റി, തിരുവനന്തപുരം, 2000.

49. ജേക്കബ് തോമസ്, *പോലീസും ജനങ്ങളും*,കേരള സംസ്ഥാന സാക്ഷരതാമിഷൻ, അതോറിറ്റി, തിരുവനന്തപുരം, 1999.

50. ജേക്കബ് തോമസ്, *പോലീസിനെ അടുത്തറിയുമ്പോൾ,* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം 1999.

51. ശ്രീലേഖ ആർ, *നിയമസംരക്ഷണം സ്ത്രീകൾക്ക്,* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

52. ജയിംസ് വടക്കുംചേരി, *കുട്ടികളിലെ കുറ്റവാസനയും നിരക്ഷരതയും*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം,2000.

53. കേശവൻ വെള്ളിക്കുളങ്ങര, *അക്ഷരത്തോണി*, ഡി.സി. കിഴക്കേമുറി ഫൗണ്ടേഷൻ,കേരള സംസ്ഥാന സാക്ഷരതാമിഷൻഅതോറിറ്റി, തിരുവനന്തപുരം, 2000

54. ജോസഫ് കൈമാപ്പറമ്പൻ, *കഥാപ്രസംഗ പരിശീലനം*, കേരള സംസ്ഥാന സാക്ഷരതാമിഷൻഅതോറിറ്റി,തിരുവനന്തപുരം, 2000.

55. രവീന്ദ്രനാഥ് ജി. പെരുമ്പാവൂർ, *ലളിതസംഗീതം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം,2000.

56. സനാതനൻ എം, *ചിത്രകലാപഠനം*, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

57. സത്യൻ അന്തിക്കാട്, *ശേഷം വെള്ളിത്തിരയിൽ*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999.

58. റഹ്മാൻ ഒളിമ്പ്യൻ, *ഫുട്ബോൾ മിന്നിപ്പായുന്ന അനുഭവങ്ങൾ*, കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റി,തിരുവനന്തപുരം 1999.

59. സനൽ പി.തോമസ്, *വോളിബോൾ പരിശീലനം*, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം 2001.

## അദ്ധ്യായം 5

# ഭാഷാശൈലിയും അവതരണ സമ്പ്രദായവും


5 : 1 സാക്ഷരതാസാഹിത്യം : 188

5 : 2 കാലവിഭജനം : 196

5 : 3 കുറിപ്പുകൾ : 213

## അദ്ധ്യായം 5

## ഭാഷാ ശൈലിയും അവതരണ സമ്പ്രദായവും

മലയാളത്തിലെ സാക്ഷരതാസാഹിത്യം അനേകം വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും ദീർഘകാലത്തെ പരിശ്രമത്തിലൂടെ വളർച്ച പ്രാപിച്ചതാണ്. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ ബോധപൂർവ്വവും അല്ലാതെയും രൂപപ്പെട്ടുവന്ന സാഹിത്യസൃഷ്ടികളിൽ ഭാഷാപരമായ ഒട്ടേറെ പ്രത്യേകതകൾ കടന്നുവന്നു. ഭാഷാശൈലിയിലും അവതരണ സമ്പ്രദായത്തിലും മലയാളത്തിലെ സാക്ഷരതാസാഹിത്യം, സ്വന്തവും സ്വതന്ത്രവുമായ വഴിയെ കടന്നുപോയി. നിയതമായ ലക്ഷ്യത്തിൽ അധിഷ്ഠിതമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യം. ലക്ഷ്യം സാധൂകരിക്കാൻ കഴിയുന്ന തരത്തിലായിരിക്കണം സാഹിത്യസൃഷ്ടി നടത്തേണ്ടതെന്നാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൊതുതത്ത്വം. ലക്ഷ്യത്തിന് അനുസരണമായി ഭാഷാശൈലിയിലും അവതരണ സമ്പ്രദായത്തിലും മാറ്റം വരുത്താൻ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.

*5 : 1 സാക്ഷരതാസാഹിത്യം :* മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആദ്യ കിരണങ്ങൾ കണ്ടെത്താൻ കഴിയുന്നത് മിഷനറി ഗദ്യത്തിലാണ്. നാട്ടുഭാഷാ പദങ്ങളിൽ വിഷയങ്ങൾ അവതരിപ്പിക്കുന്ന സമ്പ്രദായമാണ് ചിട്ടപ്പെടുത്തിയെടുത്തത്. സംസാരഭാഷയോട് ഇണങ്ങിച്ചേരുന്ന ഒരു ഭാഷാ ശൈലിയാണ് അതിൽ അനാവരണം ചെയ്യുന്നത്. നാട്ടുകാരായ മിഷനറിമാരുടെ പുസ്തകങ്ങൾ പരിശോധിക്കുമ്പോൾ ഇതിൽ നിന്നും വ്യത്യസ്തമായ സമീപനമല്ല സ്വീകരിച്ചിരിക്കുന്നത്. തങ്ങൾ ആരോടാണോ കാര്യങ്ങൾ പറയുന്നത് അവരുടെ ഭാഷയിലും ശൈലിയിലും വിഷയങ്ങൾ അവതരിപ്പിക്കാനാണ് മിഷനറിമാർ ശ്രമിച്ചിരുന്നത്. അതുകൊണ്ടാണ് മിഷനറിമാരുടെപ്രവർത്തനങ്ങൾ കേരളത്തിൽ വിജയിക്കുന്നതിന് അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും കഴിഞ്ഞത്. നാട്ടുഭാഷാപദങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും അവർ

കാട്ടിയ ശ്രമങ്ങൾ ബോധപൂർവ്വമായ സാക്ഷരതാപ്രവർത്തനത്തിന്റെയോ സാക്ഷരതാസാഹിത്യത്തിന്റെയോ പരിധിയിൽ ഉൾപ്പെടുന്നില്ല. എങ്കിലും അവർ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ധാരാളം വ്യക്തികളെ നിരക്ഷരത യിൽ നിന്നും സാക്ഷരതയിലേക്ക് കൊണ്ടുവരുന്നതിന് സഹായകരമായി.

മലയാളത്തിലെ സാക്ഷരതാസാഹിത്യരംഗത്ത് ബോധപൂർവ്വമായ ഇടപെടലുകൾ നടത്തിയത് ഗ്രന്ഥശാലാസംഘമായിരുന്നു. അക്ഷരം പഠിച്ച നവസാക്ഷരർക്കായി ഗ്രന്ഥശാലാസംഘം നടത്തിയ സാഹിത്യസൃഷ്ടിയാണ് *കൊച്ചീ നഗരം*[1] *(1973)*. 1973 ഏപ്രിൽ 27,28,29 തീയതികളിൽ കേരള ഗ്രന്ഥശാലാസംഘം നടത്തിയ നവസാക്ഷരസാഹിത്യ ശില്പശാലയിൽ പരിശോധിച്ചു ഭേദഗതി വരുത്തിയശേഷം പ്രസിദ്ധീകരിക്കുന്ന പുസ്തകമാണിത്. മലായാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ സംഘടിതവും ബോധപൂർവ്വവു മായ ഇടപെടലുകളായി ഇതിനെ കാണുവാൻ കഴിയുന്നു.

കൊച്ചീ നഗരം രൂപം കൊണ്ട ചരിത്രം, നഗരത്തിലെ ജനങ്ങൾ, തുറമുഖം, വിമാനത്താവളം, തീവണ്ടിയാപ്പീസുകൾ, ബസ്, ബോട്ട്-ഗതാഗതം, പ്രധാന നിരത്തുകൾ, മൈതാനങ്ങൾ, പാർക്കുകൾ, ഗ്രന്ഥശാലകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആതുരാലയങ്ങൾ, ദേവാലയങ്ങൾ, കൊട്ടാരങ്ങൾ, വ്യവസായശാലകൾ, നാവികസങ്കേതം, മറൈൻഡ്രൈവ്, ദ്വീപുകൾ, മത്സ്യവ്യാപാരം, കൊച്ചിയുടെ പ്രശ്നങ്ങൾ എന്നിവ വിവരണാത്മകമായി അവതരിപ്പിക്കുന്നു. കാര്യങ്ങൾ ലളിതമായി പറഞ്ഞുപോകുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

ആശയങ്ങൾ വളച്ചുകെട്ടില്ലാതെ അവതരിപ്പിക്കുന്നു. ലളിതപദങ്ങളും കുറഞ്ഞ പദങ്ങൾ ചേർന്ന വാക്യങ്ങളും ചെറിയ ചെറിയ ഖണ്ഡികകളുമാണ് പുസ്തകരചനയിൽ സ്വീകരിച്ചിരിക്കുന്ന സമീപനങ്ങൾ. മനസ്സിലുറച്ച പദങ്ങൾക്കൊപ്പം പുതിയ പദങ്ങളെ പരിചയപ്പെടുത്താനും ഇതിൽ ശ്രമിക്കുന്നുണ്ട്. പശ്ചിമതീരം, ക്രെയിൻ, ഹാർബർ ടെർമിനസ്സ്, ക്വാർട്ടേഴ്സ്,

ഹെഡ് പോസ്റ്റോഫീസ്, ടൗൺ ഹാൾ, ട്രാഫിക് പാർക്ക്, പബ്ലിക് ലൈബ്രറി, ഡെയറി, നഗരാസൂത്രണ സമിതി, സിഗ്നലുകൾ എന്നീ പദങ്ങൾ പരിചയപ്പെടുത്തുന്നു. സാധാരണ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലുള്ള മലയാളപദങ്ങളെ രചനയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നു. കഠിനപദങ്ങളുടെ പ്രയോഗം രചനയിൽ ഇല്ല. ഭാഷ ലളിതമെങ്കിലും കാര്യങ്ങൾ പറഞ്ഞുപോകുന്ന അവതരണരീതി സാക്ഷരതാസാഹിത്യത്തിന് യോജിച്ചതല്ല. നവസാക്ഷര സാഹിത്യം സംബന്ധിച്ച കൃത്യമായ പൂർവ്വമാതൃകകൾ ഇല്ലതിരുന്ന അക്കാലത്ത് നടന്ന രചനയെന്ന നിലയിൽ ഇതിനെ കാണാവുന്നതാണ്.

കേരള ഗ്രന്ഥശാലാസംഘം നവസാക്ഷരർക്കായി 1974 ൽ പുറത്തിറക്കിയ പുസ്തകമാണ് *ഗ്രാമത്തിലെ വായനശാല*[2] *(1974)*. പ്രസംഗരൂപത്തിൽ കാര്യങ്ങൾ പറഞ്ഞുപോകുന്ന അവതരണ രീതിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഈ അവതരണരീതി നവസാക്ഷരനിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുകയില്ല. ഭാഷ പൂർണ്ണമായും നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്നതാണ്. ലളിതപദങ്ങൾ ചെറിയചെറിയ വാചകങ്ങളിൽ ഉൾക്കൊള്ളുന്ന രചനാശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്.

നവസാക്ഷരനിൽ വായനാശീലം വളർത്താൻ ഉതകുന്നതായിരിക്കണം നവസാക്ഷരസാഹിത്യം എന്ന സാമാന്യ തത്ത്വം ഇവിടെ പരാജയപ്പെടുന്നു. കാര്യങ്ങൾ പറഞ്ഞുപോകുന്ന രീതിയാണ് ഇവിടെയും സ്വീകരിച്ചിരിക്കുന്നത്. നാടൻ ഭാഷാശൈലിയും നല്ലതു തന്നെ. അവതരണ സമ്പ്രദായമാണ് പരാജയം. "ഇന്ത്യയിൽ ആയിരമായിരം ഗ്രാമങ്ങളുണ്ട്, ഗ്രാമത്തിലെ ജനങ്ങൾ ഉണർന്നാലേ ഇന്ത്യയ്ക്കു മുന്നേറാൻ കഴിയൂ. ഗ്രാമീണരെ പുതിയ ലോകവുമായി ബന്ധപ്പെടുത്തുകയും വളർത്തുകയും വേണം അതിനാണ് വായനശാലകൾ.[3]" "ദിനപത്രങ്ങൾ വായിക്കുന്നതു നല്ലശീലമാണ്. നമ്മുടെ നാട്ടിൽ അനവധി പത്രങ്ങൾ ഉണ്ട്.എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും ചെറുതും വലുതുമായ ദിനപത്രങ്ങൾ വരുന്നുണ്ട്. രാഷ്ട്രീയകക്ഷികൾക്ക് ദിനപത്രമുണ്ട്.

ഇംഗ്ലീഷ് പത്രങ്ങളും ഇന്ത്യയിൽ ധാരാളമുണ്ട്.[4] ഇവിടെ കാര്യങ്ങൾ പറഞ്ഞു പഠിപ്പിക്കാൻ ശ്രമിക്കുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ചരിത്രത്തിൽ നവസാക്ഷരതാ സാഹിത്യം രൂപപ്പെടുത്തിയെടുക്കാനുള്ള സംഘടിത ശ്രമമാണ് ഇവിടെ നടക്കുന്നത്.

കേരള ഗ്രന്ഥശാലാസംഘം നവസാക്ഷരർക്കായി പുറത്തിറക്കിയ പുസ്തകങ്ങൾ എല്ലാം തന്നെ ഒരേ അച്ചിലിട്ടു വാർത്ത രീതിയിലുള്ളവയാണ്. ഇവയിലെ ഭാഷയെല്ലാം തന്നെ നവസാക്ഷരനായ ഒരാൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതാണ്. അവതരണസമ്പ്രദായമാകട്ടെ നവസാക്ഷരനെ സാഹിത്യത്തിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ കഴിയുന്ന തരത്തിലല്ല. അതുകൊണ്ടുതന്നെ സാക്ഷരതാസാഹിത്യത്തിന് യോജിച്ച അവതരണ സമ്പ്രദായമല്ല ഗ്രന്ഥശാലാസംഘങ്ങളുടെ പുസ്തകങ്ങളിൽ ഉള്ളത്.

നിരക്ഷരനായ ഒരാളെ സാക്ഷരനാക്കാനുള്ള ഒരു സാഹിത്യരൂപവും കേരള ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരിച്ചിട്ടില്ല. നിരക്ഷരനായ ഒരാളെ സാക്ഷരനാക്കിയാൽ ആ നവസാക്ഷരന് വായിക്കാൻ കഴിയുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചാൽ തങ്ങളുടെ ഉത്തരവാദിത്തം നിറവേറി എന്നാവാം അവർ ചിന്തിച്ചത്. ആദ്യം വേണ്ടിയിരുന്നത് നിരക്ഷരരെ സാക്ഷരരാക്കുന്നതിനുള്ള പുസ്തകമായിരുന്നു. അക്ഷരം അറിഞ്ഞെങ്കിൽ മാത്രമേ വായിക്കാൻ കഴിയൂ എന്ന സാമാന്യ തത്ത്വം വിസ്മരിക്കപ്പെട്ടു.

ലളിതമായഭാഷയിൽ ചെറിയചെറിയ പദങ്ങൾ ചേർന്ന വാചകങ്ങൾ വലുതായി എഴുതിയാൽ സാക്ഷരതാസാഹിത്യമാവുകയില്ല. നിരക്ഷരന്റെയും നവസാക്ഷരന്റെയും മാനസികനിലവാരത്തിനും പദപരിചയത്തിനും പഠനത്തിൽ താത്പര്യം ജനിപ്പിക്കുന്നതിനും അനുസൃതമായി സാഹിത്യസൃഷ്ടി നടത്തിയാൽ

മാത്രമേ സാക്ഷരതാസാഹിത്യം ആകൂ. ഈ സാമാന്യ തത്ത്വത്തിൽ നിന്നും മാറിനിന്ന് സാഹിത്യസൃഷ്ടി നടത്തിയതു കൊണ്ടാണ് കേരള ഗ്രന്ഥാശാലാസംഘം പുറത്തിറക്കിയ നവസാക്ഷരപുസ്തകങ്ങൾ നവസാക്ഷരരായ മലയാളികളിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയാതെ പോയത്.

മലയാളത്തിലെ നവസാക്ഷരസാഹിത്യത്തെ കുറിച്ച് തുടർന്ന് രണ്ട് പഠനങ്ങൾ പുറത്തുവന്നു. “1974 ൽ ശിവദാസൻ പിള്ള കെ[5]” യുടേയും 1978 ൽ “ഭാസ്ക്കരപണിക്കർ പി.ടി.[6]” യുടേയും പുറത്തുവന്ന പഠനങ്ങൾ നവസാക്ഷരസാഹിത്യ രചനയ്ക്ക് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നവയായിരുന്നു. “1978 ആഗസ്റ്റ് മാസം 15-ാം തീയതിയിലെ ഹിന്ദു ദിനപത്രത്തിൽ ശിവദാസൻ പിള്ള കെ.യുടേതായി[7]” വന്ന വയോജന സാക്ഷരതാപ്രവർത്തനത്തെ സംബന്ധിച്ച ലേഖനത്തിലും നവസാക്ഷരസാഹിത്യത്തിന്റെ ആവശ്യകത എടുത്തു പറയുന്നു. ഇത്തരത്തിലുള്ള പഠനത്തിലൂടെ ഉരുത്തിരിഞ്ഞു വന്ന പുതിയ ദിശാബോധത്തിന്റെ അടിസ്ഥാനത്തിലാണ് കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി(കാൻഫെഡ്) നവസാക്ഷര പുസ്തകങ്ങൾ പുറത്തിറക്കിയത്.

ഭാഷാപരമായ ലാളിത്യത്തോടൊപ്പംതന്നെ അവതരണസമ്പ്രദായത്തിലും മാറ്റംവരുത്തിയാണ് കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി(കാൻഫെഡ്) പുസ്തകങ്ങൾ പുറത്തിറക്കിയത്. പരസ്പര സംഭാഷണത്തിലൂടെ വിഷയങ്ങൾ അവതരിപ്പിച്ചാൽ നവസാക്ഷരനെ കൂടുതൽ ആകർഷിക്കാൻ കഴിയും. *കൃഷിയും കർഷകനും(1980)*[8] എന്ന ഫ്രാൻസിസ് ചേന്നാടിന്റെ പുസ്തകവും ഭാസ്ക്കരപണിക്കർ പി.ടി.യുടെ ഗാന്ധിയൻ പാഠാവലിയും ഇത്തരത്തിൽ രചിച്ചവയാണ്. വിഷയങ്ങൾക്ക് അനുയോജ്യമായ ചിത്രങ്ങൾ ചേർക്കുന്നതിനും ലളിതപദങ്ങൾ ഉപയോഗിക്കുന്നതിനും *ഗാന്ധിയൻ പാഠാവലി(1988)*[9]യിൽ ശ്രദ്ധിച്ചിട്ടുണ്ട്. അവതരണ സമ്പ്രദായം നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലാണ് ഗാന്ധിയൻ പാഠാവലി രചിച്ചിരിക്കുന്നത്.

ആശയങ്ങൾക്ക് കൂടുതൽ സ്പഷ്ടത ലഭിക്കുന്നതിനായി ആശയത്തിന് യോജിച്ച ചിത്രങ്ങൾ യഥാസ്ഥാനത്തു നൽകി സാഹിത്യസൃഷ്ടി നടത്തുന്നത് നവസാക്ഷരസാഹിത്യത്തിന്റെ ഒരു സവിശേഷതയാണ്. ഇക്കാര്യത്തിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററും കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) യും വിജയച്ചിട്ടുണ്ടെന്ന് *പഠനോപകരണങ്ങൾ(1988)*[10] എന്ന പുസ്തകം തെളിയിക്കുന്നു.

കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് തനതു സംഭാവനകൾ നൽകിയ കേരളഗ്രന്ഥശാലാസംഘത്തിന്റെയും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെയും കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി(കാൻഫെഡ്)യുടെയും പ്രവർത്തനഫലമായി മലയാളത്തിലെ സാക്ഷരതാസാഹിത്യം നേർദിശയിൽ വളർന്നു. മലയാളത്തിന്റെ ഭാഷാഭേദങ്ങൾ ഒഴിവാക്കി പത്രഭാഷയോട് അടുത്തു നിൽക്കുന്നതും നാട്ടിൽ പ്രചാരത്തിലുള്ളതുമായ പദങ്ങൾ തെരഞ്ഞെടുത്ത് ഉപയോഗിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു. തമിഴ്ചുവ കലർന്നതോ സംസ്കൃത ബഹുലമായതോ ഇംഗ്ലീഷിന്റെ പൊങ്ങച്ചം കാണിക്കുന്നതോ ആയ പദങ്ങൾ സാക്ഷരതാസാഹിത്യ ഉൾപ്പെടുത്തിയിട്ടില്ല.

മലയാളത്തിന്റെ തനതുഭാഷാശൈലിയും മലയാളഗദ്യത്തിന്റെ ശക്തിയും പ്രതിഫലിപ്പിക്കുന്ന രചനകളാണ് നവസാക്ഷരസാഹിത്യ സൃഷ്ടികളിലൂടെ കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി(കാൻഫെഡ്) യും സ്റ്റേറ്റ് റിസോഴ്സ് സെന്ററും പുറത്തുകൊണ്ടുവന്നത്. നവസാക്ഷരനിൽ ആശയപ്രചരണത്തിനുള്ള ശക്തമായ മാധ്യമമായി മലയാളഗദ്യത്തെ ഉപയോഗിക്കാൻ കഴിയുമെന്ന് നവസാക്ഷരസാഹിത്യം തെളിയിക്കുന്നു. "ഇത്തരത്തിലുള്ള സാഹിത്യസൃഷ്ടികൾ പുറത്തു വന്നതു കൊണ്ടാണ് വൈക്കം, ചേർത്തല പ്രദേശത്തുള്ള ധാരാളം നിരക്ഷരരായ തൊഴിലാളികളെ സാക്ഷരതാ - തുടർസാക്ഷരതാ ക്ലാസ്സുകളിൽ എത്തിച്ച് വായനാശീലമുള്ളവരായി മാറ്റാൻ

കഴിഞ്ഞതെന്ന അഭിപ്രായം[11] ” പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. നിരക്ഷരരായ തൊഴിലാളികളിൽ തങ്ങൾക്ക് പ്രാപ്യമായ ഒന്നാണ് അക്ഷരം പഠിക്കലെന്ന് ബോധ്യപ്പെടുത്താൻ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കഴിഞ്ഞു. അതുകൊണ്ടാണ് തൊഴിലാളി സംഘടനകൾ നടത്തിയ നിശാപാഠശാലകളിലേക്ക് തൊഴിലാളികൾ എത്തിയതും അക്ഷരം പഠിച്ച് വായനയിലൂടെ അറിവ് നേടിയതും അവകാശത്തിനായി ശബ്ദിച്ചതും.

പ്രാഥമികമായ അറിവുകൾ ജനമദ്ധ്യത്തിൽ എത്തിക്കാൻ കഴിയുന്ന തരത്തിലായിരുന്നു പ്രവൃത്യുന്മുഖ സാക്ഷരതയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സാഹിത്യസൃഷ്ടികൾ. നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷാ പ്രയോഗമാണ് ഇതിൽ കാണുവാൻ കഴിയുന്നത്. “രാധേ ! എടീ രാധേ............ ഇവളെവിടെപ്പോയിക്കിടക്കുവാ? എടീ, പാറുവമ്മ വന്നോ ? ഇല്ലമ്മേ അവരവിടില്ലെന്ന്. പിന്നെവിടെപ്പയിരിക്കുവാ ? കുഞ്ഞുലക്ഷ്മിക്കും പേറ്റുനോവാന്ന്. അവരങ്ങോട്ടു പോയെന്ന്. അവക്ക് പെറാൻ കണ്ട സമയം ഇവടാണ്ടൊരുത്തി നിലവിളിക്കുന്നു.ഇനി ഞാനെന്നാ ചെയ്യും?[12] ” ഗ്രാമീണജനതയുടെ സംഭാഷണ ശകലങ്ങൾ അടർത്തിയെടുത്ത അവതരണ ശൈലിയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. സാധാരണ ജനങ്ങളുടെ സംസാരഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന ഭാഷാശൈലിയാണ് സാക്ഷരതാ സാക്ഷരതാനന്തര പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ സാഹിത്യ സൃഷ്ടികളിൽ കണ്ടെത്താൻ കഴിയുന്നത്.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നിരക്ഷരതാ നിർമ്മാർജ്ജനത്തിനായും തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്കായും പുറത്തിറക്കിയ സാഹിത്യ സൃഷ്ടികളിൽ ഭാഷാപരമായ ലാളിത്യവും ചിന്തോദ്ദീപങ്ങളായ ആശയങ്ങളും ഉൾക്കൊണ്ടിരുന്നു. ഓജസ്സുറ്റതും തെളിമയാർന്നതുമായ ഒരു ഭാഷാശൈലിയിലൂടെയാണ് സാക്ഷരതാസാഹിത്യം സൃഷ്ടിച്ചത്. നിരക്ഷരരുടെയും നവസാക്ഷരരുടെയും മാനസികനിലവാരത്തിലേക്ക് ഇറങ്ങി വന്ന് സാഹിത്യസൃഷ്ടി

നടത്താൻ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന് കഴിഞ്ഞു. അതുകൊണ്ടാണ് അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകാനും നിരക്ഷരതാ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും കഴിഞ്ഞത്. ഭാഷാശൈലിയിലും അവതരണ സമ്പ്രദായത്തിലും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് പുതിയമാനങ്ങൾ നൽകുന്നതായിരുന്നു ഇവരുടെ സൃഷ്ടികൾ.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ ഭാഷയിലും അവതരണ സമ്പ്രദായത്തിലും ഉദാത്ത മാതൃകകളിലെത്തുന്നത് കേരള സാക്ഷരതാസമിതിയുടെ പുസ്തകങ്ങളിൽ എത്തുമ്പോഴാണ്. അവതരിപ്പിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം ലളിതപദങ്ങളുടെ ഉപയോഗം വിഷയങ്ങൾ തമ്മിൽ പരസ്പരമുള്ള പൊരുത്തപ്പെടലുകൾ അവതരണക്രമം, ചിത്രങ്ങളുടെ വ്യക്തത, ഉദാഹരണങ്ങളുടെ ഔചിത്യം എന്നിവയിലെല്ലാം കേരള സാക്ഷരതാസമിതി പുറത്തിറക്കിയ പുസ്തകങ്ങളിൽ സൂക്ഷ്മത പാലിച്ചിട്ടുണ്ട്. വിഷയങ്ങളെ സരസമായും കാവ്യാത്മകമായും നവസാക്ഷരന്റെ മനോമണ്ഡലത്തെ സ്വാധീനിക്കാൻ കഴിയുന്ന തരത്തിലുള്ള സാഹിത്യസൃഷ്ടികളാണ് ഇക്കാലത്തുണ്ടായത്. ഭാഷാപ്രയോഗത്തിലും ശൈലിയിലും അവതരണ സമ്പ്രദായത്തിലും മാതൃകാപരമായ സമീപനങ്ങളാണ് സ്വീകരിച്ചിരുന്നത്. സാക്ഷരതാസാഹിത്യം ശക്തവും ഈടുറ്റതുമായ നിലയിൽ വളരുന്നത് ഇക്കാലത്താണ്.

മലയാളത്തിലെ സാക്ഷരതാസാഹിത്യം വൈവിധ്യമുള്ള മേഖലകളിലേക്ക് കടന്നുചെല്ലുന്നത് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ രചനകളിലാണ്. അക്ഷരവിദ്യയെ വിജ്ഞാനത്തോട് അടുപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി പുറത്തിറങ്ങിയ സാഹിത്യസൃഷ്ടികളാണ് ഇക്കാലത്തേത്. നവസാക്ഷരനിൽ അറിവും കഴിവും വളർത്താനുതകുന്ന തരത്തിലുള്ള സാഹിത്യസൃഷ്ടികൾ പുറത്തുവന്നു. ഭാഷാശൈലിയിലും അവതരണ സമ്പ്രദായത്തിലും സാക്ഷരതാസാഹിത്യത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു

തന്നെയാണ് സാഹിത്യസൃഷ്ടി നടത്തിയിരുന്നത്. സാക്ഷരതാസാഹിത്യത്തിന്റെ ഗൗരവമേറിയ രചനകൾ ഇക്കാലത്ത് പുറത്തു വന്നു.

*5 : 2 കാലവിഭജനം :* മലയാളത്തിലെ സാക്ഷരതാസാഹിത്യത്തെ ഭാഷാശൈലി, അവതരണസമ്പ്രദായം,പദങ്ങളുടെ തെരഞ്ഞെടുപ്പ്,വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി രണ്ടായി തരംതിരിക്കാം. സാക്ഷരതാ സാക്ഷരതാനന്തരപ്രവർത്തനങ്ങളിൽ പങ്കാളികളായ നിരക്ഷരർക്കും നവസാക്ഷരർക്കുമായി രചിക്കപ്പെട്ട സാഹിത്യസൃഷ്ടികളെ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധമെന്നും തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായുള്ള സാഹിത്യസൃഷ്ടികളെ മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിന്റെ ഉത്തരാർദ്ധമെന്നും വിളിക്കാം. മിഷനറിമാരിൽ ആരംഭിച്ച് കേരള ഗ്രന്ഥശാലാസംഘവും കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി(കാൻഫെഡ്) യും കേരള ശാസത്രസാഹിത്യപരിഷത്തും കേരള സാക്ഷരതാസമിതിയും പുറത്തിറക്കിയ പുസ്തകങ്ങൾ പൂർവ്വാർദ്ധത്തിലും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ പുസ്തകങ്ങൾ ഉത്തരാർദ്ധത്തിലും ഉൾപ്പെടുന്നു. നാട്ടുഭാഷാപദങ്ങളും നാടൻപ്രയോഗങ്ങളും കൂടുതലായി ഉപയോഗിക്കുന്നത് ഒന്നാംഘട്ടത്തിലാണ്. സാക്ഷരതാഗാനങ്ങൾ എല്ലാം തന്നെ ഭാഷാപരമായി ഒന്നാംഘട്ടവുമായി യോജിച്ചുപോകുന്നവയാണ്.

"അക്ഷരം അക്ഷയസമ്പത്ത് - അത്
അറിയില്ലെങ്കിലാപത്ത്
പേരൊന്നെഴുതാൻ വായിക്കാൻ
ബോർഡുകൾ വായിച്ചറിയാനും
കഴിവതുപോലെ പഠിക്കേണം
കാര്യം പലതും അറിയേണം

( അക്ഷര......)

കൈയ്യൊപ്പിടുവാൻ കണക്കു കൂട്ടാൻ
വയ്യാവേലികളൊഴിവാക്കാൻ
ജീവിതയാത്രയിലിരുട്ടകറ്റാൻ
അക്ഷരദീപമെടുത്തോളൂ

( അക്ഷര....)

ചെറുതോ വലുതോ ആയാലും
ആണോപെണ്ണോ ആയാലും
അറിവും കഴിവും നേടാതെങ്ങനെ
കയറും നന്മ മനക്കാമ്പിൽ ”[13] ( അക്ഷര....)

ഇത്തരത്തിലുള്ള നിരവധി സാക്ഷരതാഗാനങ്ങൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ചരിത്രത്തിലെ ഈടുറ്റ കണ്ണികളാണ്. സാധാരണ ജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങളെ കോർത്തിണക്കി ജനങ്ങൾക്ക് ആവേശം നൽകുന്ന പാട്ടുകളാക്കി മാറ്റുകയാണ് സാക്ഷരതാഗാനങ്ങളിൽ ചെയ്തിരിക്കുന്നത്. അക്ഷരം, സമ്പത്ത്, അരിയില്ല, ആപത്ത്, പേര്, എഴുതാൻ, വായിക്കാൻ, ബോർഡ്, കഴിവ്, പഠിക്കേണ്ട, കാര്യം, പലതും, അറിയണം, ഒപ്പ്, കണക്കു കൂട്ടാൻ, വയ്യാവേലി, യാത്ര, ദീപം, ചെറുത്, വലുത്, ആണ്, പെണ്ണ്, അറിവ്, കഴിവ്, തുടങ്ങി ലളിതവും പരിചിതവുമായ പദങ്ങളെ കൂട്ടിയിണക്കി നാടിനും നാട്ടാർക്കും ആവേശം പകരുന്ന സംഘഗാനങ്ങളാക്കി മാറ്റാൻ കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ പട്ടണമായി കോട്ടയംപട്ടണം മാറ്റാൻ നടത്തിയ പ്രവർത്തനങ്ങൾക്ക് തയ്യാറാക്കിയ സാക്ഷരതാഗാനമാണിത്.

ഇത്തരത്തിലുള്ള നിരവധി ഗാനങ്ങൾ സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനങ്ങൾക്കായി കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു.ഇത്തരത്തിലുള്ള പാട്ടുകളിലൂടെ സാക്ഷരതയുടെ സന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കുന്നതിനും ജനകീയ

കൂട്ടായ്മ സൃഷ്ടിക്കുന്നതിനും സാക്ഷരതാ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടനൽകി.

കേരളത്തിലെ സാക്ഷരതാ പ്രവർത്തനത്തിന്റെ ചരിത്രത്തിലും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ചരിത്രത്തിലും നിർണ്ണായകമായ സംഭാവനകളാണ് സാക്ഷരതാഗാനങ്ങൾ നൽകിയിട്ടുള്ളത്. മനുഷ്യമനസ്സുകളിൽ ആണ്ടു കിടക്കുന്ന താളബോധത്തെ ഉണർത്തി സംഘബോധം നൽകി ലളിതഭാഷയിലൂടെ അവതരിപ്പിക്കപ്പെടുന്ന സാക്ഷരതാഗാനങ്ങൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധത്തിന്റെ മൗലിക സ്വഭാവം വെളിവാക്കുന്നു.

"ഒരു താളമൊരുരാഗമൊരു മനസ്സായി
ഒരുമിച്ചു നമ്മൾക്കു നീങ്ങാം
തളരാതെ തകരാതെ വളരാം നമുക്കൊപ്പം
ഉണരാമൊരുമിച്ചു നീങ്ങാം

(ഒരു താള..........)

ഇരുട്ടിനെക്കണ്ടു പഴിക്കാതെ കൈകളിൽ
ഒരു തിരിവീതം കൊളുത്താം
ഓരോ തിരിയും പൊഴിക്കും പ്രകാശത്തി -
ലൊത്തിരി ദൂരം നടക്കാം

(ഒരു താള..........)

കരയാൻ ജനിച്ചവരല്ലെ നാമീമണ്ണിൽ
കരിയാൻ ജനിച്ചവരല്ല
ഒരു നല്ല ഭാവി പടുത്തുയർത്തീടുവാൻ
ഒരുമിക്ക; നാമൊത്തു നീങ്ങാം[14] "

(ഒരു താള..........)

ഭാഷാപരമായ ലാളിത്യവും പരിചിത പദങ്ങളുടെ സന്നിവേശവും ഈ ഗാനത്തിൽ നിറഞ്ഞു നിൽക്കുന്നു. സാക്ഷരതയുടെ ശക്തിയും മഹത്ത്വവും വെളിവാക്കുന്നതിനൊപ്പം ജനങ്ങളെ കൂട്ടമായി സാക്ഷരതാപ്രവർത്തനങ്ങളി ലേക്ക് ആകർഷിക്കുന്നതിനും പഠിതാക്കളിലും പ്രവർത്തകരിലും ദിശാബോധം നൽകുന്നതിനും ഇത്തരം ഗാനങ്ങൾക്ക് കഴിയുന്നു.

"മനസ്സു നന്നാവട്ടെ
മതമേതെങ്കിലുമാവട്ടെ
മാനസഹൃത്തിൻ ചില്ലിയിലെല്ലാം
നാമ്പുകൾ വിടരട്ടെ

( മനസ്സു നന്നാവട്ടെ.....)

സൗഹൃദസിദ്ധികൾ പൂത്താൽ
സൗവർണ്ണാഭ പരന്നാൽ
സുരഭില ജീവിത മാധുരി വിശ്വം
സമസ്തമരുളുകയല്ലോ

( മനസ്സു നന്നാവട്ടെ.....)

സത്യം ലക്ഷ്യമതാവട്ടെ
ധർമ്മം പാതയതാവട്ടെ
ഹൈന്ദവ ക്രൈസ്തവ ഇസ്ലാമികളുടെ
കൈകളിണങ്ങീടട്ടെ[15] "

( മനസ്സു നന്നാവട്ടെ.....)

മലയാള സാക്ഷരതാസാഹിത്യത്തിന്റെ ഭാഷാശൈലിക്കും അവതരണ സമ്പ്രദായത്തിനും മകുടോദാഹരണങ്ങളായ സാക്ഷരതാഗാനങ്ങളാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. സാമൂഹികജീവിതത്തിന്റെയും മനുഷ്യമനസ്സുകളുടേയും സാക്ഷരതയുടേയും വിവിധ മുഖങ്ങൾ അനാവരണം ചെയ്തിരിക്കുന്നു. പാടാൻ ഇമ്പമുള്ളതും കേൾക്കമാത്രയിൽ അർത്ഥം മനസ്സിലാകുന്നതുമായ

ഭാഷാശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. വളച്ചുകെട്ടില്ലാതെ താളാത്മകമായും യുക്തിഭദ്രമായുമാണ് സാക്ഷരതാഗാനങ്ങൾ രചിച്ചിരിക്കുന്നത്.

ഒരു വിഷയത്തെ ലളിതമായ ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുകയെന്നതാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ അവതരണശൈലി. എറണാകുളം ജില്ലയെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി മാറ്റുന്നതിനായി തയ്യാറാക്കിയ *അക്ഷരം സാക്ഷരതാപാഠാവലി(1989)*[16] യിൽ മുപ്പത്തി ഏഴ് വിഷയങ്ങൾ ലളിതമലയാള ഭാഷയിൽ കാര്യമാത്ര പ്രസക്തിയോടെ അവതരിപ്പിച്ചിരിക്കുന്നു. സാധാരണ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവർക്ക് മനസ്സിലാകുന്ന ലളിതഭാഷയിൽ രചിച്ചിരിക്കുന്നു.

എല്ലാവർക്കും ആഹാരം, എല്ലാവർക്കും തൊഴിൽ വേണം, രോഗം വരാതിരിക്കാൻ, കാരണം അറിയണം, ഞാൻ ആരാണ്, എണ്ണാൻ പഠിക്കാം,അരമുറി തേങ്ങ, സൂര്യനും നമ്മളും, മഹാപ്രപഞ്ചം,മാറ്റമില്ലാതൊന്നു മില്ല, മനുഷ്യൻ മഹാശക്തൻ, അന്നും ഇന്നും, ഒറ്റയ്ക്ക് ഒന്നിനും ആവില്ല, ബന്ധമില്ലാതൊന്നുമില്ല തുടങ്ങിയ വിഷയങ്ങളും ഈ പുസ്തകത്തിലുണ്ട്. നവസാക്ഷരനോട് ഏറ്റവും അടുപ്പമുള്ള അദ്ധ്വാനത്തിന്റെ മഹത്വം, കുഞ്ഞിക്കുട്ടന്റെ വീട്, തുണിക്കു തീവില, കുടിവെള്ളം, ഉപ്പിട്ട കഞ്ഞിവെള്ളം, ആ ബസ്സെങ്ങോട്ടാ, എന്നിങ്ങനെയുള്ള പ്രശ്നങ്ങളും ഈ പുസ്തകത്തിലൂടെ വെളിച്ചത്തു കൊണ്ടുവരുന്നു.

സാധാരണ ജനങ്ങൾക്ക് നിത്യപരിചിതമായ വിഷയങ്ങളാണ് നമ്മുടെ നാട്, സ്വാതന്ത്ര്യം നേടുന്നു, ലക്ഷവും കോടിയും, കേരളം നമ്മുടെ സംസ്ഥാനം, കേരളത്തിന്റെ സമ്പത്ത്, വേണം വേണം വ്യവസായം, മകന്റെ കത്ത്, നമ്മുടെ ജില്ല, ജനങ്ങളുടെ ഭരണം, നമ്മുടെ പഞ്ചായത്ത്, തപാലാപ്പീസ്, നമ്മുടെ സ്കൂൾ എന്നിവ. മരങ്ങൾ നമ്മുടെ മിത്രങ്ങൾ, സ്ത്രീ പുരുഷ സമത്വം, റേഷൻ ഷോപ്പും മാവേലി സ്റ്റോറും, ദാമുവിന്റെ കൂലി, നല്ലൊരു നാളെ എന്നിങ്ങനെ

മനുഷ്യഗന്ധിയായ വിഷയങ്ങൾ ഹ്രസ്വമായും ലളിതമായും അവതരിപ്പിച്ച് അതിലൂടെ അക്ഷരം പഠിപ്പിച്ച് നിരക്ഷരനെ സാക്ഷരനാക്കാനും അവനെ അറിവുള്ളവനാക്കി തീർക്കാനും കഴിയുന്ന തരത്തിലാണ് രചനാശൈലി. സാധാരണ ജനങ്ങളുടെ സംഭാഷണ ഭാഷയിൽ ഉള്ളതും നിഘണ്ടുവിന്റെയോ വ്യാകരണ ഗ്രന്ഥത്തിന്റെയോ സഹായമില്ലാതെ മനസ്സിലാക്കാൻ കഴിയുന്നതുമായ മലയാളഭാഷാപദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. മലയാളഗദ്യത്തിൽ ഓജസ്സുറ്റതും തെളിമയാർന്നതുമായ ശൈലി ഇവിടെ കണ്ടെത്താൻ കഴിയുന്നു. നീണ്ട വാചകങ്ങളോ പദപ്രയോഗങ്ങളോ കണ്ടെത്താൻ കഴിയുന്നില്ല. തമിഴിന്റെയോ സംസ്കൃതത്തിന്റെയോ ഇംഗ്ലീഷിന്റെയോ അതിപ്രസരം ഒരിടത്തുമില്ല.

കേരളത്തിലെ സമ്പൂർണ്ണസാക്ഷരതാപ്രവർത്തനങ്ങൾക്കായി രൂപപ്പെടുത്തിയെടുത്ത സാക്ഷരതാ പാഠാവലികളിലൂടെ പുറത്തുവന്ന സാഹിത്യരൂപം മലയാള ഭാഷയുടെ വളർച്ചയ്ക്ക്കൂടുതൽ ഉത്തേജനം പകരുന്നതായിരുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ എല്ലാ ശക്തിയും ബലവും വെളിപ്പെട്ടത് ഈ പാഠാവലികളിലൂടെയാണ്. കേരളീയരിൽ സംഘബോധം ഉണർത്തി നിരക്ഷരരെ അക്ഷരം പഠിപ്പിക്കാൻ നടത്തിയ ചരിത്രപരമായ പ്രവർത്തനം വിജയിച്ചത് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ശക്തികൊണ്ടു കൂടിയാണ്. സാക്ഷരതാ കേന്ദ്രത്തിലേക്ക് പഠിതാക്കളെ ആകർഷിക്കാൻ തയാറാക്കിയ കലാജാഥകൾക്ക് ഉപയോഗിച്ച ഗാനങ്ങളും നാടകങ്ങളും കഥകളും മുതൽ പഠനത്തിനായി ഉപയോഗിച്ച പാഠാവലികളിലും സാക്ഷരതാസാഹിത്യത്തിന്റെ ശക്തി വെളിവാക്കുന്നു. നാടൻപാട്ടുകളുടെ ശൈലിയും താളബോധവും സാക്ഷരതാഗാനങ്ങളിൽ ദൃശ്യമാണ്. സാക്ഷരതയുടെ സന്ദേശം കേരളീയ ജനസമൂഹത്തിൽ എത്തിക്കാൻ കലാജാഥയ്ക്കായി ഉപയോഗിച്ച പാട്ടുകളിലൂടെയും നാടകങ്ങളിലൂടെയും

കഥകളിലൂടെയും കഴിഞ്ഞു. തമിഴിന്റെയോ സംസ്കൃതത്തിന്റെയോ അതിപ്രസരമില്ലാത്ത തനതു മലയാള ശൈലിയാണ് ഇവിടെ കാണുവാൻ കഴിയുന്നത്. മലയാളികളുടെ താളബോധത്തിനുള്ള പ്രത്യക്ഷ ഉദാഹരണമാണ് സാക്ഷരതാ കലാജാഥകൾ. മലയാളപദങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഒരു ഭാഷാശൈലിയാണ് സാക്ഷരതാസാഹിത്യത്തിൽ കണ്ടെത്താൻ കഴിയുന്നത്. വിഷയത്തിനു യോജിച്ച ഉപമകളും ഉദാഹരണങ്ങളും ചോദ്യങ്ങളും ഉത്തരങ്ങളും ചർച്ചകളും സന്ദേശകഥകളും കവിതകളും സംഭാഷണ ശകലങ്ങളും കൂട്ടിച്ചേർത്ത് നടത്തിയിരിക്കുന്ന സാഹിത്യ സൃഷ്ടിയാണ് സാക്ഷരതാസാഹിത്യത്തിലുള്ളത്.

തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന സാക്ഷരതാസമിതി പുറത്തിറക്കിയ സാഹിത്യകൃതികളിലൂടെ കടന്നു പോകുമ്പോഴും ഭാഷാശൈലിയിലും അവതരണസമ്പ്രദായത്തിലും കാര്യമായ വ്യത്യാസമില്ല. ലളിതമായും സരസമായും കാവ്യാത്മകമായും വിഷയങ്ങൾ അവതരിപ്പിക്കാനുള്ള ശക്തി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. “വെയിലേറ്റു വലഞ്ഞ കൊമ്പനാന മരത്തണലിലെത്തി. അല്പം രസത്തിനുവേണ്ടി അവൻ ഒരു മരക്കൊമ്പ് പിടിച്ചുലച്ചു. പെട്ടെന്ന് അതിൽ നിന്നൊരു കുരുവിയുടെ കരച്ചിൽ, അയ്യയ്യോ മരക്കൊമ്പ് ഒടിക്കല്ലേ! കൊമ്പത്ത് എന്റെ കൂടുണ്ടേ! കൂട്ടിൽ എന്റെ മുട്ടയുണ്ടേ!”[17]

ഇവിടെ തെളിഞ്ഞു കാണുന്നത് മലയാളഗദ്യത്തിന്റെ പ്രസാദാത്മകത്വവും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൊതുസവിശേഷതയുമാണ്. പൂർവ്വാർദ്ധമെന്നും ഉത്തരാർദ്ധമെന്നും തരംതിരിക്കാൻ കഴിയുന്ന മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആദ്യപകുതിയിൽ ഇത്തരത്തിൽ ഓജസ്സുറ്റ രചനാശൈലിയാണ് കാണാൻ കഴിയുന്നത്. ഗദ്യത്തെ കാവ്യാത്മകമായി അവതരിപ്പിക്കാൻ കഴിയുമെന്ന്

തെളിയിക്കുന്നതാണ് ഇതിലെ ഓരോ രചനകളും. നവസാക്ഷരനിൽ വായനാശീലം വളർത്താൻ കഴിയുന്ന തരത്തിലുള്ള ഭാഷയും പ്രയോഗവുമാണ് ഇത്തരം രചനകളുടെ മറ്റൊരു സവിശേഷത. നാടകരൂപത്തിലും നോവൽ രൂപത്തിലും കഥാരൂപത്തിലും സംഭാഷണ രൂപത്തിലും ഗാനരൂപത്തിലും സാഹിത്യസൃഷ്ടികൾ നടത്താനുള്ള ശക്തി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കൈവന്നിട്ടുണ്ട്. ഏതുവിഷയവും ലളിത മലയാളഭാഷയിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് ഇത്തരത്തിലുള്ള രചനകളിലൂടെ മലയാളത്തിലെ സാക്ഷരതാസാഹിത്യം തെളിയിക്കുന്നു.

കേരള സാക്ഷരതാസമിതി പുറത്തിറക്കിയ പുസ്തകങ്ങൾ വൈവിദ്ധ്യങ്ങളുടെ ഒരു മേഖലയിലേക്കാണ് വായനക്കാരനെ കൂട്ടിക്കൊണ്ടു പോകുന്നത്. മലയാളികൾക്ക് ചിരപരിചിതമായ അഞ്ച് പഞ്ചതന്ത്രകഥകളെ നവസാക്ഷരർക്കായി പുനരാഖ്യാനം ചെയ്ത് കേരള സാക്ഷരതാസമിതി പ്രസിദ്ധീകരിച്ചു. *പഞ്ചതന്ത്രകഥ(1993)*[18] കളിൽ ഭാഷയുടെ ഓജസ്സും ഗാംഭീര്യവും പുറത്തു കൊണ്ടുവരുന്നു. ലളിത മലയാളപദങ്ങളെ ഒരു ചരടിൽ കോർത്ത മുത്തുമണികളെപ്പോലെ സംയോജിപ്പിച്ച് ശക്തിമത്തായി ഇവിടെ അവതരിപ്പിക്കുന്നു. കഠിനമായ പദപ്രയോഗം ഈ രചനയിൽ കണ്ടെത്താൻ കഴിയില്ല. ലളിതമായ പദപ്രയോഗവും വാക്യഘടനയും ഉറച്ച ദിശാബോധവും ഈ രചനകളിൽ തെളിഞ്ഞു നിൽക്കുന്നു. സാങ്കേതികപദങ്ങൾ ഒഴിവാക്കി നാടൻപദങ്ങളും സംഭാഷണശൈലികളും ഉപയോഗിച്ച് രചിച്ച മറ്റൊരു നവസാക്ഷര പുസ്തകമാണ് *ഒരു അഞ്ചുരൂപാ നോട്ടിന്റെ ജീവിതയാത്ര(1994).*[19] ആശയതലത്തിലും അവതരണശൈലിയിലും ഭാഷാപ്രയോഗത്തിലും സാക്ഷരതാസാഹിത്യം തനതായ പന്ഥാവ് വെട്ടിത്തെളിച്ച് മുന്നോട്ടു പോകുന്നത് ഈ രചനകളിൽ കാണാൻ കഴിയുന്നു. ആവശ്യാനുസരണമുള്ള ചിത്രങ്ങൾ ചേർക്കുന്നതിനും നവസാക്ഷരരുടെ ജീവിതം, ചുറ്റുപാട്, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവതരിപ്പിക്കുന്നതിലും പ്രത്യേക

ശ്രദ്ധ ചെലുത്തുന്നതായി കണ്ടെത്താൻ കഴിയും. വായനയിൽ മുഷിപ്പു തോന്നാത്ത രചനാസമ്പ്രദായമാണ് സ്വീകരികരിച്ചിരിക്കുന്നത്. അവതരിപ്പിക്കുന്ന വിഷയത്തിനു യോജിച്ചതും ആകർഷകവുമായ ശൈലിയാണ് ഈ രചനയുടെ പ്രത്യേകത.

മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ വിളിച്ചോതുന്ന *സ്വർഗ്ഗത്തിന്റെ ഉദയം(1994)*[20] എന്ന ലഘുനാടകം നവസാക്ഷരസാഹിത്യത്തിന്റെ ചൈതന്യം കാട്ടിത്തരുന്നു. നവസാക്ഷരനിൽ അറിവും ആനന്ദവും പ്രദാനം ചെയ്യുന്ന ഈ സാഹിത്യസൃഷ്ടിയിൽ ഭാഷാപരമായ ലാളിത്യവും നാടൻ ശൈലികളും പ്രയോഗിച്ചിരിക്കുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ അടുത്തഘട്ടമായ തുടർവിദ്യാഭ്യാസ രചനകളിൽ എത്തുമ്പോൾ ഭാഷാപരമായ മാറ്റങ്ങൾ ദർശിക്കാൻ കഴിയുന്നു. നിരക്ഷരനെ സാക്ഷരനാക്കാൻ ഉപയോഗിച്ച സാക്ഷരതാപാഠാവലികളിൽ നിന്നും ഭാഷയിൽ മൗലികമായ മാറ്റങ്ങൾ വരുത്തിയാണ് തുടർവിദ്യാഭ്യാസ പുസ്തകങ്ങളുടെ രചന നടത്തിയത്. സാക്ഷരതാസാഹിത്യത്തിൽ സാങ്കേതികപദങ്ങൾ പരിചയപ്പെടുന്നത് ഈ ഘട്ടത്തിലാണ്. ഇവിടെ വിനോദത്തിനും വിവരങ്ങൾ അറിയുന്നതിനും തൊഴിൽ പരിശീലിക്കുന്നതിനും ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള രചനകൾ കടന്നുവരുന്നു. നാടോടിക്കഥകൾ, പഴങ്കഥകൾ, നാടൻപാട്ടുകൾ, പുരാണപഠനങ്ങൾ, ഫലിതങ്ങൾ, ഉപമകൾ, കഥകൾ, മഹാന്മാരുടെ ജീവിതകഥകൾ, ദേശീയോദ്ഗ്രഥനം, സ്ത്രീശാക്തീകരണം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യം, ശുചിത്വം, കൃഷി, മൃഗസംരക്ഷണം, പൂന്തോട്ട നിർമ്മാണം തുടങ്ങി വിവധ വിഷയങ്ങളിലേക്ക് തുടർവിദ്യാഭ്യാസ രചനകൾ കടന്നുചെല്ലുന്നു. സാക്ഷരതയെ തൊഴിലുമായി ബന്ധപ്പെടുത്തി സാഹിത്യസൃഷ്ടി നടത്തിയത് തുടർവിദ്യാഭ്യാസ പരിപാടിയിലാണ്. വിദ്യാഭ്യാസം തൊഴിലുമായി ബന്ധപ്പെടുത്തണമെന്ന ആശയം അനൗപചാരിക

വിദ്യാഭ്യാസത്തിൽ എത്തി തുടർവിദ്യാഭ്യാസ പ്രക്രിയയിലാണ് പൂർത്തിയാവുന്നത്. അതുകൊണ്ടു തന്നെ തുടർവിദ്യാഭ്യാസ രചനകളിൽ സാങ്കേതിക പദങ്ങളും ഇംഗ്ലീഷ്പദങ്ങളും കൂടുതലായി കടന്നുവരുന്നു. വായനയിലൂടെ കൂടുതൽ അറിവും കഴിവും നേടാൻ പര്യാപ്തമായ തരത്തിലാണ് തുടർവിദ്യാഭ്യാസ രചനകൾ. എന്നാൽ വാക്യങ്ങളുടെയും വാക്കുകളുടേയും കസർത്തുകളായ രചനകളും ഉണ്ട്. മിസലേനിയസ്, എക്സ്ട്രാ, ലറ്റർപ്രസ്, സ്റ്റേഷനറി, ബൈൻഡിങ്ങ്, എൻഡ് പേപ്പർ ഒട്ടിക്കുക, കവർ മൗണ്ട് ചെയ്ത് പിടിപ്പിക്കുക, ട്രിം ചെയ്യുക, പേപ്പർ ബാക്ക് എഡിഷനുകൾ, കെയ്സ് മേക്കിങ്ങ്, റൗണ്ടിങ്ങ്, ബാക്കിങ്ങ്, ലൈനിങ്ങ്, ബ്ലോക്കിങ്ങ്, സെറ്റ് ഓഫ്, ഡബിൾസ്, ഇംപെർഫെക്ഷൻ, ഇംപ്രഷൻ എന്നീ പദങ്ങൾ *ബുക്ക് ബൈൻഡിങ്ങ്(2001)*[21] എന്ന തുടർവിദ്യാഭ്യാസ പുസ്തകത്തിന്റെ ഒരു പേജിൽ മാത്രമുള്ളതാണ്. ഈ പദങ്ങൾ ഒരു തുടർവിദ്യാഭ്യാസ പഠിതാവിന് ഉൾക്കൊള്ളാൻ കഴിയുന്നതല്ല. തൊഴിലുമായി ബന്ധപ്പെട്ട പുസ്തകങ്ങളിൽ സാങ്കേതിക പദങ്ങൾ ഉണ്ടാകാമെങ്കിലും ലളിതമായി പറയാവുന്നത് ലളിതമായി തന്നെ പറയണം. ലക്ഷ്യത്തിന് യോജിച്ച ഭാഷാശൈലിയോ അവതരണ സമ്പ്രദായമോ അല്ല ഇവിടെ സ്വീകരിച്ചിരിക്കുന്നത്.സാക്ഷരതാസാഹിത്യത്തിന്റെ പരിധിയിൽ ഇത്തരം രചനകൾ ഉൾപ്പെടുത്താൻ കഴിയില്ല.

നവസാക്ഷരന് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ലളിത മലയാള പദങ്ങൾ കൂട്ടിയോജിപ്പിച്ച് രചിച്ച തൊഴിൽപരിശീലന പുസ്തകമാണ് *കുടനിർമ്മാണം*[22]*(2000)*. ട്യൂബ് അഥവാ തണ്ട്, കുതിര അഥവാ സ്വിച്ച് ബട്ടൺ, തുടങ്ങിയ സാങ്കേതിക പദങ്ങൾ വിശദീകരിക്കാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുന്നു. പുസ്തകരചനയിൽ നവസാക്ഷരനായ പഠിതാവിനെ മുന്നിൽ കാണാൻ ഷാജി പി. മുഹമ്മദ് എന്ന ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. വിഷയത്തിനും ലക്ഷ്യത്തിനും യോജിച്ച ഭാഷാശൈലിയും അവതരണ സമ്പ്രദായവുമാണ് ഇതിന്റെ പ്രത്യേകത. കുടയുടെ പൗരാണിക ബന്ധവും

വ്യവസായ പ്രാധാന്യവും ചൂണ്ടിക്കാട്ടി  വിഷയത്തിലേക്ക് കടക്കുന്ന അവതരണ സമ്പ്രദായം വായനക്കാരനെ വിഷയത്തിലേക്ക് കൂട്ടിക്കൊണ്ടു വരാൻ കഴിയുന്നു.  കുറച്ചു വാക്യങ്ങൾ മാത്രമുള്ള വാചകങ്ങളും ചെറിയ ചെറിയ ഖണ്ഡികകളും  സാക്ഷരതാസാഹിത്യത്തിന് യോജിച്ച രീതി തന്നെയാണ്.

ഭാഷാശൈലിയിലുംഅവതരണസമ്പ്രദായത്തിലും സാക്ഷരതാസാഹിത്യത്തോട് ചേർന്നുപോകുന്ന ഒരു തുടർവിദ്യാഭ്യാസ പുസ്തകമാണ് *ആഭരണ നിർമ്മാണം(1999).*[23] കഴിയുന്നത്ര സാങ്കേതിക പദങ്ങൾ ഒഴിവാക്കി ലളിത മലയാള പദങ്ങൾ ഉപയോഗിച്ച് ആവശ്യമായ വിശദീകരണത്തോടെ ആഭരണ നിർമ്മാണത്തെ സംബന്ധിച്ച് ആധികാരികമായി പറയുന്ന പുസ്തകമാണിത്. നവസാക്ഷരനു പരിചയമുള്ള പദങ്ങളിലൂടെ പുതിയ പദങ്ങളെ പരിചയപ്പെടുത്തുന്നതിനും തുടർവായനയിൽ മുഷിപ്പു തോന്നാത്ത രചനാശൈലിയും ഇതിൽ തെളിഞ്ഞു കാണാം. ഉരകല്ല്, ചുറ്റിക, കൊടിലുകൾ, ഉളികൾ, അരങ്ങൾ, പണിക്കുറവ്, പവൻ, പിടി, ഉരുക്കൽ, മാല, വള, മോതിരം, കമ്മൽ, പണമിട, പണിക്കുറവ്, കാരറ്റ്, മാറ്റ് തുടങ്ങി നാട്ടിൽ  പ്രചാരത്തിലുള്ളതും നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്നതുമായ പദങ്ങൾ ഈ രചനയിൽ കാണാൻ  കഴിയുന്നു.

"ശീമക്കൊവ അഥവാ മൺകൊവ എന്ന പേരിൽ വിളിക്കുന്ന ചെറിയ കുഴിയൻ പാത്രത്തിൽ വച്ചാണ് സ്വർണ്ണം ഉരുക്കുന്നത്."[24]  ഇത്തരം ലളിതവും വിശദീകരണ സ്വഭാവത്തോടു കൂടിയതുമായ രചനാശൈലി തുടർവിദ്യാഭ്യാസ രചനകളുടെ പൊതുശൈലിയാണ്. "ഭാഗ്യക്കല്ല്, നവരത്നക്കല്ല്, ജന്മനക്ഷത്രക്കല്ല് എന്നിങ്ങനെ കല്ലുകൾ പലതരത്തിൽ ഉണ്ട്.  കല്ലുകൾ വളരെ വിലപിടിപ്പുള്ളവയാണ്. കല്ലുകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധ വേണം.  വള, മാല, മോതിരം എന്നിങ്ങനെ ഏതുതരം ആഭരണങ്ങളിലും കല്ലുകൾ പിടിപ്പിക്കാം."[25] ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ, വാക്യങ്ങൾ, ഘടന, അവതരണസമ്പ്രദായം എന്നിവ നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷാപ്രയോഗം തന്നെയാണ്.

ലളിതമായഭാഷയിൽ ഹ്രസ്വമായി തൊഴിൽപരിശീലനവുമായി ബന്ധപ്പെട്ട് സാഹിത്യസൃഷ്ടി നടത്താം എന്നതിന്റെ ഉത്തമോദാഹരണമാണ് അരവിന്ദാക്ഷൻ സി.പി. രചിച്ച *ചന്ദനതിരിയും പനിനീരം(2000)* [26] എന്ന പുസ്തകം. ചന്ദനതിരിയുടെയും പനിനീരിന്റെയും ഉപയോഗത്തെ സംബന്ധിച്ച ചരിത്രപശ്ചാത്തലം അവതരിപ്പിച്ച ശേഷം നിർമ്മാണത്തിന്റെ സാങ്കേതിക വശങ്ങളിലേക്ക് കടക്കുന്നു. "സാധാരണ ഈറ്റയുടെ കനം കുറഞ്ഞ കമ്പുകളാണ് തിരിക്ക് ഉപയോഗിക്കുന്നത്. പുറത്തെ അരമുള്ള ഭാഗം ചുരണ്ടിക്കളഞ്ഞ് ചെറിയപാളികളായി സമചതുരാകൃതിയിൽ കീറി എടുക്കുക. സാധാരണ 20 മുതൽ 25 സെന്റി മീറ്റർ വരെ നീളമാകാം.ഉണങ്ങിയ പാളികൾ ഒരിഞ്ചു നീളത്തിൽ ചായം മുക്കിയെടുക്കണം. ഇത്തരം തിരികളുടെ നീളം, വണ്ണം, അറ്റത്തിന്റെ നിറം ഇവയെല്ലാം ഉത്പാദകന്റെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. എണ്ണമനുസരിച്ചോ തൂക്കമനുസരിച്ചോ ഉള്ള കെട്ടുകളായി ഇവ സൂക്ഷിച്ചു വയ്ക്കുന്നു." [27]

സാങ്കേതികപദങ്ങൾക്ക് അധിക പ്രാധാന്യം നൽകാതെ പ്രായോഗിക വീക്ഷണത്തിലൂടെ ചന്ദനത്തിരിയും പനിനീരും എങ്ങനെ നിർമ്മിക്കാം എന്ന് പഠിതാക്കളിൽ ആത്മവിശ്വാസം ജനിപ്പിക്കാൻ കഴിയുന്ന തരത്തിലാണ് രചന നടത്തിയിരിക്കുന്നത്. ഇത്തരം രചനകൾ തുടർവിദ്യാഭ്യാസ രചനകൾക്ക് മാതൃകയായി തീർന്നിരിക്കന്നു.

വിവിധ വിഷയങ്ങൾ വ്യത്യസ്ത സ്വഭാവത്തിൽ തുടർവിദ്യാഭ്യാസ രചനകൾ നടത്തേണ്ടി വരുമ്പോൾ പ്രായോഗികമായ ഒട്ടേറെ പരിമിതികൾ രചയിതാവിന് അഭിമുഖീകരിക്കേണ്ടി വരും.പുതിയ സാങ്കേതികപദങ്ങൾ പരിചയപ്പെടുത്തേണ്ടി വരുമ്പോൾ പഠിതാവിന്റെ അറിവും കഴിവും മാനസിക നിലവാരവും രചയിതാവ് മുന്നിൽ കാണേണ്ടിയിരിക്കുന്നു. ഏതു വിഷയത്തെ സംബന്ധിച്ചും പ്രാഥമികമായ അറിവ് നൽകാൻ തുടർവിദ്യാഭ്യാസത്തിന്

കഴിയണം. അതിനനുസൃതമായ സാഹിത്യസൃഷ്ടികൾ തുടർവിദ്യാഭ്യാസ രചനകളിലൂടെ പുറത്തുവന്നിട്ടുണ്ട്. ഭാഷാശൈലിയിലും അവതരണ സമ്പ്രദായത്തിലും സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധത്തിൽ നിന്നും തീർത്തും വിഭിന്നമാണ് ഉത്തരാർദ്ധ രചനകളായ തുടർവിദ്യാഭ്യാസ രചനകളിൽ കണ്ടെത്താൻ കഴിയുന്നത്.

സാക്ഷരതാപ്രവർത്തനവും തുടർവിദ്യാഭ്യാസപ്രവർത്തനവും ലക്ഷ്യത്തിലും മാർഗ്ഗത്തിലും വ്യത്യസ്തത പുലർത്തുന്നതുപോലെ രചനകളിലും മാറ്റങ്ങൾ ഉണ്ട്. ലക്ഷ്യത്തിനുതകുന്ന സാഹിത്യസൃഷ്ടി നടത്തുക എന്നതാണ് സാക്ഷരതാസാഹിത്യത്തിന്റെ പൊതുസമീപനം. വിഷയങ്ങൾ ലക്ഷ്യത്തിനു തകുന്ന തരത്തിലും തലത്തിലും ആവിഷ്ക്കരിക്കാൻ കഴിയണം. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ശക്തി ഇങ്ങനെ അവതരിപ്പിക്കാൻ കഴിഞ്ഞു. നിരക്ഷരനെ അക്ഷരം പഠിപ്പിച്ച് വായനയുടെ ലോകത്തേയ്ക്ക് ആനയിക്കുകയെന്നതായിരുന്നു മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിലെ ആദ്യപകുതിയിൽ ശ്രദ്ധ ചെലുത്തിയിരുന്നത്. അനവധി മാനങ്ങളിലേക്കും നിരവധി ലക്ഷ്യങ്ങളിലേക്കും സാക്ഷരതാപ്രവർത്തനത്തെയും സാഹിത്യത്തെയും മാറ്റുകയെന്നതാണ് മലയാളത്തിലെ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിലും രചനകളിലും സ്വീകരിച്ചിരിക്കുന്നത്. "മഴവെള്ളം സംഭരിക്കാനുള്ള കുഴികളും കുളങ്ങളും നിർമ്മിക്കുന്നതു മുതൽ റോഡരുകിൽ വേപ്പും മാവും പനയും മറ്റും നടുന്നതു വരെ പരിശീലിപ്പിക്കുന്ന കോഴ്സുകൾ തുടർവിദ്യാഭ്യാസ പരിപാടിയിൽ ഉണ്ടാവണം. പഞ്ചറായ ട്യൂബുകൾ ഒട്ടിക്കുന്നതും അപ്ഹോൾസ്റ്ററി പരിശീലിപ്പിക്കുന്നതും കാർപ്പന്ററിയിൽ നൈപുണ്യം നേടുന്നതും കൊത്തുവേല ശാസ്ത്രീയമായി പഠിപ്പിക്കുന്നതും ഇലക്ട്രിക് ഉപകരണങ്ങൾ നന്നാക്കാൻ കഴിയുന്നതുമായ കോഴ്സുകൾ ഉൾപ്പെടുത്തേണ്ടതാണ്. തയ്യലും എംബ്രോയ്ഡറിയും ഒഴിവാക്കാൻ പാടില്ല.

കന്നുകാലികളെ ശാസ്ത്രീയമായി വളർത്തേണ്ടതിനെപ്പറ്റിയും കോഴ്സ് വേണം. 28 ,, സംഗീതപഠനവും മലയാളഭാഷാ പഠനവും എല്ലാം ഉൾപ്പെടുത്താവുന്നതാണ് എന്ന അഭിപ്രായം തുടർവിദ്യാഭ്യാസത്തിന്റെ വൈവിധ്യ മേഖലകളിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. ഇത്തരത്തിൽ നിരവധി വൈവിധ്യമാർന്ന മേഖലകളിലെ വിഷയങ്ങൾ സാഹിത്യരചനകൾക്ക് തെരഞ്ഞെടുക്കുമ്പോൾ വിഷയത്തിന്റെ ഗൗരവം ചോർന്നു പോകാതെ നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ മലയാളത്തിൽ തുടർവിദ്യാഭ്യാസ രചനകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ തുടർവിദ്യാഭ്യാസ പുസ്തകങ്ങൾ തെളിയിക്കുന്നു.

നിരവധി കാലഘട്ടങ്ങളിലൂടെ മലയാളത്തിൽ വികാസം പ്രാപിച്ച മലയാളത്തിലെ സാക്ഷരതാസാഹിത്യത്തെ ഭാഷാശൈലി, അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ്, വിഷയങ്ങളുടെ വ്യത്യസ്തത,ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധമെന്നും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉത്തരാർദ്ധമെന്നും രണ്ടായി വിഭജിക്കാം. സംസാരഭാഷയോട് അടുത്തു നിൽക്കുന്നതും സാധാരണ ജനങ്ങളുടെ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട പദപ്രയോഗവും കൂടുതലായി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധ രചനകളിൽ കണ്ടെത്താൻ കഴിയുന്നു.

നിരക്ഷരനെ സാക്ഷരനാക്കുന്നതിനും നവസാക്ഷരനെ തുടർവായനയ്ക്ക് പ്രേരിപ്പിക്കുന്നതിനുമായി തയാറാക്കിയ സാഹിത്യസൃഷ്ടികളാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധത്തിൽ ഉൾപ്പെടുന്നത്. അക്ഷരങ്ങളും നാട്ടുഭാഷാപദങ്ങളും പഠിച്ച് പ്രാഥമികമായ അറിവ് നേടാൻ ശ്രമിക്കുന്ന ഒരു നവസാക്ഷരനെ മുന്നിൽ കണ്ടുകൊണ്ടാണ് പൂർവ്വാർദ്ധ രചനകൾ നടത്തിയിരിക്കുന്നത്. വയോജനവിദ്യാഭ്യാസത്തിന്റെ ചരിത്രത്തിൽ അതിപ്രധാനമായ സ്ഥാനമാണ് സാക്ഷരതാസാഹിത്യത്തിനുള്ളത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പും അതിനുശേഷവും കേരളത്തിൽ വ്യത്യസ്ത തരത്തിലും

തലത്തിലും സാക്ഷരതാപ്രവർത്തനം നടന്നിരുന്നു. ഇതിനായി സാഹിത്യസൃഷ്ടികൾ ഉണ്ടാവുകയും ചെയ്തു.

മിഷനറിമാരുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും ദേശീയ പ്രസ്ഥാനങ്ങളുടേയും ഇടപെടലുകളിലൂടെ സാക്ഷരതാപ്രവർത്തനവും സാക്ഷരതാസാഹിത്യവും ഉയിർകൊള്ളുകയായിരുന്നു. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ കടന്നുവരവോടെ സാക്ഷരതാപ്രവർത്തനവും സാഹിത്യവും കൂടുതൽ ശക്തമായി.പ്രവൃത്യുന്മുഖ സാക്ഷരതാപ്രവർത്തനത്തിനും സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനത്തിനും രൂപം കൊണ്ട സാഹിത്യസൃഷ്ടികളിലെ ഭാഷാരീതി സമാന സ്വഭാവത്തിലുള്ളതാണ്. നാട്ടുഭാഷ പഠിച്ച് ബൈബിളും പ്രാർത്ഥനാ പുസ്തകങ്ങളും മലയാളികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ രചിക്കാൻ പരിശ്രമിച്ച മിഷനറിമാരുടെ ഭാഷാശൈലി പോലെ മലയാള പദങ്ങളുടെ ശക്തമായ സന്നിവേശം സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധരചനകളിൽ കണ്ടെത്താൻ കഴിയുന്നു.

കഥകളും പാട്ടുകളും കവിതകളും എല്ലാം തന്നെ വിഷയത്തിനു യോജിച്ച രീതിയിൽ ലളിതഭാഷയിൽ അവതരിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു. നിഘണ്ടുവിന്റെയോ വ്യാകരണത്തിന്റെയോ സഹായമില്ലാതെ മനസ്സിലാക്കാൻ കഴിയുന്ന ഭാഷയ്ക്ക് മുന്തിയ പരിഗണന നൽകുന്ന രചനാശൈലിയാണ് പൂർവ്വാർദ്ധരചനകളിൽ കണ്ടെത്താൻ കഴിയുന്നത്. ഇത് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ പുതിയ രചനാശൈലിക്കും പദപ്രയോഗങ്ങൾക്കും തുടക്കം കുറിച്ചു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തന്റെ പൂർവ്വാർദ്ധം മലയാള സാഹിത്യത്തിലെ ഒരു വഴിത്തിരിവാണ്. വരമൊഴിയായി മലയാളഭാഷ കൈകാര്യം ചെയ്യാൻ കഴിയാതിരുന്ന ജനവിഭാഗത്തിനായി പ്രത്യേക ലക്ഷ്യത്തോടെ സാഹിത്യകൃതികൾ ഉദയം കൊണ്ടു. ഭാഷാപരമായ ലാളിത്യം പൂർവ്വാർദ്ധരചനകളുടെ പ്രത്യേകതയാണ്.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉത്തരാർദ്ധ രചനകളെന്ന് വിശേഷിപ്പിക്കവുന്ന തുടർവിദ്യാഭ്യാസ രചനകൾ ഭാഷയ്ക്കും സാഹിത്യത്തിനും മുതൽക്കൂട്ടാണ്. ശാസ്ത്രീയവും സാങ്കേതികവുമായ വിഷയങ്ങൾ സാമാന്യ ഭാഷാജ്ഞാനം മാത്രം കൈമുതലായവർക്ക് പകർന്നു നൽകാൻ കഴിയുന്ന തരത്തിൽ ആവിഷ്ക്കരിക്കാൻ തുടർവിദ്യാഭ്യാസ രചനകൾ നടത്തിയവർക്ക് കഴിഞ്ഞിട്ടുണ്ട്. സാധാരണ ജനങ്ങളിൽ പുതിയ അറിവുകൾ നൽകുന്നതോ ടൊപ്പം നൈപുണ്യ പരിശീലനം, അവകാശങ്ങളെയും കടമകളെയും സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കൽ, അജ്ഞതയും അന്ധവിശ്വാസവും ഇല്ലാതാക്കുന്നതോടൊപ്പം മാറിവരുന്ന ലോകക്രമം പരിചയപ്പെടുത്തുന്നതിനും സാക്ഷരതാസാഹിത്യത്തിലെ ഉത്തരാർദ്ധരചനകൾക്ക് കഴിയുന്നു.

ഇംഗ്ലീഷ് പദങ്ങളുടെ കടന്നു കയറ്റം കൂടുതലായി കണ്ടെത്താൻ കഴിയുന്നത് ഉത്തരാർദ്ധരചനകളിലാണ്. വികസനസാക്ഷരത, തൊഴിൽ സാക്ഷരത,ആരോഗ്യസാക്ഷരത, കൃഷിസാക്ഷരത, പാർപ്പിടസാക്ഷരത, പാരമ്പര്യസാക്ഷരത, നിയമസാക്ഷരത, സാംസ്കാരികസാക്ഷരത, കായിക സാക്ഷരത എന്നിങ്ങനെ കേവലസാക്ഷരതയിൽ നിന്നുള്ള മുന്നേറ്റങ്ങളും അതിനനുസൃതമായ സാഹിത്യസൃഷ്ടികളും പിറവിയെടുക്കുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉത്തരാർദ്ധരചനകൾ സാക്ഷരതാസാഹിത്യത്തിന്റെ അനന്തസാദ്ധ്യതകളിലേക്ക് കൂട്ടകൊണ്ടു പോകുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യം വിവിധ മേഖലകളിലേക്ക് കടന്നു പോകുന്നു എന്ന് തെളിയിക്കുന്നതാണ് ഇത്തരം രചനകൾ. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിൽ 1998 മുതൽ 2001 വരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ സാക്ഷരതാസാഹിത്യത്തിനെ അറിവിന്റെ ഏത് മേഖലകളിലേക്കും കടക്കാം എന്ന് തെളിയിക്കുന്നതാണ്. പൂർവ്വാർദ്ധ രചനകളിൽ നിന്നും ഭാഷാശൈലി,അവതരണസമ്പ്രദായം,പദങ്ങളുടെ തെരഞ്ഞെടുപ്പ്,വിഷയങ്ങളുടെ വ്യത്യസ്തത,ലക്ഷ്യം എന്നിവയിൽ തീർത്തും

ഭിന്നമായ ഒരുസമീപനമാണ് ഉത്തരാർദ്ധരചനകൾ സ്വീകരിക്കുന്നത്. സാധാരണ ജനങ്ങളിൽ അറിവും കഴിവും വളർത്തി ഭാഷയുടെയും വിജ്ഞാനത്തിന്റേയും പ്രയോക്താവാക്കി മാറ്റാൻ മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിന്റെ പൂർവ്വാർദ്ധരചനകൾക്ക് കഴിഞ്ഞിട്ടുണ്ട്. നവസാക്ഷര സമൂഹത്തിനായി ഏതുവിഷയവും പരിചയപ്പെടുത്താൻ ശക്തമായ ഒരു മാധ്യമമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യം എന്ന് തുടർവിദ്യാഭ്യാസ രചനകളിലൂടെ തെളിയുന്നു.

## 5 : 3 കുറിപ്പുകൾ


1. *കൊച്ചി നഗരം*, നവസാക്ഷര പുസ്തകമാല-5, കേരളഗ്രന്ഥശാലാസംഘം, തിരുവനന്തപുരം, നവംബർ 1973
2. *ഗ്രാമത്തിലെ വായനശാല*,കേരളഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1974
3. *അ. പു.* പേജ് 1
4. *അ. പു.* പേജ് 9
5. Sivadasan Pillai K, *Reading Interest of Neo Literates*, *Educational India*, Vol.41, No.6, December 1974.
6. Bhaskara Panicker P.T, *Navasakshara Sahithyam Oru Patana*m, KANFED,Thiruvananthapuram, 1978.
7. Sivadasan Pillai K, *Adult Literacy Follow up Programmes* *'THE HINDU'*, Madurai, August 15, 1978
8. ഫ്രാൻസിസ് ചേന്നാട്, *കൃഷിയും കർഷകനും*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1980
9. ഭാസ്ക്കരപ്പണിക്കർ പി.ടി, ഗാന്ധിയൻ പാഠാവലി, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988.
10. രാജേശ്വരി വി.കെ, ഹരീഷ്കുമാർ എസ്, *പഠനോപകരണങ്ങൾ*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988
11. ഗോപിനാഥൻ വി.കെ, *സ്വകാര്യഅഭിമുഖം*, മാത്യുവി.വി.,18 ഏപ്രിൽ 2003.
12. *കൂടുതൽ പഠിക്കാൻ*, പ്രവൃത്യുന്മുഖ ബഹുജനസാക്ഷരതാ പരിപാടി- സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1989,
13. ശ്രീധരൻ പാരൂർ, സാക്ഷരതാ സംഘഗാനം, , ജനബോധന - സാക്ഷരതായജ്ഞം, കോട്ടയം, 1989

14. *അ. പു.* പേജ് 16

15. *ജനബോധന ഗാനം*, ജനബോധന സാക്ഷരതായജ്ഞം,കോട്ടയം, 1989

16. *അക്ഷരംസാക്ഷരതാ പാഠാവലി*, വെളിച്ചമെ നയിച്ചാലും
എറണാകുളം ജില്ല- സമ്പൂർണ്ണ സാക്ഷരതായജ്ഞം, മാർച്ച് 1989

17. സത്യപാലൻ എൻ.കെ,*പഞ്ചതന്ത്ര കഥകൾ*, പുനരാഖ്യാനം,
കേരള സാക്ഷരതാ സമിതി, തിരുവനന്തപുരം, 1993 പേജ് 11

18. *അ. പു.*

19 കൃഷ്ണൻ നായർ എസ്, *ഒരു അഞ്ചുരൂപാ നോട്ടിന്റെ ജീവിതയാത്ര*,
കേരളസാക്ഷരതാസമിതി, തിരുവനന്തപുരം,1994

20. കരിങ്ങന്നൂർ ഗംഗാധരൻ, *സ്വർഗ്ഗത്തിന്റെ ഉദയം*, നവസാക്ഷര
പുസ്തകമാല- 45, കേരള സാക്ഷരതാസമിതി, 1994.

21. സിറിൾ ഡി.വി, *ബുക്ക് ബൈൻഡിങ്ങ്*, കേരള സംസ്ഥാന സാക്ഷരതാ
മിഷൻ അതോറിറ്റി, തിരുവനന്തപുരം, 2001.

22. ഷാജി പി. മുഹമ്മദ്, *കുടനിർമ്മാണം*, കേരള സംസ്ഥാന സാക്ഷരതാ
മിഷൻ അതോറിറ്റി, തിരുവനന്തപുരം, 2000.

23. ശിവൻകുട്ടി എസ്, *ആഭരണ നിർമ്മാണം*, കേരള സംസ്ഥാന സാക്ഷരതാ
മിഷൻ അതോറിറ്റി, തിരുവനന്തപുരം, 1999

24.. *അ.പു.* പേജ് 21

25. *അ.പു.* പേജ് 37

26. അരവിന്ദാക്ഷൻ സി.പി,*ചന്ദനതിരിയും പനിനീരും*, കേരള സംസ്ഥാന
സാക്ഷരതാ മിഷൻ അതോറിറ്റി,തിരുവനന്തപുരം, 2000.

27. അ.പു. പേജ് 9

28. ജോസഫ് പി.ജെ, *കേരളത്തിലെ തുടർവിദ്യാഭ്യാസം*, കേരള സംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി, തിരുവന്തപുരം 2001, പേജ് 11.

## അദ്ധ്യായം 6

# സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും


6 : 1 മലയാളത്തിലെ ജനപ്രിയസാഹിത്യം : 216

6 : 2 മലയാളത്തിലെ സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ : 224

6 : 3 കുറിപ്പുകൾ : 230

## അദ്ധ്യായം 6

# സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും

കേരളത്തിലെ സാമൂഹികജീവിതത്തിലും സാംസ്കാരികാന്തരീക്ഷത്തിലും ഭാഷാപ്രയോഗത്തിലും വായനയിലും ചിന്തയിലും പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ സാക്ഷരതാപ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. കേരളത്തിലെ അസംഘടിതവും സംഘടിതവും ഔദ്യോഗികവുമായ സാക്ഷരതാ പ്രവർത്തനങ്ങൾ സാഹിത്യരംഗത്ത് പുതിയ തരംഗങ്ങൾ സൃഷ്ടിച്ചു. വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മേഖലകളിൽ പിന്നോക്കം നിന്നിരുന്ന ജനവിഭാഗത്തെ സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരാൻ നടത്തിയ തീവ്രശ്രമത്തിന്റെ ഭാഗമാണ് കേരളത്തിലെ സാക്ഷരതാപ്രവർത്തനം. ഇത്തരം പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ കഴിഞ്ഞ ഉണർത്തുപാട്ടായിരുന്നു മലയാളത്തിലെ സാക്ഷരതാസാഹിത്യം. മലയാളത്തിലെ സാക്ഷരതാസാഹിത്യവും മലയാളത്തിലെ ജനപ്രിയ സാഹിത്യവും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ കണ്ടെത്തുന്നതിനും നേടി യെടുത്ത സാക്ഷരത നിലനിർത്തുന്നതിനും വായനാശീലം വളർത്തുന്നതിനും ജനപ്രിയസാഹിത്യം നൽകിയ സംഭാവന കണ്ടെത്താനും ഈ അദ്ധ്യായത്തിൽ പരിശ്രമിക്കുന്നു.

*6 : 1 മലയാളത്തിലെ ജനപ്രി.സാഹിത്യം* :മലയാളത്തിലെ ജനപ്രിയ സാഹിത്യത്തിന്റെ ചരിത്രം മലയാള പത്രമാസികകളുടെ വികാസ ചരിത്രവു മായി ബന്ധപ്പെട്ടു നിലകൊള്ളുന്നു. "1847 ജൂണിൽ പുറത്തുവന്ന രാജ്യസമാ ചാരത്തോടും 1847 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച പശ്ചിമോദയത്തോടും കൂടി മലയാളത്തിൽ പത്രമാസികകൾ ആരംഭിക്കുകയായി."[1] "കേരളത്തിൽ പത്രപ്രവർത്ത നത്തിന് മാർഗ്ഗം തെളിയിച്ച പശ്ചിമോദയം ആധുനിക വിജ്ഞാന വിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു എന്നുള്ളതാണ് ഏറ്റവും സ്മരണീയമായ സംഗതി. ഭാഷാഗദ്യം ശീഘ്രഗതിയിൽ മുന്നേറുന്നതിനുള്ള വാതിലും പശ്ചിമോദയത്തിന്റെ പ്രയാണത്തോടെ മലർക്കെ തുറക്കപ്പെട്ടു"[2] എന്ന അഭിപ്രായം അംഗീകരിക്കാവുന്നതാണ്.

പത്രമാസികയുടെ പ്രചാരണത്തോടുകൂടിയാണ് സാഹിത്യരചനകൾ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായം നിലവിൽ വന്നത്. ഇത് ജനപ്രിയ സാഹിത്യത്തിന്റെ ഉത്ഭവത്തിന് കാരണമായി. വാരികകളും മാസികകളും ദിനപത്രങ്ങളുടെ ഞായറാഴ്ച പതിപ്പുകളിലുമെല്ലാം ഇന്ന് നോവലുകൾ ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിവരുന്നു, ഈ സമ്പ്രദായത്തിന് തുടക്കമിട്ടത് 1948 - ൽ ആരംഭിച്ച ജ്ഞാനനിക്ഷേപത്തിലൂടെയാണ്. "ആർച്ചു ഡീക്കൻ കോശിയുടെ പുല്ലേലികുഞ്ചു എന്ന നോവൽ ജ്ഞാനനിക്ഷേപ ലക്കങ്ങളിലൂടെ യാണ് ആദ്യം പ്രകാശിതമായത്."[3] പത്രമാസികളിലൂടെ പുസ്തക നിരൂപണം നടത്തുന്ന രീതിക്ക് തുടക്കം കുറിച്ചതും ജ്ഞാനനിക്ഷേപത്തിലൂടെ തന്നെയാണ്. 1862 മെയ് ലക്കത്തിലാണ് പുത്തൻ പാനയെ സംബന്ധിച്ച ഗ്രന്ഥനിരൂപണം പ്രത്യക്ഷപ്പെടുന്നത്.

കേരളത്തിന്റെ സാമൂഹികജീവിതത്തിലും സാഹിത്യരംഗത്തും ഭാഷാ പരിപോഷണ രംഗത്തും ഒരു കുതിച്ചു ചാട്ടം നടത്താൻ മലയാളത്തിലെ പത്രമാസികകൾക്ക് കഴിഞ്ഞു. മലയാളികളെ സാഹിത്യലോകത്തിലേക്ക് അടുപ്പിക്കാൻ മലയാള പത്രമാസികകൾ വലിയ സംഭാവനയാണ് ചെയ്തത്. 1847 - ൽ രാജ്യസമാചാരത്തിൽ തുടങ്ങി പശ്ചിമോദയം, ജ്ഞാനനിക്ഷേപം, വിദ്യാസംഗ്രഹം,പശ്ചിമതാരക, വിദ്യാവിലാസിനി, നസ്രാണിദീപിക, ഭാഷാപോഷിണി, മലയാള മനോരമ, വിദ്യാവിനോദിനി, രസികരഞ്ജിനി, വിവേകോദയം, കവനകൗമുദി,കേരളകൗമുദി, മംഗളോദയം, മാതൃഭൂമി, ദേശാഭിമാനി എന്നിവയിലുടെ കടന്ന് മംഗളത്തിലെത്തുമ്പോഴേക്കും, വായനക്കാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു.

മാസികകളും ആഴ്ചപ്പതിപ്പുകളും പെരുകുകയും വായനക്കാർ പതിൻമടങ്ങ് വർദ്ധിക്കുകയും ചെയ്തപ്പോൾ വായനക്കാരിൽ രണ്ടു ചേരി പ്രത്യക്ഷമായി. മംഗളോദയം, ഭാഷാപോഷിണി, മാത്രൃഭൂമി, കലാകൗമുദി

തുടങ്ങിയവയുടെ വായനക്കാർ സാഹിത്യത്തെയും വായനയെയും ഗൗരവ പൂർണ്ണമായ ഒരു പ്രവൃത്തിയായി കണ്ടപ്പോൾ, മനോരമ, മംഗളം, മനോരാജ്യം,മാമാങ്കം, കുങ്കുമം എന്നിവയുടെ വായനക്കാർ സാഹിത്യത്തെയും വായനയെയും മാനസികോല്ലാസത്തിനും ദൈനംദിന ജീവിതത്തിന്റെ ഭാഗമായും കണ്ടു. ആദ്യത്തെ കൂട്ടരെ ബുദ്ധിജീവികളെന്നും രണ്ടാമത്തെ കൂട്ടരെ പൈങ്കിളി വായനക്കാരെന്നും സാഹിത്യലോകത്ത് പേരു ചൊല്ലി വിളിച്ചു.

മലയാളത്തിലെ ജനപ്രിയസാഹിത്യം ഉടലെടുത്തതും വളർച്ച പ്രാപിച്ചതും ഈ പൈങ്കിളി വായനക്കാരുമായി ബന്ധപ്പെട്ടാണ്. പത്രമാസികകളിലൂടെയും വാരികകളിലൂടെയും പുറത്തുവന്ന സാഹിത്യസൃഷ്ടികളെ കൗതുകത്തോടു കൂടി വായിക്കാൻ തയാറായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ജനപ്രിയ സാഹിത്യത്തിലൂടെ കേരളത്തിനു കഴിഞ്ഞു. നവസാക്ഷരരും സാമാന്യ വിദ്യാഭ്യാസം നേടിയവരുമായ സാധാരണ കേരളിയരിൽ വായനാശീലം വളർത്തുന്നതിനും കലാ-സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതിനും ഇത്തരം സാഹിത്യസൃഷ്ടികൾ സഹായകമായി.

മുട്ടത്തുവർക്കിയുടെ പാടാത്ത പൈങ്കിളി എന്ന നോവൽ 1955 -ൽ പുറത്തുവന്നതോടെ സാഹിത്യരംഗത്ത് പുതിയ വഴിത്താരയ്ക്ക് തുടക്കം കുറിച്ചു. അതുവരെ നിലനിന്നിരുന്ന വിശ്വാസപ്രമാണങ്ങളും രീതി ഭാഷാപ്രയോഗങ്ങളും തിരസ്കരിച്ച് പുറത്തുവന്ന ഈ സൃഷ്ടി ജനപ്രിയസാഹിത്യത്തിന് തുടക്കം കുറിച്ചു. പൈങ്കിളി സാഹിത്യമെന്ന് സാഹിത്യലോകം ഇതിനെ പേരുചൊല്ലി വിളിച്ചെങ്കിലും കേരളിയ ജനസമൂഹം അതിനെ നെഞ്ചിലേറ്റി ലാളിച്ചു.മലയാളത്തിലെ ജനപ്രിയ സാഹിത്യത്തിന്റെ വളർച്ചയുടെ തെളിവാണ് മലയാളത്തിലെ ആഴ്ച്ചപതിപ്പുകൾക്കുണ്ടായ വളർച്ച.“1969 ഏപ്രിൽ മാസത്തിൽ 250 കോപ്പികളുമായി ആരംഭിച്ച മംഗളം മാസിക 1985 - ജൂണിൽ എത്തുമ്പോൾ 16 ലക്ഷം കോപ്പികളുള്ള വാരികയായി”[4] മാറിയെന്നത് ജനപ്രിയസാഹിത്യത്തിന് മലയാളികളിൽ ലഭിച്ച അംഗീകാരമാണ്. തുടർന്നുള്ള 10 വർഷത്തിനിടയിൽ

ജനപ്രിയസാഹിത്യം അച്ചടിക്കുന്ന മംഗളം, മനോരമ, മനോരാജ്യം, മാമാങ്കം, കുങ്കുമം,എന്നിവയുടേതായി ആഴ്ച്ചയിൽ 30 ലക്ഷം കോപ്പികൾ പുറത്തിറങ്ങി യെന്ന യാഥാർത്ഥ്യം ജനപ്രിയസാഹിത്യം ജനങ്ങളിൽ ചെലുത്തിയ സ്വാധീന ത്തിന്റെ പ്രത്യക്ഷോദാഹരണമാണ്.

കേരളത്തിൽ സാക്ഷരതാപ്രവർത്തനം ശക്തമായി നടന്നത് ഇതേകാലയ ളവിൽ തന്നെയാണ് . "1989 - ൽ കോട്ടയം പട്ടണത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനങ്ങളിൽ ഉയർന്നു കേട്ട ഒരു മുദ്രാവാക്യം *മംഗളം വായിക്കാൻ സാക്ഷരതാ നേടു* എന്നതായിരുന്നു.[5]" കർഷകതൊഴിലാളികളും മത്സ്യത്തൊഴിലാളികളും, ഓട്ടോഡ്രൈവർമാരും, കൂലിവേലക്കാരും, അംഗൻവാടി ജോലിക്കാരും,ചുമട്ടുതൊഴിലാളികളുമടക്കം സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരിലും ഇടത്തരക്കാരിലും സ്വാധീനം ചെലുത്താൻ ജനപ്രിയ സാഹിത്യത്തിനു കഴിഞ്ഞു. വായനശാലകളിലെ അലമാരകളിൽ നിന്നും നോവലുകളെ കിടക്കകളിലേക്ക് എത്തിച്ചു കൊടുത്തത് ജനപ്രിയസാഹിത്യമാണ്. ഇത് കേരളത്തിൽ വായനയുടെ തരംഗം സൃഷ്ടിക്കുന്നതിന് കാരണമായി.

ജനപ്രിയസാഹിത്യം ജനപ്രിയ സിനിമകളിലേയ്ക്കും തുടർന്ന് ടെലിവിഷൻ സീരിയലുകളിലേയ്ക്കുംജനങ്ങളെ ആകർഷിക്കുന്നതിനുള്ള മാധ്യമമായി പരിവർത്തനം ചെയ്തു. പത്രമാസികളിലൂടെയും ആഴ്ച്ചപതിപ്പുകളിലൂടെയും പുറത്തുവന്ന നോവലുകൾ ജനപ്രിയസിനിമകൾക്ക് വിഷയമായി മാറി. ആഴ്ച്ചപതിപ്പുകളിൽ പ്രത്യക്ഷപ്പെടുന്ന നീണ്ട നോവലുകൾ ചാനലുകളിൽ ആരംഭിച്ച സീരിയലുകൾക്ക് വിഷയമായി പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഇങ്ങനെ കലയുടെയും സാഹിത്യത്തിന്റെയും മേഖലയിൽ പുതിയ തരംഗങ്ങൾ സൃഷ്ടിക്കാൻ മലയാളത്തിലെ ജനപ്രിയസാഹിത്യത്തിനു കഴിഞ്ഞു. ഭാഷയിലും അവതരണത്തിലും ഘടനയിലും ജനപ്രിയസാഹിത്യവും സാക്ഷരതാ സാഹിത്യവും സമാനതകൾ പുലർത്തുന്നതുകൊണ്ടാണ് രണ്ടിനും ഒരേതരം ആസ്വാദക സമൂഹത്തെ കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞത്.

മലയാളത്തിലെ സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും ഒന്നല്ല. ഇരു സാഹിത്യങ്ങളും വ്യത്യസ്തവഴികളിൽ വളർന്ന് വികസിച്ചവയാണ്. സാക്ഷരതാസാഹിത്യത്തിന്റെ പ്രയോക്താവായ വ്യക്തി ജനപ്രിയ സാഹിത്യത്തിന്റെ അനുവാചകനാകാൻ സാധ്യത വളരെ കൂടുതലാണ്.

ഒരു നവസാക്ഷരന്റെ മാനസിക നിലവാരത്തിന് അനുയോജ്യമായ വിധത്തിലാണ് ജനപ്രിയ സാഹിത്യം രൂപപ്പെട്ടിരിക്കുന്നത്. മനുഷ്യമനസ്സുകളിലെ മൃദുല വികാരങ്ങളെ ഉണർത്തി ഭാവനയിൽ ചാലിച്ച് വാമൊഴിയുടെ സംസ്കരിച്ച വകഭേദങ്ങളിലൂടെ പെയ്തിറങ്ങുമ്പോൾ അവ നവസാക്ഷര മനസ്സുകളിൽ കൊടുങ്കാറ്റുയർത്തുവാൻ കഴിയുന്നു.സ്നേഹം, ദുഖം, പ്രേമം, സാമ്പത്തിക തകർച്ച, ജാതി, മതം, വർഗ്ഗവ്യത്യാസങ്ങൾ എന്നിവ സാഹിത്യ രചനകൾക്ക് പൊതു പ്രമേയങ്ങളാക്കാറുണ്ടെങ്കിലും ജനപ്രിയസാഹിത്യം ഇവ കൈകാര്യം ചെയ്തപ്പോൾ സാമാന്യജനങ്ങളിൽ ലഹരിപിടിപ്പിക്കാൻ കഴിഞ്ഞു. അതിനു പ്രധാന കാരണം ഉപയോഗിച്ച ഭാഷാരീതിയാണ്.

ആധുനികമെന്നും അത്യന്ത്യാധുനികമെന്നുമുള്ളപേരിൽ അറിയപ്പെടുന്ന സാഹിത്യസൃഷ്ടികൾ സാമാന്യ വിദ്യാഭ്യാസം നേടിയ മലയാളികൾക്ക് ഉൾക്കൊള്ളാൻ കഴിയാതെ പോയപ്പോൾ തത്സ്ഥാനത്ത് പ്രതിഷ്ഠനേടുവാൻ ജനപ്രിയസാഹിത്യത്തിനു കഴിഞ്ഞു. സാമാന്യ ജനങ്ങളുടെ കൈയടി നേടാൻ കഴിയുന്ന തരത്തിൽ രചനാരീതികളും സാങ്കേതികതകളും ഇതിൽ ഉപയോഗിച്ചു. കേരളത്തിലെ വിവിധ സമുദായങ്ങളിലെ ഗൃഹാന്തരീക്ഷത്തിൽ നിലകൊള്ളുന്ന സംസ്കാരവും ഭാഷയും ചർച്ചകളും വേഷങ്ങളും സാമാന്യവത്ക്കരിക്കപ്പെടുകയാണ് ജനപ്രിയസാഹിത്യത്തിൽ. മന്ത്രവാദം, പ്രേതം, പ്രണയം തുടങ്ങിയവ വൈകാരികാന്തരീക്ഷത്തിൽ അവതരിപ്പിച്ച് വായനക്കാരെ മായികലോകത്തിലെത്തിക്കാൻ പ്രാപ്തമായ ഒരു രചനാ ശൈലിയാണ് സ്വീകരിക്കപ്പെട്ടത്.

സാഹിത്യകാരൻ പ്രത്യേക ലക്ഷ്യത്തോടെ പ്രത്യേക ജനവിഭാഗത്തിനായി സാഹിത്യസൃഷ്ടി നടത്തുന്ന രീതി സമ്പ്രദായമാണ് ജനപ്രിയ സാഹിത്യത്തിൽ കണ്ടെത്താൻ കഴിയുന്നത്. പ്രമേയത്തിലും ഭാഷയിലും അവതരണ ശൈലിയിലും തങ്ങൾ മുന്നിൽ കാണുന്ന ജനവിഭാഗത്തെ ആകർഷിക്കാൻ കഴിയുന്ന തരത്തിലും തലത്തിലും സാഹിത്യസൃഷ്ടി നടത്താൻ സാഹിത്യകാരൻ തയാറാകുന്നു. ഇത്തരം പ്രവണത സാക്ഷരതാസാഹിത്യത്തിലും കണ്ടെത്താൻ കഴിയുന്നു.

ജനപ്രിയസാഹിത്യം വിപണിയും സാമാന്യജനങ്ങളുടെ കൈയടിയും ലക്ഷ്യമാക്കി രചിക്കപ്പെട്ടവയാണ്. ഈ ലക്ഷ്യം നേടുന്നതിനനുയോജ്യമായ ഭാഷാരീതിയും ബോധപൂർവ്വം സ്വീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. മനോരമ, മംഗളം, മനോരാജ്യം തുടങ്ങിയ വാരികകളിലൂടെ പുറത്തുവന്നിട്ടുള്ള സാഹിത്യസൃഷ്ടികൾ സാമാന്യ ജനങ്ങളുടെ മൃദുല വികാരങ്ങളെ ഇക്കിളിപ്പെടുത്താൻ പര്യാപ്തമായ തരത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരം വികാരങ്ങൾ സമർത്ഥമായി അവതരിപ്പിക്കാൻ കഴിയുന്ന ഭാഷയെന്ന നിലയിൽ വാമൊഴികളിലൂടെ കടന്നുവന്ന മലയാളഭാഷയുടെ സംസ്കരിക്കപ്പെട്ട രൂപത്തെയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

"വായനയുടെ രസതന്ത്രത്തെയാണ് നോവൽ ഇവിടെ ഏകമൂല്യമായി ലക്ഷ്യമിടുന്നത്. ആകാംക്ഷ നിലനിർത്തുകയെന്ന തന്ത്രം ജനപ്രിയ നോവലിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫോർമുലയായി നിലനിൽക്കുന്നതിന് കാരണവും മറ്റൊന്നല്ല ഖണ്ഡശ: പ്രസിദ്ധീകരണത്തിന്റെഭാഗമായാലും അല്ലെങ്കിലും ഒരോ അദ്ധ്യായത്തിലും നിർവ്വഹിക്കാനുള്ള ഏറ്റവും പ്രധാന കർമ്മം ഇതാണ്. സിനിമയിൽ ഈ സ്വഭാവം കുറ്റാന്വേഷണ നോവലിന്റെ ശൈലിയിൽ മുഴുവൻ പാഠത്തിലുമായി വ്യാപിച്ചു കിടക്കുകയായാണ്. പക്ഷേ ടെലിവിഷൻ പരമ്പരയിൽ ജനപ്രിയനോവലിന്റെ അദ്ധ്യായത്തിന്റെ തന്നെ ഘടനയും സ്വഭാവവുമാണ് സ്വീകരിക്കപ്പെടുന്നത്. ഭാഷയുടെ ജനകീയതയോടും

പ്രമേയത്തിന്റെ സവിശേഷതകളോടും മാത്രമല്ല, വിപണിയിലെ മാധ്യമ മത്സരത്തോടും ബന്ധപ്പെട്ടാണ് ജനപ്രിയ നോവലിന്റെ കഥാപാത്ര സങ്കൽപ്പവും കഥാഗതിയുമൊക്കെയടങ്ങുന്ന പൊതുഘടന തന്നെ നിശ്ചയിക്കപ്പെടുന്നത്. ഇവിടെ സൂചിപ്പിക്കേണ്ട ഒന്നാമത്തെ സംഗതി, ആധുനികത പൊതുവേ പുരുഷ കേന്ദ്രികൃതവും പുരുഷാധിപത്യപരവുമായിരുന്നു എന്നതാണ്. ജനപ്രിയ നോവൽ പുരുഷാധിപത്യ സാമൂഹികാശയങ്ങൾ മേൽക്കൈ നേടുന്ന ഒരു മേഖലയാണെങ്കിലും കൃതി, കഥ, പ്രമേയം, തുടങ്ങിയവ പൊതുവേ സ്ത്രീകേന്ദ്രീകൃതം തന്നെയായിരിക്കും. ജനപ്രിയനോവലിന്റെ വായനാ സമൂഹത്തിൽ ഭൂരിഭാഗം സാധാരണക്കാരും സ്ത്രീകളുമാണെന്നത് ഈ സ്വഭാവത്തെ നിശ്ചയിക്കുന്ന മുഖ്യഘടകമാകുന്നു[6]" എന്ന അഭിപ്രായം പ്രത്യേകം സ്മരണീയമാണ്. ജനപ്രിയ സാഹിത്യത്തിന്റെ വായനക്കാർ സാധാരണക്കാരും സ്ത്രീകളുമാണെന്ന കണ്ടെത്തൽ ശരിതന്നെയാണ്. ഇതാണ് ജനപ്രിയ സാഹിത്യത്തിന്റെ അടിത്തറ. ഇവിടെ ഉപയോഗിക്കപ്പെടുന്ന ഭാഷ നവസാക്ഷരന് കൈകാര്യം ചെയ്യാൻ കഴിയുന്ന ഭാഷ തന്നെയാണ്.

മുട്ടത്തുവർക്കി തുറന്നുവിട്ട ജനപ്രിയ സാഹിത്യസരണി കാനം ഇ. ജെ. , മാത്യൂമറ്റം, ജോയിസി എന്നിവരിലൂടെ കടന്ന് ജോസി വാഗമറ്റം, കോട്ടയം പുഷ്പനാഥ്, തമ്പി പി.വി., കമലാ ഗോവിന്ദ്, സുധാകർ മംഗളോദയം എന്നിവരിൽ എത്തുമ്പോൾ ജനപ്രിയസാഹിത്യം പൂർണ്ണവളർച്ച നേടി. "മനോരമ, മംഗളം എന്നീ ആഴ്ച്ചപതിപ്പുകളുടെ ലക്ഷക്കണക്കിന് കോപ്പികൾ മലയാളികൾ വാങ്ങിയെന്നുള്ളത് ജനപ്രിയസാഹിത്യത്തിന്റെ വളർച്ചയുടെ സൂചനയാണെന്ന[7]" അഭിപ്രായം അംഗീകരിക്കാവുന്നതാണ്. മലയാളത്തിൽ ലക്ഷക്കണക്കിന് വായനക്കാരെ സൃഷ്ടിക്കാൻ ഇത്തരം സാഹിത്യകാരൻമാർക്ക് കഴിഞ്ഞിട്ടുള്ളത് യാഥാർത്ഥ്യമാണ്. മംഗളം, മനോരമ, മാമാങ്കം, കുങ്കുമം, മനോരാജ്യം, തുടങ്ങിയ വാരികകളിലൂടെ പുറത്തുവന്ന സാഹിത്യ സൃഷ്ടികൾ സാഹിത്യരംഗത്ത് എതു നിലവാരത്തിൽ നിൽക്കുന്നു എന്നതല്ല

ഇവിടെ പ്രധാനം. മൂല്യസങ്കൽപ്പങ്ങളും ഇവിടെ പ്രസക്തമല്ല.സാധാരണ മലയാളികളിലെ വായനാശീലം വളർത്താനും നിലനിർത്താനും ഇത്തരം പ്രസിദ്ധീകരണത്തിലൂടെ പുറത്തുവന്ന സാഹിത്യസൃഷ്ടികൾക്ക് കഴിഞ്ഞിട്ടു ണ്ടെന്ന യാഥാർത്ഥ്യം അംഗീകരിക്കാവുന്നതാണ്. പൊതു വായനാശീല ത്തിലേയ്ക്ക് മലയാളികളെ കൊണ്ടെത്തിച്ച മറ്റൊരു സാഹിത്യസംസ്കാരം കേരളത്തിൽ ഇല്ല. പാടത്തും പറമ്പിലും പണിയെടുക്കുന്ന തൊഴിലാളികൾ മുതൽ സാമാന്യ വിദ്യാഭ്യാസം നേടിയ യുവതി യുവാക്കളും, അടുക്കളകളിൽ ജീവിതം തള്ളിനീക്കിയിരിക്കുന്ന സാധാരണ മലയാളി വനിതകളും വരെ ഒന്നു പോലെ ആകാംക്ഷയോടെ ഓരോ ആഴ്ചത്തേയും നോവലുകളും കഥകളും വായിക്കാൻ കൊതിക്കുന്നവരായിരുന്നു. മലയാളികളിൽ വായന ജനകീയമായ കാലമായിരുന്നു ഇത്.

ജനപ്രിയ സാഹിത്യത്തിൽ ഉപയോഗിച്ച ഭാഷാരീതിയും അവതരണ സമ്പ്രദായവും സാധാരണ കേരളീയ മനസ്സുകളെ പിടിച്ചിരുത്തുന്ന വയായിരുന്നു. നിഗൂഢസത്യങ്ങളോ നിഗൂഢാശയങ്ങളോ ഇത്തരം സാഹിത്യസൃഷ്ടികളിൽ കണ്ടെത്തുവാൻ കഴിയില്ല. മനസ്സുകളിലെ സ്വപ്നങ്ങൾ താലോലിച്ച് പുഷ്പക വിമാനത്തിലേറ്റി സ്വർഗ്ഗം ചുറ്റിക്കാനുള്ള സാഹിത്യകാരൻമാരുടെ ശ്രമം വിജയിച്ചു. ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റയും അധികാരത്തിന്റെയും അന്തരം പ്രേമമെന്ന വികാരത്തിലൂടെ ഇല്ലാതാക്കാനുള്ള ശ്രമം സാഹിത്യത്തിൽ നൂറ്റാണ്ടുകളായി പരീക്ഷിക്കപ്പെടു ന്നതാണെങ്കിലും ജനപ്രിയമുഖം നൽകാൻ കഴിഞ്ഞ് മുട്ടത്ത്വർക്കിയിൽ തുടങ്ങുന്ന ജനപ്രിയസാഹിത്യകാരൻമാർക്കാണ്. തൊട്ടാവാടി പ്രേമത്തിന്റെ കഥയെന്ന് ആക്ഷേപിക്കാമെങ്കിലും അതിലൂടെ ജനകീയ വായനാസരണി സൃഷ്ടിക്കാൻ ജനകീയസാഹിത്യത്തിന് കഴിഞ്ഞു. ഇതിലൂടെ മലയാളത്തിൽ ജനപ്രിയ സാഹിത്യത്തിന്റെ വളർച്ച കണ്ടെത്താൻ കഴിയുന്നു.

6 : 2 *മലയാളത്തിലെ സാക്ഷരതാസാഹിത്യവും ജനപ്രിയ സാഹിത്യവും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ :* മലയാളത്തിലെ സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും പദങ്ങളുടെ തെരഞ്ഞെടുപ്പിലും അവതരണ ശൈലികളിലും സമാനതകൾ പുലർത്തുന്നു.എന്നാൽ ആശയ തലത്തിലും ഭാവതലത്തിലും ലക്ഷ്യത്തിലും വ്യത്യസ്ത സമീപനമാണ് നിലകൊള്ളുന്നത് . ലളിത മലയാള പദങ്ങളാൽ സമ്പന്നമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും. വളച്ചുകെട്ടില്ലാതെ ഒറ്റവായനയിൽ തന്നെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന രചനാശൈലി യാണ് സ്വീകരിച്ചിരിക്കുന്നത്. വായനക്കാരിൽ അരോചകം സൃഷ്ടിക്കുന്ന രചനാശൈലിയല്ല കണ്ടെത്താൻ കഴിയുന്നത്. വായനക്കാരിൽ മാനസി കോല്ലാസം നൽകി തുടർവായനയെ പ്രേരിപ്പിക്കുന്ന അവതരണ ശൈലിയാണ് ഇരു സാഹിത്യത്തിന്റെയും അടിസ്ഥാന സ്വഭാവം. ജനങ്ങൾ ആവേശത്തോടെ, ആകാംക്ഷയോടെ വായിച്ചു തീർക്കുന്നതുകൊണ്ടാണ് ജനപ്രിയസാഹിത്യം എന്ന പേരു തന്നെ രൂപപ്പെട്ടത്.

മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിനും ഇതേ സ്വഭാവം ഉള്ളതു കൊണ്ടാണ് ഉയർന്ന സാക്ഷരതാനിരക്ക് കേരളത്തിന് കൈവരിക്കുന്നതിനും നിലനിർത്തുന്നതിനും കഴിഞ്ഞത്. കേരളത്തിലെ സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനം ആവേശതിമർപ്പോടെ ഉത്സവപ്രതീതി ഉണർത്തി ബഹുജന മുന്നേറ്റമായി മാറ്റുവാൻ കഴിഞ്ഞത് അതിനായി ഉപയോഗിച്ച സാഹിത്യത്തിന്റെ ശക്തിയും മഹത്ത്വവും കൊണ്ടു കൂടിയാണ്. ആശയങ്ങൾ ആവേശങ്ങളാക്കി മാറ്റുവാൻ ഭാഷയ്ക്കും സാഹിത്യത്തിനും കഴിയുമ്പോൾ മാത്രമേ ജനങ്ങൾ അത് ഏറ്റെടുക്കുകയുള്ളു. സമൂഹത്തിലെ ഇരുളടഞ്ഞ ഏടുകളിൽ ആണ്ടു കഴിഞ്ഞ നിരക്ഷരനിൽ സാക്ഷരതയുടെ ആവശ്യകതാബോധം ഉണർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുവാൻ മാനസികമായി പ്രേരിപ്പിച്ചത് അതിനായി ഉപയോഗിച്ച സാഹിത്യ സൃഷ്ടികളാണ്. കലാജാഥകളിലൂടെയും

തെരുവ് നാടകങ്ങളിലൂടെയും പുറത്തുവന്ന സാഹിത്യം നിരക്ഷരതാ നിർമ്മാർജ്ജന പ്രവർത്തനം ആവേശകരമാക്കി മാറ്റി. സാധാരണ ജനങ്ങളിൽ സാഹിത്യത്തെ ആവേശകരമാക്കി മാറ്റാൻ ജനപ്രിയസാഹിത്യത്തിനും സാക്ഷരതാസാഹിത്യത്തിനും കഴിഞ്ഞിട്ടുണ്ട്.

വായന മരിക്കുന്നുവെന്ന് വിലപിക്കുകയും ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് കുട്ടികളെ പറഞ്ഞുവിടാൻ ശ്രമിക്കുകയും ചെയ്യുന്ന ആധുനിക കാലഘട്ട ത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് മലയാള ഭാഷയുടെസ്വത്വം കാത്തു സംരക്ഷിക്കുന്നതിനും മലയാള വായന പരിപോക്ഷിപ്പിക്കുന്നതിനും സാക്ഷരതാപ്രവർത്തനങ്ങൾക്കും അതിനായി ഉപയോഗിക്കുന്ന സാഹിത്യ രൂപങ്ങൾക്കും കഴിയും. മലയാളഭാഷ സംരക്ഷിക്കുന്നതിനുംവായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയ സാഹിത്യത്തിനും കഴിയുന്നു. മലയാള ഭാഷയിൽ പിച്ചവെച്ച് പ്രയാണം തുടങ്ങുന്ന ഒരു വ്യക്തിക്ക് പ്രചോദനവും ആത്മധൈര്യവും നൽകാൻ സാക്ഷരതാസാഹിത്യത്തിനും ജനപ്രിയ സാഹിത്യത്തിനും കഴിയുന്നു.

കേരളത്തിൽ ജനപ്രിയസാഹിത്യത്തിന് സാധാരണ ജനങ്ങളിൽ ചെലുത്താൻ കഴിയുന്ന സ്വാധീനത്തിന്റെ ഫലമായി നിരക്ഷരതാനിർമ്മാർജ്ജന ത്തിനനുയോജ്യമായ അന്തരീക്ഷം കേരളീയ സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ടു. അക്ഷരം അറായാവുന്നവർ ഉറക്കെ വായിച്ചു കേൾപ്പിക്കുന്ന രീതിയിൽ നിന്നു മാറി ഇത്തരം രചനകൾ തങ്ങൾക്കും വായിക്കണമെന്ന അഭിനിവേശം നിരക്ഷരനിൽ ചെലുത്താൻ മംഗളം, മനോരമ തുടങ്ങിയ വാരികളിലൂടെ പുറത്തുവന്ന ജനപ്രിയസാഹിത്യത്തിനു കഴിഞ്ഞു. സാക്ഷരതാപ്രവർത്തനത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ജനപ്രിയ സാഹിത്യത്തിനു കഴിഞ്ഞു എന്നതിലപ്പുറം സാക്ഷരത നേടിയവരിൽ തുടർവായനയ്ക്ക് പര്യാപ്തമായ സാഹചര്യം സൃഷ്ടിച്ചുവെന്നതാണ് ജനപ്രിയസാഹിത്യം ചെയ്ത പ്രധാന സംഭാവന.

കേരളത്തിലെ നവസാക്ഷര സമൂഹത്തിൽ നിന്ന് തുടർവായന സാധിക്കുമെന്ന ബോധമുണർന്നതിനും തുടർവായന പരിപോഷിപ്പിക്കുന്നതിനും ജനപ്രിയസാഹിത്യത്തിന് കഴിഞ്ഞു. മംഗളം, മനോരമ, മാമാങ്കം, മനോരാജ്യം എന്നി വാരികകളിലൂടെ പുറത്തുവന്ന മലയാളത്തിലെ ജനപ്രിയസാഹിത്യത്തിന്റെ വായനക്കാരിൽ ഭൂരിപക്ഷവും നവസാക്ഷരരും പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവരുമായ സാധാരണക്കാരായിരുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യം നവസാക്ഷര സമൂഹത്തെ മുന്നിൽ കണ്ട് രചിച്ചവയാണ്. നവസാക്ഷരരും പ്രാഥമിക വിദ്യാഭ്യാസം നേടിയവരുമായ ജനസമൂഹത്തിൽ അറിവും കഴിവും വളർത്തി ചിന്തിക്കുന്ന മനുഷ്യരാക്കി മാറ്റാനുള്ള തീവ്രമായ പരിശ്രമം സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്ത നങ്ങളിൽ അന്തർലീനമാണ്. നവസാക്ഷരരായ വ്യക്തികൾക്ക് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ മായ്ക്കാനാവാത്ത വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നവസാക്ഷരന്റെ മാനസിക നിലവാരത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന പദസമ്പത്തിനും ചേർന്ന വിധമാണ് സാക്ഷരതാസാഹിത്യം രൂപപ്പെടുത്തിയിരിക്കുന്നത് . ഇതിനു സമാനമായ രീതിയിലാണ് മലയാളത്തിലെ ജനപ്രിയസാഹിത്യവും നിലകൊള്ളുന്നത്.

സാധാരണ ജനങ്ങളുടെ മാനസിക നിലവാരത്തിനു യോജിച്ച രസതന്ത്ര ത്തിലൂന്നിയ വായനാസംസ്കാരത്തെ ലക്ഷ്യം വച്ചാണ് ജനപ്രിയസാഹിത്യവും നിലകൊള്ളുന്നത്. മത - ജാതി വർഗ്ഗ സാമ്പത്തിക വൈരുദ്ധ്യങ്ങൾ, മാറിവരുന്ന മൂല്യ- സദാചാര സങ്കൽപ്പങ്ങൾ , ശിഥിലമായ ബന്ധങ്ങൾ, വികാരങ്ങളുടെയും വിചാരങ്ങളുടെയും വേലിയേറ്റം, പ്രേമത്തിനു മുന്നിൽ എല്ലാം പൊട്ടിച്ചെറിയാനുള്ള പ്രവണത, തുടങ്ങി സാധാരണ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന എല്ലാ സങ്കേതങ്ങളും ഇതിൽ പ്രയോഗിച്ചിരിക്കുന്നു. ഇവിടെ ഉപയോഗിക്കുന്ന ഭാഷാരീതി ലളിതവും ലക്ഷ്യത്തിനു യോജിച്ചതുമാണ്. വളച്ചുകെട്ടില്ലാതെ കാര്യങ്ങൾ നേർവഴിക്ക് പറയുകയും

സരസമായി അവതരിപ്പിക്കുകയും ചെയ്യുന്നു. കഠിനപദങ്ങളുടെ പ്രയോഗമോ ബിംബപ്രതിബിംബങ്ങളോ ഇത്തരം രചനകളിൽ ഇല്ല. ആലോചിച്ച് ഉത്തരം കണ്ടെത്തേണ്ട വിഷയങ്ങളോ നിഘണ്ടു നോക്കി അർത്ഥം കണ്ടുപിടിക്കേണ്ട പദങ്ങളോ ഇല്ല. ഭാഷാശൈലിയിലും അവതരണ സമ്പ്രദായത്തിലും സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും യോജിക്കുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും പ്രമേയത്തിലും ഉള്ളടക്കത്തിലുമാണ് വിയോജിക്കുന്നത്. രണ്ട് സാഹിത്യവും പ്രത്യേക ജനവിഭാഗത്തിനായി പ്രത്യേകം രചിക്കപ്പെട്ട സാഹിത്യസൃഷ്ടികളാണ് ഒന്ന് മറ്റൊന്നിന്റെ അനുകരണമല്ലായെങ്കിലും രണ്ട് സാഹിത്യവും ലക്ഷ്യം വച്ചിരിക്കുന്നത് ഒരേ ജനസമൂഹത്തെ തന്നെയാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഉത്തുംഗ ശ്രേണിയിൽ കയറി നിൽക്കുന്നവർക്കു വേണ്ടി രചിച്ചിട്ടുള്ളവയല്ല സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും. നവസാക്ഷരരും സാമാന്യ വിദ്യാഭ്യാസം നേടിയവരുമായ സാധാരണ ജനങ്ങളുടെ ലക്ഷ്യങ്ങളാണ് ഇരു സാഹിത്യങ്ങളിലും സാധിച്ചിട്ടുള്ളത്.

കേരളീയ ജനസമൂഹത്തിൽ നേടിയെടുത്ത സാക്ഷരത നിലനിർത്തുകയെന്നതായിരുന്നില്ല ജനപ്രിയസാഹിത്യത്തിന്റെ ലക്ഷ്യമെങ്കിലും ജനപ്രിയസാഹിത്യത്തിന്റെ വളർച്ചയോടെ നേടിയെടുത്ത സാക്ഷരത നിലനിർത്തുന്നതിനു മാത്രമല്ല വായനാശീലം പരിപോഷിപ്പിക്കുന്നതിനും സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായ ഒന്നല്ല വായനയെന്ന അവബോധം ഉണർത്തുന്നതിനും ജനപ്രിയസാഹിത്യത്തിന് കഴിഞ്ഞു. ലക്ഷ്യവും മാർഗ്ഗവും രണ്ടായിരുന്നെങ്കിലും മലയാളികളിൽ അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ജനപ്രിയസാഹിത്യം കാരണമായി. കേരളത്തിലെ നവസാക്ഷരന് അവർ ആഗ്രഹിക്കുന്ന തരത്തിലും തലത്തിലും കൈയെത്തുന്ന ദൂരത്തിലും സാക്ഷരതാസാഹിത്യം ലഭ്യമാകാനുള്ള സാഹചര്യം ഇല്ലാതിരുന്ന അവസ്ഥയിൽ തത്സ്ഥാനത്ത് ലഭ്യമായത് മംഗളം, മനോരമ

എന്നീ വാരികളും അതിലൂടെയുള്ള ജനപ്രിയസാഹിത്യവുമായിരുന്നു. നവസാക്ഷര സാക്ഷരസമൂഹത്തിൽ തുടർവായനയ്ക്കുള്ള സാഹിത്യം എന്ന നിലയിൽ കടന്നു കയറുവാനും ആ ദൗത്യം നിർവ്വഹിക്കുവാനും മലയാളത്തിലെ ജനപ്രിയസാഹിത്യത്തിനു കഴിഞ്ഞിട്ടുണ്ട്.

നവസാക്ഷര സമൂഹത്തിൽ ഭാഷാപരിപോഷണം നടത്തേണ്ടത് സാക്ഷരതാസാഹിത്യമാണെങ്കിലും മലയാളത്തിൽ പ്രധാന പങ്കുവഹിച്ചത് ജനപ്രിയസാഹിത്യമാണ്. സാക്ഷരതാസാഹിത്യത്തിന്റെ ദൗത്യം നിർവ്വഹിക്കാൻ പര്യാപ്തമായ തരത്തിലും തലത്തിലും ഉയരാൻ മലയാളത്തിലെ ജനപ്രിയസാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്. 1991 വരെ വിവിധ പരിപാടികളിലൂടെ നവസാക്ഷരത്വം ലഭിച്ച ലക്ഷക്കണക്കിന് മലയാളികൾ നിരക്ഷരതയിലേയ്ക്ക് വീണ്ടും മടങ്ങി പോകാതിരുന്നത് ജനപ്രിയസാഹിത്യത്തിന്റെ സ്വാധീനം കൊണ്ടാണ്. ലക്ഷക്കണക്കിന് നവസാക്ഷരരായ മലയാളികൾക്ക് അനുയോജ്യമായ തുടർസാക്ഷരതാ പ്രവർത്തനം നടത്താതിരുന്ന കാലയളവിൽ അവർക്ക് ആശ്രയമായി തീർന്നത് ജനപ്രിയസാഹിത്യമായിരുന്നു. ജനപ്രിയസാഹിത്യം നവസാക്ഷരനിൽ കടന്നുകയറാൻ കഴിയുന്നതു കൊണ്ടു കൂടിയാണ് കേരളം നേടിയെടുത്ത അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതിന് കഴിഞ്ഞത്.

നവസാക്ഷരനിൽ വായനാശീലം വളർത്തുകയെന്നതാണ് സാക്ഷരതാ സാഹിത്യത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനുള്ള പ്രധാന കണ്ണിയായി മലയാളത്തിലെ ജനപ്രിയസാഹിത്യം പരിണമിച്ചു. ജനപ്രിയ സാഹിത്യത്തിന്റെ ലക്ഷ്യം വായനക്കാരെ സൃഷ്ടിക്കുകയും വാരികകളുടെ സർക്കുലേഷൻ കൂട്ടുകയുമായിരുന്നു. ഈ ലക്ഷ്യം നേടിയതോടൊപ്പം തന്നെ അജണ്ടയിലില്ലാത്ത നവസാക്ഷരനിൽ വായനാശീലം വളർത്തുകയെന്ന ദൗത്യവും ജനപ്രിയസാഹിത്യത്തിന് നേടിത്തരുവാൻ കഴിഞ്ഞു.ജനപ്രിയ സാഹിത്യത്തിന്റെ ലക്ഷ്യം നേടാൻ കഴിഞ്ഞപ്പോൾ സാക്ഷരതാസാഹിത്യത്തിന്റെ ലക്ഷ്യവും നേടി.

കേരളത്തിന്റെ സാമൂഹികജീവിതത്തിലും സാംസ്കാരിക അന്തരീക്ഷ ത്തിലും പരിവർത്തനത്തിന്റെ വിത്തുപാകിയ സാക്ഷരതാപ്രവർത്തനത്തിനും സാക്ഷരതാസാഹിത്യത്തിനും ശക്തിപകരുവാൻ മലയാളത്തിലെ ജനപ്രിയസാഹിത്യത്തിനു കഴിഞ്ഞു. വ്യത്യസ്ത ലക്ഷ്യങ്ങളോടെ മലയാളസാഹിത്യത്തിൽ വികാസം പ്രാപിച്ച ഇരു സാഹിത്യശാഖകളും പരസ്പരം വളരുന്നതിന് സഹായകമായി. സാക്ഷരതാപ്രവർത്തനങ്ങളിലൂടെ നവസാക്ഷരരെ സൃഷ്ടിക്കാൻ കഴിഞ്ഞത് ജനപ്രിയസാഹിത്യം വളരുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ കാരണമായി. ജനപ്രിയസാഹിത്യം വളർച്ച നേടിയതിലൂടെ നവസാക്ഷരർ അടങ്ങുന്ന അടിസ്ഥാന ജനവിഭാഗങ്ങളിൽ വായനാശീലം വളർത്തുന്നതിനും നേടിയെടുത്ത സാക്ഷരത നിലനിർത്തുന്ന തിനും കാരണമായി. ലളിത മലയാളപദങ്ങളുടെ തെരഞ്ഞെടുപ്പിലും വിനിയോഗത്തിലും സമാനതകൾ പുലർത്തുന്ന സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും അക്ഷരസ്നേഹികളായ മലയാളികളെ സൃഷ്ടിക്കുന്നതിൽ മുന്നിട്ടുനിന്നു. പ്രത്യേക ജനവിഭാഗത്തെ മുന്നിൽ കണ്ട് പ്രത്യേകം തയാറാക്കിയ സാഹിത്യസൃഷ്ടികളാണ് മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിലും ജനപ്രിയസാഹിത്യത്തിലുമുള്ളത്.

പ്രമേയത്തിലും ഉള്ളടക്കത്തിലും വ്യത്യസ്തത പുലർത്തുന്ന സാക്ഷരതാസാഹിത്യവും ജനപ്രിയസാഹിത്യവും മലയാളഭാഷാ പരിപോഷണ രംഗത്ത് വെല്ലുവിളികളെ അതിജീവിച്ച് മുന്നേറി. നിരവധി പുതിയ എഴുത്തു കാരെ സാഹിത്യലോകത്തിന് പരിചയപ്പെടുത്തുന്നതിനും സാഹിത്യരംഗത്തെ പുതിയ വഴിത്താര വെട്ടിതുറക്കുന്നതിനും മലയാളത്തിലെ സാക്ഷരതാ സാഹിത്യവും ജനപ്രിയസാഹിത്യവും കാരണമായി.

## 6 :3 കുറിപ്പുകൾ

1. പ്രിയദർശൻ.ജി. *മാധ്യമങ്ങളും മലയാള സാഹിത്യവും* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, 2000, പേജ് 41 – 42

2. *അ.പു.* പേജ് 43

3. *അ.പു.* പേജ് 46

4. *അക്ഷരനായകൻ അനശ്വരനായി*,മംഗളം ദിനപത്രം, 10 ജനുവരി 2005, കോട്ടയം എഡിഷൻ.

5. സത്യശീലൻ നടുവട്ടം , *സ്വകാര്യ അഭിമുഖം.* മാത്യൂവി.വി., 18 ജനുവരി 2004.

6. ഷാജി ജേക്കബ്, *പാടാത്തപൈങ്കിളി 50*,മാധ്യമം ആഴ്ച്ചപതിപ്പ്, പുസ്തകം 8, 6 മെയ് 2005, പേജ് 19.

7. സ്കറിയാ സക്കറിയ, സ്വകാര്യഅഭിമുഖം മാത്യൂ വി.വി 30 ഏപ്രിൽ 2003.

## ഉപസംഹാരം

*നിഗമനങ്ങൾ:* മലയാള ഭാഷയ്ക്കും സാഹിത്യത്തിനും കേരളീയ നവോത്ഥാനത്തിനും കേരളത്തിന്റെ സാംസ്കാരിക വളർച്ചയ്ക്കും പുരോഗതിക്കും ഗതിവേഗം വർദ്ധിപ്പിക്കാൻ കഴിയുന്നതായിരുന്നു മലയാളത്തിലെ സാക്ഷരതാസാഹിത്യം. അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ അക്ഷരം പഠിച്ച് അറിവുനേടാൻ മലയാളികൾ നടത്തിയ തീവ്രശ്രമത്തിന്റെ ഭാഗമാണ് കേരളത്തിലെ സാക്ഷരതാപ്രവർത്തനം. അനൗപചാരിക വിദ്യാഭ്യാസത്തിന് ശക്തമായ അടിത്തറ സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം.

കേരളത്തിലെത്തിയ വിദേശിയർ വ്യാപാരത്തോടൊപ്പം ഭാഷാപഠനത്തിനും പ്രാധാന്യം നൽകി . ആശയപ്രചാരണത്തിന് ഭാഷാപഠനം അനിവാര്യഘടകമായിത്തീർന്നു. ആശയങ്ങൾ സാധാരണ മലയാളികൾക്കു മനസ്സിലാകുന്ന നാട്ടുഭാഷയിൽ അവതരിപ്പിക്കേണ്ടത് മിഷനറിമാർക്ക് ആവശ്യമായി മാറി. ആശയങ്ങൾ നാട്ടുഭാഷാ മലയാളത്തിൽ അവതരിപ്പിക്കുകയെന്നതിനോടൊപ്പം അവതരിപ്പിക്കുന്ന കാര്യങ്ങൾ വായിച്ച് മനസ്സിലാക്കുവാൻ കഴിയുന്ന ജനതയെ സൃഷ്ടിക്കേണ്ടതായും വന്നു. ഇത് നാട്ടുകാരായ മലയാളികളെ അക്ഷരം പഠിപ്പിക്കുന്നതിന് കാരണമായി. ഇങ്ങനെ കേരളത്തിൽ നിശാപാഠശാലകളും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും ആരംഭിച്ചു.

നിശാപാഠശാലകളിലൂടെയും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും പള്ളിക്കൂടങ്ങളിലൂടെയും അക്ഷരം സ്വായത്തമാക്കിയ കേരളീയരിലേയ്ക്ക് തങ്ങളുടേതായ ആശയങ്ങൾ ലളിതമലയാള ഭാഷയിൽ അവതരിപ്പിക്കാൻ മിഷനറിമാരും തൊഴിലാളി പ്രസ്ഥാനങ്ങളും ദേശീയ പ്രസ്ഥാനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും പരിശ്രമിച്ചു. കേരളീയരിൽ സാക്ഷരതാപ്രവർത്തനം നടത്തേണ്ടത് ഇത്തരം പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും, നിലനിൽപ്പിനും ആവശ്യമായിത്തീർന്നു. തങ്ങളുടെ മുഖ്യലക്ഷ്യം നേടുന്നതിനുള്ള വഴി അടിസ്ഥാനസാക്ഷരത നേടിയ

ജനസമൂഹത്തിലൂടെ മാത്രമേ കൈവരിക്കാൻ കഴിയൂ എന്ന് ഇവർക്ക് അറിയാമായിരുന്നു. അതിനാൽ സാക്ഷരതാപ്രവർത്തനം ലക്ഷ്യമല്ലായിരുന്നെങ്കിലും അത് നടത്തേണ്ടതായി വന്നു. ഇത് കേരളത്തിലെ സാക്ഷരതാനിരക്ക് വർദ്ധിക്കുന്നതിന് കാരണമായി.

പത്രമാസികളുടെ ഉദയവികാസത്തോടെ അച്ചടിഭാഷ കേരളത്തിൽ പ്രചാരം നേടി. പത്രമാസികകൾ വായിക്കണമെങ്കിൽ അക്ഷരം അറിയേണ്ടതായി വന്നു. അക്ഷരം അറിയാവുന്നവർ ഉറക്കെ വായിക്കുകയും അറിയാത്തവർ കേൾവിക്കാരാവുകയും ചെയ്യുന്ന പ്രവണത ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നു. അക്ഷരം പഠിക്കേണ്ടതിന്റെ ആവശ്യകതാബോധം ജനങ്ങളിൽ ഉണർത്താൻ ഇതും കാരണമായി.

കേരളത്തിലെ ഗ്രന്ഥശാലാസംഘത്തിന്റെ ഉദയവികാസവും സാക്ഷരതയുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നു. ഗ്രാമങ്ങളിലെ ഗ്രന്ഥശാലകളിൽ നിശാപാഠശാലകളും സാക്ഷരതാക്ലാസ്സുകളും ആരംഭിച്ചു.

കേരളത്തിലെ സാക്ഷരതാപ്രവർത്തനം അസംഘടിതം, സംഘടിതം ഔദ്യോഗികം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലൂടെയാണ് കടന്നു വരുന്നത്. കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ നടത്തിയ പ്രവർത്തനങ്ങളായിരുന്നില്ല അസംഘടിത സാക്ഷരതാപ്രവർത്തന കാലഘട്ടത്തിലേത്. ഇക്കാലത്ത് ശാസ്ത്രീയമായ പാഠാവലികളോ നവസാക്ഷര പുസ്തകങ്ങളോ ഉണ്ടായിരുന്നില്ല. മിഷനറിമാരുടെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും സാക്ഷരതാപ്രവർത്തനം ഈ അസംഘടിത സാക്ഷരതാ പ്രവർത്തനകാലഘട്ടത്തിലാണ് ഉൾപ്പെടുന്നത്. സാക്ഷരതാപ്രവർത്തനത്തിന്റെയും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെയും ആദ്യരൂപങ്ങൾ പ്രത്യക്ഷപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്.

കേരള ഗ്രന്ഥശാലാസംഘവും കേരള ശാസ്ത്രസാഹിത്യ പരിഷത്തും കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്)യും അടക്കമുള്ള സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ സാക്ഷരതാ പ്രവർത്തനത്തെ സംഘടിത സാക്ഷരതാപ്രവർത്തനമെന്ന് പറയാം. ഇക്കാലഘട്ടത്തിൽ സാക്ഷരതാപാഠാവലികളും നവസാക്ഷരപുസ്തകങ്ങളും ഉദയം ചെയ്തു.

സർക്കാർ നിയന്ത്രണത്തിൽ വയോജന വിദ്യാഭ്യാസ വകുപ്പ്, കേരള സാക്ഷരതാസമിതി, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തെ ഔദ്യോഗിക സാക്ഷരതാപ്രവർത്തനമെന്ന് പറയാം. സാക്ഷരതാസാഹിത്യത്തിന് ബലമുള്ള അടിത്തറ സൃഷ്ടിച്ച് വികാസം പ്രാപിക്കുന്നത് ഇക്കാലയളവിലാണ്.

നിരക്ഷരനായ വ്യക്തിയെയോ സമൂഹത്തെയോ അനൗപചാരികപ്രവർത്തനങ്ങളിലൂടെ സാക്ഷരനാക്കുന്നതിനും സാക്ഷരത കൈവരിച്ച നവസാക്ഷരനെയോ നവസാക്ഷര സമൂഹത്തെയോ തുടർവിദ്യാഭ്യാസത്തിലൂടെ ഭാഷയുടെയും വിജ്ഞാനത്തിന്റെയും പ്രയോക്താവാക്കി മാറ്റുന്നതിനുവേണ്ടി നിശ്ചിതലക്ഷ്യത്തോടെരചിക്കപ്പെട്ടസാഹിത്യസൃഷ്ടികളെ സാക്ഷരതാ സാഹിത്യം എന്നു പറയാം.

മലയാളത്തിലെ സാക്ഷരതാസാഹിത്യം ഭാഷയിലും സാഹിത്യത്തിലും പുതിയ വഴിത്താര വെട്ടിത്തുറന്നു. ലളിത മലയാളപദങ്ങളുടെ സന്നിവേശത്തിലൂടെ പുതിയ രചനാസമ്പ്രദായം സൃഷ്ടിക്കപ്പെട്ടു. ചെറിയ ചെറിയ വാക്യങ്ങളിലും ഖണ്ഡികകളിലുമായി പുറത്തുവന്ന ആശയങ്ങൾ മനുഷ്യമനസ്സുകളെ നേരിട്ട് സ്വാധീനിക്കുവാൻ കഴിയുന്നതായിരുന്നു. ഒറ്റവായനയിൽ തന്നെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള രചനാസമ്പ്രദായം മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പ്രത്യേകതയാണ്. നിഘണ്ടുവിന്റെയോ വ്യാകരണഗ്രന്ഥത്തിന്റെയോ സഹായമില്ലാതെ കാര്യങ്ങൾ

ഉൾക്കൊള്ളാൻ കഴിയുന്നു. സാങ്കേതികപദങ്ങളും ഇതര ഭാഷാപദങ്ങളും കഴിവതും ഒഴിവാക്കിയിരിക്കുന്നു. നാടൻപദങ്ങളും സംഭാഷണശൈലിയുമാണ് സാക്ഷരതാസാഹിത്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ആശയങ്ങൾ വളച്ചു കെട്ടില്ലാതെ അവതരിപ്പിക്കുന്നു. അറിയാവുന്നതിൽ നിന്ന് അറിയാൻ പാടില്ലാത്തതിലേയ്ക്ക് എന്ന തത്ത്വത്തിൽ അധിഷ്ഠിതമായി പുതിയപദങ്ങളെ ക്രമമായി പരിചയപ്പെടുത്തുന്നു. ആകർഷകമായ ചെറിയ അദ്ധ്യായങ്ങളായി വേർതിരിച്ച് അനുയോജ്യമായ ചിത്രങ്ങളും ശീർഷകങ്ങളും ഉപശീർഷകങ്ങളും നൽകിയിരിക്കുന്നു.

ഭാഷാപദങ്ങളുടെ പ്രയോഗം മെച്ചപ്പെടുത്തുന്നതിനും ജീവിതഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസം ലഭിക്കുന്നതിനും ശരിയായ ദിശാബോധം നൽകുന്നതിനും കഴിയുന്ന തരത്തിലാണ് സാക്ഷരതാസാഹിത്യം നിലകൊള്ളുന്നത്. വിഷയത്തിന് യോജിച്ച അവതരണശൈലിയാണ് സാക്ഷരതാസാഹിത്യത്തിനുള്ളത്. സംഭാഷണം, ചർച്ച, കഥ, കവിത, നാടകം, പാട്ട്, യാത്രാവിവരണം, ചിത്രീകരണം, കത്ത്, നിരീക്ഷണങ്ങൾ, അനുഭവ വിവരണം തുടങ്ങി വായനക്കാർക്ക് താത്പര്യം ജനിപ്പിക്കുന്ന അവതരണശൈലി കൈക്കൊണ്ടിരിക്കുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യം ലക്ഷ്യാധിഷ്ഠിതമാണ്. ലക്ഷ്യം സാധൂകരിക്കാൻ ഇണങ്ങുന്ന രചനാസമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നത്. സാക്ഷരതാപാഠാവലിയിൽ സ്വീകരിച്ചിരിക്കുന്ന രീതിയല്ല നവസാക്ഷര സാഹിത്യത്തിൽ കാണുന്നത്. നവസാക്ഷരസാഹിത്യത്തിൽ നിന്നും തീർത്തും ഭിന്നമായ ഭാഷാശൈലി, അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ്, വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവ തുടർവിദ്യാഭ്യാസ രചനകളിൽ കണ്ടെത്താൻ കഴിയുന്നു.

സാക്ഷരതാസാഹിത്യത്തിൽ സാഹിത്യകാരന് സ്വാതന്ത്ര്യം കുറവാണ്. സാഹിത്യകാരന്റെ മനസ്സിൽ ഉയിർക്കൊള്ളുന്ന ആശയങ്ങളെ ഭാവനയിൽ ചാലിച്ച് ആകർഷകമായ ശൈലിയിൽ അവതരിപ്പിക്കാൻ സാക്ഷരതാസാഹിത്യത്തിൽ കഴിയില്ല. നിശ്ചിതലക്ഷ്യത്തോടെ നിയതമായ രൂപത്തിൽ പ്രത്യേകം തയാറാക്കിയെടുക്കേണ്ട സാഹിത്യമാണ് സാക്ഷരതാസാഹിത്യം. സാക്ഷരതാ സാഹിത്യത്തിൽ ഉൾപ്പെടുന്ന സാക്ഷരതാപാഠാവലികൾക്കും നവസാക്ഷര രചനകൾക്കും തുടർവിദ്യാഭ്യാസരചനകൾക്കും പ്രത്യേകം പ്രത്യേകം ലക്ഷ്യങ്ങളാണുള്ളത്. ഇതിനു യോജിച്ച രചനകളാണ് ഓരോന്നിലും ആവശ്യം.

സാക്ഷരതാപാഠാവലിയിൽ അക്ഷരം അനായാസം പഠിക്കാൻ കഴിയുന്ന രചനാസമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നത്. അക്ഷരം ഓർമ്മയിൽ നിൽക്കാൻ കഴിയുന്ന തരത്തിലുള്ള പഴഞ്ചൊല്ലുകളും പാട്ടുകളും മറ്റും ഇതിനായി ഉപയോഗിച്ചിരിക്കുന്നു. സാക്ഷരതാ ക്ലാസ്സുകളിലേയ്ക്ക് പഠിതാക്കളെ ആകർഷിക്കുവാൻ വേണ്ടി നടത്തിയ കലാജാഥകളിൽ ഉപയോഗിച്ച സാഹിത്യം മറ്റൊന്നാണ്. നാടൻപാട്ടുകളും കഥകളും കവിതകളും പരസ്പരം കോർത്തിണക്കി താളാത്മകമായും ജീവിതഗന്ധിയായും സാക്ഷരതയുടെ സന്ദേശം സാധാരണ ജനങ്ങളിൽ എത്തിക്കുവാൻ കഴിയുന്നതായിരുന്നു കലാജാഥയിലൂടെ അവതരിപ്പിച്ച സാഹിത്യം.

നവസാക്ഷര സാഹിത്യത്തിന്റെ ശക്തമായ കടന്നുവരവ് ഭാഷയിൽ ഉണ്ടാകുന്നത് 1990 ന് ശേഷമാണ്. സമ്പൂർണ്ണസാക്ഷരത കൈവരിച്ച കേരളീയർക്ക് തുടർവായനയ്ക്ക് ഉതകുന്ന സാഹിത്യസൃഷ്ടി ആവശ്യമായി വന്നു. സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ രൂപികരിച്ച കേരള സംസ്ഥാന സാക്ഷരതാസമിതി തന്നെ തുടർസാക്ഷരതാ പരിപാടികൾക്കും തുടർവായനയ്ക്കുമായി സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഇത് നവസാക്ഷരസാഹിത്യത്തിന്റെ വൈവിദ്ധ്യത്തിനും വർദ്ധനവിനും കാരണമായി.

തുടർസാക്ഷരത കൈവരിച്ച ജനതയ്ക്ക് തുടർവിദ്യാഭ്യാസം നൽകേണ്ട ഉത്തരവാദിത്ത്വം കേരള സംസ്ഥാന ഗവൺമെന്റ് രൂപവത്കരിച്ച കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് കൈവന്നു. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ 1998 ൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടികൾക്കായി തുടർവിദ്യാഭ്യാസ രചനകൾ പുറത്തു വന്നു. തുടർവിദ്യാഭ്യാസ പരിപാടി സാക്ഷരതാപരിപാടി പോലെ ഏകമാനസ്വഭാവത്തിലുള്ളതല്ല. അനവധി മാനങ്ങളോടും നിരവധി ലക്ഷ്യങ്ങളോടും കൂടി കേരളത്തിൽ നടപ്പിലാക്കിയ തുടർവിദ്യാഭ്യാസ പദ്ധതി ക്കായി വൈവിധ്യമാർന്ന സാഹിത്യസൃഷ്ടികൾ പുറത്തുവന്നു. വികസന സാക്ഷരത, തൊഴിൽസാക്ഷരത, ആരോഗ്യസാക്ഷരത, കൃഷിസാക്ഷരത, പാർപ്പിടസാക്ഷരത, പാരമ്പര്യസാക്ഷരത, നിയമസാക്ഷരത, സാംസ്കാരിക സാക്ഷരത, കായികസാക്ഷരത തുടങ്ങിയ തുർവിദ്യാഭ്യാസ പരിപാടികൾക്കായി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി പുറത്തുവന്ന ഇത്തരം സാഹിത്യസൃഷ്ടികൾ 1998-നും 2001-നും ഇടയിൽ കേരളത്തിന്റെ സാമൂഹിക സാംസ്കാരികാന്തരീക്ഷത്തിൽ പുതിയ ചലനങ്ങൾ സൃഷ്ടിച്ചു.

മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിൽ തനതായ ഭാഷാ ശൈലിയും അവതരണ സമ്പ്രദായവുമുണ്ട്. സാക്ഷരതാസാഹിത്യത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലി നിത്യപരിചിതമായ സാധാരണ മലയാളിക ളുടെ ഭാഷാശൈലിയാണ്. പരിചിതപദങ്ങളിലൂടെയും പ്രയോഗങ്ങളിലൂടെയും അക്ഷരവും അക്കവും പരിചയപ്പെടുത്തി കൊടുക്കുന്നതിനും പുതിയ അവബോധം സൃഷ്ടിക്കുന്നതിനും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കഴിഞ്ഞു. നാടൻപാട്ടുകളും, പഴഞ്ചൊല്ലുകളും ഉപമകളും എല്ലാം കൂട്ടിയിണ ക്കുന്ന സമീപനമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യ രചനയിൽ സ്വീകരിച്ചിരിക്കുന്നത്.

ജനകീയമായ ഭാഷാശൈലിയാണ് മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിന്റെ മുഖമുദ്ര. കഠിന പദപ്രയോഗങ്ങളിലൂടെ വായനക്കാരനെ ബുദ്ധിമുട്ടിക്കുന്നതിനോ, നീണ്ട വാക്യഘടനയിലൂടെ അനുവാചകനിൽ മുഷിപ്പു സൃഷ്ടിക്കുന്നതിനോ മലയാളത്തിലെ സാക്ഷരതാസാഹിത്യം ശ്രമിക്കുന്നില്ല. സാധാരണ ജനങ്ങളുടെ നിത്യജിവിതത്തിൽ പരിചിതങ്ങളായ ലളിതപദങ്ങളെ താളബോധത്തോടെയും കാവ്യാത്മകമായും സരസമായും അവതരിപ്പിക്കാൻ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.

എന്തുപറയുന്നു എന്നതു പോലെതന്നെ പ്രധാനമാണ് എങ്ങനെ പറയുന്നു എന്നത്. ഇത് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പ്രത്യേകതയാണ്. സാഹിത്യകാരന് അനുവാചകനിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങളോടെ രൂപപ്പെടുത്തിയെടുത്തവയാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യം. അതുകൊണ്ട് തന്നെ ലക്ഷ്യം നേടാൻ പര്യാപ്തമായ രചനകൾക്കുമാത്രമേ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ സ്ഥാനമുള്ളു.

നിരക്ഷരതാനിർമ്മാർജ്ജനത്തിനും വായനാശീലം വളർത്തുന്നതിനും നവസാക്ഷരനിൽ അറിവും കഴിവും വളർത്തി ഭാഷാപരമായും വിദ്യാഭ്യാസ പരമായും ഉന്നമനത്തിന് ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിനു കഴിഞ്ഞിട്ടുണ്ട്. മലയാളത്തിലെ സാക്ഷരതാസാഹിത്യം ശക്തമായി മുന്നേറാൻ കഴിഞ്ഞതുകൊണ്ടാണ് കേരളത്തിൽ സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി വിജയത്തിലെത്തിയത്.

മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിന് ക്രമാനുഗതമായ വളർച്ച യാണ് സംഭവിച്ചത്. നിരക്ഷരനെ അക്ഷരം പഠിപ്പിക്കുന്നതിനും സാക്ഷരതാ ക്ലസ്സുകളിലേയ്ക്ക് ആളുകളെ ആകർഷിക്കുന്നതിനുമായി രൂപം കൊണ്ട മലയാളത്തിലെ സാക്ഷരതാസാഹിത്യം നവസാക്ഷരനിൽ വായനാശീലം വളർത്തുന്നതിനും തുടർവായനയ്ക്ക് ഉതകുന്ന സാഹിത്യം

രൂപപ്പെടുത്തിയെടുക്കുന്നതിലും വിജയിച്ചു. തുടർവായനയിൽ നിന്നും തുടർവിദ്യഭ്യാസത്തിലേക്ക് നടന്നടുക്കാൻ കഴിയുന്ന രചനാസമ്പ്രദായം ആവിഷ്ക്കരിക്കാൻ മലയാളത്തിലെ സാക്ഷരതാസാഹിത്യകാരൻമാർക്ക് കഴിഞ്ഞു.ഇത് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ വളർച്ചയെ ചൂണ്ടിക്കാണിക്കുന്നു.

ഭാഷാശൈലി, അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ് വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തെ പൂർവ്വാർദ്ധമെന്നും ഉത്തരാർദ്ധ മെന്നും രണ്ടായി തരംതിരിക്കാം. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പൂർവ്വാർദ്ധരചനകളാണ് നിരക്ഷരനെ നവസാക്ഷരനാക്കാൻ ഉപയോഗിച്ച രചനകളും നവസാക്ഷരനെ തുടർവായനയിലേയ്ക്ക് പ്രേരിപ്പിച്ച രചനകളും. ഔദ്യോഗിക തലത്തിൽ കേരളത്തിൽ തുടർവിദ്യഭ്യാസം തുടങ്ങുന്ന 1998 വരെയുള്ള രചനകൾ പൂർവ്വാർദ്ധരചനകളിൽ ഉൾപ്പെടുത്താം. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന തുടർവിദ്യഭ്യാസ രചനകളെ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉത്തരാർദ്ധരചനകളെന്ന് വിളിക്കാം.

ഭാഷാപരമായ ഉയർത്തെഴുന്നേൽപ്പ് ജനപ്രിയസാഹിത്യത്തിന് അനുകൂലമായ അന്തരീക്ഷം കേരളത്തിൽ പ്രദാനം ചെയ്യുന്നതിന് ഇടനൽകി. നവസാക്ഷരരും സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവരും പ്രാഥമിക വിദ്യഭ്യാസം മാത്രം കൈമുതലായവരുമായ ഒരു വലിയ വിഭാഗം മലയാളി കളാണ് ജനപ്രിയസാഹിത്യത്തിന്റെ അനാവാചകരായിമാറിയത്. സാഹിത്യ രംഗത്തും വായനാരംഗത്തും പുതിയ തരംഗങ്ങൾ സൃഷ്ടിക്കാൻ സാക്ഷരതാപ്രവർത്തനത്തിനും ജനപ്രിയസാഹിത്യത്തിനും കഴിഞ്ഞു. ലക്ഷ്യത്തിൽ വിഭിന്നമെങ്കിലും ഭാഷാപരമായി യോജിച്ചു പോകുന്നവയാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യവും മലയാളത്തിലെ ജനപ്രിയ സാഹിത്യവും.

ഭാഷാപരമായ സമാനതകൾ കൊണ്ടാണ് നവസാക്ഷരസമൂഹം ജനപ്രിയസാഹിത്യത്തിന്റെ അനുവാചകരായത്. സാധാരണ മലയാളികളിൽ വായനാശീലം വളർത്തുന്നതിനും നിലനിർത്തുന്നതിനും ജനപ്രിയ സാഹിത്യത്തിന്റെ ഇടപെടൽ സഹായകരമായി. ഇത് സാധാരണ മലയാളികളിൽ മാനസികോല്ലാസത്തിന് സാഹിത്യത്തെ കൂട്ടുപിടിക്കാനുള്ള പ്രവണത സംജാതമാക്കി. കല പോലെതന്നെ സാഹിത്യവും അതിലൂടെ വായനയും ജനപ്രിയമാക്കിമാറ്റാൻ  സാക്ഷരതാപ്രവർത്തനത്തിനും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിനും മലയാളത്തിലെ ജനപ്രിയസാഹിത്യത്തിനും കഴിഞ്ഞു.

സാക്ഷരതാ നേടിയവർക്ക് തുടർ വായനയ്ക്കുള്ള പുസ്തകം കൈയെത്തുന്ന ദൂരത്തിൽ ലഭ്യമാക്കാൻ കഴിയാതിരുന്നതിനാലാണ് ജനപ്രിയസാഹിത്യത്തിന്റെ അനുവാചകരായി നവസാക്ഷരർ മാറിയത്. നവസാക്ഷരന്റെ ഭാഷാശേഷിക്കും മാനസികനിലവാരത്തിനും യോജിച്ച സാഹിത്യം മംഗളം, മനോരമ തുടങ്ങിയ വാരികകളിലൂടെ പുറത്തുവന്നു. തത്ഫലമായി നവസാക്ഷരർ ജനപ്രിയസാഹിത്യത്തിന്റെ വായനക്കാരായി മാറി.

നവസാക്ഷരസമൂഹത്തിൽ ഭാഷാപരിപോഷണം നടത്തേണ്ടത് സാക്ഷരതാസാഹിത്യമാണെങ്കിൽ മലയാളത്തിൽ പ്രധാന പങ്ക് വഹിച്ചത് ജനപ്രിയസാഹിത്യമാണ്. സാക്ഷരതാസാഹിത്യത്തിന്റെ ദൗത്യം നിർവ്വഹിക്കാൻ പര്യാപ്തമായ തരത്തിലും തലത്തിലും ഉയരാൻ മലയാളത്തിലെ ജനപ്രിയ സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്. 1991 വരെ വിവിധ പരിപാടികളിലൂടെ നവസാക്ഷരത്വം ലഭിച്ച ലക്ഷക്കണക്കിന് മലയാളികൾ നിരക്ഷരതയിലേക്ക് വീണ്ടും മടങ്ങിപ്പോകാതിരുന്നത് ജനപ്രിയസാഹിത്യത്തിന്റെ സ്വാധീനം കൊണ്ടാണ്. ലക്ഷക്കണക്കിനു നവസാക്ഷരരായ മലയാളികൾക്ക് അനുയോജ്യമായ തുടർസാക്ഷരതാ പ്രവർത്തനം നടത്താതിരുന്ന കാലയളവിൽ ഇവർക്ക് ആശ്രയമായിത്തീർന്നത് ജനപ്രിയ സാഹിത്യമായിരുന്നു.

*മലയാളത്തിലെ സാക്ഷരതാസാഹിത്യം ഒരു പഠനം* എന്ന ഈ ഗവേഷണ പ്രബന്ധത്തിന്റെ നിഗമനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. നിരക്ഷരനായ വ്യക്തിയെയോ സമൂഹത്തെയോ അനൗപചാരിക പ്രവർത്തനങ്ങളിലൂടെ സാക്ഷരനാക്കുന്നതിനും സാക്ഷരതായാർജ്ജിച്ച നവസാക്ഷരനെയോ നവസാക്ഷരസമൂഹത്തെയോ തുടർവിദ്യാഭ്യാസത്തിലൂടെ ഭാഷയുടെയും വിജ്ഞാനത്തിന്റെയും പ്രയോക്താവാക്കി മാറ്റുന്നതിനുവേണ്ടി നിശ്ചിത ലക്ഷ്യത്തോടെരചിക്കപ്പെട്ട സാഹിത്യസൃഷ്ടികളെ സാക്ഷരതാസാഹിത്യമെന്നു നിർവ്വചിക്കാം.

2. മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആരംഭിച്ച് ഗ്രന്ഥശാലാസംഘത്തിലെത്തുന്നതുവരെ നടത്തിയ സാക്ഷരതാപ്രവർത്തനങ്ങളെ അസംഘടിത സാക്ഷരതാ പ്രവർത്തനങ്ങളെന്നും ഗ്രന്ഥശാലാസംഘം, കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്), കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകൾ നടത്തിയ സാക്ഷരതാപ്രവർത്തനങ്ങളെ സംഘടിത സാക്ഷരതാ പ്രവർത്തനങ്ങളെന്നും സർക്കാർ നിയന്ത്രണത്തിൽ നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങളെ ഔദ്യോഗിക സാക്ഷരതാ പ്രവർത്തനങ്ങളെന്നും കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങളെ മൂന്നായി തരംതിരിക്കാം.

3. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉദയവികാസ ചരിത്രം നിലകൊള്ളുന്നത് അസംഘടിതം, സംഘടിതം, ഔദ്യോഗികം എന്നീ മൂന്ന് തലങ്ങളിൽ നടന്ന സാക്ഷരതാപ്രവർത്തനങ്ങളിലൂടെയാണ്. ഇതിന്റെ ഫലമായി ശക്തവും വ്യക്തവുമായ ഒരു സാക്ഷരതാസാഹിത്യം മലയാളത്തിൽ ഉദയം ചെയ്തു.

4. മലയാളത്തിലെ സാക്ഷരതാസാഹിത്യം പാഠാവലികളും കഥകളും നോവലുകളും നാടകങ്ങളും ചിത്രീകരണങ്ങളും പാട്ടുകളും സാരോപദേശ കഥകളും വിജ്ഞാന,നിയമ പരിശീലന പുസ്തകങ്ങളും എല്ലാം അടങ്ങിയതാണ്.

5. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് അനുവാചകരും ഗുണഭോക്താക്കളുമായി ഒരു വലിയവിഭാഗം ജനങ്ങളുണ്ട്. വിവിധ കാരണങ്ങളാൽ പഠിക്കാൻ കഴിയാതിരുന്നവരും നവസാക്ഷരരും സ്കൂളിൽ നിന്ന് കൊഴിഞ്ഞു പോയവരും പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവരുമായ ജനവിഭാഗത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ട സാഹിത്യമാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യം.

6. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തെ ഭാഷാരീതി,അവതരണ സമ്പ്രദായം, പദങ്ങളുടെ തെരഞ്ഞെടുപ്പ്, വിഷയങ്ങളുടെ വ്യത്യസ്തത, ലക്ഷ്യം എന്നിവയെ അടിസ്ഥാനമാക്കി പൂർവ്വാർദ്ധമെന്നും ഉത്തരാർദ്ധമെന്നും രണ്ടായിതിരിക്കാം. 1998 വരെയുള്ള രചനകളെ പൂർവ്വാർദ്ധ രചനകളായും ശേഷമുള്ള തുടർവിദ്യാഭ്യാസ രചനകളെ ഉത്തരാർദ്ധ രചനകളായും വേർതിരിക്കാം.

7. വിജ്ഞാനത്തോടൊപ്പം പ്രവൃത്തിമണ്ഡലത്തിൽ അറിവും കഴിവും വികസിപ്പിക്കാൻ പര്യാപ്തമായ സാഹിത്യസൃഷ്ടികൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ ഉദയം ചെയ്തു. ഇതിന്റെ ഫലമായി കേവല സാക്ഷരതയ്ക്കപ്പുറമുള്ള വികസനസാക്ഷരത, തൊഴിൽസാക്ഷരത, ആരോഗ്യ സാക്ഷരത, കൃഷിസാക്ഷരത, പാർപ്പിടസാക്ഷരത, പാരമ്പര്യസാക്ഷരത, നിയമ സാക്ഷരത, സാംസ്കാരികസാക്ഷരത, കായികസാക്ഷരത എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലേക്ക് മലയാളത്തിലെ സാക്ഷരതാസാഹിത്യം വളർച്ച പ്രാപിച്ചു.

8. മലയാളത്തിലെ സാക്ഷരതാസാഹിത്യവും മലയാളത്തിലെ ജനപ്രിയസാഹിത്യവും പദങ്ങളുടെ തെരഞ്ഞെടുപ്പിലും അവതരണ ശൈലിയിലും സമാനതകൾ പുലർത്തുന്നു. എന്നാൽ ആശയതലത്തിലും ഭാവതലത്തിലും ലക്ഷ്യത്തിലും വ്യത്യസ്ത സമീപനങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ലക്ഷ്യവും മാർഗ്ഗവും രണ്ടായിരുന്നെങ്കിലും മലയാളികളിൽ അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ജനപ്രിയസാഹിത്യം കാരണമായി.

9. മലയാളത്തിലെ ജനപ്രിയസാഹിത്യം നവസാക്ഷരസമൂഹത്തിൽ തുടർവായനയ്ക്കുള്ള സാഹിത്യമെന്ന നിലയിൽ കടന്നുകയറാനും ആ ദൗത്യം നിർവ്വഹിക്കാനും കഴിഞ്ഞതു കൊണ്ടാണ് നവസാക്ഷരത്വം ലഭിച്ച ലക്ഷക്കണക്കിന് മലയാളികൾ നിരക്ഷരതയിലേക്ക് മടങ്ങിപ്പോകാതിരുന്നത്.

10. മലയാളത്തിലെ മറ്റേതൊരു സാഹിത്യത്തെപ്പോലെയും മലയാളത്തിലെ സാക്ഷരതാസാഹിത്യം ശക്തവും ഓജസ്സുറ്റതും തെളിമയാർന്നതുമായ ഒരു സാഹിത്യമാണ്.

## അദ്ധ്യായം ഒന്ന്

## സാക്ഷരതാപ്രവർത്തനങ്ങളുടെ ചരിത്രവും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ആവിർഭാവവും

1:1 *സാക്ഷരതാ വയോജനവിദ്യാഭ്യാസം ആഗോളതലത്തിൽ* : രാജ്യത്തിന്റെ വികസനത്തിന് പ്രധാന ഘടകമായി നിലകൊള്ളുന്നത് ആ രാജ്യത്തിന്റെ വിദ്യാഭ്യാസ നിലവാരമാണ്. വികസിതരാജ്യങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം അനൗപചാരിക വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകിവരുന്നു. നിരക്ഷരർക്കും നവസാക്ഷരർക്കും തൊഴിലാളികൾക്കും എല്ലാം അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ രാജ്യത്തിന്റെ വികസനപ്രക്രിയയിൽ പങ്കാളികളാകാൻ കഴിയും. ബ്രിട്ടൻ, അമേരിക്ക, റഷ്യ, ക്യാനഡ, ക്യൂബ, ചൈന, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങളിലെല്ലാം അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ വലിയ മുന്നേറ്റങ്ങൾ നടത്തി. ഭാരതത്തിനും ഈ രംഗത്ത് ക്രിയാത്മകമായചലനങ്ങൾ ഒരളവിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. "പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ലോകത്തിന്റെ പലഭാഗങ്ങളിലും നിശാപാഠശാലകളിലൂടെ വയോജനവിദ്യാഭ്യാസ പരിപാടികൾ തുടങ്ങിക്കഴിഞ്ഞിരുന്നു. പ്രായപൂർത്തിയായവർക്ക് വിദ്യാഭ്യാസത്തിനായി നിശാപാഠശാലകൾ യൂറോപ്പിൽ ഇക്കാലത്ത് ആരംഭിച്ചിരുന്നു."[1]

ഓരോ രാജ്യങ്ങളുടെയും സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കാരണമായി. തൊഴിലാളികൾക്കായി ആരംഭിച്ച തൊഴിലാളിവിദ്യാഭ്യാസ സ്ഥാപനങ്ങൾ വയോജനവിദ്യാഭ്യാസത്തിന്റെ ആവശ്യകത വിളിച്ചറിയിക്കുന്നവയായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പോലും വയോജനവിദ്യാഭ്യാസം( അഡൾട്ട് എഡ്യുക്കേഷൻ) എന്നവാക്ക് പ്രയോഗത്തിൽ ഇല്ലായിരുന്നു. "ഇംഗ്ലണ്ടിൽ 1816ൽ വയോജനസ്കൂളുകൾ (അഡൾട്ട് സ്കൂൾ) ആരംഭിച്ചുവെങ്കിലും വയോജനവിദ്യാഭ്യാസം ( അഡൾട്ട് എഡ്യുക്കേഷൻ) എന്ന പദം ഇംഗ്ലീഷ് ഭാഷയിൽ അംഗീകാരം നേടുന്നത് 1851 ലാണ്."[2]

സാങ്കേതികാർത്ഥത്തിൽ വയോജനവിദ്യാഭ്യാസം എന്ന പദം ഇംഗ്ലീഷ് ഭാഷയിൽ പ്രചരിക്കുന്നതിന് മുമ്പുതന്നെ നിശാപാഠശാലകളിലൂടെയും മറ്റും ലോകത്തിന്റെ പലഭാഗങ്ങളിലും അനൗപചാരിക വയോജനവിദ്യാഭ്യാസ പരിപാടികൾ ആരംഭിച്ചിരുന്നു. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കൻ ഐക്യ നാടുകളിലും ലോകത്തിന്റെ പലഭാഗങ്ങളിലും ക്രിസ്ത്യൻ മിഷനറിമാർ പത്തൊൻപതാം നൂറ്റാണ്ടിൽ വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്നു. ഔപചാരിക വിദ്യാഭ്യാസത്തിലെന്നതുപോലെ അനൗപചാരികവിദ്യാഭ്യാസ രംഗത്തും ക്രിസ്ത്യൻമിഷനറിമാർ പ്രവർത്തിച്ചിരുന്നു. "പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്പിലും അമേരിക്കയിലും ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യൻമിഷനറിമാർ വയോജനവിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളും ആരംഭിച്ചു.[3]"

യൂറോപ്പിൽ നിന്നും ഇതര രാജ്യങ്ങളിലേക്ക് കാർഷിക വ്യവസായിക ആവശ്യങ്ങൾക്കായി കുടിയേറിയവർക്ക് ആ രാജ്യത്തിലെ ഭാഷ പഠിക്കുവാൻ നിശാപാഠശാലകൾ ആരംഭിക്കുകയുണ്ടായി. ഇന്ത്യയിൽ വ്യാപാരാവശ്യത്തിനായി വന്ന യൂറോപ്യൻമാരുടെ പ്രവർത്തനങ്ങളും ഇതിൽ നിന്നും ഭിന്നമായിരുന്നില്ല. "ഇംഗ്ലണ്ടിൽ നിന്ന് അമേരിക്കയിലെത്തിയ കുടിയേറ്റക്കാർ ആദ്യ നാളുകളിൽ നിശാപാഠശാലകളും സാക്ഷരതാക്ലാസ്സുകളും ആരംഭിച്ചിരുന്നു. ഡെന്മാർക്ക്, റഷ്യ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെല്ലാം വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരുന്നു.[4]"

ഇന്ത്യയിൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രദേശങ്ങളിൽ പത്തൊൻപതാം നൂറ്റാണ്ടിൽ നിശാപാഠശാലകൾ ആരംഭിച്ചിരുന്നു. ഇത് പല സാമൂഹിക മാറ്റങ്ങൾക്കും വീക്ഷണവ്യതിയാനങ്ങൾക്കും ഇടനൽകി. ആഗോളതലത്തിൽ പത്തൊൻപതാം നൂറ്റാണ്ട് അനൗപചാരികവിദ്യാഭ്യാസരംഗത്ത് ഒരുമാറ്റത്തിന്റെ കാലഘട്ടമായിരുന്നു.

1:2 *ഇന്ത്യയിലെ സാക്ഷരതാപ്രവർത്തനങ്ങൾ* : പത്തൊൻപതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഭരണനിയന്ത്രണത്തിലായിരുന്ന ഇന്ത്യയിലും ലോകത്ത് സംഭവിച്ചു കൊണ്ടിരുന്ന മാറ്റങ്ങൾ സ്വാഭാവികമായും പ്രതിധ്വനിച്ചു. ഇന്ത്യിലെ നിശാപാഠ ശാലകളിലെ സ്ഥിതിയും ആഗോളതലത്തിൽ സംഭവിച്ച മാറ്റങ്ങളുടെ ചുവടു പിടിച്ചായിരുന്നു. "പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽതന്നെ ജനകീയ വിദ്യാഭ്യാസം ആരംഭിച്ചു. ഇക്കാലഘട്ടത്തിൽ തന്നെ വയോജന വിദ്യാഭ്യാസത്തിനും സ്കൂൾ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു." [5]

ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ എത്തുമ്പോൾ വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വൻ പുരോഗതി ഉണ്ടായി. "ബോംബെ, ബർമ്മ, സെൻട്രൽ പഞ്ചാബ് പ്രൊവിൻസുകളിലായി 3450 രജിസ്ട്രേഡ് നിശാപാഠശാലകളും 1,17,000 പഠിതാക്കളും 1920 കളിൽ ഉണ്ടായിരുന്നു. ബംഗാൾ, ബീഹാർ, മദ്രാസ് എന്നിവിടങ്ങളിലായി 7768 നിശാപാഠശാലകളും 1,87,000 പഠിതാക്കളും ഉണ്ടായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്." [6] പഠിതാക്കൾക്കാവശ്യമായ സാഹിത്യരൂപങ്ങളും സൃഷ്ടിക്കപ്പെട്ടു.

നിശാപാഠശാലകൾ, ബോധവൽക്കരണ പരിപാടികൾ, ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ, സാമൂഹിക വികസന പ്രവർത്തനങ്ങൾ എന്നിവയായിരുന്നു വയോജനവിദ്യാഭ്യാസ രംഗത്ത് ഈ കാലയളവിൽ സ്വീകരിച്ചിരുന്ന മാർഗ്ഗങ്ങൾ. "ഇന്ത്യയിൽ വിവധ ഭാഷകളിലായി സാക്ഷരതാ സാക്ഷരതാനന്തര പ്രവർത്തനങ്ങൾക്കായി പുസ്തകങ്ങളും മാസികകളും ക്രിസ്ത്യൻമിഷനറിമാർ പ്രസിദ്ധീകരിച്ചിരുന്നു." [7] ദേശീയബോധം ഇന്ത്യയിൽ എമ്പാടും ആഞ്ഞടിച്ചിരുന്ന പിൽക്കാലത്ത് ധാരാളം ഗ്രാമീണ ലൈബ്രറികൾ രൂപംകൊണ്ടു. "വിവിധ സംസ്ഥാനങ്ങളിൽ ആരംഭിച്ച ഗ്രാമീണ ലൈബ്രറി കളോടനുബന്ധിച്ചു തന്നെ ഗ്രാമീണ സ്കൂളുകളും തുടങ്ങി." [8]

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ദേശീയ രാഷ്ട്രീയ കക്ഷികൾ നിരക്ഷരതാനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നേരിട്ടുപങ്കാളികളായി. 1948-49കളിൽ സാമൂഹിക വിദ്യാഭ്യാസ പരിപാടി ഇന്ത്യയിൽ തുടക്കം കുറിച്ചു. ആദ്യത്തെ രണ്ട് പഞ്ചവത്സര പദ്ധതികളിൽ സാമൂഹിക വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമായ സാക്ഷരതാപ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ പ്രത്യേക പരിഗണന നൽകിയിരുന്നു. മൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ സാമൂഹിക വിദ്യാഭ്യാസ പദ്ധതിയിലെ പോരായ്മകൾ കണ്ടെത്തുകയും പരിഹാരമെന്നോണം ബഹുജനസാക്ഷരതാ പരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ആരംഭിച്ച പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടി ഇന്ത്യയിൽ ഒട്ടേറെ ചലനങ്ങൾ സൃഷ്ടിച്ചു. "വികസനോന്മുഖവും പഠിതാവിന്റെ ജോലിയുമായി ബന്ധപ്പെട്ടതുമായ സംവിധാനമാണ് പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയിലൂടെ ആവിഷ്ക്കരിച്ചിരുന്നത്."[9] പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയുടെ ഭാഗമായി 1969ൽ ദേശീയവയോജനവിദ്യാഭ്യാസ കൗൺസിലും 1971ൽ വയോജനവിദ്യാഭ്യാസ ഡയറക്ടറേറ്റും രൂപീകൃതമായി.

ദേശീയവിദ്യാഭ്യാസ ഉപദേശകസമിതിയുടെ നിർദ്ദേശപ്രകാരം 1974 നവംബറിൽ അനൗപചാരികവിദ്യാഭ്യാസ പരിപാടിക്ക് തുടക്കം കുറിച്ചു. 1978 ഒക്ടോബർ രണ്ടിന് ദേശീയ വയോജനവിദ്യാഭ്യാസ പരിപാടി ആരംഭിച്ചു. അഞ്ച് വർഷം കൊണ്ട് പതിനഞ്ചിനും മുപ്പത്തിയഞ്ചിനും ഇടയിലുള്ള പത്തുകോടി നിരക്ഷരരെ സാക്ഷരരാക്കുവാനുള്ള പദ്ധതിയായിരുന്നു ഇത്, ഈ പരിപാടിയോടുകൂടി കർഷകപ്രവൃത്യുന്മുഖ സാക്ഷരതാപരിപാടി ഗ്രാമീണ പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയാക്കി മാറ്റി. പദ്ധതി നടത്തിപ്പിനാവശ്യമായ വിഭവശേഷി സമാഹരിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സ്റ്റേറ്റ് റിസോഴ്സ് സെന്ററുകൾ ആരംഭിച്ചു.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വയോജനവിദ്യാഭ്യാസ ആഫീസുകൾ രൂപീകൃതമായി. 1980 ൽ കേന്ദ്രഗവൺമെന്റിന്റെ ഇരുപതിന പരിപാടിയിൽ പതിനാറാമത് ഇനമായി സാക്ഷരതാപരിപാടിയെ ഉയർത്തി. 1986 ലെ ദേശീയവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ദേശീയസാക്ഷരതാ മിഷൻ രൂപീകൃതമായി. ആരോഗ്യരംഗത്തും സാമൂഹികരംഗത്തും ചലനാത്മകമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ വയോജനവിദ്യാഭ്യാസത്തിനു കഴിഞ്ഞു. കുടുംബങ്ങളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിന് സ്ത്രീകളെ പ്രാപ്തരാക്കാൻ വയോജനവിദ്യാഭ്യാസത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇത് ഇന്ത്യയിലെ സാമൂഹിക മാറ്റത്തിന് പ്രേരകശക്തിയായിത്തീർന്നു. സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായ ഐക്യം കെട്ടിപ്പടുക്കുന്നതിനും മതസൗഹാർദ്ദം ഊട്ടിഉറപ്പിക്കുന്നതിനും സംഘടിതവും ആസൂത്രിതവുമായ സാക്ഷരതാപ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. *സ്ത്രീധനം, ശൈശവവിവാഹം, മദ്യപാനം* തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെയുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. കലാജാഥകളിലൂടെയും നാടകങ്ങളുടെയും നാടൻപാട്ടുകളുടെയും ഉപയോഗത്തിലൂടെയും സാംസ്കാരിക നവോത്ഥാനത്തിനും ജനതയുടെ പാരമ്പര്യം പുനർജനിപ്പിക്കുന്നതിനും ഇടനൽകി.

സ്ത്രീ ശാക്തീകരണത്തിന് സഹായിച്ച പ്രധാന ഘടകങ്ങളിലൊന്ന് സാക്ഷരതാപ്രവർത്തനമായിരുന്നു. ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക സാമൂഹിക വളർച്ചയെന്നത് ആ രാജ്യത്തെ സ്ത്രീകളുടെ സാക്ഷരതാനിരക്കിനെ ആശ്രയിച്ചായിരിക്കും നിലകൊള്ളുന്നത്. "ഇന്ത്യയിലെ സംഘടിതസാക്ഷരതാ പ്രവർത്തനങ്ങളിൽ പങ്കാളികളായവരിൽ മൂന്നിൽ രണ്ടു വിഭാഗം സ്ത്രീകളായിരുന്നു."[10] താഴ്ന്ന സാക്ഷരതാനിരക്കുമൂലം സ്ത്രീകളുടെ ഇടയിൽ നിലനിന്നിരുന്ന സാമൂഹിക വിവേചനത്തിനും സ്തീ-പുരുഷ അസമത്വത്തിനും

മാറ്റം വരുത്താൻ സാക്ഷരതാപ്രവർത്തനം സഹായകമായി. സാമൂഹിക സാമ്പത്തിക വളർച്ച, ദേശീയ ഐക്യം, ജനാധിപത്യത്തിന്റെ സുസ്ഥിരത, രാജ്യസുരക്ഷ, പരിസ്ഥിതി സംരക്ഷണം, ജനങ്ങളുടെ ആരോഗ്യ-ശുചിത്വ പരിപാലനം തുടങ്ങിയ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരം സാക്ഷരതയെ ആശ്രയിച്ചു നിലകൊള്ളുന്നു.

1: 3 *കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾ* : കേരളത്തിലെ രാഷ്ട്രീയ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, മത വിദ്യാഭ്യാസ ഘടകങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും ഭിന്നമായിരുന്നു. വ്യാപാരത്തിനായി കേരളത്തിൽ എത്തിയ ഇംഗ്ലീഷുകാർ പിന്നീട് മതപ്രചരണത്തിന്റെ ഭാഗമായി അനൗപചാരികവിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. തിരുവിതാംകൂർ, ബ്രട്ടീഷ് ഇന്ത്യയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അല്ലായിരുന്നുവെങ്കിലും വിദേശമിഷനറിമാർ തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമായി രൂപംകൊണ്ട ഗ്രാമീണലൈബ്രറികൾ ക്രമേണ ഗ്രാമീണ പാഠശാലകളായി മാറി. മലയാള അച്ചടിയുടെ ആവിർഭാവവും മലയാള പത്രമാസികകളുടെ ഉദയവും സാക്ഷരതാപ്രവർത്തനങ്ങൾക്ക് കേരളത്തിൽ വേഗത കൂട്ടി. തൊഴിലാളി പ്രസ്ഥാനങ്ങൾ അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ആരംഭിച്ച നിശാപാഠശാലകളും നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആവിർഭാവവും ഐക്യകേരളം രൂപീകൃതമാകുന്നതിനു മുമ്പുതന്നെ സാക്ഷരതയിൽ കേരളം മുന്നിലെത്തുന്നതിനു സഹായകരമായി.

ഭാഷാടിസ്ഥാനത്തിൽ 1956ൽ കേരളം രൂപീകൃതമായ ശേഷം വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ ഒരു മുന്നേറ്റം നടത്താൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഗ്രന്ഥശാലാസംഘം, കാൻഫെഡ്,

ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ ധാരാളം സന്നദ്ധസംഘടനകൾ കേരളത്തിലെ നിരക്ഷരതാ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളികളായിരുന്നു. സർക്കാർ തലത്തിൽ ആരംഭിച്ച കർഷക-പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയും അനൗപചാരിക വിദ്യാഭ്യാസ പരിപാടിയും ഗ്രാമീണ-പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയും ബഹുജന പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയും കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾക്ക് പുതിയ ഉണർവ് നൽകി.

ദേശീയസാക്ഷരതാമിഷന്റെ ധനസഹായത്തോടെ 1989 ൽ മഹാത്മാഗാന്ധി സർവ്വകലാശാലയും കോട്ടയം ജില്ലാ ഭരണകൂടവും കോട്ടയം നഗരസഭയും സംയുക്തമായി നടപ്പാക്കിയ സാക്ഷരതാപരിപാടിയിലൂടെ (പെൽക്ക്) ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാനഗരമായി 1989 ജൂൺ 25ന് കോട്ടയം പ്രഖ്യാപിക്കപ്പെട്ടു. 1989 ൽ തന്നെ ദേശീയ സാക്ഷരതാമിഷന്റെ ധനസഹായത്തോടെ ജില്ലാ ഭരണകൂടവും ശാസ്ത്ര സാഹിത്യപരിഷത്തും ചേർന്ന് എറണാകുളം ജില്ലയിൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിലൂടെ (വെളിച്ചമേ നയിച്ചാലും) 1990 ഫെബ്രുവരി 4ന് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി എറണാകുളം മാറി. 1990 ൽ ദേശീയ സാക്ഷരതാമിഷന്റെ ധനസഹായത്തോടെ കേരള സംസ്ഥാന സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ സമ്പൂർണ്ണസാക്ഷരതാപരിപാടിയിലൂടെ ( അക്ഷരകേരളം) ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി 1991 ഏപ്രിൽ 18 ന് കേരളം പ്രഖ്യാപിക്കപ്പെട്ടു.

കേരളത്തിലെ നിരക്ഷരരായ ജനങ്ങളെ മലയാള ഭാഷ ഫഠിപ്പിക്കാനും അവരെ സാക്ഷരതയുടെ വിശാല ലോകത്തിലേക്ക് അനുയാത്ര നടത്തി തുടർവിദ്യാഭ്യാസം നൽകി ഭാഷയുടെ പ്രയോക്താക്കളാക്കി മാറ്റാനും

നടത്തിയ നീണ്ട പരിശ്രമങ്ങളിൽ ഒട്ടേറെ വ്യക്തികളും സർക്കാർ - സർക്കാരിതര സംഘടനകളും പ്രസ്ഥാനങ്ങളും പങ്കാളികളായിട്ടുണ്ട്. ഇത്തരം വ്യക്തികളും പ്രസ്ഥാനങ്ങളും നിരക്ഷരതാനിർമ്മാർജ്ജനത്തിനായും തുടർവായനയ്ക്കായും ഉപയോഗപ്പെടുത്തിയ സാഹിത്യരൂപത്തെ ഈ പ്രബന്ധത്തിൽ വിശദമായ പഠനത്തിന് വിധേയമാക്കുന്നു.

1:4 *സാക്ഷരതാസാഹിത്യം നിർവ്വചനം - പ്രസക്തിയും വ്യാപ്തിയും* : മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പ്രസക്തിയും പ്രാധാന്യവും മുഖ്യമായും നിലകൊള്ളുന്നത് കേരളത്തിലെ അനൗപചാരികവിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണ്. വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ സ്കൂളിൽ ചേർന്ന് വിദ്യ അഭ്യസിക്കാൻ കഴിയാതിരുന്നവർക്ക് അക്ഷരം പകർന്നു നൽകുവാൻ രൂപം കൊടുത്തിട്ടുള്ള വിദ്യാഭ്യാസ സംവിധാനമാണ് അനൗപചാരിക വിദ്യാഭ്യാസം. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആദ്യകളരിയാണ് സാക്ഷരതാ ക്ലാസ്സുകൾ. അക്ഷരമെന്നാൽ നാശമില്ലാത്തത് എന്നാണ് അർത്ഥം. നാശമില്ലാത്ത ഒന്നിനെ സ്വായത്തമാക്കാൻ വ്യക്തിയെ അഥവാ സമൂഹത്തെ പ്രേരിപ്പിക്കുകയും അതിലൂടെ മനനം ചെയ്യുന്ന മനുഷ്യനാക്കി മാറ്റുകയെന്ന ലക്ഷ്യവുമാണ് സാക്ഷരതാസാഹിത്യത്തിനുള്ളത്.

നിരക്ഷരനായ വ്യക്തിയെയോ സമൂഹത്തെയോ അനൗപചാരിക പ്രവർത്തനങ്ങളിലൂടെ സാക്ഷരനാക്കുന്നതിനും സാക്ഷരത ആർജ്ജിച്ച നവസാക്ഷരനെയോ നവസാക്ഷരസമൂഹത്തെയോ തുടർവിദ്യാഭ്യാസത്തിലൂടെ ഭാഷയുടെയും വിജ്ഞാനത്തിന്റെയും പ്രയോക്താവാക്കി മാറ്റുന്നതിനുവേണ്ടി നിശ്ചിത ലക്ഷ്യത്തോടെ രചിക്കപ്പെട്ട സാഹിത്യസൃഷ്ടികളെ സാക്ഷരതാസാഹിത്യം എന്നു പറയാം.

അക്ഷരവികാസത്തിലൂടെ എഴുത്ത് സ്വായത്തമാക്കുകയെന്നത് ഭാഷയുടെയും മനുഷ്യന്റെയും വളർച്ചയുടെ പ്രധാന നാഴികക്കല്ലാണ്.

ഭാഷാശാസ്ത്രജ്ഞന്മാർ ജീവൽഭാഷയെന്നും മൃതഭാഷയെന്നും ഭാഷകളെ രണ്ടായി തരംതിരിക്കുന്നു. ഭാഷയുടെ ജീവനാഡിയാണ് എഴുത്തുഭാഷയും സംഭാഷണ ഭാഷയും. ഇവ രണ്ടുമുള്ള ഭാഷയെ ജീവൽഭാഷയെന്നും ഏതെങ്കിലും ഒന്നു മാത്രമുള്ള ഭാഷയെ മൃതഭാഷയെന്നും വേർതിരിക്കുന്നു. സാക്ഷരത കൈവരിക്കുന്നതിലൂടെ ഓരോ വ്യക്തിയും അഥവാ സമൂഹവും സംഭാഷണ ഭാഷയും എഴുത്തുഭാഷയും സ്വായത്തമാക്കുന്നു. അക്ഷരം അറിയാത്ത ഒരു വ്യക്തിയെ അഥവാ സമൂഹത്തെ അനൗപചാരിക പ്രവർത്തന ങ്ങളിലൂടെ അക്ഷരം പഠിപ്പിച്ച് അതിന്റെ പ്രയോക്താവാക്കി മാറ്റുന്ന പ്രക്രിയയെ സാക്ഷരതാപ്രവർത്തനം എന്നു പറയുന്നു.

കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങളെ പൊതുവിൽ അസംഘടിതം, സംഘടിതം, ഔദ്യോഗികം എന്നിങ്ങനെ മൂന്നായി തരംതിരി ക്കാം. ഈ മൂന്നുതലത്തിലും നടന്ന നിരന്തര പ്രവർത്തനങ്ങളാണ് സാക്ഷരത യുടെ കാര്യത്തിൽ ഇന്ത്യയ്ക്ക് മാതൃകയാകാൻ കേരളത്തിനു കഴിഞ്ഞത്. പാശ്ചാത്യ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആരംഭിച്ച് നവോത്ഥാന പ്രസ്ഥാ നങ്ങളിലൂടെ ദേശീയ പ്രസ്ഥാനങ്ങളിൽ എത്തി തൊഴിലാളി പ്രസ്ഥാനങ്ങൾ കടന്ന് ഗ്രന്ഥശാലാസംഘം വരെ നടത്തിയ സാക്ഷരതാപ്രവർത്തനങ്ങളെ അസംഘടിത സാക്ഷരതാപ്രവർത്തനങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്താം. ഗ്രന്ഥശാലപ്രസ്ഥാനം,കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി(കാൻഫെഡ്), ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ സംഘടനകൾ നടത്തിയ പ്രവർത്തനങ്ങളെ സംഘടിത സാക്ഷരതാപ്രവർത്തനം എന്ന് പറയാം. ഗവൺമെന്റ് നിയന്ത്രണത്തിൽ ആരംഭിച്ച സാക്ഷരതാപ്രവർത്തന ങ്ങളെ ഔദ്യോഗിക സാക്ഷരതാപ്രവർത്തനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്താം.

കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് നവോത്ഥാന നായകരുടെയും പ്രസ്ഥാനങ്ങളുടെയും ഉദയത്തോടെയാണ്. അക്ഷരങ്ങൾ അറിയാത്തവൻ അപരിഷ്കൃതൻ എന്ന സാമൂഹിക മനോഭാവം സൃഷ്ടിക്കപ്പെടാൻ ഇവരുടെ പ്രവർത്തനങ്ങൾ കാരണമായി.

പാശ്ചാത്യനാടുകളിൽ നിന്നും കേരളത്തിൽ എത്തിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാർക്ക് അവരുടെ ആശയം കേരളത്തിൽ പ്രചരിപ്പിക്കാൻ മലയാളഭാഷ പഠിക്കേണ്ടി വന്നു. മലയാളിക്ക് മനസ്സിലാകുന്ന സാധാരണ മലയാളത്തിൽ അവരോടു കാര്യങ്ങൾ പറഞ്ഞെങ്കിൽ മാത്രമേ ബൈബിളിലെ ആശയങ്ങൾ അവർക്ക് മനസ്സിലാകൂ എന്ന് മിഷനറിമാർക്ക് അറിയാമായിരുന്നു. ഇതിനായി അവർ നാട്ടുഭാഷ വാശിയോടെ പഠിക്കുകയും സാധാരണക്കാരെ തങ്ങളുടെ പഠനപ്രക്രിയയിൽ പങ്കാളികളാക്കു കയും ചെയ്തു. പ്രാർത്ഥനാ പുസ്തകങ്ങളും ബൈബിളും പ്രചരിപ്പിക്കാൻ മലയാള അക്ഷരങ്ങളെ ചിട്ടപ്പെടുത്തേണ്ടതും അവർക്ക് ആവശ്യമായി.

നാടൻപാട്ടുകളും കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കവിതകളും അക്ഷരാഭ്യാസമുള്ളവർ മാത്രമായിരുന്നില്ല ചൊല്ലിയിരുന്നത്. നാവിൻതുമ്പിൽ നിന്നു കേട്ട് മനപാഠമാക്കി മന്ത്രങ്ങൾ ഉച്ചരിച്ചിരുന്ന മലയാളിക്കും അക്ഷരാഭ്യാസമുണ്ടാകണമെന്ന് നിർബന്ധമില്ല. കൊയ്ത്തുപാട്ടും ഞാറ്റുവേലപ്പാട്ടും പാടി പണിയെടുക്കുന്ന തൊഴിലാളികൾ മിക്കവരും നിരക്ഷരരായിരുന്നു. *തെയ്യനം തെയ്യനം തെയ്യനം താരോ* എന്ന് ആരംഭിക്കുന്ന പാട്ടുകൾ പാടാനും സാക്ഷരത ആവശ്യമില്ല. അക്ഷരങ്ങളെ സ്വായത്തമാക്കി വായ നയിലൂടെയും എഴുത്തിലൂടെയും അറിവുകൾ ആർജ്ജിക്കാൻ ശ്രമിക്കുമ്പോഴാണ് സാക്ഷരത ആവശ്യമാകുന്നത്. അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ അക്ഷരരചനയും വായനയും സ്വായത്തമാക്കിയ ഒരു വ്യക്തിയെ ഭാഷയുടെ വിവിധ തലത്തിലോക്ക് പരിവർത്തനം ചെയ്യിക്കാൻ കഴിയുകയെന്ന അതിപ്രധാനമായ നേട്ടം സാക്ഷരതാസാഹിത്യത്തിലൂടെ സമാർജ്ജിക്കാൻ കഴിയുന്നു.

ജീവനുള്ള ഏതിന്റെയും ക്രമാനുഗതമായ വളർച്ച എന്നതുപോലെ തന്നെ സാക്ഷരതാസാഹിത്യത്തിലും കാലാനുഗതമായ വളർച്ച ഉണ്ടായിട്ടുണ്ട്.

മിഷനറിമാരിൽ ആരംഭിച്ച് സാക്ഷരതാമിഷനിൽ എത്തി നിൽക്കുന്ന സാക്ഷരതാപ്രവർത്തനത്തിന്റെ ചരിത്രത്തിലും സാഹിത്യത്തിലും ക്രമാനുഗതമായ ഈ വളർച്ച കണ്ടെത്താൻ കഴിയുന്നു. നിരക്ഷരനെ സാക്ഷരതയുടെ ലോകത്തിലേക്കാനയിച്ച് നവസാക്ഷരനാക്കി തുടർസാക്ഷരതയിലൂടെ തുടർവിദ്യാഭാസം നൽകി വിദ്യാഭ്യാസപരമായി തുല്യനിലവാരത്തിലെത്തിക്കുന്ന സാക്ഷരതാപ്രവർത്തനങ്ങളിൽ ഉപയോഗി ക്കുന്ന സാഹിത്യത്തിൽ മൗലീകമായ മാറ്റങ്ങൾ ദൃശ്യമാണ്.

നിരക്ഷരനായ ഒരു വ്യക്തിയെ മാനസികോല്ലാസപ്രദവും പ്രയോജനകരവുമായ സാക്ഷരതാസാഹിത്യത്തിലൂടെ അനുയാത്ര ചെയ്യിച്ച് സാക്ഷരത ആർജ്ജിച്ച ആളാക്കി തുടർവായനയ്ക്കാവശ്യമായ അനുകൂല പരി സ്ഥിതികൾ സൃഷ്ടിച്ച് അവനെ വിദ്യാഭ്യാസപരമായി തുല്യതനേടിയവനാക്കി മാറ്റുന്ന പ്രക്രിയയ്ക്കിടയിൽ നിരവധിതലങ്ങളിലുള്ള സാക്ഷരതാസാഹിത്യ രചനകളുമായി പരിചയപ്പെടേണ്ടതായുണ്ട്. മനുഷ്യന്റെ അന്തരാത്മാവിൽ ഉറങ്ങുകിടക്കുന്ന താളബോധത്തെ ഉണർത്തിയും പഴഞ്ചൊല്ലുകളുടെയും പഴ യപാട്ടുകളുടെയും ഫലപ്രദമായ ഉപയോഗത്തിലൂടെയും കാര്യങ്ങൾ സ്പഷ്ടമായും എന്നാൽ ഒരല്പം ചമൽക്കാരമായും അവതരിപ്പിക്കുന്ന സമ്പ്രദായം സ്വീകരിച്ചുമാണ് സാക്ഷരതയുടെ പുലർകാല വെളിച്ചത്തിലേക്ക് നിരക്ഷരനെ എത്തിച്ചത്.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉദയവികാസചരിത്രം, മലയാളഗദ്യത്തിന്റെ പരിണാമവുമായും അഭേദ്യമായി ബന്ധമുണ്ട്. ബെഞ്ചമിൻ ബെയ്ലി, ഹെർമൻ ഗുണ്ടർട്ട് തുടങ്ങിയ പാശ്ചാത്യമിഷനറിമാരുടെ പ്രവർത്തനങ്ങളും ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ആർച്ച് ഡീക്കൻ കോശി, ജോർജ് മാത്തൻ,പാലാക്കുന്നേൽ വല്യച്ചൻ തുടങ്ങിയ നാട്ടുകാരായ മിഷനറിമാരുടെ പ്രവർത്തനങ്ങളും മതനവോത്ഥാന പ്രസ്ഥാനങ്ങളുടെ ആവിർഭാവവും സാക്ഷരതാ പ്രവർത്തനത്തിനും സാഹിത്യത്തിനും അനുകൂല

അന്തരീക്ഷം സൃഷ്ടിച്ചു. പത്രമാസികകളുടെ ആരംഭവും അച്ചടിയുടെ വികാസവും സ്വാതന്ത്ര്യത്തോടുള്ള അഭിവാഞ്ചയും മാറ്റങ്ങളെ ഉൾക്കൊള്ളുവാനും കാലഹരണപ്പെട്ടവയെ തിരസ്കരിക്കാനുമുള്ള സന്നദ്ധതയും അറിവിനായുള്ള അഭിനിവേശവും വിപ്ലവാഭിമുഖ്യവും ദേശീയപ്രസ്ഥാനത്തോടുള്ള കൂറും കേരളീയ സമൂഹത്തെ സാക്ഷരതാപ്രവർത്തനങ്ങൾക്ക് സജ്ജമാക്കി.

നോവൽ, ചെറുകഥ, നാടകം എന്നിവയുടെ കടന്നുവരവോടുകൂടി വായനയുടെ ആവശ്യകത അനിവാര്യമായിത്തീർന്നു. പത്രമാസികകൾ ആരംഭിച്ചതോടെ അവയിൽ വരുന്ന വൃത്താന്തങ്ങൾ മനസ്സിലാക്കുന്നതിന് അക്ഷരാഭ്യാസവും വായനയും ആവശ്യമായി വന്നു. ഒരാൾ ഉച്ചത്തിൽ വായിച്ച് ചുറ്റുമുള്ളവർക്ക് ആശയങ്ങൾ പറഞ്ഞു കൊടുക്കുന്ന രീതി ഇപ്പോഴും നിലവിൽ ഉണ്ട്. തൊഴിൽശാലകളിലും രാഷ്ട്രീയ പ്രവർത്തകരിലും മതപ്രചാരകരിലും ഇത്തരം പ്രവർത്തനങ്ങളുടെ പഴയ മാതൃകകൾ കണ്ടെത്താൻ കഴിയുന്നു. ദേശീയബോധവും പൗരബോധവുമുണർത്തി ജനങ്ങളെ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാക്കാൻ നടത്തിയ ശ്രമങ്ങളിലും *സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ* എന്ന മുദ്രാവാക്യങ്ങളുമായി തൊഴിലാളികളിൽ വർഗ്ഗബോധം വളർത്താൻ നടത്തിയ ശ്രമങ്ങളിലും മിഷനറിമാർ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും സാക്ഷരതാപ്രവർത്തന ത്തിന്റെ ആദ്യകാല മാതൃകകൾ കണ്ടെത്താൻ കഴിയുന്നു. ഇതിനായി ഇവർ ഉപ യോഗിച്ച പഠനരീതിയും പാഠകുറിപ്പുകളും സാഹിത്യവും ലഘുലേഖകളും എല്ലാം തന്നെ മലയാളത്തിലെ ആദ്യകാല സാക്ഷരതാപ്രവർത്തനരീതിയായും സാഹിത്യസൃഷ്ടിയായും കണക്കാക്കാവുന്നതാണ്.

കേരളത്തിൽ ഒരു സാക്ഷരതാസാഹിത്യത്തിന്റെ ആവശ്യകതയെപ്പറ്റി ആദ്യമായി വ്യക്തമായ ധാരണയിൽ എത്തിച്ചേർന്നത് കോട്ടയത്തു പ്രവർത്തിച്ച ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ് ) സുവിശേഷകരായിരുന്നു.

"പുതിയതായി മതപരിവർത്തനം ചെയ്ത സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി തുന്നൽവേല പ്രയോജനപ്പെടുമെന്ന് സുവിശേഷകർ കണ്ടെത്തി. [11]" ഇതിനായി തുന്നലിനെപ്പറ്റിയുള്ള ലഘുപുസ്തകങ്ങൾ അവർ തയ്യാറാക്കി. ഈ ലഘുപുസ്തകങ്ങൾ ബ്രട്ടീഷ് ഇന്ത്യ ലൈബ്രറിയിൽ ലഭ്യമാണ്. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ വിവിധ തലങ്ങളിൽ സംഭവിച്ച പുത്തൻ ഉണർവുകൾ ജനങ്ങളിൽ പുതിയദിശാബോധം വളർത്താനും വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകത ജനങ്ങളിൽ സൃഷ്ടിക്കാനും ഇടവരുത്തി.

ലണ്ടൻമിഷൻ സൊസൈറ്റി, ചർച്ചമിഷൻ സൊസൈറ്റി, ബാസൽമിഷൻ സൊസൈറ്റി എന്നിവർ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽതന്നെ തിരുവിതാംകൂറിൽ പ്രവർത്തനം ആരംഭിച്ചു. 1805ൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ച ലണ്ടൻമിഷൻ സൊസൈറ്റിയിലെ റവ. മീഡ് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. 1813 ൽ കോട്ടയം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച ചർച്ച് മിഷൻ സൊസൈറ്റി മദ്ധ്യതിരുവിതാംകൂറിൽ സാമൂഹിക വിദ്യാഭ്യാസ രംഗത്ത് പുതിയ വഴികൾ വെട്ടിത്തുറന്നു. ഇതേകാലയളവിൽത്തനെന തെക്കൻ തിരുവിതാംകൂറിൽ നാഗർകോവിൽ കേന്ദ്രമായി പ്രവർത്തന ആരംഭിച്ച സാൽവേഷൻ ആർമി എന്നു പേരുള്ള പട്ടാളച്ചിട്ടയിൽ പ്രവർത്തിക്കുന്ന മിഷനറി സംഘവും റിംഗിൾ റ്റാബ് എന്നു പേരുള്ള സ്പാനിഷ് മിഷനറിയുടെ നേതൃത്വത്തിൽ നടത്തിയ വിദ്യാഭ്യാസപ്രവർത്തനങ്ങളും തെക്കൻ തിരുവിതാംകൂറിൽ പുതിയ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിനും സഹായകമായി. തലശ്ശേരി കേന്ദ്രമായി 1834 ൽ ബാസൽമിഷനും വിദ്യാഭ്യാസരംഗത്ത് കടന്നു വന്നു.

"വിദ്യാഭ്യാസം സാഹിത്യം എന്നീമേഖലകളിൽ സവിശേഷമായും സാംസ്കാരിക മേഖലയിൽ സാമാന്യമായും കേരളത്തിൽ മാത്രമല്ല ഭാരതത്തിൽ

മൊത്തമായും വമ്പിച്ചൊരു നവോത്ഥാനമുണ്ടായത് പത്തൊൻപതാം ശതകത്തിൽലാണ്. ഇതിൽ അന്തർഭവിച്ചിരിക്കുന്ന ഉണർച്ചയ്ക്കും വളർച്ചയ്ക്കും പ്രധാന കാരണക്കാർ പാശ്ചാത്യ പ്രതിഭകളാണ് : പ്രത്യേകിച്ചും യൂറോപ്യൻ മിഷനറിമാർ. ഈ മിഷനറിമാരുടെ മുഖ്യ ലക്ഷ്യം വഴിയും സത്യവും ജീവനുമായി തങ്ങൾ അംഗീകരിച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അദ്ദേഹത്തിന്റെ ഉപദേശങ്ങളെയും സാധാരണ ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയെന്നതായിരുന്നു. അതിന് അവരുടെ സംവേദന മാദ്ധ്യമമായ ഭാഷ അറിയുക അനുപേക്ഷണിയമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഭാഷ ശാസ്ത്രീയമായി അഭ്യസിക്കാുള്ള ഉപകരണങ്ങൾ തയ്യാറാക്കുക, ഭാഷയുടെ സമൃദ്ധമായ ഉപയോഗം മൂലം ലൗകികവും ദൈവീകവുമായ വിജ്ഞാനം പകരുന്ന പ്രക്രിയ, അതായത് വിദ്യാഭ്യാസം, കുടുതൽ കാര്യക്ഷമമാക്കുക, സർഗ്ഗശക്തി പ്രോത്സാഹിപ്പിച്ച് സാഹിത്യത്തെ കൂടുതൽ ജനകീയമാക്കുക ഇവയെല്ലാം പ്രേഷിത പ്രവർത്തനത്തിന്റെ പൂരകഘടകങ്ങളായി അവർ ദർശിച്ചു. ഈ ദർശനത്തിന്റെ സത്ഫലങ്ങളാണ് സാസംകാരിക നവോത്ഥാനം. 12 ,, ഈ സാസംസ്കാരിക നവോത്ഥാനം കേരളത്തിലും സാക്ഷരതാ പ്രവർത്തനത്തിനും അടിത്തറയിട്ടു. സാക്ഷരതയിലൂടെ അഥവാ അക്ഷരജ്ഞാനത്തിലൂടെ മാത്രമേ പുതിയ അറിവുകൾ നേടാൻ കഴിയൂ എന്ന ബോധം ജനങ്ങളിൽ അരക്കിട്ടുറപ്പിക്കാൻ കഴിഞ്ഞു.

" നാട്ടുമലയാള രീതിയിൽ ഇവിടെ ഗദ്യം വളർന്നുവന്നു കൊണ്ടിരുന്നു. പാതിരിമാരായിരുന്നു അതിന്റെ വിധാതാക്കൾ. മതപ്രചരണം, മതപരിവർത്തനം ചെയ്തവർക്ക് അറിവുണ്ടാക്കൽ തുടങ്ങിയ അടിയന്തര സോദ്ദേശ്യ കൃത്യങ്ങളാണ് അവർക്ക ചെയ്തുവയ്ക്കുവാൻ ഉണ്ടായിരുന്നത്. അതൊക്കെ സാമാന്യ ജനത്തെ ഉദ്ദേശിച്ചുള്ളതാകയാൽ സാമാന്യജനത്തിന്റെ ഭാഷയിൽത്തന്നെ അവർക്ക് വ്യവഹരിക്കേണ്ടി വന്നു. അങ്ങനെ അവർക്ക് നാട്ടുമലയാളത്തിന്റെ

വഴി പഠിക്കേണ്ടി വന്നത് നമ്മുടെ ഭാഷയുടെ ഭാഗ്യമായി. കാരണം മലയാള ഗദ്യത്തിന്റെ ആദ്യരൂപങ്ങളാകുന്നത് അവരുടെ ഈ രചനകളാണ്. അവർ പശ്ചാത്യ മാതൃകയിൽ ഗദ്യമെഴുതിയെന്നു പറയാറുണ്ട്. അതിനർത്ഥം അവർ നാട്ടുകാരുടെ ഭാഷയിൽ അവരുടെ സംസാരരീതിയുടെ ഈണം പിടിച്ച് സ്വാഭാവികഗദ്യമെഴുതി എന്നു മാത്രമാണ്. സാധാരണക്കാർക്ക് മനസ്സിലാകുന്ന ചെറിയ വാക്കുകൾ കോർത്ത് ചെറിയ വാചകങ്ങളിൽ അവർ കാര്യം പറഞ്ഞുകൊണ്ടിരുന്നത്.[13] " എല്ലാ വിഭാഗത്തിൽപ്പെട്ട കേരളീയർക്കും മനസ്സിലാകുന്ന ഒരു മലയാളത്തിനും അംഗീകാരം നൽകാനും സാധാരണ മലയാളത്തിൽ സാഹിത്യസൃഷ്ടി നടത്താനും വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങൾ പശ്ചാത്തലം ഒരുക്കി.

"മതപ്രചരണമായിരുന്നു ഈ മിഷനറി സംഘങ്ങളുടെ പ്രധാന ലക്ഷ്യമെങ്കിലും വിദ്യാഭ്യാസ പ്രചരണം അതിനുള്ള പ്രധാന ഉപാധിയായി അവർ സ്വീകരിച്ചു. സാമൂഹിക സാംസ്കാരിക രംഗത്ത് പുതിയ പുതിയ ചലനങ്ങൾ സൃഷ്ടിച്ചു."[14] കേരളത്തിലെ സാധാരണ ജനങ്ങൾ ഉപയോഗിക്കുന്ന വ്യവഹാര ഭാഷയിൽ തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചെങ്കിൽ മാത്രമേ അവരുടെ താത്പര്യം സംരക്ഷിക്കാൻ കഴിയൂ എന്ന് മിഷനറിമാർ മനസ്സിലാക്കി. ഇതിനായി അവർ വ്യവഹാര ഭാഷ പഠിക്കുകയും അവരുടെ പ്രചരണത്തിനായി നൂതന സാഹിത്യസൃഷ്ടി നടത്തുകയും ചെയ്തു.

"ഉദയംപേരൂർ സൂനഹദോസ് കാനോനുകളുടെയും റോസിന്റെ നിയമാവലിയുടെയും സംശോധിത സംസ്കരണം നിർവ്വഹിച്ച സ്കറിയാ സക്കറിയാ പറയുന്നു. വ്യവഹാരഭാഷയുടെ ദാർഢ്യം പ്രകടമാകുന്ന ഒരു ഗദ്യം മലയാളത്തിൽ ഉണ്ടായത് ക്രൈസ്തവമിഷനറിമാരുടെ പരിശ്രമം മൂലമാണെന്ന് തോന്നുന്നു. ഭാഷാപോഷണ വ്യഗ്രതയാൽ അവർ വരുത്തിക്കൂട്ടിയ ഒരു മാറ്റമായിരുന്നില്ല ഇത്. വെണ്ണയും തിന്നാം മീശയും മിനുക്കാം എന്ന മട്ടിൽ പോലും ആദ്യകാലത്തെ മിഷനറിമാർ

ഭാഷാപരിപോഷണം ലക്ഷ്യമാക്കിയിരുന്നോ എന്ന് സംശയമാണ്. വെണ്ണ തിന്നുമ്പോൾ മീശമിനുങ്ങി എന്നേ പറയാൻ കഴിയൂ. സാധാരണക്കാരായ കേരളീയരിലേക്ക് ചില ആശയങ്ങൾ സംക്രമിപ്പിക്കണമെന്ന് ഈ പാശാചാത്യമിഷനറിമാർ ആഗ്രഹിച്ചു. അതിനുള്ള മാധ്യമമാണ് അവർ ആരാഞ്ഞത്. ഇക്കാര്യത്തിൽ ചാരു കേരള ഭാഷതന്നെ ചിതം വരൂ എന്ന് അവർക്ക് ബോധ്യപ്പെട്ടു. [15] ”

മലയാള ഭാഷയുടെ ശക്തിയും മഹത്ത്വവും കണ്ടെത്താൻ മിഷനറിമാർക്ക് കഴിഞ്ഞു. കേരളീയരിലേക്ക് ഇറങ്ങച്ചെല്ലാൻ കഴിയുന്ന ജീവത്ഭാഷ സംസ്കൃത ബഹുലമല്ലാത്ത മലയാളമാണെന്ന് അവർ കണ്ടെത്തി. “മിഷനറിമാരുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനങ്ങളെ ആകർഷിക്കുന്ന വിധത്തിൽ ഉള്ളതായിരുന്നു. ജാതിഭേദം നോക്കാതെ എല്ലാവരെയും വിദ്യാഭ്യാസം ചെയ്യിക്കാനുള്ള അവരുടെ സംരഭവും മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനനം ജനതാമദ്ധ്യത്തിൽ സ്വാതന്ത്ര്യബോധത്തിന്റെ ശുദ്ധവായു പ്രചരിപ്പിക്കാൻ തുടങ്ങി. [16] ” പിന്നോക്ക ജാതിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യം പോലും നിഷേധിക്കുകയും ജാതിയുടെയും ഉപജാതിയുടെയും അടിസ്ഥാന ത്തിൽ ജനതയെ വിഭജിക്കുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ ജനങ്ങളിൽ ചിന്താതലത്തിലും പ്രായോഗികതലത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ മിഷനറിമാരുടെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ സഹായകരമായി. “പത്തൊൻപതാം നൂറ്റാണ്ടിൽ മിഷനറിമാരുടെ പ്രവർത്തനത്തോടുകൂടിത്തന്നെ ഇവിടെ നവോത്ഥാനത്തിന്റെ വെള്ള കീറിത്തുടങ്ങി. [17] ” സാക്ഷരത കൈവരിക്കുന്ന ജനസമൂഹം മാത്രമേ അന്ധകാര പൂർണ്ണമായ തങ്ങളുടെ കഴിഞ്ഞകാല ജീവിതത്തിൽ നിന്നും പ്രകാശമയമായ പുതിയ മേഖലയിലേക്ക് കടക്കാൻ കഴിയൂ എന്ന സത്യം കേരളീയരെ ബോധ്യ പ്പെടുത്താൻ മിഷനറിമാർക്ക് കഴിഞ്ഞു. തിരുവിതാംകൂറിലും കൊച്ചിയിലും

പള്ളിയോടനുബന്ധിച്ചും അല്ലാതെയും ധാരാളം സ്കൂളുകൾ മിഷനറിമാർ ആരംഭിച്ചിരുന്നു. അവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ഘടനയെ അടിമുടി അഴിച്ചു പണിത സാമൂഹിക വിപ്ലവത്തിന് കാരണമായി ത്തീർന്നു. എല്ലാ ജനവിഭാഗങ്ങളിലും ആധുനിക വിദ്യാഭ്യാസത്തിന്റെ വെളിച്ചം പ്രസരിക്കുകയും പുതിയൊരു സാംസ്കാരിക തരംഗം വ്യാപിക്കുകയും ചെയ്തു. "മിഷനറിമാരുടെ സേവനം കൊണ്ട് ഏറ്റവും കൂടുതൽ നേട്ടംസിദ്ധിച്ച സ്ത്രീകളും അധ:കൃതവർഗ്ഗക്കാരുമാണ് മിഷനറിമാരുടെ ആഗമനത്തിനു മുമ്പ് സവർണ്ണ സമുദായത്തിൽപ്പെട്ട സ്ത്രീകളിൽ ചുരുക്കം ചിലരൊഴിച്ച് അക്ഷരമറിയാവുന്നവർ ഇല്ലായിരുന്നുവെന്ന് പറയാം. അവർണ്ണ സമുദായത്തിലെ സ്ത്രീകളുടെ കാര്യം പറയേണ്ടതില്ലല്ലോ.[18]"

കേരളത്തിലെ സ്ത്രീകളെയും അധ:കൃത വർഗ്ഗക്കാരെയും അക്ഷരം പഠിപ്പിക്കുകയെന്ന അതിപ്രധാന ദൗത്യം ആദ്യമായി ഏറ്റെടുത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുഴുകിയത് പാശ്ചാത്യ മിഷനറിമാരാണ്. അക്ഷരം പഠിപ്പിക്കുന്നതിലൂടെ തങ്ങളുടെ ആശയങ്ങളും പ്രചരിപ്പിക്കുക എന്ന ദൗത്യം അവർക്ക് ഒരു പക്ഷേ ഉണ്ടായിരുന്നിരിക്കാം. എന്തൊക്കെ തന്നെയാണെങ്കിലും കേരളീയ ജനസമൂഹത്തെ അക്ഷരജ്ഞാനം നേടിയവരാക്കുന്നതിലൂടെ മാത്രമേ തങ്ങളുടെ ദൗത്യം പൂർണ്ണമാകൂ എന്ന് അവർ വിശ്വസിച്ചിരുന്നു. "കേരളത്തിലെ പ്രാചീന വിദ്യാഭ്യാസ സമ്പ്രദായം ബഹുജനങ്ങളുടെ അക്ഷരജ്ഞാനത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നില്ല. നാട്ടെഴുത്താശാൻമാരുടെ കീഴിലായിരുന്നു വിദ്യാഭ്യാസം. സാമ്പത്തികമായും സാമൂഹികമായും ഉന്നതനിലയിലുള്ളവർ മാത്രമാണ് ഇങ്ങനെ വിദ്യാഭ്യാസം ചെയ്തിരുന്നത്. അതുതന്നെ സംസ്കൃത വിദ്യാഭ്യാസമായിരുന്നു. അക്ഷരമാലയും എഞ്ചുവടികണക്കുകളും പഠിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ അമരകോശം, സിദ്ധരൂപം മുതലായ ഭാഷാ

ശാസ്ത്രങ്ങളും ശ്രീരാമോദാന്തം, ശ്രീകൃഷ്ണവിലാസം, മാഘം തുടങ്ങിയ കാവ്യങ്ങളും സംസ്കൃതഭാഷയിൽ പഠിക്കുകയായി. കാവ്യങ്ങൾ പഠിക്കുക യെന്നതല്ലാതെ,മറ്റ് ഭൗതികശാസ്ത്രങ്ങൾ അഭ്യസിക്കുക വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമായി അന്നാരും കണക്കാക്കിയിരുന്നില്ല. മലയാളഭാഷയിൽ പഠനം നടത്തുന്നതിനുള്ള സൗകര്യങ്ങളോ അഭിനിവേശമോ അന്നാർക്കും ഉണ്ടായിരുന്നില്ല. മലയാള പഠനം തന്നെ എന്തോ ഒരു അധസ്ഥിത കൃത്യമായിട്ടാണ് അന്ന് പരക്കെ അറിയപ്പെട്ടിരുന്നത്. 19 " ഈ പശ്ചാത്തലത്തിൽ വേണം നാം മിഷനറിമാരുടെ മലയാള സാക്ഷരതാരംഗത്തെ അപ്രഖ്യാപിത പ്രവർത്തനങ്ങളെ വിലയിരുത്താൻ.

ജനമദ്ധ്യത്തിൽ ഗംഭീര വിഷയങ്ങൾ സാധാരണ മലയാള ഭാഷയിൽ നന്നായി പറഞ്ഞു ഫലിപ്പിക്കാമെന്ന് മിഷണറിമാർ കാണിച്ചു തന്നു. സാമാന്യ ഭാഷയിൽ ക്രിസ്തുവിന്റെ അപദാനങ്ങൾ കൈകാര്യം ചെയ്തതുകൊണ്ട് വേദശാസ്ത്രത്തിനോ തിരുസ്വരൂപത്തിന്റെ ഗാംഭീര്യത്തിനോ കുറവൊന്നുമു ണ്ടായില്ല. പഠിക്കാനും പഠിപ്പിക്കാനും അർഹതയുള്ള ഭാഷയാണ് മലയാളമെന്ന് മലയാളികളെ ബോധ്യപ്പെടുത്താൻ പാശ്ചാത്യ മിഷനറിമാർക്ക് കഴിഞ്ഞു. സംസ്കൃതമോ സംസ്കൃതബഹുലമായ മലയാളമോ ആയിരുന്നു അന്നോളം ഇവിടുത്തെ ഭാഷ. വിദേശികൾ ഇവിടെ മതപ്രചാരണത്തിന് വരികയും അവരുടെ പ്രവർത്തനത്തിനുള്ള മാധ്യമമായി മലയാളം ഇങ്ങനെ ഉപയോഗി ക്കുകയും ചെയ്തത് മലയാളഭാഷയുടെ വികാസത്തിന് ഒരു കാരണമായി. അങ്ങനെ ലഭിച്ച പരിചരണത്തിലൂടെ വിദ്യാലയത്തലേക്കും അച്ചടിശാലയി ലേക്കും പത്രപ്രവർത്തനത്തിലേക്കും അതിവേഗം വളർന്നെത്താൻ മലയാളത്തിനു കഴിഞ്ഞു.

ശ്രീനാരായണ ഗുരു, സഹോദരൻ അയ്യപ്പൻ, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി, മന്നത്തു പദ്മനാഭൻ, വക്കം അബ്ദുൾഖാദർ മൗലവി തുടങ്ങിയ

സാമൂഹിക പരിഷ്കർത്താക്കൾ കേരളത്തിലെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഒരു വൻചലനം സൃഷ്ടിക്കാൻ ഇടയായി. വിദ്യാഭ്യാസത്തിലൂടെ സ്വാതന്ത്ര്യം ലക്ഷ്യമാക്കിയ ഇവരുടെ പ്രവർത്തനങ്ങൾ നിരക്ഷരതാനിർമ്മാർജ്ജന രംഗത്ത് നേട്ടങ്ങൾ സൃഷ്ടിച്ചു. ദേശീയപ്രസ്ഥാനങ്ങളും തൊഴിലാളിപ്രസ്ഥാനങ്ങളും തങ്ങളുടെ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കാൻ അക്ഷരജ്ഞാനമുള്ള ജനതയെ സൃഷ്ടിക്കേണ്ടത് ആവശ്യമായി വന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും സാക്ഷരതാ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി.

*1: 5 ഗ്രന്ഥശാലകൾ വഴിയുള്ള വിജ്ഞാനവിതരണം :* കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ചലനാത്മകമായ സംഭാവനകൾ നൽകിയ പ്രസ്ഥാന മാണ് ഗ്രന്ഥശാലാപ്രസ്ഥാനം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഒറ്റ പ്പെട്ട നിലയിൽ കേരളത്തിൽ ഗ്രന്ഥശാലകൾ ആരംഭിച്ചിരുന്നു. 1829 ൽ തിരുവനന്തപുരത്ത് ഗ്രന്ഥശാലയ്ക്ക് തുടക്കം കുറിച്ചു. ഇതാണ് പിന്നീട് *തിരുവനന്തപുരം പബ്ലിക് ലൈബ്രറി*യായി മാറിയത്. മലബാർ പ്രദേശത്തും തിരു-കൊച്ചി മേഖലയിലും ഗ്രാമീണ ലൈബ്രറികൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽത്തന്നെ തുടക്കം കുറിച്ചു. അച്ചടിയുടെ വളർച്ചയും പത്രമാസികകളുടെ ആരംഭവും പുസ്തകങ്ങളുടെ പ്രസിദ്ധീകരണവുമെല്ലാം ഗ്രന്ഥശാലകളുടെ മുന്നേറ്റത്തിനു കാരണമായി. നാട്ടിലെ ജനങ്ങൾ സംഘടിച്ച് സാമൂഹിക ജീർണ്ണതകൾക്കും അനാചാരങ്ങൾക്കുമെതിരേ പൊരുതാനുള്ള ശ്രമങ്ങൾ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് വളക്കൂറുള്ളമണ്ണ് നൽകി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സംഘടിച്ച് ശക്തിനേടാനുള്ള ശ്രമങ്ങൾ കേരളത്തിൽ എവിടെയും കാണുവാൻ കഴിയുമായിരുന്നു. നിരവധി ജാതികളും ഉപജാതികളുമായി കഴിഞ്ഞിരുന്ന കേരളീയ സമൂഹത്തിൽ അവരുടെ ഇടയിൽ നിന്നുതന്നെ നിഷേധ ത്തിന്റെയും പരിവർത്തനത്തിന്റെയും ശബ്ദങ്ങൾ ഉയർന്നു പൊങ്ങിയിരുന്നു.

ചെറുകഥ, നോവൽ, നാടകം തുടങ്ങിയ സാഹിത്യശാഖകളുടെ ഉദയത്തോടുകൂടി മലയാള ഗദ്യസാഹിത്യത്തിന്റെ വളർച്ച ആരംഭിക്കുകയായി. സാമൂഹികരംഗത്തെ പ്രശ്നങ്ങൾ സാഹിത്യരൂപത്തിൽ അവതരിപ്പാക്കാനുള്ള പ്രവണത പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിൽ ആരംഭിച്ചു. നാടകത്തിലൂടെയും നോവലിലൂടെയും ചെറുകഥയിലൂടെയും സാമൂഹികപ്രശ്നങ്ങൾ അവതരിപ്പിക്കപ്പെട്ടപ്പോൾ കേരളീയ ജനതയിൽ മാറ്റത്തിന്റെ ശബ്ദം മുഴങ്ങുകയായി. സാഹിത്യരംഗത്ത് കടന്നുവന്ന ഇത്തരം മാറ്റങ്ങൾ ഗ്രാമീണജനതയിൽ ഊട്ടിയുറപ്പിക്കാൻ കഴിയുന്ന നിലയിൽ പ്രാദേശിക ഗ്രന്ഥശാലകൾ രൂപം കൊണ്ടു. ഇത്തരം ഗ്രന്ഥശാലകളിലൂടെ വയോജന വിദ്യാഭ്യാസ പരിപാടികൾ ആരംഭിച്ചിരുന്നു. ഇത്തരത്തിൽ ചെറിയതോതിൽ ആരംഭിച്ച വയോജനവിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിത ഗ്രന്ഥശാലാസംഘത്തിന്റെ ആരംഭത്തോടെ കേന്ദ്രീകൃതമായി നടത്തുകയുണ്ടായി. കേരളത്തിലെ ഗ്രന്ഥശാലാ സംഘം സാക്ഷരതാപ്രവർത്തനത്തിനും സാക്ഷരതാസാഹിത്യത്തിനും പ്രത്യേക പ്രാധാന്യം നൽകി വളർത്തിയെടുക്കാൻ പരിശ്രമിച്ചിരുന്നു. നവസാക്ഷരർക്കായി കേരള ഗ്രന്ഥശാലാസംഘം ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

1: 6 *ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സംഭാവന* : കേരളത്തിൽ വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക രംഗത്തും മതരംഗത്തും പ്രസിദ്ധീകരണ രംഗത്തും പത്തൊൻപതാം നൂറ്റാണ്ടിന്റെ സംഭാവനയാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (1805-1871). ആദ്ധ്യാത്മികരംഗത്ത് ദിവ്യപ്രകാശം വാരിവിതറിയ അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. 1829ൽ പൗരോഹിത്യം സ്വീകരിച്ച് സി.എം.ഐ സഭയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും നേതൃത്വം നൽകി. കത്തോലിക്കാ വിശ്വാസികൾക്കായുള്ള പ്രസിദ്ധീകരണങ്ങൾക്ക് കേരളത്തിൽ തുടക്കം കുറിച്ച ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1846 ൽ മാന്നാനത്ത് പ്രസ്സ് സ്ഥാപിച്ചു.

പ്രാർത്ഥനാ പുസ്തകങ്ങളാണ് ആദ്യം അച്ചടിച്ചത്. തുടർന്ന് ദീപിക, കർമ്മലകുസുമം, കുടുംബദീപം തുടങ്ങിയ പത്രമാസികകളും ആരംഭിച്ചു.

ദീപിക പത്രത്തിന്റെ ആരംഭം മലയാള പത്രങ്ങളുടെ ചരിത്രത്തിൽ പുതിയ അദ്ധ്യായം രചിക്കുകയായിരുന്നു. അച്ചടിയുടെ വികാസമാണ് മലയാള ഗദ്യസാഹിത്യത്തിന്റെ വികാസചരിത്രത്തിൽ പുതിയമാനങ്ങൾ നൽകുന്നത്.വിവിധ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട നിലയിൽ ഉപയോഗിച്ചിരുന്ന ഭാഷാപദങ്ങളെ ഒഴിവാക്കി മലയാളഗദ്യസാഹിത്യത്തിന് അടുക്കുംചിട്ടയും നൽകാനും എഴുത്തുഭാഷ ജനങ്ങളുടെ ആവശ്യഭാഷയായി മാറാനും ഇടനൽകി. അച്ചടിച്ച പ്രസിദ്ധീകരണങ്ങൾ വായിക്കണമെങ്കിൽ അക്ഷരം അറിഞ്ഞേമതിയാകുള്ളു എന്ന അവസ്ഥ സംജാതമായി. അക്ഷരപഠനത്തിന്റെ ആവശ്യകത ജനങ്ങളിൽ ഉദിപ്പിക്കാൻ ഇതു കാരണമായി, നാട്ടുഭാഷയായ മലയാളത്തെ നിലവാരഭാഷയായി മാറ്റാൻ പ്രധാന പങ്ക് വഹിച്ചത് അച്ചടിയാണ്. അച്ചടിഭാഷ ജനങ്ങളിൽ രൂഢമൂലമാക്കാനും അതിലൂടെ ജനകീയഭാഷ രൂപപ്പെടുത്തിയെടുക്കാനും പ്രധാന പങ്ക് വഹിച്ചവരിൽ ഒരാൾ ചാവറ കുര്യാക്കോസ് ഏലിയാസച്ചനായിരുന്നു.

കേരളത്തിലെ ക്രിസ്ത്യൻ ഭവനങ്ങളിൽ ഉപയോഗിച്ചു വരുന്ന *വണക്കമാസ* പുസ്തകങ്ങളുടെയും *കൊന്തനമസ്ക്കാര* പുസ്തകങ്ങളുടെയും എണ്ണം പരിശോധിക്കുമ്പോൾ സാധാരണ ജനങ്ങളിലേക്ക് അച്ചടി ഭാഷയെ സംക്രമിപ്പിക്കാൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നേതൃത്വത്തിൽ നടത്തിയ ശ്രമം വിജയമായിരുന്നുവെന്ന് കണ്ടെത്താൻ കഴിയുന്നു. മാന്നാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എല്ലാ പള്ളികളിലും പള്ളിക്കൂടങ്ങൾ തുടങ്ങണമെന്ന് നിർബന്ധപൂർവ്വം ആവശ്യപ്പെടുകയുണ്ടായി. തന്റെ ഈ നിർദ്ദേശം പാലിക്കാത്ത ഇടവക ദേവാലയങ്ങൾ അടച്ചിടുമെന്ന് കല്പനയിറക്കിച്ചു. ഇത് വൈജ്ഞാനിക മണ്ഡലത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാകലായിരുന്നു.

കേരളത്തിലെ പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂർ ഭാഗത്തെ വിദ്യാഭ്യാസ പുരോഗതിക്കും സാക്ഷരതാരംഗത്തെ വളർച്ചയ്ക്കും ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പരിശ്രമങ്ങൾ കാരണഭൂതമായി. അക്ഷരങ്ങളെ സ്വായത്തമാക്കുക യെന്ന സാക്ഷരതയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ ജനഹൃദയങ്ങളിൽ വേരോടിക്കു ന്നതിനും അക്ഷരജ്ഞാനത്തിലൂടെ പുതിയ അറിവിന്റെ മേഖലകളിലേക്ക് മലയാളിയെ കൊണ്ടെത്തിക്കുന്നതിനും ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്.

1: 7 *പാലാക്കുന്നേൽ വല്യച്ചന്റെ പരിശ്രമങ്ങൾ :* കേരള സുറിയാനി ക്രിസ്ത്യാനി കളുടെ ചരിത്രത്തിൽ സ്വന്തമായ വീക്ഷണഗതിയിലൂടെ സഭയെയും സമൂഹത്തെയും നോക്കിക്കാണുകയും വേദപ്രചാരണമെന്ന മുഖ്യലക്ഷ്യം വാക്കിലൂടെയും പ്രവർത്തിയിലൂടെയും നടപ്പിലാക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു പാലാക്കുന്നേൽ മത്തായി മറിയം കത്തനാർ (1831-1900) എന്ന പാലാക്കന്നേൽ വല്യച്ചൻ. പാലാക്കന്നേൽ വല്യച്ചന്റെ ഡയറികുറിപ്പുകളായ *നാളാഗമം* പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹിക സാംസ്കാരിക മത രാഷ്ട്രീയ ചരിത്ര പശ്ചാത്തലങ്ങളിലേക്ക് വെളിച്ചം വീശുന്ന കൈവിളക്കാണ്. 1857 മുതൽ 1896 വരെ യുള്ള നാൽപ്പതു വർഷത്തെ കേരള സുറിയാനി സഭാ ചരിത്രത്തിന്റെ വിലപ്പെട്ട ഒരു ഉറവിടമാണ് *നാളാഗമം*. മലയാള ഗദ്യസാഹിത്യത്തിന്റെ ഉദയ വികാസ ചരിത്രത്തിൽ പത്തൊൻപതാം നൂറ്റാണ്ടിൽ സ്വദേശിയായ മിഷനറി നാട്ടുകാര്യങ്ങൾ പറയുവാനും എഴുതുവാനും നാട്ടുഭാഷയെന്ന മലയാളം ഉപയോഗിച്ചിരുന്നുവെന്ന് നാളാഗമം തെളിയിക്കുന്നു.കോട്ടയം പബ്ലിക് ലൈബ്രറി യിൽ പാലാക്കുന്നേൽ വല്യച്ചൻ പതിവായി നടത്തിയിരുന്ന പൊതുകാര്യങ്ങളെ സംബന്ധിച്ച പ്രസംഗങ്ങളിൽ സാക്ഷരതാ പ്രവർത്തനത്തിന്റെ പ്രാധാന്യം പ്രത്യേകം സൂചിപ്പിക്കാറുണ്ടായിരുന്നു. ദളിത് വിഭാഗക്കാരുടെ വിദ്യാഭ്യാസവും

സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ പാലാക്കുന്നേൽ വല്യച്ചൻ ശ്രദ്ധ ചെലുത്തിയിരുന്നു.ക്രിസ്തുവിന്റെ സന്ദേശം പകർന്നു നൽകുന്നതിനായി സാധാരണജനങ്ങൾക്ക് അക്ഷരജ്ഞാനം ആവശ്യമായി വന്നു. ഇതിനായി സ്വീകരിച്ച മാർഗ്ഗം ഫലത്തിൽ സാക്ഷരതാപ്രവർത്തനമായിരുന്നു.ഇതിന്റെ ഭാഗമായി സാധാരണ ജനവിഭാഗങ്ങളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു.

1: 8 *പേട്ടയിൽ രാമൻപിള്ള ആശാന്റെ സംഭാവന :* കേരളം സ്വാതന്ത്ര്യം പ്രാപിക്കുന്നതിനുമുമ്പ് സ്ത്രീ വിദ്യാഭ്യാസം സംബന്ധിച്ച് ശബ്ദമുയർത്തിയ വ്യക്തിയാണ് പേട്ടയിൽ രാമൻപിള്ള ആശാൻ (1841– 1937). ജില്ലാകോടതിയിൽ ഗുമസ്തൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം വയോജനവിദ്യാഭ്യാസരംഗത്തും സ്ത്രീ സാക്ഷരതാരംഗത്തും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. തിരുവനന്തപുരത്ത് പേട്ടയിൽ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയം തെക്കൻ കേരളത്തിലെ സാമാന്യജനങ്ങളെ സാക്ഷരരാക്കുന്നതിൽ വലിയ പങ്ക് വഹിക്കുകയുണ്ടായി.

കേരളീയരുടെ വാണിജ്യ വൈമുഖ്യത്തെപ്പറ്റിയും ഭക്ഷണരീതികളെപ്പറ്റിയും സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റിയും മറ്റും പേട്ടയിൽ രാമൻപിള്ള ആശാൻ തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറിയിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന നാളുകളിൽ നടത്തിയ പ്രസംഗങ്ങൾ പിൽക്കാലത്ത് ലഘുപുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും തെക്കൻകേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശിയായിരുന്നു പേട്ടയിൽ രാമൻപിള്ള ആശാൻ. തെക്കൻകേരളത്തിൽ വയോജനവിദ്യാഭ്യാസരംഗത്ത് ഗുണകരമായ ചലനങ്ങൾ സൃഷ്ടിക്കാനും സാമൂഹിക പരിഷ്ക്കരണ രംഗത്തും സ്ത്രീശാക്തീകരണരംഗത്തും ഇദ്ദേഹം പ്രത്യേക ശ്രദ്ധ ചെലുത്തി.

1: 9 *മധുരവനം കൃഷ്ണക്കുറുപ്പിന്റെ സംഭാവന :* ഭാഷാടിസ്ഥാനത്തിൽ 1956 ൽ കേരളം രൂപീകൃതമാകുന്നതിനുമുമ്പ് മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. സ്വാതന്ത്ര്യത്തിനുമുമ്പ് ബ്രിട്ടീഷ് ഭരണത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്ന മലബാറിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ ഗ്രാമീണ ഗ്രന്ഥശാലകൾക്ക് തുടക്കം കുറിച്ചിരുന്നു. ദേശീയ പ്രസ്ഥാനങ്ങളുടെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെയും ഇടപെടലുകൾ മലബാർ മേഖലയിൽ പുതിയ ചിന്താധാര സൃഷ്ടിക്കപ്പെട്ടു. തലശ്ശേരി ഇല്ലിക്കുന്നിൽ ജർമ്മൻകാരനായ ഹെർമ്മൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച മലയാളഭാഷാ പരിഷ്ക്കരണ ശ്രമങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളും മാസികകളുടെ ആരംഭവും എല്ലാംതന്നെ ജനതയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ജനിപ്പിക്കുന്നതായിരുന്നു. ഹിന്ദുമതവിശ്വാസികളെ ഇക്കാലത്ത് സ്വാധീനിച്ച മതനവീകരണ പ്രസ്ഥാനങ്ങളായിരുന്നു ബ്രഹ്മസമാജം, ആനന്ദമതം,വാഗ്ഭടാനന്ദപ്രസ്ഥാനം, തിയോസഫിപ്രസ്ഥാനം ആര്യസമാജം, ശ്രീരാമകൃഷ്ണ പ്രസ്ഥാനം തുടങ്ങിയവ. ആശയചർച്ചകൾക്കും പ്രസംഗങ്ങൾക്കും മതനവീകരണ പ്രസ്ഥാനങ്ങൾ പ്രാധാന്യം നൽകി. ഇവ പുതിയൊരു സംഘടനാബോധം മലബാറിലെ അഭ്യസ്തവിദ്യർക്കു നൽകി. ഈ സംഘടനാബോധത്തിന്റെ സംഭാവനയാണ് മധുരവനം കൃഷ്ണക്കുറുപ്പ്.

മലബാർ മേഖലയിൽ വായനാശീലം വളർത്തുന്നതിനും പുതിയ ഗ്രന്ഥശാലകൾ ആരംഭിക്കുന്നതിനും വയോജനവിദ്യാഭ്യാസത്തിലൂടെ ഗ്രാമീണരായ നിരക്ഷരരെ സാക്ഷരരാക്കുന്നതിനും മധുരവനം കൃഷ്ണക്കുറുപ്പ് മുന്നിൽ നിന്നു പ്രവർത്തിച്ചു. കോഴിക്കോട് ഗണപതി ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന മധുരവനം കൃഷ്ണക്കുറുപ്പ് അഖിലകേരളാ ഖാദിപ്രവർത്തക സമിതി,കേരള ചരിത്രപരിഷത്ത്, മലബാർ വയോജന വിദ്യാഭ്യാസ സംഘടന തുടങ്ങിയവയുടെ മുഖ്യ കാര്യദർശിയായിരുന്നു.

"സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കാൻ യത്നിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ,"[20] എന്ന വിശേഷണം തീർത്തും ശരിവയ്ക്കുന്നതായിരുന്നു ദേശീയവാദിയും ഗാന്ധീയനുമായ മധുരവനം കൃഷ്ണക്കുറുപ്പിന്റെ പ്രവർത്തനങ്ങൾ.

1: 10 *പി.എൻ.പണിക്കരുടെ സംഭാവന :* കേരളത്തിലെ ഗ്രന്ഥശാലാസംഘത്തിന് ഏകീകൃത സ്വഭാവം നൽകി വളർത്തിയെടുക്കുന്നതിൽ ഏറ്റവും മുൻനിരയിൽ നിന്നു പ്രവർത്തിച്ച വ്യക്തിയായിരുന്നു പി.എൻ. പണിക്കർ (19009-1995). കേരളത്തിലെ ഗ്രന്ഥശാലാസംഘത്തിന്റെയും കേരള അനൗപചാരികവിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) യുടെയും ചരിത്രം പി.എൻ.പണിക്കരുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ചരിത്രത്തിൽ ഗണ്യമായ സംഭാവനകൾ നൽകിയ പി.എൻ.പണിക്കർ വയോജനവിദ്യാഭ്യാസത്തെയും സാക്ഷരതാപ്രവർത്തനത്തെയും ജീവിതചര്യയാക്കി മാറ്റിയ വ്യക്തിയാണ്. മലയാളികളിൽ നിരക്ഷരത ഇല്ലാതാക്കാൻ നടത്തിയ സംഘടിതശ്രമങ്ങളിൽ പ്രധാന പങ്ക് വഹിച്ചത് പി.എൻ. പണിക്കരായിരുന്നു. 1970ൽ ഗ്രന്ഥശാലാസംഘം സാക്ഷരതാരംഗത്തേയ്ക്ക് തിരിയുകയും *വായിച്ചുവളരുക* എന്ന മുദ്രാവാക്യത്തെ *എഴുത്തുപഠിച്ചു കരുത്തു നേടുക* എന്നാക്കി മാറ്റുകയും ചെയ്തതിനു പിന്നിൽ പ്രവർത്തിച്ച പ്രധാന വ്യക്തികളിൽ ഒരാളായിരുന്നു പി.എൻ.പണിക്കർ. സാക്ഷരതാ പ്രവർത്തനങ്ങൾക്കായി സാക്ഷരതാപാഠാവലിയും നവസാക്ഷരർക്കായി പ്രത്യേക സാഹിത്യസൃഷ്ടികളും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുറത്തിറക്കി. 1972 ൽ നവസാക്ഷരർക്കായി പി.എൻ.പണിക്കരുടെ നേതൃത്വത്തിൽ *സാക്ഷരകേരളം* എന്ന പ്രസിദ്ധീകരണം തുടങ്ങി.

സാക്ഷരതാരംഗത്ത് താൻ ഏറ്റെടുത്ത ദൗത്യം പൂർത്തിയാക്കുന്നതിനായി 1977 ൽ കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) രൂപീകരിച്ചു.

1978 ൽ കേരളാ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രധാനചുമതലക്കാരൻ എന്നനിലയിൽ പ്രവർത്തിച്ച ഇദ്ദേഹം സാക്ഷരതാസാഹിത്യരചനകൾക്ക് പ്രത്യേക പ്രാധാന്യം നൽകി. സാക്ഷരതാപ്രവർത്തനത്തിനും സാക്ഷരതാസാഹിത്യത്തിനും പുതിയദിശാബോധം നൽകി വളർത്തിയെടുക്കുന്നതിന് പി.എൻ.പണിക്കർ ഉന്നതമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്.

1: 11 *പി.ടി.ഭാസ്ക്കരപ്പണിക്കരുടെ സംഭാവന* : കേരളത്തിൽ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ വിദ്യാഭ്യാസ മണ്ഡലങ്ങളിൽ മൗലീകമായ മാറ്റങ്ങൾ വരുത്തി പലപ്രസ്ഥാനങ്ങളുടെയും തുടക്കത്തിനും വളർച്ചയ്ക്കും കാരണഭൂതനായ വ്യക്തിയാണ് പി.ടി.ഭാസ്ക്കരപ്പണിക്കർ (1921-1997). അദ്ധ്യാപകൻ, മലബാർ ഡിസ്ട്രിക്ട്ബോർഡ് ചെയർമാൻ, പി.എസ്.സി അംഗം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് തർജ്ജിമ പദ്ധതിയുടെ മേധാവി എന്നീ നിലകളിലും പി.ടി.ഭാസ്ക്കരപ്പണിക്കർ പ്രവർത്തിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം എന്ന പദം കേരളീയ ജനതയിൽ രൂഢമൂലമാകുന്നതിന് വർഷങ്ങൾക്ക് മുമ്പു തന്നെ രാഷ്ട്രീയത്തിന് അതീതമായ കാഴ്ചപ്പാടോടെ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കാമെന്ന് മലബാർ ഡിസ്ട്രിക്ട് ബോർഡ് ചെയർമാനായിരുന്ന കാലത്ത് പി.ടി.ഭാക്കരപ്പണിക്കർ തെളിയിച്ചിരുന്നു.

സാക്ഷരതാപ്രസ്ഥാനം, ബാലസാഹിത്യം, അധികാര വികേന്ദ്രീകരണം ഗ്രന്ഥശാലാപ്രസ്ഥാനം,ഗ്രാമകലാസമിതികൾ,ശാസ്ത്രബോധ പ്രസ്ഥാനങ്ങൾ, നവസാക്ഷരസാഹിത്യം തുടങ്ങിയ നിരവധി മേഖലകളിൽ പി.ടി.ഭാസ്ക്കര പ്പണിക്കർ കേരളത്തിനു നൽകിയ സംഭാവന അതുല്യമാണ്. കേരളത്തിലെ ഗ്രന്ഥശാലാ സംഘത്തിന്റെ ഏകീകരണത്തിലും വളർച്ചയിലും പി.ടി.ഭാസ്ക്കര പ്പണിക്കർ നടത്തിയിട്ടുള്ള സേവനങ്ങളെ സംബന്ധിച്ച് രണ്ട് പക്ഷമുണ്ടാവില്ല. ഗ്രന്ഥശാലാ സംഘത്തിലൂടെ ഗ്രാമീണ ജനതയിൽ വായനാശീലം വളർത്താൻ ശ്രമിച്ച അദ്ദേഹം സാക്ഷരതാപ്രവർത്തന രംഗത്ത് പുതിയ കാഴ്ചപ്പാടുകൾ

അവതരിപ്പിച്ചു. കേരള ഗ്രന്ഥശാലാസംഘത്തിന്റെ പ്രസിഡന്റായി പി.ടി.ഭാസ്കരപ്പണിക്കർ കടന്നുവന്നതോടുകൂടി വിവിധമേഖലകളിലേക്ക് ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. 1970 ൽ ഗ്രന്ഥശാലാസംഘം നടത്തിയ വായനാ സർവേയിലൂടെ നിരക്ഷരരെ കണ്ടെത്തുന്നതിനും സാക്ഷരതാപ്രവർത്തനം ഗ്രന്ഥശാലാസംഘത്തിന്റെ മുഖ്യപ്രവർത്തനങ്ങളിലൊന്നായി മാറ്റാനും ക്രാന്തദർശിയായ പി.ടി. ഭാസ്കരപ്പണിക്കർ നേതൃത്വം നൽകി. സാക്ഷരതാപ്രവർത്തനങ്ങൾക്കാവശ്യമായ പ്രൈമറുകൾ തയ്യാറാക്കുന്നതിനും സാക്ഷരത നേടിയ നവസാക്ഷരർക്കായി പ്രത്യേക സാഹിത്യസൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനും നേതൃത്വം നൽകി. സാക്ഷരതാപ്രവർത്തനങ്ങളിൽ മുന്തിയ പരിഗണന നൽകുന്ന കേരള അനൗപചാരിക വിദ്യാഭ്യാസവികസനസമിതി (കാൻഫെഡ്) യുടെ രൂപീകരണത്തിലും വളർച്ചയിലും മുഖ്യ പങ്ക് വഹിച്ചവരിൽ ഒരാളായിരുന്നു പി.ടി. ഭാസ്കരപ്പണിക്കർ.

ശാസ്ത്രസാഹിത്യപരിഷത്തിന്റെ പൂർവ്വധാരയെന്ന് വിശേഷിപ്പിക്കാവുന്ന ശാത്രസാഹിത്യസമിതി ഒറ്റപ്പാലത്തു നടത്തിയ ശാസ്ത്രാവബോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതും പി.ടി. ഭാസ്കരപ്പണിക്കർ തന്നെയായിരുന്നു. ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രസിഡന്റും സെക്രട്ടറിയുമായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഗ്രാമീണ കലാസമിതികളിലൂടെ നാടകങ്ങൾ അരങ്ങേറിയും കലാരൂപങ്ങൾ ഗ്രാമീണജനതയ്ക്ക് പരിചയപ്പെടുത്തിയും ഗ്രാമീണ കൂട്ടായ്മകൾ സൃഷ്ടിച്ചും സാമൂഹിക ബന്ധത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും പുതിയരീതികൾ പ്രായോഗികമാക്കിയ ഇദ്ദേഹം സാഹിത്യരംഗത്ത് സ്വന്തമായ പ്രവർത്തനപന്ഥാവ് വെട്ടിത്തുറന്നു. *നവസാക്ഷരസാഹിത്യരചന* എന്ന പുസ്തകം മലയാളത്തിനു നൽകിയ പി.ടി. ഭാസ്കരപ്പണിക്കർ നിരവധി സാക്ഷരതാ സാഹിത്യരചനകൾ നടത്തിയിട്ടുണ്ട്. ജനങ്ങളുടെ അഭിരുചിക്കിണങ്ങുന്ന സാഹിത്യ രചനാരംഗത്ത് പ്രാത:സ്മരണീയനായ വ്യക്തിയാണ് പി.ടി.ഭാസ്കരപ്പണിക്കർ.

1: 12 *കേരള അനൗപചാരിക വിദ്യാഭ്യാസവികസനസമിതി (കാൻഫെഡ്):* കേരളത്തിൽ സംഘടിത സാക്ഷരതാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പ്രധാനപ്പെട്ട സ്ഥാപനങ്ങളിലൊന്നാണ് കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്). അനൗപചാരിക വിദ്യാഭ്യാസരംഗത്ത് മാതൃകകൾ സൃഷ്ടിക്കാൻ കഴിഞ്ഞ സ്ഥാപനമാണ് കാൻഫെഡ്. 1977 ൽ പി.എൻ.പണിക്കർ, പി.ടി.ഭാസ്ക്കരപ്പണിക്കർ, എന്നിവരുടെ നേതൃത്വത്തിൽ രൂപീകൃതമായ ഈ സന്നദ്ധസംഘടനയിലെ ആദ്യകാല പ്രവർത്തകരായിരുന്നു തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി, എൻ.പി.പിള്ള, ലക്ഷ്മി എൻ.മേനോൻ, കെ രവീന്ദ്രനാഥൻ, കെ ശിവദാസൻ പിള്ള, എൻ.ഡി ജോഷി എന്നിവർ.

സാക്ഷരതാപ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പ്രവർത്തിച്ച കാൻഫെഡ് സാക്ഷരതാപാഠാവലികളും നവസാക്ഷരപുസ്തകങ്ങളും പുറത്തിറക്കി. "കേരളം സമ്പൂർണ്ണസാക്ഷരത കൈവരിക്കുന്നതിനുമുമ്പ് നൂറ്റിതൊണ്ണൂറ് സാക്ഷരതാപുസ്തകങ്ങൾ കാൻഫെഡ് പ്രസിദ്ധീകരിച്ചു."[21] കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിലൂടെ സാക്ഷരതാപ്രവർത്തനത്തിന് നടുനായകത്വം വഹിച്ചവർ തന്നെ കാൻഫെഡ് സ്ഥാപിച്ച് പ്രധാന അജണ്ടയായി സാക്ഷരതാ പ്രവർത്തനത്തെ ഏറ്റെടുത്തു. കേരളത്തിലെ നിരക്ഷരതാനിർമ്മാർജ്ജന രംഗത്ത് ശക്തിപകരുന്ന ഒന്നായിരുന്നു കാൻഫെഡിന്റെ പ്രവർത്തനങ്ങൾ.

1: 13 *സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ സംഭാവന :* നിരക്ഷരതാനിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് 1978 ൽ ദേശീയ വയോജനവിദ്യാഭ്യാസനയം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി സന്നദ്ധസംഘടനകളെയും യൂണിവേഴ്സിറ്റി കളെയും സാക്ഷരതാപ്രവർത്തനത്തിൽ പങ്കാളികളാക്കാൻ ദേശീയ വയോജന വിദ്യാഭ്യാസനയം ലക്ഷ്യമിട്ടിരുന്നു. നിരക്ഷരതാനിർമ്മാർജ്ജന പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിഭവശേഷി സമാഹരിക്കുന്നതിനും പരിശീലനപരിപാടി

സംഘടിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററുകൾ ആരംഭിച്ചു. 1978 ൽ കേരളത്തിലും സ്റ്റേറ്റ് റിസോഴ്സ് സെന്റർ തുടങ്ങി. കേന്ദ്ര സർക്കാർ നിയന്ത്രണത്തിൽ ആരംഭിച്ച വയോജനവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിലാണ് സ്റ്റേറ്റ് റിസോഴ്സ് സെന്ററുകൾ ആരംഭിച്ചത്. കേരളത്തിൽ ആരംഭിച്ച സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വം കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) യ്ക്കായിരുന്നു.

കാൻഫെഡിന്റെ നേതൃത്വത്തിൽ അനൗപചാരിക വിദ്യാഭ്യാസത്തിലും സാക്ഷരതാപ്രവർത്തനത്തിലും ധാരാളം പരിപാടികൾ കേരളത്തിൽ നടന്നു. അനൗപചാരിക സാക്ഷരതാ തുടർവിദ്യാഭ്യാസപ്രവർത്തനങ്ങളിൽ പങ്കാളികാളാകുന്ന വിവിധ തരത്തിലും തലത്തിലുമുള്ള വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുക, പഠന-ബോധന പരിശീലന ഉപകരണങ്ങൾ തയ്യാറാക്കുക, പ്രസിദ്ധീകരിക്കുക, സാക്ഷരതാപ്രവർത്തനങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നിവ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ചുമതലയായിരുന്നു. അനൗപചാരിക സാക്ഷരതാപ്രവർത്തനങ്ങൾക്ക് ആവശ്യമായ സെമിനാറുകൾ, ശില്പശാലകൾ, ചർച്ചകൾ, ദിനാചരണങ്ങൾ എന്നിവ നടത്തുക, കാലാനുസൃതമായ രീതിയിൽ അനൗപചാരിക സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ പുനർക്രമീകരിക്കുക തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഏറ്റെടുത്ത് നടപ്പിലാക്കി.

കലാജാഥകൾ, തെരുവുനാടകങ്ങൾ, കോർണർയോഗങ്ങൾ, പൊതുയോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ പ്രദർശനങ്ങൾ കാൽനടജാഥകൾ, വാഹനജാഥകൾ തുടങ്ങി സാക്ഷരതാപ്രവർത്തനങ്ങൾക്ക് അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനുള്ള കർമ്മ പരിപാടികൾ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി. കണ്ണൂർ ജില്ലയിലെ *ഏഴോം* എന്ന ഗ്രാമപഞ്ചായത്തിൽ നടത്തിയ സമ്പൂർണ്ണ സാക്ഷരതാ പരിപാടിയുടെ വിജയം സാക്ഷരതാരംഗത്ത്

പുത്തൻ ഉണർവ് സൃഷ്ടിച്ചു. സാക്ഷരതാപഠിതാക്കൾക്കായി വിവിധ തരത്തിലുള്ള പാഠാവലികളും നവസാക്ഷരർക്കായി പ്രത്യേകം തയ്യാറാക്കിയ പുസ്തകങ്ങളും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പൊൻതൂവലുകളാണ്. ബഹുജനപാഠാവലി, സമൂഹപാഠാവലി, കൃഷിപാഠാവലി, ഗാന്ധിയൻ പാഠാവലി, ഗിരിജനപാഠാവലി, തുടങ്ങിയ പാഠാവലികളും കൈപ്പുസ്തകങ്ങൾ, പരിശീലനപുസ്തകങ്ങൾ, വർക്ക് ബുക്കുകൾ, ദ്വൈവാരികകൾ, ലഘുലേഖകൾ, ആഡിയോ കാസെറ്റുകൾ, ഗിരിജന-പൈതൃകഗാനശേഖരങ്ങൾ തുടങ്ങി നിരക്ഷരതാനിർമ്മാർജ്ജനം ലക്ഷ്യമാക്കി ധാരാളം പ്രവർത്തനങ്ങൾ സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുകയുണ്ടായി.

1: 14 *കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ സംഭാവന* : ശാസ്ത്ര തത്വങ്ങളെ സാധാരണക്കാരായ മലയാളിക്ക് പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ 1962ൽ രൂപീകൃതമായ സംഘടനയാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പൂർവ്വ രൂപമായ കേരള ശാസ്ത്രസാഹിത്യസമിതി 1957 ൽ ഒറ്റപ്പാലത്ത് രൂപം കൊള്ളുകയുണ്ടായി. പി.ടി.ഭാസ്ക്കരപ്പണിക്കർ, എൻ.വി.കൃഷ്ണവാരിയർ എന്നിവരായിരുന്നു ശാസ്ത്ര സാഹിത്യസമിതിയുടെ നേതൃത്വം. ശാസ്ത്രത്തെ സാഹിത്യരൂപത്തിലാക്കി മാതൃഭാഷയിൽ അവതരിപ്പിക്കാൻ നടത്തിയ ശ്രമം ജനതയുടെ പുരോഗമന പരമായ വളർച്ചയ്ക്ക് സഹായകരമായി. സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ കഴിയുന്നവർക്കും ഉയർന്ന വിദ്യാഭ്യാസം സൃഷിടിച്ചവർക്കുമായി ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്തിരുന്ന ശാസ്ത്രവിഷയങ്ങൾ മലയാള ഭാഷയിലൂടെ ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുത്തുവെന്ന വിപ്ലവകരമായ പ്രവർത്തനമാണ് കേരള ശാസ്ത്രസാഹിത്യ സമിതിയും അതിന്റെ തുടർച്ച യെന്ന് വിശേഷിപ്പിക്കാവുന്ന കേരള ശാസ്ത്രസാഹിത്യ പരിഷത്തും ചെയ്തത്.

ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്തി ജീവിതരീതിയിലും ചിന്താധാരയിലും മൗലീകമായ മാറ്റം വരുത്താൻ പര്യാപ്തമായ നിരവധി കർമ്മപരിപാടികൾ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടപ്പിലാക്കി. 1973 ലെ വാർഷിക സമ്മേളനത്തിൽ അംഗീകരിച്ച *സാമൂഹികവിപ്ലവത്തിന് സയൻസ്* എന്ന മുദ്രാവാക്യം പരിഷത്തിന്റെ മനോഭാവം വിളിച്ചറിയിക്കുന്നു. സാമൂഹികവിപ്ലവത്തിന് സയൻസിനെ ഉപയോഗിക്കണമെങ്കിൽ സമൂഹത്തിന് മനസ്സിലാകുന്ന ഭാഷയിൽസയൻസിനെ അവതരിപ്പിക്കേണ്ടി വരും. കേരളീയ സമൂഹത്തിലെ ജനങ്ങൾ ഉപയോഗിച്ചു പോരുന്ന മലയാളഭാഷയിലൂടെ ശാസ്ത്രത്തെ പ്രചരിപ്പിച്ച് സാമൂഹികവിപ്ലവം നേടുകയെന്ന ലക്ഷ്യം പരിഷത്ത് സ്വീകരിച്ചതിലൂടെ സാധാരണ ജനങ്ങളിലേക്ക് സയൻസിന്റെ തത്ത്വങ്ങളെ സംക്രമിപ്പിക്കുവാൻ കഴിഞ്ഞു.

വിദേശഭാഷയിൽ എഴുതപ്പെട്ട ബൈബിളിനെ മലയാളിക്ക് മനസ്സിലാകുന്ന മലയാളത്തിലാക്കി കേരളീയ സമൂഹത്തിൽ ഭാഷാപരവും ചിന്താപരവുമായ നവോത്ഥാനത്തിന് സുവിശേഷകർ തുടക്കം കുറിച്ചതിന് ഏതാണ്ട് സമാനമായിരുന്നു വിദേശഭാഷയിൽ പ്രചരിച്ചിരുന്ന ശാസ്ത്രത്തെ കേരളീയ സമൂഹത്തിന് മനസ്സിലാകുന്ന മലയാളത്തിലൂടെ പ്രചരിപ്പിക്കാൻ നടത്തിയ ശ്രമം. ഒന്ന് വിദേശ സുവിശേഷകരാണ് ചെയ്തതെങ്കിൽ രണ്ടാമത്തേത് കേരളീയർ തന്നെ ചെയ്തു. രണ്ടും എന്തിനുവേണ്ടി ചെയ്തു എന്നതിലേക്കാളേറെ മലയാളഭാഷയുടെ വളർച്ചയ്ക്ക് കരുത്തു പകർന്നു എന്നതാണ് പ്രധാനം. ഭാഷയെ വളർത്തുകയെന്നതായിരുന്നില്ല രണ്ടിന്റെയും ആത്യന്തിക ലക്ഷ്യം. എങ്കിലും ഫലത്തിൽ ഭാഷയുടെ വളർച്ചയ്ക്കും സാമൂഹിക നവോത്ഥാനത്തിനും ഈ പ്രവർത്തനങ്ങൾ കാരണമായി. മിഷനറിമാരുടെ പ്രവർത്തനഫലമായി വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായെങ്കിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനത്തിലൂടെ സാക്ഷരതാവയോജനവിദ്യാഭ്യാസ രംഗത്ത് നൂതന അദ്ധ്യായങ്ങൾ വെട്ടിത്തുറന്നു.

ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ 1977 ൽ സംഘടിപ്പിച്ച ശാസ്ത്ര സാംസ്കാരികജാഥയും തുടർന്നു നടത്തിയ ശാസ്ത്ര കലാജാഥയും ശാസ്ത്രാവബോധത്തെ കലയോടും സംസ്കാരത്തോടും എങ്ങനെ ബന്ധിപ്പിക്കാമെന്ന തെളിവുകൾ ആയിരുന്നു.

"നാടുചുറ്റി ഊരുചുറ്റി പാടിയാടിപ്പോകുവോരെ
നാടുണർന്ന കഥയൊന്നു പാടിത്തരാമോ?
ഒന്നു പാടിത്തരാമോ
മലനിരകൾ മൂടിചൂടിയ
അലകടലിൻ പുടവ ചുറ്റിയ
മലനാടിൻ കഥയൊന്നു പാടിത്തരാമോ?
ഒന്നു പാടിത്തരാമോ?" [22]

ശാസ്ത്രാവബോധം ജനങ്ങളിൽ പ്രചരിപ്പിക്കാൻവേണ്ടി ആരംഭിച്ച ശാസ്ത്ര സാംസ്കാരിക കലാജാഥയും കേരളത്തിലെ ജനങ്ങളെ മനാസികമായി പങ്കെടുപ്പിക്കാൻ സഹായിക്കുന്ന നാടൻപാട്ടുകളും കവിതകളും വാമൊഴികളും ഉപയോഗിച്ചിരുന്നു. സാധാരണക്കാരിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതോടൊപ്പം വായനാശീലം വളർത്താനും ജാഥയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും കഴിഞ്ഞു എന്നതിന്റെ തെളിവാണ് വിറ്റഴിഞ്ഞ പരിഷത്ത് പുസ്തകങ്ങളുടെ എണ്ണം. കേരളത്തിലെ സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനങ്ങളുടെ മുഖ്യസൂത്രധാരകരായിരുന്ന ശാസ്ത്രസാഹിത്യ പരിഷത്ത് നവസാക്ഷരർക്കായി *നവസാക്ഷരസാഹിത്യമാല* എന്ന പേരിൽ നവസാക്ഷരസാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചിരുന്നു.

1: 15 *പ്രവൃത്യുന്മുഖ സാക്ഷരതാപ്രസ്ഥാനം :* സാക്ഷരതാ വയോജനവിദ്യാഭ്യാസ രംഗത്ത് ഔദ്യോഗിക തലത്തിൽ ആരംഭിച്ച പ്രവർത്തനമാണ് പ്രവൃത്യുന്മുഖ സാക്ഷരതാ പ്രസ്ഥാനം. സാക്ഷരതാ വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങളെ

വൈവിധ്യമാർന്ന മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും അതാതു മേഖലകളിലെ തൊഴിലുമായി ബന്ധപ്പെടുത്തി സാക്ഷരത ആർജ്ജിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസ ദർശനം 1950 കളിൽ ലോകത്തിന്റെ പലഭാഗത്തും പ്രത്യക്ഷപ്പെട്ടു. ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. നിരക്ഷരതാനിർമ്മാർജ്ജനത്തിനും പൗരബോധം വളർത്തുന്നതിനുമായി ഒരു സാമൂഹികവിദ്യാഭ്യാസ പരിപാടി സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ആരംഭിച്ചു. ദേശീയതയും പൗരബോധവും വളർത്തി നിരക്ഷരതാനിർമ്മാർജ്ജനം നടപ്പിലാക്കുകയായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടത്. വയോജനവിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കൂട്ടുത്തരവാദിത്വത്തിൽ ഉള്ളതാണെന്ന ഇന്ത്യൻ ഭരണഘടനയിൽ പറയുന്നുണ്ട്.

യുനെസ്കോയുടെ നേതൃത്വത്തിൽ 1949 ൽ ആഗോള വയോജനവിദ്യാഭ്യാസ ചർച്ചാസമ്മേളനം ഡെന്മാർക്കിൽ നടത്തുകയുണ്ടായി. ജനതയുടെ വികസനത്തിന് വയോജനവിദ്യാഭ്യാസത്തിന്റെ പങ്കിനെക്കുറിച്ച് പ്രസ്തുത സമ്മേളനം ഗൗരവമായി ചർച്ച ചെയ്തിരുന്നു. പ്രവൃത്യുന്മുഖസാക്ഷരതയെ സംബന്ധിച്ച സൂചനകൾ ആഗോള ചർച്ചയിൽ ഉണ്ടായിരുന്നെങ്കിലും 1956 ൽ വില്യംഗ്രേയാണ് പ്രവൃത്യുന്മുഖ സാക്ഷരതാ പരിപാടിയ്ക്ക് അംഗീകൃത നിർവ്വചനം നൽകിയത്. "ഒരാൾ പ്രവൃത്യുന്മുഖ സാക്ഷരനെന്നു പറഞ്ഞാൽ അറിവിലും എഴുത്തിലും വായനയിലുമുള്ള കഴിവു നേടുകയും ആ കഴിവ് താൻ ബന്ധപ്പെടുന്ന എല്ലാ പ്രവർത്തനത്തിലും പ്രതിഫലിപ്പിക്കുകയും ചെയ്താൽ അത് അയാൾ നേടിയ സാക്ഷരതയുടെ സംസ്കാരമായി എടുത്തു പറയാൻ കഴിയും."[23]

വയോജനവിദ്യാഭ്യാസത്തെ സംബന്ധിച്ച രണ്ടാമത്തെ ആഗോള സമ്മേളനം 1960 ൽ ക്യാനഡയിൽ നടന്നു. ഉല്പാദനക്ഷമവും വികസനോന്മുഖവുമായ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് സാക്ഷരതാപ്രവർത്തനം നടത്തേണ്ടുന്നതിന്റെ പ്രധാന്യം വ്യക്തമാക്കുന്നതായിരുന്നു ഈ സമ്മേളനം. നിരക്ഷരതാ നിർമ്മാർജ്ജനം

എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസമന്ത്രിമാരുടെ ആഗോളസമ്മേളനം 1965 സെപ്റ്റംബർ 5 മുതൽ 8 വരെ ടെഹ്റാനിൽ നടക്കുകയുണ്ടായി. സമ്മേളനത്തിന്റെ സമാപനദിനമായ സെപ്റ്റംബർ 8 ലോകസാക്ഷരതാദിനമായി എല്ലാവർഷവും ആചരിക്കാൻ തീരുമാനമായി. സാമ്പത്തിക സാമൂഹിക വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി സാക്ഷരതാപരിപാടിയെ തൊഴിലുമായി ബന്ധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

"ദേശീയ ആസൂത്രണ കമ്മീഷൻ 1965 ൽ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ വികസനപദ്ധതികൾ പരാജയപ്പെടുന്നതും കുടുംബക്ഷേമം, കൃഷി, സഹകരണം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ വിജയിക്കാത്തതും ഭൂരിപക്ഷം ജനങ്ങൾക്കും പ്രവൃത്യുന്മുഖ സാക്ഷരയില്ലാത്തതുകൊണ്ടാണെന്ന് വ്യക്തമാക്കുന്നു."[24] തൊഴിൽ രംഗത്ത് അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനും ഉല്പാദനക്ഷമത കൂട്ടുന്നതിനും വേണ്ടി ആരംഭിച്ച പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടി സമൂഹത്തിൽ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായി. സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ശാക്തീകരണത്തിനും സാമൂഹിക മാറ്റത്തിനും പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടി സഹായകരമായി.വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും ആർജ്ജിക്കുന്ന വൈദഗ്ദ്ധ്യവും വിജ്ഞാനവുമാണ് വയലിൽ കർഷകരുടെയും ഫാക്ടറിയിൽ തൊഴിലാളികളുടെയും ഉല്പാദനക്ഷമത എടുത്തുകാണിക്കുന്നത്. പ്രവൃത്യുന്മുഖ സാക്ഷരതയുമായി ബന്ധപ്പെട്ട് നിരവധി സാക്ഷരതാസാഹിത്യ കൃതികൾ മലയാളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഇവ കേരളത്തിലെ സാക്ഷരതാപ്രവർത്തനത്തിന് ഏറെ സഹായകരമായി.

1 : 16 *ജനബോധന സാക്ഷരതായജ്ഞം-കോട്ടയം :* കോട്ടയം നഗരത്തെ സമ്പൂർണ്ണ സാക്ഷരതാപട്ടണമായി മാറ്റുന്നതിന് 1989 ൽ ഔദ്യോഗികതലത്തിൽ നടത്തിയ സാക്ഷരതാപ്രവർത്തനമാണ് ജനബോധന സാക്ഷരതായജ്ഞം- കോട്ടയം(പെൽക്ക്).

മഹാത്മാഗാന്ധി സർവ്വകലാശാലയും കോട്ടയം ജില്ലാ ഭരണകൂടവും കോട്ടയം നഗരസഭയും സംയുക്തമായി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാനഗരമായി കോട്ടയം മാറി. നൂറ് ദിവസം കൊണ്ട നൂറ് ശതമാനം സാക്ഷരത എന്ന മുദ്രാവാക്യവുമായി 1989 മാർച്ച് 4ന് ആരംഭിച്ച് ജൂൺ 12ന് അവസാനിക്കുകയും ജൂൺ 25ന് കോട്ടയം സമ്പൂർണ്ണ സാക്ഷരതാനഗരമായി പ്രഖ്യാപിക്കുകയും ചെയ്തു. കോട്ടയം നഗരത്തെ സമ്പൂർണ്ണ സാക്ഷരതാനഗരമായി മാറ്റാൻ നടത്തിയ ഈ പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള ഗാനങ്ങൾ ഉപയോഗിച്ചിരുന്നു. സാക്ഷരതാ പ്രവർത്തനരംഗത്ത് പുതിയ സമീപന ത്തിന്റെ വിജയംകൂടിയാണ് ഇത്.

1: 17 *വെളിച്ചമേ നയിച്ചാലും :* ഔദ്യോഗികതലത്തിൽ കേരളത്തിൽ നടന്ന പ്രധാന പ്പെട്ട ഒരു സാക്ഷരതാപ്രവർത്തനമാണ് എറണാകുളംജില്ലയെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച *വെളിച്ചമേ നയിച്ചാലും* എന്ന പദ്ധതി. ജില്ലാ ഭരണകൂടത്തിന്റെയും പ്രാദേശിക ഭരണസ്ഥാപ നങ്ങളുടെയും വിവിധ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവന ക്കാരുടെയും സന്നദ്ധ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രവർത്ത കരുടെയും ശാസ്ത്രസാഹിത്യ പരിഷത്തടക്കമുള്ള സന്നദ്ധസംഘടനകളുടെയും കൂട്ടായ പ്രവർത്തനങ്ങളുടെ വിജയമാണ് എറണാകുളം ജില്ലയെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയാക്കി മാറ്റിയത്.

എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതാജില്ലയാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് 1989 ജനുവരി 26ന് തുടക്കംകുറിച്ചു. *വെളിച്ചമേ നയിച്ചാലും* എന്ന പേരിൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാപരിപാടി 1990 ജനുവരി 26ന് ലക്ഷ്യം പൂർത്തീകരിക്കുകയും 1990 ഫെബ്രുവരി 4ന് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി എറണാകുളത്തെ ഔദ്യോഗി കമായി പ്രഖ്യാപിച്ചു. എറണാകുളം ജില്ലയെ സമ്പൂർണ്ണ സാക്ഷരതയിൽ

എത്തിക്കുന്നതിനായി *അക്ഷരംപാഠാവലി* ഉപയോഗിക്കുകയുണ്ടായി. ജനങ്ങളെ ആകർഷിക്കുന്നതിനായി *അക്ഷരകലാജാഥകളും* സംഘടിപ്പിച്ചു. ഇതിനായി പ്രത്യേകപാട്ടുകൾ തയ്യാറാക്കി. ഇന്ത്യയിലെ സാക്ഷരതാ പ്രവർത്തനത്തിന്റെ ചരിത്രത്തിൽ പുതിയ ദിശാബോധം സൃഷ്ടിച്ച പ്രവർത്തനമാണ് എറണാകുളം ജില്ലയിൽ നടന്നത്.

1 : 18 *കേരള സാക്ഷരതാസമിതി :* കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിനായി ഔദ്യോഗിക തലത്തിൽ കേരളസർക്കാർ രൂപംകൊടുത്ത സ്ഥാപനമാണ് കേരള സാക്ഷരതാസമിതി. സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായി 1990 ജനുവരി 12ന് കേരള സാക്ഷരതാസമിതി നിലവിൽ വന്നു. കേരള സാക്ഷരതാസമിതി രൂപീകൃതമായതോടുകൂടി സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനം പൂർണ്ണമായും ഏകീകരിക്കപ്പെട്ടു. കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 1990 ഫെബ്രുവരി 4ന് തുടക്കം കുറിച്ചു. *അക്ഷരകേരളം* എന്ന പേരിൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാപരിപാടിയുടെ ഫലമായി 1991 ഏപ്രിൽ 18ന് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാസംസ്ഥാനമായി കേരളം മാറി.

നിരക്ഷരരെ സാക്ഷരതാ ക്ലാസ്സിൽ എത്തിക്കുന്നതിനായി വിവിധ തരത്തിലും തലത്തിലുമുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ശക്തമായ പ്രചാരണ പ്രവർത്തനങ്ങളാണ് സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിന്റെ വിജയത്തിന് ഒരു കാരണം. *സാക്ഷരകേരളം സുന്ദരകേരളം* എന്ന മുദ്രാവാക്യം കേരളത്തിൽ എമ്പാടും മാറ്റൊലികൊണ്ടു. ദേശീയ സാക്ഷരതാമിഷൻ നിശ്ചയിച്ചിട്ടുള്ള നിലവാരമനുസരിച്ച് നിരക്ഷരരിൽ അക്ഷരജ്ഞാനവും അക്കജ്ഞാനവും പൊതുവിജ്ഞാനവും ഉണ്ടാക്കുന്നതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ പാഠാവലികളാണ് സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിന് കേരളത്തിൽ ഉപയോഗിച്ചത്.

തെന്തിനം തെന്തിനം തെന്തിനം താരോ

തെന്തിനം തെന്തിനം തെന്തിനം താരോ എന്നു തുടങ്ങുന്ന നിരവധി സംഘഗാനങ്ങൾ നിരക്ഷരരെ ഒരുമിപ്പിക്കുന്നതിനും സാക്ഷരതയുടെ ആവശ്യകതാ ബോധം വളർത്തുന്നതിനും സഹായകരമായി. സംസ്ഥാനത്ത് ഒട്ടാകെ സാക്ഷരതാ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനായി തെരുവു നാടകങ്ങളും നാടൻ കലാരൂപങ്ങളും അവതരിപ്പിച്ചുകൊണ്ടുള്ള കലാജാഥകൾ സംഘടിപ്പിച്ചിരുന്നു.

സാക്ഷരകേരളം സുന്ദരകേരളം എന്ന ലക്ഷ്യം മുൻനിർത്തി ആകാശവാണിയും കേരളത്തിലെ വിവിധ പത്രമാസികകളും നിരവധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. പഠിതാക്കളുമായി അനുഭവങ്ങൾ പങ്കുവയ്ക്കൽ, പഠിതാക്കളുടെ കത്തുകൾ, പഠിതാക്കളിൽ രൂഢമൂലമായി കിടക്കുന്ന സാഹിത്യാഭിരുചിയും കലാബോധവും എന്നിവ പത്രമാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. നവസാക്ഷരസൃഷ്ടിയ്ക്കായി പ്രത്യേകകോളങ്ങൾ തന്നെ പത്രമാസികകൾ നീക്കിവച്ചിരുന്നു. അക്ഷരകേരളം പദ്ധതിയ്ക്കു ശേഷം നവസാക്ഷരർക്കായി പ്രത്യേകം ചിട്ടപ്പെടുത്തിയ എഴുപത്തിയഞ്ച് പുസ്തകങ്ങൾ സാക്ഷരതാസമിതി പ്രസിദ്ധീകരിക്കുകയുണ്ടായി. സാക്ഷരതാസാഹിത്യത്തിന് ബലമുള്ള അടിക്കല്ലുകൾ പ്രദാനം ചെയ്യുക മാത്രമല്ല സാക്ഷരതാസാഹിത്യ സരണിയെ കെട്ടിപ്പെടുക്കുന്നതിലും സ്ഥായീഭാവം നൽകുന്നതിലും കേരള സാക്ഷരതാസമിതിയുടെ പ്രവർത്തനം സഹായകരമായി.

1: 19 *കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി :* കേരളത്തിൽ സാക്ഷരതാ സാക്ഷരതാനന്തര പ്രവർത്തനങ്ങൾക്കുശേഷം തുടർവിദ്യാഭ്യാസപദ്ധതി നടപ്പാക്കുന്നതിനായി ഔദ്യോഗികതലത്തിൽ ആരംഭിച്ച സ്ഥാപനമാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി. സാക്ഷരതാപ്രവർത്തനത്തിലൂടെ അക്ഷരജ്ഞാനം നേടിയ നവസാക്ഷരരിൽ സാക്ഷരതാനന്തര പരിപാടിയിലൂടെ

അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും അവബോധം ജനിപ്പിക്കാൻ പരിശ്രമിച്ചു. സാക്ഷരതാനന്തര പ്രവർത്തനങ്ങളിൽ പങ്കാളികളായ നവസാക്ഷരർക്ക് ശരിയായ ദിശാബോധം നൽകുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും വ്യക്തിയിൽ അന്തർലീനമായ കഴിവുകൾ കണ്ടറിഞ്ഞ് വളർത്തുന്നതിനും പൊതുവിദ്യാഭ്യാസത്തിനു തുല്യമായ വിദ്യാഭ്യാസം നേടിയവനാക്കി മാറ്റുന്നതിനുമായി ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് തുടർവിദ്യാഭ്യാസപദ്ധതി. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 1997 ൽ രൂപീകൃതമായതോടുകൂടി തുടർവിദ്യാഭ്യാസ പദ്ധതിയ്ക്കുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കപ്പെട്ടു. കേരളത്തിൽ തുടർവിദ്യാഭ്യാസപദ്ധതി ഔദ്യോഗികമായി ആരംഭിക്കുന്നത് 1998 ഒക്ടോബർ 2നാണ്.

വ്യക്തിയുടെ സർവ്വതോമുഖമായ കഴിവുകളെ വികസിപ്പിക്കുന്നതിനും നേടിയെടുത്ത സാക്ഷരത ബലപ്പെടുത്തുന്നതിനും സമൂഹത്തിൽ സ്വതന്ത്രമായി ജീവിക്കുന്നതിനും നവസാക്ഷരനെ പ്രാപ്തനാക്കുകയെന്ന ലക്ഷ്യമാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കിയ തുടർവിദ്യാഭ്യാസ ത്തിനുള്ളത്. അക്ഷരവിദ്യയെ ജീവിതവിജയത്തിന്റെ ഉപകരണമാക്കി മാറ്റാൻ കഴിയുന്നത് തുടർവിദ്യാഭ്യാസത്തിലാണ്.

മലയാള സാക്ഷരതാസാഹിത്യത്തിന്റെ ഉദയവികാസഘട്ടത്തിൽ ഗൗരവമേറിയതും പൂർണ്ണ വളർച്ചയെത്തിയതുമായ ഘട്ടം കുടികൊള്ളുന്നത് തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായുള്ള സാഹിത്യത്തിൽ എത്തുമ്പോഴാണ്. സാക്ഷരതാപ്രവർത്തനത്തിന്റെയും സാഹിത്യത്തിന്റെയും ക്രമാനുഗതമായ വളർയെത്തി നിൽക്കുന്നത് സാക്ഷരതാമിഷന്റെ പ്രവർത്തന കാലഘട്ടത്തിലാണ്. തുടർവിദ്യാഭ്യാസ പദ്ധതി കേരളത്തിൽ ആരംഭിച്ച് ആദ്യ മൂന്നു വർഷം (1998-2001) കൊണ്ടുതന്നെ സാക്ഷരതാസാഹിത്യരംഗത്ത് സ്ഥിരപ്രതിഷ്ഠ നേടാൻ കഴിയുന്ന നിരവധി സാഹിത്യരചനകൾ ഉണ്ടായി. മൂന്നു വർഷത്തിനുള്ളിൽ ഇരുനൂറിലധികം

തുടർവിദ്യാഭ്യാസ സാഹിത്യസൃഷ്ടികൾ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നവസാക്ഷരസമൂഹത്തിനായി സൃഷ്ടിക്കപ്പെട്ടു.

കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങളെ മൂന്നായി തരംതിരിക്കാം. അസംഘടിതം, സംഘടിതം, ഔദ്യോഗികം എന്നിങ്ങനെ മൂന്ന് സാക്ഷരതാ പ്രവർത്തനഘട്ടങ്ങളിലൂടെ കടന്നു വരുന്നതാണ് കേരളത്തിലെ സാക്ഷരതാ പ്രവർത്തന ചരിത്രം. മിഷനറിമാരിൽ ആരംഭിച്ച് നിശാപാഠശാലകളിലൂടെയും നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെയും കടന്ന് ഗ്രന്ഥശാലാ സംഘം വരെയുള്ള സാക്ഷരതാപ്രവർത്തനങ്ങളെ അസംഘടിത സാക്ഷരതാപ്രവർത്തനത്തിൽ ഉൾപ്പെടുത്താം. ഗ്രന്ഥശാലാസംഘത്തിൽ തുടങ്ങി കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി ( കാൻഫെഡ്) തുടങ്ങിയ സന്നദ്ധസംഘടനകളുടെ സാക്ഷരതാരംഗത്തെ പ്രവർത്തനങ്ങളെ സംഘടിത സാക്ഷരതാപ്രവർത്തനമായി പരിഗണിക്കാം. ഗവൺമെന്റ് തലത്തിൽ ആരംഭിച്ച സാക്ഷരതാപ്രവർത്തനങ്ങളെ ഔദ്യോഗിക സാക്ഷരതാ പ്രവർത്തനങ്ങളുടെ പട്ടികയിൽ ചേർക്കാം.

കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങളുടെ ചരിത്രം *മിഷനറിമാരുടെ* പ്രവർത്തനങ്ങളിൽ നിന്നാരംഭിച്ച് *ഗ്രന്ഥശാലാപ്രസംഘവും* കേരള *അനൗപചാരിക വിദ്യാഭ്യാസവികസനസമിതി ( കാൻഫെഡ്)* യും *കേരള ശാസ്ത്ര സാഹിത്യ പരിഷത്തും* വളർത്തിയെടുത്ത് *ജനബോധനസാക്ഷരതായജ്ഞത്തിലൂടെ വെളിച്ചമേ നയിച്ചാലും* എന്ന പദ്ധതിയിലെത്തി *കേരള സാക്ഷരതാസമിതി*യിലൂടെ *കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ* എത്തിനിൽക്കുമ്പോൾ സംഘടിതവും ആസൂത്രിതവും വ്യവസ്ഥാപിതവുമായ ഒരു സാക്ഷരതാ പ്രവർത്തനത്തിന്റെ നാടായി കേരളം മാറി. സാക്ഷരതാപ്രവർത്തനത്തിനനുയോജ്യമായ ഒരു സാക്ഷരതാസാഹിത്യശാഖ മലയാളത്തിൽ രൂപപ്പെട്ടു.ഇതുകൊണ്ടാണ് കേരളത്തിലെ സാക്ഷരതാപ്രവർത്തനം വിജയിച്ചത്.

അക്ഷരമറിയാത്ത ഒരു വ്യക്തിയെ അഥവാ സമൂഹത്തെ അനൗപചാരിക പ്രവർത്തനങ്ങളിലൂടെ അക്ഷരം പഠിപ്പിച്ച് അതിന്റെ പ്രയോക്താവാക്കി മാറ്റുന്ന പ്രക്രിയയെ സാക്ഷരതാപ്രവർത്തനം എന്നു പറയുന്നു. ഇതിനായി ചിട്ടപ്പെടുത്തിയെടുത്ത സാഹിത്യരൂപമാണ് സാക്ഷരതാസാഹിത്യം.

സാക്ഷരതാസാഹിത്യത്തെ ഇങ്ങനെ നിർവ്വചിക്കാം -: നിരക്ഷരനായ വ്യക്തിയെയോ സമൂഹത്തെയോ അനൗപചാരിക പ്രവർത്തനങ്ങളിലൂടെ സാക്ഷരനാക്കുന്നതിനും സാക്ഷരതയാർജ്ജിച്ച നവസാക്ഷരനെയോ നവസാക്ഷര സമൂഹത്തെയൊ തുടർവിദ്യാഭ്യാസത്തിലൂടെ ഭാഷയുടെയും വിജ്ഞാനത്തിന്റെയും പ്രയോക്താവാക്കി മാറ്റുന്നതിനുവേണ്ടി നിശ്ചിതലക്ഷ്യത്തോടെ രചിക്കപ്പെട്ട സാഹിത്യസൃഷ്ടികളെ സാക്ഷരതാസാഹിത്യം എന്നുപറയാം.

കേരളത്തിലെവിടെയെങ്കിലും നടന്ന ഒറ്റപ്പെട്ട പ്രതിഭാസം എന്നതിൽ നിന്നു മാറി സംഘടിതവും ആസൂത്രിതവുമായ സാക്ഷരതാസാഹിത്യശാഖ രൂപപ്പെടുത്തി യെടുക്കേണ്ടത് കാലഘട്ടത്തിന്റെ വെല്ലുവിളിയായി പരിണമിച്ചു. നിരക്ഷരനെ സാക്ഷരനാക്കുന്നതിനും സാക്ഷരത കൈവരിച്ച നവസാക്ഷരർക്കായി സാഹിത്യസൃഷ്ടി നടത്തേണ്ടതും തുടർവിദ്യാഭ്യാസത്തിലെത്തിയവർക്ക് അനുയോജ്യമായ സാഹിത്യം പുറത്തിറക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമായിത്തീർന്നു.ഇതിനുള്ള വ്യക്തമായ തയ്യാറെടുപ്പുകൾ കേരള സാക്ഷരതാസമിതിയുടെയും കേരള സാക്ഷരതാമിഷൻ അതോറിറ്റിയും നടത്തുകയുണ്ടായി.

പാശ്ചാത്യമിഷനറിമാരിലും നിശാപാഠശാലകളിലും ആരംഭിച്ച സാക്ഷരതാസാഹിത്യം സംഘടിത സാക്ഷരതാപ്രവർത്തനത്തിലൂടെയും ഔദ്യോഗിക സാക്ഷരതാപ്രവർത്തനത്തിലൂടെയും മുന്നേറി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ എത്തുമ്പോൾ ശക്തവും ഓജസ്സുറ്റതും തെളിമയാർന്നതുമായ സാഹിത്യശാഖയായി മലയാളത്തിലെ സാക്ഷരതാസാഹിത്യം മാറുന്നു.

## 1 : 20 കുറിപ്പുകൾ


1. Kidd J.R and Titmas C.J *Adult Education :An overview, International Encyclopedia of Education: Research and studies,* Editors : Torten Husen, Neville T, Post lethwarte, New york: Pergamon press, 1985 Vol. 1, Page 94.

2. Hudson J.W , *A History of Orign and Progress of Adult Schools* came out in 1816, the Terminology of Adult Education was not in use during early Nineteenth Century. Longman and Brown, The History of Adult Education , London : 1851.

3. Shah S.Y , *An Encyclopedia of Indian Adult Education* 1999,Page.3

4. ഗോപകുമാർ പി. കോന്നി , *ജനകീയാസൂത്രണവും തുടർ വിദ്യാഭ്യാസവും* , സംസ്ഥാന സാക്ഷരതാമിഷൻ,തിരുവനന്തപുരം, 2000, പേജ് – 22

5. Shah S.Y. *An Encyclopedia of Indian Adult Education*,1999,Page - 9

6. Strickland C.F, India , in *International Handbook of Adult Education*, London: World Association for Adult Education, 1929, Page 250 An Encyclopedia of Indian Adult Education, National Literacy Mission, NewDelhi, 1999,Page: 13

7. . *An Encyclopedia of Indian Adult Education*, National Literacy Mission, NewDelhi, 1999,Page: 13

8. Strickland C.F, *India , in International Handbook of Adult Education*, London:- World Association for Adult Education, 1929, NewDelhi, Page: 254 -255.

9. *Govt.of India, Ministryof Education and Social Welfare, Handook on Farmers Functional Literacy Project*, Manager Publications, New Delhi 1972, Page - 1.

10. *A Decade of Literacy* :- UNESCO :- National Literacy Mission. NewDelhi,2000, Page - 97.

11. ഗുപ്തൻനായർ എസ്. *സ്വകാര്യ അഭിമുഖം*, മാത്യു വി.വി. , 23 ഏപ്രിൽ 2003

12. ജോർജ് കെ.എം., അവതാരിക; *വിദ്യാസംഗ്രഹം* പ്രസാധകർ :- ബെഞ്ചമിൻ ബെയ്‌ലി ഗവേഷണകേന്ദ്രം,സി.എം.എസ്. കോളേജ്, കോട്ടയം, 1864 – 66.

13. വേണുഗോപാലൻ ടി. മലയാളഭാഷയുടെ വളർച്ചയിൽ പത്രങ്ങൾ വഹിച്ച പങ്ക്, ഭാഷാപോഷിണി, കോട്ടയം, പുസ്തകം 13 ലക്കം 5 1990 ഫെബ്രുവരി, മാർച്ച്, പേജ് 48

14. ഗോപാലകൃഷ്ണൻ പി.കെ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം (നാലാം പതിപ്പ്) , കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1991 മെയ്, പേജ് 507

15. വേണുഗോപാലൻ ടി. ,മലയാളഭാഷയുടെ വളർച്ചയിൽ പത്രങ്ങൾ വഹിച്ച പങ്ക്, ഭാഷാപോഷിണി, കോട്ടയം, പുസ്തകം 13 ലക്കം 5, 1990 ഫെബ്രുവരി – മാർച്ച്, പേജ് 49,

16. ഗോപാലകൃഷ്ണൻ പി.കെ, *കേരളത്തിന്റെ സാംസ്കാരിക ചരിത്രം* (നാലാം പതിപ്പ്), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1991 മെയ്, പേജ് 508

17. ഗോപാലകൃഷ്ണൻ പി.കെ, *കേരളത്തിന്റെ സാംസ്കാരിക ചരിത്രം* ( നാലാം പതിപ്പ്), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1991 മെയ്, പേജ് 511.

18. സാമുവൽ നെല്ലിമുകൾ *വിദ്യാസംഗ്രഹം-* കേരളത്തിന്റെ വൈജ്ഞാനികപൈതൃകം എന്ന ലേഖനം. വിദ്യാസംഗ്രഹം 1864 - 66, പ്രസാധകർ ബഞ്ചമിൻ ബെയ്‌ലി ഗവേഷണകേന്ദ്രം,സി.എം.എസ്. കോളേജ്, കോട്ടയം.

19. തോമസ് പി.ജെ , *മലയാള സാഹിത്യവും ക്രിസ്ത്യാനികളും, ചർച്ചയും പൂരണവും*, സ്കറിയാ സക്കറിയ, ഡി.സി.ബുക്ക്സ്, പേജ് 193.

20. ഗുപ്തൻനായർ എസ്, *മനസാസ്മരാമി* (ആത്മകഥ) റെയിൻബോ ബുക്ക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2005, പേജ് 113.

21. *A BIBILOGRAPHY OF STATE RESOURCE CENTRE /KANFED* PUBLICATIONS THIRUVANANTHAPURAM UPTO DECEMBER - 1990

22. *നവമാലിക സംഗീതശില്പം* ശാസ്ത്ര സാംസ്കാരികജാഥ ശാസ്ത്രസാഹിത്യ പരിഷത്ത്, കോഴിക്കോട്, 1987 ഒക്ടോബർ 2 -27,പേജ് 4

23. A Person is fuunctionally literate when he has acquired the knowledge and skills in reading and writing which enable him to engage in all those activities in which literacy is normally assumed in his culture or group. William S..Gray. *The Teaching of Reading and Writing* : An International Survey, Paris: UNESCO, 1956, Page 24.

24. See the speach of V.K.R.V Rao cited in the *proceedings of the conference of State Education Ministers*, *June 5-7 ,1965*, in the proceedings of the Thirty Second Meeting of the CABE held at Chandigrah, Agenda papers page : 340

# അദ്ധ്യായം രണ്ട്

## മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ വളർച്ച


2 : 1 കേരള ഗ്രന്ഥശാലാസംഘത്തിന്റെ നവസാക്ഷരകൃതികൾ : 60

2 : 2 കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി ( കാൻഫെഡ്)യുടെ യും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെയും പാഠാവലികൾ. : 64

2 : 3 അക്ഷരം സാക്ഷരതാപാഠാവലി : 72

2 : 4 സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നവസാക്ഷരപുസ്തകങ്ങൾ : 76

2 : 5 കുറിപ്പുകൾ : 89

# അദ്ധ്യായം രണ്ട്

## മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ വളർച്ച

*2 : 1 കേരള ഗ്രന്ഥശാലാ സംഘത്തിന്റെ നവസാക്ഷരകൃതികൾ :* മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആരംഭിച്ച് നിശാപാഠശാലകളിലുടെ കടന്ന് കേരളഗ്രന്ഥശാലാ പ്രസ്ഥാനത്തിലെത്തുമ്പോൾ മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിന് തനതായ പല സാഹിത്യസൃഷ്ടികളും രൂപപ്പെട്ടു. കേരളത്തിൽ ഗ്രന്ഥശാലാസംഘം സാക്ഷരതാരംഗത്തേക്ക് കടന്നുവന്നതോടു കൂടി വിവിധ തലത്തിലുള്ള സാക്ഷരതാവയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വേഗത കൈവന്നു. ക്രാന്തദർശിയായിരുന്ന പി.ടി.ഭാസ്ക്കരപ്പണിക്കരും നിസ്വാർത്ഥനായ പി.എൻ.പണിക്കരും ചേർന്ന് സാക്ഷരതാപ്രവർത്തനത്തിനാവശ്യമായ പാഠാവലികൾ സൃഷ്ടിക്കുകയും നവസാക്ഷരസാഹിത്യരചനകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കേരളത്തിലെ സമ്പൂർണ്ണസാക്ഷരതാ പദ്ധതിയായ *അക്ഷരകേരളം* പദ്ധതി നടപ്പാക്കുന്നതുവരെ കേരളത്തിൽ സാക്ഷരതാപ്രവർത്തനങ്ങൾക്കായി വിവിധ പാഠാവലികളും നിരവധി നവസാക്ഷര പുസ്തകങ്ങളും സൃഷ്ടിക്കപ്പെട്ടിരുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യ രംഗത്ത് തനതായ സംഭാവനകൾ നൽകിയ പ്രസ്ഥാനമാണ് കേരള ഗ്രന്ഥശാലാസംഘം. കേരള ഗ്രന്ഥശാലാസംഘത്തിന്റെ നേതൃത്വത്തിൽ നിരവധി നവസാക്ഷര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. നവസാക്ഷരർക്കായി രചിക്കപ്പെട്ട പുസ്തകങ്ങൾ എന്ന നിലയിൽ സാക്ഷരതാ സാഹിത്യരംഗത്തെ പ്രധാന ചുവടുവയ്പ്പാണ് കേരള ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം.

കേരള ഗ്രന്ഥശാലാസംഘം 1973 ഏപ്രിൽ 27,28.29 തീയതികളിൽ നടത്തിയ നവസാക്ഷരസാഹിത്യ ശില്പശാലയിൽ പരിശോധിച്ച് ഭേദഗതി വരുത്തിയ ശേഷം പ്രസിദ്ധീകരിച്ച 28 പേജുള്ള പുസ്തകമാണ് *കൊച്ചി നഗരം*[1] *(1973).*

കൊച്ചി നഗരം എങ്ങനെയുണ്ടായെന്നും നഗരത്തിലെ റോഡുകളും പാർക്കുകളും വിമാനത്താവളം, ഗതാഗതസൗകര്യങ്ങൾ, ഗ്രന്ഥശാലകൾ, ദേവാലയങ്ങൾ, കൊട്ടാരങ്ങൾ, വിവിധ സ്ഥാപനങ്ങൾ തുടങ്ങി എറണാകുളത്തെ സംബന്ധിക്കുന്ന സാമാന്യ വിവരങ്ങളും ഈ ചെറുപുസ്തകത്തിലൂടെ നൽകിയിരിക്കുന്നു. സാമാന്യ വിവരങ്ങൾ അറിയാവുന്ന നവസാക്ഷരന് വായിക്കാൻ കഴിയുന്ന തരത്തിലാണ് ഇതിന്റെ ആഖ്യാനശൈലി. വലിപ്പമുള്ള അക്ഷരത്തിൽ ചുരുങ്ങിയ വാക്കുകളിൽ പ്രത്യേകം പ്രത്യേകം തലക്കെട്ടുകളിൽ വിഷയങ്ങൾ ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.

കേരള ഗ്രന്ഥശാലാസംഘം 1973 ൽ നവസാക്ഷരർക്കായി പ്രസിദ്ധീകരിച്ച താണ് ഇരുപതുപേജുള്ള *നെയ്ത്തുകാരൻ*[2] *(1973)* എന്ന പുസ്തകം. കഥ പറയുന്ന രൂപത്തിൽ തയാറാക്കിയിട്ടുള്ള ഈ പുസ്തകത്തിൽ കൈത്തറി വസ്ത്രത്തിന്റെ മേന്മയും നെയ്ത്തുകാരെ സംബന്ധിച്ചുള്ള സംക്ഷിപ്ത വിവരണവും നൽകുന്നുണ്ട്. സാക്ഷരത കൈവരിച്ച സമൂഹത്തിനുവേണ്ടി തയ്യാറാക്കിയ പുസ്തകത്തിൽ ചിത്രങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. നവസാക്ഷരനായ ഒരു വ്യക്തിയ്ക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ ചിത്രങ്ങൾ നൽകിയിരുന്നെങ്കിൽ കൂടുതൽ സഹായകരമായിരുന്നു. ആദ്യകാല നവസാക്ഷരപുസ്തകങ്ങൾ എന്ന നിലയിൽ ചിത്രങ്ങളുടെ ആവശ്യകതയെ സംബന്ധിച്ച അവബോധം രചയിതാക്കളിൽ ഉണ്ടായിരുന്നില്ലായെന്ന് കണ്ടെത്താൻ കഴിയുന്നു. ഗ്രന്ഥശാലാസംഘം പുറത്തിറക്കിയ പുസ്തകങ്ങളുടെ പ്രധാന ന്യൂനതയാണിത്.

കേരള[3] ഗ്രന്ഥശാലാസംഘം 1974 ൽ പ്രസിദ്ധീകരിച്ച *ഗ്രാമത്തിലെ വായനശാല (1974)* എന്ന ഇരുപത്തിരണ്ട് പേജുള്ള പുസ്തകത്തിലൂടെ ഗ്രന്ഥശാലയുടെ ആവശ്യകതയും നാട്ടിൽ ചെലുത്താൻ കഴിയുന്ന സ്വാധീനവും ഗ്രന്ഥശാലയുടെ രൂപീകരണരീതിയും എല്ലാം പ്രസംഗരൂപത്തിൽ അവതരിപ്പിക്കാനാണ് ശ്രമിച്ചിരിക്കുന്നത്.

നവസാക്ഷരന് ആയാസരഹിതമായി കാര്യങ്ങളിലേക്ക് കടന്നു ചെല്ലാൻ കഴിയുന്ന തരത്തിൽ ഇതിലും മെച്ചപ്പെട്ട നിലയിൽ വായനശാല എന്ന വിഷയത്തെ അവതരിപ്പിക്കാൻ കഴിയുമായിരുന്നു.

*സ്ത്രീകൾക്കൊരു പാഠപുസ്തകം*[4] *(1974)* എന്ന ഇരുപത്തിയാറു പേജുള്ള പുസ്തകത്തിലൂടെ ഇരുപതു പാഠങ്ങളാണ് അവതരിപ്പിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട ഇരുപതു സന്ദർഭങ്ങളെ പാഠങ്ങളാക്കി മാറ്റാനാണ് ശ്രമിച്ചിട്ടുള്ളത്. സാമാന്യ വിദ്യാഭ്യാസം നേടിയ ഒരാൾക്ക് നേരം പോക്കിന് വായിക്കാൻ കഴിയുന്ന പുസ്തകമാണിത്.

*റബ്ബർ ചെരുപ്പിന്റെ ലോകം*[5]*(1974)* എന്ന പുസ്തകത്തിൽ റബ്ബർ വെട്ടുന്നതും പാലെടുക്കുന്നതും ഷീറ്റടിക്കുന്നതും ചെരുപ്പു നിർമ്മിക്കുന്നതുമടക്കം റബ്ബറിന്റെ വ്യത്യസ്ത സ്വഭാവത്തിലേക്ക് വെളിച്ചം വീശുന്ന തരത്തിലാണ് രചന. നവസാക്ഷരർക്കായി രചിക്കപ്പെട്ടതാണെങ്കിലും അവരോട് നൂറ്ശതമാനം നീതി പുലർത്താൻ ഈ നാല്പത്തിരണ്ട് പേജുള്ള പുസ്തകത്തിനു കഴിയുന്നില്ല. അവതരണശൈലി, ഉപമകളുടെ ഉപയോഗം, കൃതി നൽകുന്ന സന്ദേശം എന്നിവ തികഞ്ഞ പരാജയം തന്നെയാണ്.

*കർണ്ണൻ*[6]*(1974)* എന്ന കേരളഗ്രന്ഥശാലാ സംഘത്തിന്റെ നവസാക്ഷരപുസ്തകത്തിലേക്കു വരുമ്പോൾ ഉള്ളടക്കത്തിന്റെ ഘടനതന്നെ പാളുന്നു. പുരാണകഥയെ കുറെക്കൂടി ഭംഗിയായി നവസാക്ഷരർക്കായി പുനരാഖ്യാനം ചെയ്യാൻ കഴിയുമായിരുന്നു. കാര്യങ്ങൾ പറഞ്ഞുപോകുന്ന ശൈലിയാണ് സ്വീകരിച്ചു കാണുന്നത്. വേണ്ടത്ര തയ്യാറെടുപ്പുകൾ ഈ പുസ്തകരചനയിൽ സ്വീകരിച്ചിട്ടില്ല.

അവതരണ ശൈലിയിലെ പരാജയമാണ് *കാറൽ മാർക്സ്*[7] (1974) എന്ന കേരള ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരിച്ച നവസാക്ഷര പുസ്തകത്തിന്റെ പരിമിധി. അക്ഷരത്തിന്റെ വലിപ്പംകൂട്ടിയാൽ നവസാക്ഷര പുസ്തകമാകുമെങ്കിൽ മാത്രമേ ഇതിനെ നവസാക്ഷര പുസ്തകമായി കാണാൻ കഴിയൂ. നവസാക്ഷര പുസ്തകങ്ങളെ സംബന്ധിച്ച തെറ്റായ സങ്കല്പമാണ് ഈ പുസ്തകം നൽകുന്നത്.

കേരളത്തിലെ ഗ്രന്ഥശാലാസംഘത്തെ സംബന്ധിച്ച വിവരണമാണ് ജോസ് ചിറ്റിലപ്പിള്ളി രചിച്ച *ഊരുംപേരും*[8] *(1975)* എന്ന നവസാക്ഷരപുസ്തകം. എന്തെങ്കിലും കാര്യങ്ങൾ വലിയ അക്ഷരത്തിൽ പ്രിന്റ് ചെയ്താൽ നവസാക്ഷരപുസ്തകമായി എന്ന സങ്കല്പമാണ് ഇവിടെയും കാണുന്നത്.

കേരള ഗ്രന്ഥശാലാസംഘം 1975ൽ പുറത്തിറക്കിയ *നിങ്ങളും നിങ്ങളുടെ നാടും*[9]*(1975)* എന്ന നവസാക്ഷരപുസ്തകവും മുൻവർഷങ്ങളിലെ ശൈലി തന്നെയാണ് പ്രയോഗിച്ചു കാണുന്നത്. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവർക്കായി ഇത് ഉപയോഗിക്കാൻ കഴിയുകയില്ല. പുസ്തകരചനയിൽ നവസാക്ഷരന്റെ ഭാഷാനിലവാരം മുന്നിൽക്കാണാൻ കഴിഞ്ഞില്ല.

കേരളഗ്രന്ഥശാലാസംഘം 1975ൽ പ്രസിദ്ധീകരിച്ച *കയറിന്റെ കഥ*[10] *(1975)* യിലേക്ക് വരുമ്പോഴും കാര്യമായ രീതിവ്യത്യാസം കാണുന്നില്ല. വിരസമായ ആഖ്യാനശൈലി പുസ്തകത്തിൽ നിന്നും നവസാക്ഷരരെ പിന്തിരിപ്പിക്കാൻ ഇടനൽകി.

കേരള ഗ്രന്ഥശാലാസംഘം 1976 ൽ പുറത്തിറക്കിയ നവസാക്ഷരകൃതി കളിൽ ഒന്നാണ് പതിനഞ്ച് പേജുള്ള *സിനിമ*[11] *(1976).* ഒരു സിനിമ എങ്ങനെയാണ് സൃഷ്ടിക്കുന്നത് എന്ന് വിശദീകരിക്കുന്ന പുസ്തകമാണിത്. നവസാക്ഷരരോട് നീതിപുലർത്താൻ കഴിയാത്ത മറ്റൊരു രചനയായി ഇതിനെയും കാണാം.

കേരള ഗ്രന്ഥശാലാസംഘം 1979 ൽ പ്രസിദ്ധീകരിച്ച കെ.കെ.വാസു വിന്റെ നവസാക്ഷരകൃതിയാണ് *വെളിച്ചത്തിലേക്ക്*[12] (1979). വൈദ്യുതി ലാഭകരമായി ഉപയോഗിക്കുന്നതിന്റെയും കറന്റ് ബില്ലിലെ തുക ശരിയാണോയെന്ന് പരിശോധിക്കുന്നതിന്റെയും മറ്റും തന്ത്രങ്ങൾ നാൽപ്പത്തിയഞ്ച് പേജുള്ള ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു. നവസാക്ഷരരുടെ നിലവാരത്തിലേക്ക് ഈ പുസ്തകത്തിനും ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞിരുന്നില്ല.

കേരള ഗ്രന്ഥഗശാലാസംഘം പൂർവ്വമാതൃകകൾ ഇല്ലായിരുന്ന മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് മാതൃകകൾ സൃഷ്ടിച്ചു.

2 : 2 *കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) യുടെയും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെയും പാഠാവലികൾ* : കേരളത്തിലെ സാക്ഷരതാ പ്രവർത്തനത്തെ സഹായിക്കുന്നതിനായി വിവിധതരത്തിലുള്ള പാഠാവലികൾ വിവിധ ഏജൻസികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിലെ വയോജനവിദ്യാഭ്യാസരംഗത്തും സാക്ഷരതാപ്രവർത്തനരംഗത്തും സജീവമായി നിലകൊണ്ട കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) യും സ്റ്റേറ്റ് റിസോഴ്സ്സെന്ററും ഈ രംഗത്ത് ഒട്ടേറെ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്കായി ബഹുജനപാഠാവലി, സംസ്കാരപാഠാവലി, പരിസരപാഠാവലി, സമൂഹപാഠാവലി, ഗാന്ധിയൻപാഠാവലി തുടങ്ങിയ പാഠാവലികൾ ഇക്കാലത്തു തയാറാക്കി. പൂർവമാതൃകകൾ ഇല്ലാതിരുന്നതിനാൽ ഇത്തരം പാഠാവലികൾ എങ്ങനെ തയാറാക്കണമെന്ന് തുടക്കത്തിൽ വ്യക്തതയില്ലായിരുന്നു. സാക്ഷരതാസാഹിത്യ രംഗത്തെ കുലപതികളിലൊരാളായ പി.ടി.ഭാസ്ക്കരപണിക്കരാണ് പാഠാവലികളുടെ സൃഷ്ടികൾക്ക് തുടക്കമിട്ടത്.

*സമൂഹപാഠാവലി(1988)*[13] : പി.ടി.ഭാസ്ക്കരപ്പണിർ രചിച്ച *സമൂഹപാഠാവലി (1988)* സാക്ഷരതാസാഹിത്യരംഗത്ത് പുതിയ കാൽവയ്പ്പായിരുന്നു. സാമൂഹിക ജീവിയായ മനുഷ്യന്റെ വിവിധതലത്തിലുള്ള പരിണാമങ്ങളും അവൻ ജീവിക്കുന്ന ഭൂമിയെയും വിളവുകളെയും ലോകക്രമങ്ങളെയും സംബന്ധിക്കുന്ന സാമാന്യഅറിവ് പഠിതാവിൽ എത്തിക്കാൻ കഴിയത്തക്ക തരത്തിലാണ് മുപ്പതുപാഠങ്ങളും സമൂഹപാഠാവലിയിൽ ക്രമീകരിച്ചിരിക്കുന്നത്.

ഭൂമിയുംമനുഷ്യനും എന്ന ആദ്യപാഠം മനസ്സിലാകണമെങ്കിൽ അക്ഷരജ്ഞാനവും അക്കങ്ങളെക്കുറിച്ചുള്ള ബോധവും പഠിതാവിന് ഉണ്ടായിരിക്കണം. നിരക്ഷരനായ ഒരു പഠിതാവിന് അക്കജ്ഞാനവും അക്ഷരജ്ഞാനവും പഠിക്കാൻ ഉദ്ദേശിച്ചു തയാറാക്കിയിരുന്നതല്ല സമൂഹപാഠാവലി. ഭൂമിയുംമനുഷ്യനും എന്ന ഒന്നാം പാഠത്തിൽ നിന്നും ഏതൊക്കെ

അക്ഷരങ്ങളാണ് പഠിതാവ് പഠിക്കേണ്ടതെന്ന് വ്യക്തമല്ല. അക്ഷരജ്ഞാനവും അക്കജ്ഞാനവും കൈമുതലായ ഒരു നവസാക്ഷരനു തുടർന്നു പഠിക്കാൻ പ്രേരിപ്പിക്കുന്ന ഒരു നവസാക്ഷരപുസ്തകമായി മാത്രമേ സമൂഹപാഠാവലിയെ പരിഗണിക്കാൻ കഴിയൂ. പത്ത് നൂറ് ആണ് ഒരായിരമെന്നും നൂറ് ആയിരം ചേർന്നാണ് ലക്ഷം എന്നും നൂറ് ലക്ഷം ആണ് കോടിയെന്നും ഒരുനിരക്ഷരനെ വാക്കാൽ പഠിപ്പിക്കാൻ കഴിയും. അവൻ അത് ഉരുവിട്ട് മന:പാഠമാക്കുകയും ചെയ്തുവെന്ന്വരും. എന്നാൽ പത്തെന്നും നൂറെന്നും ആയിരമെന്നും ലക്ഷമെന്നു മൊക്കെ എഴുതിക്കാൻ ഈ രീതിയിലുള്ള അവതരണം സഹായകരമല്ല. ഭൂമി വളരെ വലുതാണെന്ന് പറയുമ്പോൾ ഭൂമിയെ സംബന്ധിച്ച ഒരു ചിത്രമെങ്കിലും പാഠഭാഗത്ത് ഉൾപ്പെടുത്തേണ്ടിയിരുന്നു. നിരക്ഷരനെ അക്ഷരം പഠിപ്പിക്കുക എന്ന ലക്ഷ്യം നേടാൻ പി.ടി.ഭാസ്ക്കരപ്പണിക്കർ തയ്യാറാക്കിയ സമൂഹപാഠാവലിക്ക് കഴിയുന്നില്ല. ഭൂമിയും മനുഷ്യനും എന്ന ഒന്നാംപാഠം മുതൽ ലോകസംസ്ക്കാരം എന്ന മുപ്പതാംപാഠം വരെ പരിശോധിക്കുമ്പോൾ നിരക്ഷരനെയോ നവസാക്ഷരനെയോ പാഠങ്ങളിലൂടെ കൂട്ടിക്കൊണ്ടു പോകുവാൻ കഴിയുന്ന തരത്തിലായിരുന്നില്ല ഈ പുസ്തകത്തിന്റെ രചന.

രണ്ടാം പാഠത്തിലെ ഭൂവിജ്ഞാനം, ഇയോസിൻകാലം, തേവാങ്കുകൾ മൂന്നാം പാഠത്തിലെ സ്തനികൾ, ശ്വാസകോശങ്ങൾ നാലാം പാഠത്തിലെ മാംസഭുക്കുകളായ ജന്തുക്കൾ, അഞ്ചാം പാഠത്തിലെ ജീനുകൾ, മ്യൂട്ടേഷൻ, ആറാം പാഠത്തിലെ സെല്ലുകൾ, ഏഴാം പാഠത്തിലെ മിയോസിൻ യുഗം, എട്ടാം പാഠത്തിലെ രാമപിത്തെക്കസ്, കോൺപല്ല്, പത്താംപാഠത്തിലെ അസ്ത്രലോപിറത്തക്കസ്, പ്ലസ്റ്റോസിൻ, പതിനൊന്നാം പാഠത്തിലെ ഫോസിലുകൾ, പതിനഞ്ചാം പാഠത്തിലെ ഹിമയുഗം, നിയണ്ടർത്താൽ മനുഷ്യൻ, പതിനേഴാം പാഠത്തിലെ മജ്ജ, മസ്തിഷ്കം, പതിനെട്ടാംപാഠത്തിലെ ഏഷ്യ, ആഫ്രിക്ക, മദ്ധ്യേഷ്യ, യൂറോപ്പ്, പത്തൊൻപതാം പാഠത്തിലെ ഹോമോസാപിയൻസ്,

ശിലായുഗം, ഇരുപത്തിമുന്നാം പാഠത്തിലെ പഞ്ചേന്ദ്രിയങ്ങൾ, ഇരുപത്തിനാലാം പാഠത്തിലെ പ്രാകൃതകമ്മ്യൂണിസം, ഇരുപത്തഞ്ചാം പാഠത്തിലെ തത്ത്വശാസ്ത്രം, ഇരുപത്തിയെട്ടാം പാഠത്തിലെ ശാസ്ത്രവും സാങ്കേതികവിദ്യയും, സാമ്രാജ്യത്വം എന്നീ പദങ്ങൾ സാമാന്യവിദ്യാഭ്യാസം നേരത്തെ നേടാൻ കഴിയാത്ത ഒരാൾക്ക് മനസ്സിലാക്കാൻ പ്രയാസമാണ്.

അക്ഷരങ്ങൾ അറിയാത്ത നിരക്ഷരൻ ലോകക്രമങ്ങളെക്കുറിച്ചും സാമൂഹിക രാഷ്ട്രീയവിഷയങ്ങളെ സംബന്ധിച്ചും ബോധമുള്ളവനാകാമെന്ന വാദം വളരെ ചെറിയശതമാനം നിരക്ഷരരെ സംബന്ധിച്ചിടത്തോളം മാത്രമാണ് ശരി. സാക്ഷരനായ വ്യക്തിയെക്കാൾ നന്നായി സാമൂഹികരാഷ്ട്രീയ വിഷയങ്ങളെ സംബന്ധിച്ച് നിരക്ഷരനായ ഒരുവ്യക്തി സംസാരിക്കുമെന്നത് ശരി തന്നെ. എന്നാൽ ബഹുഭൂരിപക്ഷം നിരക്ഷരരും ഈ ഗണത്തിൽ ഉൾപ്പെടുന്നവരല്ല. ഇവർക്കാർക്കും തന്നെ സമൂഹപാഠാവലി ഉൾക്കൊള്ളാൻ കഴിയുന്നതല്ല.

അമേരിക്ക, റഷ്യ, യൂറോപ്പ് തുടങ്ങിയ ലോകരാഷ്ട്രങ്ങളിലെ കാര്യങ്ങളാണ് സമൂഹപാഠാവലിയിൽ കൂടുതലായും ഉൾക്കൊള്ളിച്ചിരിക്കുന്നത്.നിരക്ഷരനോ നവസാക്ഷരനോ ആയ ഒരു മലയാളി അവൻ ജീവിക്കുന്ന ചുറ്റുപാടുകളിൽ നിന്നും അന്യരാജ്യത്തെയും അവിടങ്ങളിലെ സമൂഹത്തെയും നോക്കിക്കാണിക്കുന്ന തരത്തിലല്ല രചന നടത്തിയിരിക്കുന്നത്. ഫ്രഞ്ച്‌വിപ്ലവവും റഷ്യൻവിപ്ലവവും പൊതുവിദ്യാഭ്യാസത്തിൽ ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ സാമൂഹ്യപാഠം പുസ്തകങ്ങളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതും വാസ്ക്കോഡിഗാമ 1498 ൽ കോഴിക്കോട്ടു വന്നതും മഗല്ലൻ ലോകം ചുറ്റിയതുമായ പശ്ചാത്തലം ബഹുഭൂരിപക്ഷം നിരക്ഷരനോ നവസാക്ഷരനോ അറിയാനിടയില്ല. അവരുടെ മുന്നിൽ പൊതിയാതേങ്ങ പോലെ കാര്യം മനസ്സിലാക്കാൻ കഴിയാത്ത വാചകക്കസർത്തുകളായി മാത്രമേ ഇതെല്ലാം നിലകൊള്ളൂ.

പി.ടി.ഭാസ്ക്കരപ്പണിക്കർ ലളിതമലയാളത്തിൽ മനുഷ്യപുരോഗതിയുടെ വിവിധ വശങ്ങൾ മുപ്പതുപാഠങ്ങളിലായി സമൂഹപാഠാവലിയിലൂടെ വരച്ചുകാട്ടി എന്നതു ശരിതന്നെ. നിരക്ഷരനെ ഇവയുടെ സഹായത്താൽ സാക്ഷരനാക്കാൻ കഴിയുകയില്ലെന്നു മാത്രമല്ല കേവലസാക്ഷരതകൈവരിച്ച നവസാക്ഷരനുപോലും കൈകാര്യം ചെയ്യാൻ കഴിയുന്നതിലും ഗഹനമായ കാര്യങ്ങളാണ് സമൂഹപാഠാവലിയിലെ പാഠങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാഷാപരമായും ആശയപരമായും കേവലസാക്ഷരത കൈവരിച്ച ഒരു നവസാക്ഷരന് സമൂഹപാഠാവലി വേണ്ടത്ര ഗുണകരമല്ല. ഭാഷാപരമായും ആശയപരമായും സാമാന്യ നിലവാരത്തിൽ എത്തിക്കഴിഞ്ഞ ഒരു നവസാക്ഷരനു മാത്രമേ ഈ പാഠാവലി ഗ്രന്ഥകാരൻ കരുതുംപോലെ ഉപയോഗപ്രദമാകൂ. അതായത് തുടർവിദ്യാഭ്യാസ നിലവാരത്തിൽ എത്തിയ ഒരു നവസാക്ഷരനു പറ്റിയ പുസ്തകമാണ് സമൂഹപാഠാവലി.

സമൂഹപാഠാവലിയുടെ ഏറ്റവും വലിയ ദോഷം ഓരോപാഠത്തിനും അനുയോജ്യമായ ചിത്രങ്ങൾ നൽകിയിട്ടില്ലെന്നതാണ്. ചിത്രങ്ങൾ നൽകുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ആശയങ്ങൾ കൂടുതൽ വേഗത്തിൽ മനസ്സിലാക്കുന്നതിനും പാഠഭാഗങ്ങളിലേക്ക് പഠിതാവിനു കൂടുതൽ ശ്രദ്ധചെലുത്തുന്നതിനും കഴിയുമായിരുന്നു. പ്രസംഗ രൂപത്തിൽ കാര്യങ്ങൾ അവതരിപ്പിക്കാനാണ് ഗ്രന്ഥകർത്താവ് ശ്രമിച്ചിരിക്കുന്നത്. “മുതലാളിത്തത്തിൽ ഉള്ള ദൂഷ്യങ്ങളൊന്നും സോഷ്യലിസത്തിൽ ഇല്ല. വിലക്കയറ്റമില്ല, പട്ടിണിയില്ല, തൊഴിലില്ലായ്മയില്ല, നിരക്ഷരതയില്ല, ചൂഷണമില്ല.”[14] “സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ എത്രനല്ല ആദർശങ്ങളാണ്. നാടുവാഴിത്വത്തിനെതിരെ മുതലാളിത്തം മുഴക്കിയ മുദ്രാവാക്യങ്ങളാണിവ.”[15] “വളർച്ചയുടെ ശക്തികൾ ഒരുവശത്ത്, തളർച്ചയുടെ ശക്തികൾ മറുവശത്ത് ഇവർ തമ്മിലുള്ള ഭയങ്കരമായ ഏറ്റുമുട്ടലുകളുണ്ടായി. ഫ്രാൻസിൽ പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി നടന്ന ഫ്രഞ്ച്വിപ്ളവം

ഇത്തരമൊരു പോരാട്ടമായിരുന്നു.[16] പ്രബോധനങ്ങളും പ്രസംഗങ്ങളും അസംഘടിതരെ പാർട്ടി പ്രവർത്തകരാക്കാൻ കഴിയുമെങ്കിലും നവസാക്ഷര പുസ്തകരചനയിൽ ഈരീതി തീരെ ഗുണകരമല്ല. കേവലം വാക്കുകൾ കൊണ്ടുള്ള കസർത്തുകളായി സമൂഹപാഠാവലി മാറിയപ്പോൾ യഥാർത്ഥ ഗുണഭോക്താക്കളിൽ സമൂഹപാഠാവലിക്ക് ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയാതെ പോയി.

*ഗാന്ധിയൻപാഠാവലി*[17] *(1988) :* പി.ടി.ഭാസ്ക്കരപ്പണിക്കർ രചിച്ച *ഗാന്ധിയൻ പാഠാവലി* (1988) യിലേക്കുവരുമ്പോൾ ഉള്ളടക്കത്തിൽ ഒട്ടേറെ മാറ്റങ്ങൾ ദർശിക്കാൻ കഴിയുന്നു. നിരക്ഷരനെ സാക്ഷരനാക്കുകയെന്ന ലക്ഷ്യം ഗാന്ധിയൻപാഠാവലിയിലൂടെ നേടാൻ കഴിയില്ല. അക്ഷരങ്ങളെയോ അക്കങ്ങളെയോ വാക്കുകളെയോ പരിചയപ്പെടുത്താനുള്ള ശ്രമം ഗാന്ധിയൻപാഠാവലിയിൽ ഒരിടത്തുമില്ല. ഗാന്ധിജിയെക്കുറിച്ചും ഗാന്ധിയൻ ആശയങ്ങളെക്കുറിച്ചുമുള്ള അറിവ് ജനങ്ങൾക്ക് നൽകാൻ ഗാന്ധിയൻപാഠാവലി ഉപകരിക്കും. കേവലസാക്ഷരത കൈവരിച്ച നവസാക്ഷരനുപോലും പ്രയാസകരമാണ് ഈ പാഠാവലിയും. ചിത്രങ്ങൾക്കൊണ്ട് സമ്പുഷ്ടമാണ് ഗാന്ധിയൻപാഠാവലി. ഓരോ പാഠത്തിനും അനുയോജ്യമായ ചിത്രങ്ങൾ ചേർക്കുവൻ കഴിഞ്ഞതുകൊണ്ട് തുടർവിദ്യാഭ്യാസ നിലവാരത്തിലെത്തിയ ഒരു നവസാക്ഷരന് വളരെ പെട്ടെന്ന് ഗാന്ധിയൻ പാഠാവലിയിലെ പാഠങ്ങളിലേക്ക് കടക്കാം.

ഗാന്ധിജിയുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന സംഭവങ്ങൾ ചിത്രങ്ങളിലൂടെയും അക്ഷരങ്ങളിലൂടെയും പകർന്നു നൽകാൻ ഗ്രന്ഥകർത്താവ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. സമൂഹപാഠാവലിയിൽ പ്രസംഗരൂപേണ കാര്യങ്ങൾ അവതരിപ്പിച്ച പി.ടി.ഭാസ്ക്കരപ്പണിക്കർ ഗാന്ധിയൻപാഠാവലിയിൽ കഥ പറയുന്നതുപോലെ വിഷയം കുറെക്കൂടെ ലളിതവത്ക്കരിച്ചും ചിട്ടയോടും കൂടി അവതരിപ്പിക്കുന്നുണ്ട്. എങ്കിലും സാമാന്യവിദ്യാഭ്യാസം നേടിയ വ്യക്തിക്കു മാത്രമേ ഗാന്ധിയൻപാഠാവലി ഉപകരിക്കൂ.

വിദ്യാർത്ഥിയായ ഗാന്ധി എന്ന ഒന്നാം പാഠം മുതൽ ഞാൻ മഹാത്മാവല്ല എന്നുള്ള അൻപത്തിമൂന്നാം പാഠംവരെയുള്ള പാഠങ്ങളിലായി മഹാത്മാവായ ഗാന്ധിജിയെ തന്മയത്വത്തോടെ അവതരിപ്പിക്കാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുണ്ട്. ആശയങ്ങളെ ലളിതമായും ചിട്ടയായും സംഗ്രഹിക്കാൻ സാക്ഷരതാസാഹിത്യത്തിലൂടെ കഴിയുമെന്നതിന്റെ ദൃഷ്ടാന്തമായി ഗാന്ധിയൻ പാഠാവലി പരിഗണിക്കാം. വിദ്യാർത്ഥിയായ ഗാന്ധിജിയെ സംബന്ധിച്ച സംക്ഷിപ്ത വിവരണം നൽകാൻ ഒരുപേജ് പോലും ആവശ്യം വരുന്നില്ല. വാക്കുകളെയും വാചകങ്ങളെയും കാച്ചിക്കുറുക്കിയെടുത്ത് ഉപയോഗിക്കുവാനുള്ള ശ്രമമാണ് ഗാന്ധിയൻപാഠാവലിയിൽ ഉടനീളം കാണുന്നത്. പാഠം വായിച്ചുകൊടുക്കുക എന്ന നിർദ്ദേശം പാഠഭാഗത്തു തന്നെ നൽകുന്നതിലൂടെ ഒരാൾ വായിച്ച് ആശയം വിശദീകരിക്കുന്ന രീതി അവലംബിക്കുന്നതാണ് നല്ലതെന്ന തോന്നൽ സൃഷ്ടിക്കപ്പെടുന്നു. വായിക്കാൻ കഴിയാത്തവർക്കും ഗാന്ധിയൻ ആശയങ്ങൾ മനസ്സിലാക്കുന്നതിനും ഗാന്ധിജിയെപ്പറ്റി അറിയുന്നതിനും ഗാന്ധിയൻപാഠാവലി ഉപകരിക്കട്ടെയെന്ന് ഗ്രന്ഥകർത്താവ് കരുതിയിരിക്കണം. ബാരിസ്റ്റർ ഗാന്ധിക്ക് നേരിട്ടതുപോലുള്ള അനുഭവം ഇന്നത്തെ സാധാരണക്കാർക്ക് ഉണ്ടാവുമെന്നും അത്തരം അനുഭവങ്ങൾ പങ്കുവയ്ക്കണമെന്ന നിർദ്ദേശം വയോജനവിദ്യാഭ്യാസ ക്ലാസ്സിനെ ചലനാത്മകമാക്കാൻ കഴിയുന്നു. വാക്കുകൾ കഴിയുന്നത്ര ചുരുക്കി അന്ത:സത്ത ചോരാതെ ലളിതമലയാളത്തിൽ ഗൗരവപൂർണ്ണമായി കാര്യങ്ങൾ അവതരിപ്പിക്കാൻ സാക്ഷരതാസാഹിത്യത്തിലൂടെ കഴിയുമെന്നതിന്റെ തെളിവാണ് ഗാന്ധിയൻ പാഠാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഓരോ പാഠവും.[18]

*മലയാളപാഠാവലി (1989)* : ഗാന്ധിയൻപാഠാവലിയിൽ നിന്നും പ്രവൃത്യുന്മുഖ ബഹുജനസാക്ഷരതാപരിപാടിക്കുവേണ്ടി തയാറാക്കിയ *മലയാളപാഠാവലി (1988)* യിലേക്കു വരുമ്പോൾ കൂടുതൽ മാറ്റങ്ങൾ കണ്ടെത്താൻ കഴിയുന്നു.സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പ്രസ്തുതപാഠാവലി നിരക്ഷരനായ വ്യക്തിയെ

സാക്ഷരനാക്കാൻ ഉപകരിക്കത്തക്ക വിധത്തിൽ രൂപകൽപ്പന ചെയ്തതാണ്. ഓരോ പാഠത്തിലൂടെയും ഏതാനും അക്ഷരങ്ങൾ പഠിക്കുകയെന്ന ലക്ഷ്യത്തിലാണ് പാഠാവലി ക്രമീകരിച്ചിരിക്കുന്നത്. നിരക്ഷരനെ അക്ഷരം പഠിപ്പിക്കാനും അക്ഷരം മാത്രം അറിയാവുന്ന നവസാക്ഷരനെ തുടർന്ന് പഠിപ്പിക്കുന്നതിനും പര്യാപ്തമായ വിധത്തിലാണ് ഇതിന്റെ രചന. സ്വന്തം ജീവിതവുമായി ബന്ധപ്പെടുത്തി കാര്യങ്ങൾ അവതരിപ്പിച്ച് അക്ഷരജ്ഞാനം സ്വായത്തമാക്കുകയെന്ന ശാസ്ത്രീയ സമീപനം ഈ പാഠാവലിയിൽ ഉടനീളം കാണാം. ചോറും കറിയും എന്ന ആദ്യപാഠത്തിൽ നിരക്ഷരന് സ്വജീവിതത്തിൽ അറിയാവുന്ന ചോറ്, കറി, അരി,ആഹാരം എന്നീ പദങ്ങളിലൂടെ അതിലെ അക്ഷരങ്ങൾ പഠിപ്പിക്കാനാണ് ശ്രമിക്കുന്നത്. പാഠാവലിയിലുടനീളം സന്ദർഭോചിതം ചിത്രങ്ങൾ നൽകിയിരിക്കുന്നതും പാഠത്തിന്റെ അവസാനം ഓർത്തിരിക്കാൻ പഴമൊഴി രൂപത്തിൽ അനുയോജ്യമായ പദാവലികൾ ചേർക്കാൻ കഴിഞ്ഞതും നന്നായി.

"ആഹാരത്തിനു രുചി വേണം
രുചിയോടൊപ്പം ഗുണവും വേണം"[19]

"വീടും നാടും നന്നാകുവാൻ
വീടുവേണമെല്ലാപേർക്കും"[20]

"വിത്തുഗുണം പത്തുഗുണം"[21]

ഇങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ടവിഷയങ്ങളിലൂടെ അക്ഷരജ്ഞാനത്തിലേക്കും അറിവിലേക്കും പഠിതാവിനെ എത്തിക്കുവാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. ഓരോ പാഠങ്ങളിലും വളരെ കുറച്ച് വാചകങ്ങൾ മാത്രം ഉപയോഗിക്കുന്നതിനാൽ സാക്ഷരതാക്ലാസ്സിലെത്തുന്ന പഠിതാവിന് പാഠങ്ങളോട് ആകർഷകത്വം തോന്നുകയും വെറുപ്പ് ഇല്ലാതാവുകയും ചെയ്യും. സാധാരണക്കാരൻ കടന്നു ചെല്ലേണ്ട പഞ്ചായത്ത്,

വില്ലേജാഫീസ്, റേഷൻകട എന്നിവയെ സംബന്ധിച്ച് വളരെ കുറഞ്ഞ വാക്കുകളിൽ ആശയം സമ്പുഷ്ടമായി അവതരിപ്പിക്കുന്നു. ഓജസ്സുറ്റതും തെളിവാർന്നതുമായ ഭാഷാരീതിയാണ് പ്രവൃത്യുന്മുഖ ബഹുജനസാക്ഷരതാ പരിപാടിക്കായി ഉപയോഗിച്ച പാഠാവലികളിൽ കണ്ടെത്തുവാൻ കഴിയുന്നത്. കേവലം മൂന്ന് വാചകങ്ങളിലൂടെ പഞ്ചായത്തിനെ പരിചയപ്പെടുത്താനുള്ള ശ്രമം വിജയിച്ചു എന്ന് കണ്ടെത്താൻ കഴിയുന്നു.[22]

*കണക്കുപുസ്തകം(1987) :*

പ്രവൃത്യുന്മുഖ ബഹുജനസാക്ഷരതാ പരിപാടിക്കായി ഉപയോഗിച്ച *കണക്കുപുസ്തക(1987)*വും നിരക്ഷരരിൽ അക്കജ്ഞാനം സൃഷ്ടിക്കാൻ ഉതകുന്ന തരത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. കൂലി എന്ന ഒന്നാം പാഠത്തിൽ വേലചെയ്താൽ കൂലി കിട്ടും, കിട്ടിയ തുക എണ്ണി നോക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് നാണയങ്ങളും നോട്ടുകളും പരിചയപ്പെടുത്തുകയാണ്. അറിയാവുന്നതിൽ നിന്നും അറിയാൻപാടില്ലത്തതിലേക്ക് എന്ന തത്വമാണ് പ്രയോഗിച്ചിരിക്കുന്നത്. ചിത്രങ്ങളുടെ സഹായത്തോടെ ആശയങ്ങൾ അവതരിപ്പി ക്കുന്ന രീതി കണക്കുപുസ്തകത്തിൽ ഉപയോഗിച്ചു കാണുന്നു. ചോദ്യോത്തര രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കപ്പെടുന്ന പരിചിതമായ പശ്ചാത്തലത്തിൽനിന്ന് പഠിതാവിനെ നിർദ്ദിഷ്ഠ ലക്ഷ്യത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ കഴിയുന്ന തരത്തിലാണ് രചന നിർവ്വഹിച്ചിട്ടുള്ളത്. എത്രമണിയായി എന്ന പതിനൊന്നാം പാഠം പൂർണ്ണമായും ചിത്രത്തിലൂടെ മനസ്സിലാക്കേണ്ടതാണ്. കുടുംബബജറ്റിലൂടെ കണക്ക് പഠിപ്പിക്കാൻ കഴിയുമെന്നതിന്റെ തെളിവാണ് പതിനെട്ടാം പാഠം. കണക്കു പുസ്തകം പോലും ലളിതമലയാളത്തിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് ഇതിലൂടെ തെളിയിക്കുന്നു.

വസ്തുബോധത്തിലൂടെ അക്ഷരബോധത്തിലേക്ക് കടക്കുന്ന രീതി പ്രവൃത്യുന്മുഖ സാക്ഷരതാപ്രവർത്തനത്തിൽ പ്രയോഗിച്ചിരുന്നു. ആന, പശു,

കാള, തെങ്ങ് തുടങ്ങി നവസാക്ഷരന് കണ്ടാൽ തിരിച്ചറിയാവുന്ന ചിത്രങ്ങൾ കാണിച്ചശേഷം ആന, പശു, കാള, തെങ്ങ് തുടങ്ങിയ പദങ്ങൾ  പരിചയപ്പെടുത്തുന്ന രീതിയും ഉണ്ടായിരുന്നു.

കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി(കാൻഫെഡ്)യുടെയും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെയും പാഠാവലികളിൽ നിന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ *വെളിച്ചമേനയിച്ചാലും* എന്ന പേരിൽ എറണാകുളംജില്ലാ സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിന് ഉപയോഗിച്ച *അക്ഷരം സാക്ഷരതാപാഠാവലി*യിലേക്ക് വരുമ്പോൾ ഒട്ടേറെ മാറ്റങ്ങൾ ദൃശ്യമാകുന്നു.സമൂഹപാഠാവലിയിൽ നിന്നും അക്ഷരം സാക്ഷരതാ പാഠാവലിയിലെത്തുമ്പോൾ ഓരോഘട്ടത്തിലും പ്രായോഗികതലത്തിൽ സംഭവിച്ച പരാജയങ്ങളെ ഒഴിവാക്കാൻ ശ്രമങ്ങൾ നടന്നിരുന്നു. സാക്ഷരതാസാഹിത്യത്തിനും കാലാകാലങ്ങളിൽ മാറ്റങ്ങൾ വന്നു കൊണ്ടിരുന്നു.  വളരുന്ന സാഹിത്യശാഖകൾ എക്കാലത്തും മാറ്റങ്ങൾക്ക് വിധേയമാണ്.  സാക്ഷരതാസാഹിത്യവും ഇതിൽ നിന്നു ഭിന്നമല്ല.

2 : 3 *അക്ഷരം സാക്ഷരതാപാഠാവലി*[23]*(1989) :* കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സാക്ഷരതാപ്രവർത്തനങ്ങൾക്കായി കലാജാഥകളും തെരുവുനാടകങ്ങളും സംഘടിപ്പിക്കുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തിരുന്നു. എറണാകുളംജില്ല സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിനായി പുറത്തിറക്കിയ *അക്ഷരം സാക്ഷരതാപാഠാവലി(1989)* സാക്ഷരതാസാഹിത്യരംഗത്ത് ബലമുള്ള അടിത്തറ സൃഷ്ടിച്ചു. എല്ലാവർക്കും ആഹാരം എന്ന പാഠത്തിൽ തുടങ്ങി നല്ലൊരു നാളെ എന്ന മുപ്പത്തിയേഴാം പാഠം പഠിച്ചുകഴിയുന്നതോടെ നിരക്ഷരനായ ഒരാളെ സാക്ഷരനാക്കി മാറ്റാൻ കഴിയുന്ന തരത്തിൽ ലളിതവും കഥാത്മകവും അതേസമയം കാവ്യാത്മകവുമായ രചനാശൈലിയാണ് അക്ഷരം സാക്ഷരതാപാഠാവലിയിൽ സ്വീകരിച്ചിരിക്കുന്നത്.

അക്ഷരം സാക്ഷരതാപാഠാവലിയിൽ ഉടനീളം ജനകീയ കാഴ്ചപ്പാടോടെ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. നിരക്ഷരനായ പഠിതാവിനെ അക്ഷരത്തിന്റെ മാഹാത്മ്യം ബോദ്ധ്യപ്പെടുത്തി സാക്ഷരതാക്ലാസ്സുകളിലേയ്ക്ക് ആനയിക്കുമ്പോൾ അവരുടെ മാനസികതലത്തിനു യോജിച്ച രീതിയിൽ പഠനക്രമം ആയാസരഹിതമാക്കാൻ അക്ഷരം സാക്ഷരതാ പാഠാവലി പ്രത്യേകം ശ്രദ്ധിക്കുന്നു. ചർച്ചാരൂപത്തിൽ ആശയങ്ങൾ അവതരിപ്പിക്കാനുള്ള ശ്രമങ്ങളാണ് നടത്തിയിരിക്കുന്നത്. ചിത്രങ്ങളുടെ സഹായത്തോടെ ആശയങ്ങൾ അവതരിപ്പിക്കുന്നതിനും താളബോധത്തിലധിഷ്ഠിതമായ കാവ്യാത്മകഭാഷയിൽ മനസ്സിൽ ആശയങ്ങൾ നിലനിർത്താനുമുള്ള പരിശ്രമങ്ങൾ പാഠാവലിയിൽ കണ്ടെത്താൻ കഴിയുന്നു.

"കഞ്ഞിക്കുരിയരി കിട്ടാതലയും
പഞ്ഞക്കാരുടെ നാട്ടിൽ
അതിന്നു കാരണ മറിയാതിനിയും
ഉറക്കമരുതരുതേ
ഉറക്കമരുതരുതേ
ഇടിവെട്ടും പോലുറച്ചു പറയുക
പട്ടിണി പാടില്ലീ നാട്ടിൽ
ഒരൊറ്റ ശബ്ദ മൊരുറച്ച ശബ്ദം
പട്ടിണി പാടില്ലീ നാട്ടിൽ"[24]

"പണിയില്ലാപ്പട പെരുകും നാടിനു
മോചനമില്ലെന്നറിയുക നാം
പണിയെത്തിക്കൂ കൈകളിലെല്ലാം
പട്ടിണിയില്ലാതാവട്ടെ"[25]

"ചലനം ചലനം പ്രപഞ്ചസത്യം

മാനവനിതു കേട്ടുണരട്ടേ

ഉണരട്ടേ ഉണരട്ടേ

പ്രപഞ്ചമാകെ ഉണരട്ടേ" [26]

ആശയങ്ങളെ കാവ്യാത്മകമായി അവതരിപ്പിക്കുന്നതിലൂടെ മനുഷ്യമനസ്സിൽ ഉറങ്ങിക്കിടക്കുന്ന താളാബോധം ഉണർത്തി പഠിതാവിനെ സാക്ഷരതാക്ലാസ്സിൽ സജീവമായി നിലനിർത്തുവാൻ കഴിയുന്നു. മലയാളത്തിന്റെ ആദ്യാക്ഷരമായ അ പഠിപ്പിക്കുവാൻ ആദ്യപാഠത്തിൽ ശ്രമിക്കുന്നില്ല. താരതമ്യേന ലളിതവും പഠിക്കാൻ പ്രയാസമില്ലാത്തതുമായ റ, ര, ത,വ, ഹ എന്നീ അക്ഷരങ്ങളാണ് ആദ്യ പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് പ, ന,മ എന്നീ അക്ഷരങ്ങളിലേക്ക് കടക്കുന്നു. മലയാള അക്ഷരങ്ങൾ തനിക്ക് എഴുതുവാൻ കഴിയുന്നതാണെന്ന ആത്മവിശ്വാസം പഠിതാവിൽ ജനിപ്പിക്കാൻ കഴിയുന്ന തരത്തിലാണ് പാഠാവലി ചിട്ടപ്പെടുത്തിയിരിക്കുന്നത്. അരി, ഗോതമ്പ്, ജീവിതം, വയറ്, ആഹാരം, പണം, പട്ടിണി, പാടില്ല, അറിവ്, നാട്, പഠനം,വേണം, പണി, കൂലി, തൊഴിൽ, മോചനം, മാറണം തുടങ്ങി നിത്യജീവിതത്തിൽ പരിചതമായ പദങ്ങളാണ് പ്രയോഗിച്ചിരിക്കുന്നത്.

അമേരിക്കയിലേയോ വിദേശരാജ്യങ്ങളിലേയോ വിഷയങ്ങൾ അവതരിപ്പിച്ച് പഠിതാവിനെ ബോറടിപ്പിക്കാൻ ശ്രമിക്കുന്നില്ല. നിത്യജീവിതത്തിൽ ഓരോ ദിവസവും പലതവണ ഉപയോഗിക്കുന്ന പദങ്ങളെ തെരഞ്ഞെടുത്ത് അവയിലൂടെ അക്ഷരങ്ങളെ പരിചയപ്പെടുത്താനുള്ള ശ്രമം അക്ഷരം സാക്ഷരതാപാഠാവലിയിൽ സ്വീകരിച്ചു കാണുന്നു. പരിചിത പദങ്ങൾതന്നെ ഉപയോഗിക്കുന്നു എന്നതിനാൽ പഠിതാവിൽ മാനസിക സംഘർഷം സൃഷ്ടിക്കുന്നില്ല. പാഠാവലിയിൽ ഉപയോഗിച്ചിരിക്കുന്ന വാചകഘടന ചെറുതും ലളിതവുമാണ്.ഭാഷാപ്രയോഗത്തിൽ കാലാകാലങ്ങളിൽ വന്നമാറ്റങ്ങൾ

സാക്ഷരതാസാഹിത്യത്തിലും സ്വാധീനം ചെലുത്തി എന്നതിന്റെ തെളിവാണിത്. ഒറ്റ വാചകംകൊണ്ട് ഒരു ഖണ്ഡിക അവസാനിക്കുന്ന മിഷനറി ഗദ്യത്തിൽ നിന്നും ഭാഷയുടെ ക്രമാനുഗതമായ വളർച്ചയുടെ ഘട്ടങ്ങളിലാണ് വാചകങ്ങളെ ചെറുതാക്കാനുള്ള ശ്രമം നടന്നത്. കാര്യങ്ങൾ പരത്തിപ്പറയുന്ന രീതി ഉപേക്ഷിച്ച് അർത്ഥസമ്പുഷ്ടമായ രീതിയിൽ ലളിതമലയാളത്തിൽ ചുരുക്കിപ്പറയുവാനുള്ള ശ്രമത്തിലേക്ക് ഭാഷ നടന്നടുത്തുവെന്നതിന് തെളിവായും അക്ഷരം സാക്ഷരതാ പാഠാവലിയെ പരിഗണിക്കാവുന്നതാണ്.

അക്കജ്ഞാനം പഠിപ്പിക്കാൻ ചിത്രത്തിന്റെ സഹായം തേടുന്നത് ഉചിതം തന്നെ. നിത്യജീവിതത്തിൽ പരിചിതമായ തേങ്ങ കാണിച്ച് ഒരുതേങ്ങയുടെ പകുതിയാണ് അരമുറി തേങ്ങയെന്ന ബോധം ജനിപ്പിച്ച് ഒരുരൂപയുടെ പകുതിയാണ് അരരൂപയെന്നും അരരൂപയെന്നാൽ അമ്പത് പൈസ യാണെന്നും പഠിപ്പിക്കാനുള്ള ശ്രമം കണക്കിനെ ഭാഷയിലൂടെ ജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുമെന്ന് തെളിയിക്കുന്നു. കണക്കെന്ന് കേട്ടാൽ പേടിക്കുന്ന നിരക്ഷരനെ പേടി മാറ്റി നിത്യജീവിതവുമായി കോർത്തിണക്കി കണക്കു പഠിപ്പിക്കാൻ കഴിയുമെന്ന് സാക്ഷതാസാഹിത്യം തെളിയിച്ചു.

ആശയങ്ങളിലൂടെ അക്ഷരങ്ങളിൽ എത്തുകയും അതിലൂടെ പുതിയ ചിന്തകളും ജീവിതരീതികളും സംസ്കാരവും പ്രാവർത്തികമാക്കുവാനും കഴിയത്തക്ക രീതയിലാണ് അക്ഷരം സാക്ഷരതാപാഠാവലി വിഭാവനം ചെയ്തിരിക്കുന്നത്. താനാരാണെന്നുള്ള ബോധം മനസ്സിലുദിപ്പിച്ച് സമൂഹവും നാടും തന്നിൽനിന്നും എന്തു പ്രതീക്ഷിക്കുന്നുവെന്നും താൻ സമൂഹത്തിൽ ആരായിത്തീരണമെന്നുമുള്ള ലക്ഷ്യബോധം നിരക്ഷരരിൽ അങ്കുരിപ്പിക്കുന്ന പഠനരീതിയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. എല്ലാവർക്കും ആഹാരം എന്ന ആശയത്തിലൂടെ റ, ര.ത,വ,ഹ എന്നീ അക്ഷരങ്ങളും എല്ലാവർക്കും തൊഴിൽ എന്ന ആശയത്തിലൂടെ ഫ,ന, മ എന്നീ അക്ഷരങ്ങളും പഠിക്കണമെന്ന്

അക്ഷരം സാക്ഷരതാപാഠാവലിയിൽ ലക്ഷ്യമിടുന്നു. ഇങ്ങനെ ഓരോ ആശയങ്ങളെ പാഠരൂപത്തിലാക്കി ഏതാനും അക്ഷരങ്ങളെ മാത്രം പരിചയപ്പെടുത്തുന്ന രീതിസമ്പ്രദായമാണ് അക്ഷരം സാക്ഷരതാപാഠാവലിയിൽ സ്വീകരിച്ചു കാണുന്നത്. രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാല് എന്ന പഴമൊഴിയിലൂടെയും ഛായ എന്ന പ്രയോഗത്തിലൂടെയും ഛ എന്ന അക്ഷരം മനസ്സിലുറപ്പിക്കാനുള്ള ശ്രമം ഏറ്റവും ലളിതമായിരിക്കുന്നു. കുടിവെള്ളം എന്ന ആശയത്തിലൂടെ ള്ള എന്ന അക്ഷരം പഠിപ്പിച്ച് പലതുള്ളി പെരുവെള്ളം എന്ന പഴമൊഴിയിലൂടെ ള്ള യെ മനസ്സിൽ പതിപ്പിക്കാൻ നടത്തുന്ന ശ്രമം സാക്ഷരതാ സാഹിത്യത്തിന്റെ നേട്ടം തന്നെയാണ്. ജീവിതത്തിന്റെ വിവിധ വശങ്ങളെ സമഗ്രമായി ഒരൊറ്റ പാഠാവലിയിലൂടെ ആവിഷ്കരിക്കാൻ അക്ഷരം സാക്ഷരതാപാഠാവലിക്ക് കഴിഞ്ഞിട്ടുണ്ട്.

2: 4 *സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നവസാക്ഷരപുസ്തകങ്ങൾ :* [27]

*കൃഷിയുംകർഷകനും( 1980) :* വിവിധ നിലവാരത്തിലുള്ള നവസാക്ഷരർക്കായി വ്യത്യസ്ത സ്വഭാവത്തിലുള്ള നവസാക്ഷരസാഹിത്യം സൃഷ്ടിക്കപ്പെട്ടു. 1980ൽ പുറത്തിറങ്ങിയ *കൃഷിയും കർഷകനും(1980)* മെന്ന പുസ്തകത്തിൽ കുടിയേറ്റ കർഷകന്റെ ജീവിതകഥ അനാവരണം ചെയ്യുന്നു. പടുത്താൻ ചെട്ടിയാർ എന്ന കർഷകകഥാപാത്രം നാട്ടിൽ തനിക്കു ലഭിച്ച വീതം വിറ്റ് കുടിയേറിയതും പതിനെട്ട് വർഷത്തെ അദ്ധ്വാനത്താൽ നെല്ല്, മരച്ചീനി, കാപ്പി, വാഴ, കൊക്കോ, ജാതി, പയർ,പാവൽ തുടങ്ങിയ പലയിനം കൃഷികളാൽ സമ്പന്നമായ എട്ടേക്കർ സ്ഥലത്തിന്റെ ഉടമയായ കഥ തന്മയത്ത്വത്തോടെ ഫ്രാൻസിസ്ചേന്നാട് അവതരിപ്പിക്കുന്നു. വയോജനവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും നാട്ടിൽ കൃഷി മെച്ചപ്പെടുത്താൻ ഉദ്യോഗസ്ഥർ നടത്തുന്ന ശ്രമവും ജനങ്ങളുടെ അറിവില്ലായ്മയും ഈ നവസാക്ഷരപുസ്തകത്തിലൂടെ വരച്ചു കാട്ടുന്നു. കൃഷിയുമായി ബന്ധപ്പെട്ട വിജ്ഞാനപ്രദമായ കാര്യങ്ങൾ കഥാഖ്യാന ശൈലിയിൽ ആവിഷ്ക്കരിച്ചിരിക്കുകയാണ്.

കൃഷിയുടെ മഹത്വവും വയോജനവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും ശരിയായ കൃഷിരീതി അഭ്യസിക്കേണ്ടതിന്റെ ആവശ്യകതയും കൂട്ടുകൃഷി സമ്പ്രദായത്തിന്റെ നേട്ടങ്ങളും വിളിച്ചോതുന്ന ഒരു ലഘുപുസ്തകമാണ് കൃഷിയും കർഷകനും. സാധാരണക്കർക്ക് മനസ്സിലാകുന്ന ലളിതഭാഷയിൽ ആശയസമ്പുഷ്ടതയും രചനാസൗകുമാര്യവും ഒത്തിണങ്ങിയ ഈ പുസ്തകം സാക്ഷരതാസാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണ്. പഴഞ്ചൊല്ലുകളും ഓണപ്പാട്ടുകളും സമന്വയിപ്പിച്ചുകൊണ്ടുള്ള രചനാരീതി അനുവാചകനിൽ ആവേശം ജനിപ്പിക്കുന്നു. കൃഷിയെയും ഓണത്തെയും ബന്ധിപ്പിക്കാൻ നടത്തിയ ശ്രമം വളരെ ഉചിതമായിരുന്നു. അവതരണശൈലി വായനാശീലം വളർത്താൻ പര്യാപ്തമായ തരത്തിലാണ്.

"സമ്പത്തു കാലത്തു തൈപത്തു വച്ചാ-
ലാപത്തു കാലത്തു കാപത്തു തിന്നാം."[28]

എന്ന പഴഞ്ചൊല്ല് സന്ദർഭോചിതം ഉപയോഗിച്ചിരിക്കുന്നു. പഴഞ്ചൊല്ലുകളും പഴയപാട്ടുകളും സാക്ഷരതാസാഹിത്യത്തിൽ കൂടുതലായി ഉപയോഗിച്ചു കാണുന്നു. ജനമനസ്സുകളിൽ ആണ്ടുകിടക്കുന്ന സംഗീതബോധം വീണ്ടെടുക്കാനും അതിലൂടെ പുതിയ സന്ദേശം പകരാനും കഴിയുമെന്ന് കണ്ടെത്തുകയും പ്രകാശിപ്പിക്കുകയും ചെയ്തിട്ടുള്ള പ്രവർത്തനമേഖലയാണ് സാക്ഷരതാരംഗം. താരതമ്യേന സമൂഹത്തിന്റെ താഴേതട്ടിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങളാണ് വയോജനവിദ്യാഭ്യാസത്തിന്റെ പ്രധാന ഗുണഭോക്താക്കൾ. ഇവരോടുകാര്യങ്ങൾ പറയുമ്പോൾ ഇവർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ ലളിതമായ ഭാഷയിൽ വിഷയം അവതരിപ്പിക്കണം.

വയോജനവിദ്യാഭ്യാസത്തിൽ കണ്ണികളായ ഗുണഭോക്താക്കളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വായനാശീലം വളർത്തുന്നതിനും ഉതകുന്ന തരത്തിലായിരിക്കണം സാക്ഷരതാസാഹിത്യം സൃഷ്ടിക്കപ്പെടേണ്ടത്. യഥാർത്ഥഗുണഭോക്താക്കൾക്ക്

ഗുണം ചെയ്യാൻ കഴിയാത്ത ഒരു സാഹിത്യസൃഷ്ടിയും നിലനിൽക്കുകയില്ല.

"സൂര്യനുദിച്ചല്ലോ തെയ്യന്നം താരോ
മാനം തെളിഞ്ഞില്ലേ? തെയ്യന്നം താരോ
പൂക്കളമിട്ടില്ലോ തെയ്യന്നം താരോ
കോടിയണിഞ്ഞില്ലോ തെയ്യന്നം താരോ
ആളുകൾ കൂടില്ലോ തെയ്യന്നം താരോ
ആർന്നു വിളിച്ചല്ലോ തെയ്യന്നം താരോ
നാക്കില വച്ചല്ലോ തെയ്യന്നം താരോ
മാവേലി വന്നല്ലോ തെയ്യന്നം താരോ

ഓണത്തപ്പാ മുത്തപ്പാ ഓണക്കറികൾ എന്തെല്ലാം?
അച്ചിങ്ങപീച്ചിങ്ങസാമ്പാറ്, പച്ചടി കിച്ചടിയച്ചാറ്
ഓണത്തപ്പാ മുത്തപ്പാ, ഓണക്കളികൾ എന്തെല്ലാം ?
കൈകൊട്ടിക്കളി കുമ്മിയടി നാടൻ പന്ത് കിളിത്തട്ട്"[29]

എന്നിങ്ങനെയുള്ള ഓണപ്പാട്ടുകളുടെ സന്ദർഭോചിതമായ സമ്മേളനം സാക്ഷരതാസാഹിത്യത്തിൽ മിക്കപ്പോഴും കണ്ടെത്താൻ കഴിയുന്നു. ജീവിതാനുഭവങ്ങൾ നൽകിയ ആർദ്രതയും ആവേശവും ഗ്രന്ഥകാരന്റെ ഭാഷയ്ക്ക് ഒരു പ്രത്യേക ഭംഗി നൽകിയിരിക്കുന്നു.

*ഞങ്ങൾക്ക് പഠിക്കണം (1988)*[30] : പി.എൻ.പണിക്കരുടെ *ഞങ്ങൾക്ക് പഠിക്കണം(1988)* എന്ന പുസ്തകത്തിലേക്ക് കടക്കുമ്പോൾ ചിത്രങ്ങളുടെ സഹായത്തോടുകൂടി പഠനത്തിന്റെ ആവശ്യകതാബോധം പഠിതാക്കളിൽ ജനിപ്പിക്കാനുള്ള രചനാസമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. പാടത്തുംപറമ്പിലും പകലന്തിയോളം പണിയെടുക്കുന്ന തൊഴിലാളി ഇനി എന്തിനു പഠിക്കുന്നുവെന്നും ഇനിയും പഠിച്ചിട്ടെന്തു നേടാനാണ് എന്നുമുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയാണ് സാക്ഷരതാപ്രവർത്തനത്തിന് പ്രചോദനം നൽകുന്ന ഈ ചെറുപുസ്തകം.

തൊഴിലാളികളെയും പട്ടിണിപ്പാവങ്ങളെയും അക്ഷരാഭ്യാസത്തിൽ നിന്നു പിന്തിരിപ്പിക്കാനുള്ള പ്രതിലോമശ്രമങ്ങൾ പലകാലഘട്ടത്തിലും കേരളത്തിൽ പോലും നടന്നിട്ടുണ്ട്. ഇങ്ങനെയുള്ള പിന്തിരിപ്പൻ ചിന്താഗതികൾ ക്കെതിരെയുള്ള സംഘടിതമായ പ്രവർത്തനങ്ങൾ യഥാസമയം നടന്നതു കൊണ്ടുകൂടിയാണ് സാക്ഷരതാരംഗത്ത് കേരളത്തിന് മുന്നേറാൻ കഴിഞ്ഞത്. നിരാലംബരും നിരക്ഷരരുമായ ജനതയെ സാക്ഷരതയുടെ ലോകത്തിലേക്ക് ആനയിക്കാനുള്ള മുന്നൊരുക്കങ്ങളിൽ ആവേശം പകരുന്ന രചനാരീതിയാണ് ഞങ്ങൾക്ക് പഠിക്കണം എന്ന പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നത്. സമൂഹത്തിൽ നിലകൊള്ളുന്ന അഴിമതിയും അനീതിയും, വിദ്യാഭ്യാസം കൊണ്ട് മാതൃകാ പുരുഷൻമാരായ ചരിത്രവും ലളിതഭാഷയിൽ പി.എൻ.പണിക്കർ അവതരിപ്പിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ എന്താവണം എന്ന ചിന്ത നിരക്ഷരരിലും നവസാക്ഷരരിലും ഉണർത്താൻ ഈ പുസ്തകം സഹായകരമാണ്.

31

*പഠനോപകരണങ്ങൾ(1988)* : ഭാഷാപഠനത്തോടൊപ്പം ശാസ്ത്രാവബോധവും നവസാക്ഷരരിൽ ജനിപ്പിക്കാൻ കഴിയുന്ന തരത്തിൽ 1990 കൾക്കു മുമ്പുതന്നെ സാക്ഷരതാസാഹിത്യത്തിൽ ചില ശ്രമങ്ങൾ നടന്നിരുന്നു. ശാസ്ത്രത്തെ ജനകീയമാക്കാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പരിശ്രമിച്ചിരുന്നു. വയോജനവിദ്യാഭ്യാസ പഠനകേന്ദ്രങ്ങളിൽ ക്ലാസ്സുകൾ കൂടുതൽ എളുപ്പമാക്കാനും പഠിതാവിൽ ഉത്സാഹവും താത്പര്യവും ജനിപ്പിക്കാൻ ചില പഠനോപകരണങ്ങൾ നിർമ്മിക്കുന്നത് സഹായകരമാകുമെന്ന കണ്ടെത്തലാണ് *പഠനോപകരണങ്ങൾ(1988)* എന്ന പുസ്തകത്തിന്റെ പിറവിയുടെ കാരണം.

തീപ്പെട്ടി, തീപ്പെട്ടിക്കോൽ, സിഗരറ്റുകൂടുകൾ, കാർഡുകൾ, സോപ്പുപെട്ടികൾ, മുള്ളാണികൾ, മുത്ത്, മുട്ടുസൂചി, പശ,ഒഴിഞ്ഞകുപ്പികൾ, ടിന്നുകൾ തുടങ്ങി വെറുതെ കളയുന്ന സാധനങ്ങളെല്ലാം ഉപകരണങ്ങൾ നിർമ്മിക്കാൻ

ഉപയോഗിക്കാം. ഗൗരവകരമായ പഠനത്തിനേക്കാൾ തങ്ങൾ എന്തോ കളിക്കുകയാണെന്ന തോന്നൽ പഠിതാവിൽ സൃഷ്ടിക്കപ്പെടുന്നു. സംഖ്യാറാന്തൽ, നാടൻകാൽക്കുലേറ്റർ, നാടൻ ടി.വി തുടങ്ങി ഇരുപത്തഞ്ച് വസ്തുക്കളുടെ നിർമ്മാണരീതി വളരെ ലളിതമായി പഠനോപകരണങ്ങൾ എന്ന പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു. ശാസ്ത്രവിഷയങ്ങളെ നവസാക്ഷരന് മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ ആവിഷ്ക്കരിക്കാൻ സാക്ഷരതാ സാഹിത്യത്തിന് കഴിയുമെന്ന് ഈ ലഘുപുസ്തകം വ്യക്തമാക്കുന്നു.
32

*കൂടുതൽ പഠിക്കാൻ(1989) :* കേരളത്തിലെ പ്രവൃത്യുന്മുഖ ബഹുജന സാക്ഷരതാപരിപാടിയുമായി ബന്ധപ്പെട്ടശേഷം പുറത്തിറങ്ങിയ പഠിതാക്കളെ കൂടുതൽപഠിക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിലായിരുന്നു ഈ ഘട്ടത്തിലെ സാക്ഷരതാസാഹിത്യ പ്രസാധനം. *കൂടുതൽപഠിക്കാൻ(1989)* എന്ന പേര് സൂചിപ്പിക്കുംപോലെ തന്നെ സാക്ഷരത കൈവരിച്ച ഒരു വ്യക്തിക്ക് കൂടുതൽ വിഷയങ്ങളെ സംബന്ധിച്ച് പ്രാഥമിക അറിവുകൾ നൽകാൻ ഈ പുസ്തകത്തിന് കഴിയുന്നു. നാൽപ്പത് വ്യത്യസ്ത വിഷയങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നതാണ് ഈ പുസ്തകം.

കൂടുതൽപഠിക്കാൻ എന്നപുസ്തകത്തിലൂടെ ഒട്ടേറെ ആശയങ്ങളും ചിന്താശകലങ്ങളും നവസാക്ഷരനിൽ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു. ഏതുതരത്തിലുള്ള ഭക്ഷണം കഴിച്ചാലും വിശപ്പുമാറാനാണെന്ന സാമാന്യവത്ക്കരണം നടത്തുന്നതിലൂടെ പാൽപ്പായസവും പഴഞ്ചോറും തുല്യമാണെന്ന ബോധം ജനിപ്പിക്കാനും കഴിയുന്നു. മുണ്ടില്ലാത്തവൻ പട്ടുടുക്കുന്നു എന്ന പാഠത്തിലൂടെ വേഷങ്ങളെ സംബന്ധിച്ചും എനിക്കു വേണമൊരുവീട് എന്ന പാഠത്തിലൂടെ കാലാവസ്ഥയ്ക്ക് യോജിച്ച വീടിനെ സംബന്ധിച്ചും ആരോഗ്യമുള്ള ശരീരത്തിലെ നല്ലമനസ്സുണ്ടാവൂ എന്ന പാഠത്തിലൂടെ ശുചിത്വ സന്ദേശവും ആരോഗ്യത്തെ സംബന്ധിച്ച അവബോധവും ജനിപ്പിക്കാൻ ശ്രമിക്കുന്നു.

ഒരു സാഹിത്യസൃഷ്ടി എന്ന നിലയിൽ എന്തു പറയുന്നു എന്നതുപോലെ തന്നെ എങ്ങനെ പറയുന്നു എന്നതും പ്രധാനമാണ്. നവസാക്ഷരന് പരിചിതമായ ചുറ്റുപാടുകളിലൂടെ പറയാനുദ്ദേശിക്കുന്ന ആശയങ്ങൾ ലളിതമായി ആവിഷ്ക്കരിക്കാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. ഇത്തരം സാഹിത്യസൃഷ്ടി കളിലൂടെ വായനാശീലം വളർത്താനും ജീവിതഗുണനിലവാരം മെച്ചപ്പെടുത്താനും മനുഷ്യന്റെ ചിന്തയിലും പ്രവൃത്തിയിലും മൗലികമായ മാറ്റങ്ങൾ വരുത്തുവാനും കഴിയും. ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളുടെ ജീവിതരീതിയിൽ നിന്നും വ്യതിരിക്തമായ തനിമ സ്വാതന്ത്ര്യാനന്തരഘട്ടത്തിലെ കേരളീയരിൽ സൃഷ്ടിക്കാൻ കഴിഞ്ഞത് സാക്ഷരതാപ്രവർത്തനങ്ങളുടെയും അതിന് സഹായകമായ സാഹിത്യസൃഷ്ടികളുടെയും ഫലമാണ്.

വൈജ്ഞാനിക സാഹിത്യരംഗത്തിന്റെ സംഭാവന സമൂഹത്തിലെ ഉയർന്ന നിലവാരത്തിലുള്ളവർക്ക് ലഭിക്കുമ്പോൾ സാധാരണക്കാരിലും സാധാരണക്കാരായ നവസാക്ഷരസമൂഹത്തിന്റെ ചിന്തയിലും പ്രവൃത്തിയിലും കാതലായ മാറ്റം വരുത്താൻ കഴിഞ്ഞത് സാക്ഷരതാസാഹിത്യത്തിന്റെ കടന്നുകയറ്റം കൊണ്ടും സാന്നിന്നിദ്ധ്യം കൊണ്ടുമാണ്.

***വൈകിവന്നവെളിച്ചം(1990) :***[33] മൂന്നു കഥാപാത്രങ്ങളുള്ള ചെറുനാടകമാണ് രാധാകൃഷ്ണൻ അടുത്തില രചിച്ച *വൈകിവന്ന വെളിച്ചം(1990)*. സാക്ഷരത കൈവരിക്കുന്നതിലേക്ക് വിരൽ ചൂണ്ടുന്ന ആശയമാണ് നാലുരംഗങ്ങളുള്ള ഈ നാടകത്തിലൂടെ അവതരിപ്പിക്കുന്നത്. അക്ഷരം അറിയാത്തതിനാൽ കത്ത് അയയ്ക്കാൻ കഴിയാത്തതും,ഗുളികമാറിപ്പോകുന്നതും, ബസിന്റെ ബോർഡ് വായിക്കാൻ കഴിയാത്തതിനാൽ ബസ് മാറിപ്പോകുന്നതുമായ വിഷയങ്ങൾ നാടകത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു. ലളിതഭാഷയിൽ സാധാരണക്കർക്ക് മനസ്സിലാകുന്ന രീതിയിലാണ് നാടകരചന നടത്തിയിരിക്കുന്നത്. നാടകത്തിന്റെ എല്ലാസ്വഭാവങ്ങളും ഉൾക്കൊള്ളുന്നതായിരുന്നില്ലെങ്കിലും സാഹിത്യഭംഗിയുടെ പരിമിതിയുണ്ടെങ്കിലും സാക്ഷരതാപ്രവർത്തനത്തിന് ഉത്തേജനം നൽകുന്നതാണിത്

34
*കേരളത്തിലെ ജില്ലകൾ (1990) :* കേരളത്തെപ്പറ്റിയും കേരളത്തിലെ ജില്ലകളെക്കുറിച്ചും പ്രാഥമികവിവരങ്ങൾ നൽകിക്കൊണ്ട് നവസാക്ഷരർക്കായി തയ്യാറാക്കിയ പുസ്തകമാണ് ശാകംഭരി രചിച്ച *കേരളത്തിലെ ജില്ലകൾ(1990).* വസ്തുതകളെ നവസാക്ഷരർക്ക് മനസ്സിലാകുന്ന വിധത്തിൽ ആവശ്യമായ സാഹിത്യ ഭംഗി കലർത്തിയാണ് രചന നിർവ്വഹിച്ചിരിക്കുന്നത്. വിഷയാവതരണത്തിലും ആഖ്യാനരീതിയിലും ലളിതവും സരസവുമായ രചനാസൗകുമാര്യം കണ്ടെത്താൻ കഴിയുന്നു. സർക്കാർ പ്രസിദ്ധീകരണങ്ങളുടെ ചിട്ടവട്ടങ്ങളിൽ നിന്നും മോചനം പ്രാപിക്കാൻ കഴിഞ്ഞുവെന്നതും ഈ ലഘുഗ്രന്ഥത്തിന്റെ സവിശേഷതകളാണ്. ജില്ലകളെ സംബന്ധിച്ച് അറിവുകൾ നൽകുന്നതോടൊപ്പം വായനാശീലം വളർത്താനും ഈ നവസാക്ഷരസാഹിത്യം സഹായകരമാണ്.

35
***ലഘുയന്ത്രങ്ങൾ (1990) :*** നവസാക്ഷരർക്ക് യന്ത്രങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകമാണ് പള്ളിയറ ശ്രീധരൻ രചിച്ച *ലഘുയന്ത്രങ്ങൾ(1990).* കഥാരൂപത്തിലും ചോദ്യോത്തര രൂപത്തിലും യന്ത്രങ്ങളെ സാധാരണക്കർക്ക് പരിചയപ്പെടുത്താനുള്ള ശ്രമമാണ് ഈ ഗ്രന്ഥത്തിലൂടെ നടത്തിയിരിക്കുന്നത്. കത്രിക, പാക്കുവെട്ടി എന്നിവയിൽ തുടങ്ങി കാളിംഗ് ബെൽ, ഫാൻ, റെഗുലേറ്റർ, ഇസ്തിരിപ്പെട്ടി, റേഡിയോ, ടെലിവിഷൻ, പ്രൊജക്റ്റർ, ടെലഫോൺ, റഫ്രിജറേറ്റർ, മിക്സി, കാർ, ക്ലോക്ക്, തീവണ്ടി, വിമാനം തുടങ്ങി ശാസ്ത്ര പുരോഗതിയുടെ ഫലമായി നിർമ്മിച്ച ഉപകരണങ്ങളെ ലളിതമായ രീതിയിൽ മനസ്സിലാക്കിക്കൊടുക്കാനും ഈ നവസാക്ഷര പുസ്തകത്തിനു കഴിയുന്നു.

36
*ഈച്ച(1990) :* ഈച്ച വരുത്തുന്ന അപകടങ്ങളെ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാനുള്ള ശ്രമമാണ് ഈച്ച(1990)യെന്ന ലഘുഗ്രന്ഥത്തിലൂടെ ശ്രീധരൻ കൊയിലാണ്ടി നിർവ്വഹിച്ചിരിക്കുന്നത്. വ്യക്തിയിലും സമൂഹത്തിലും ഈച്ച വരുത്തിവെയ്ക്കുന്ന വിനകൾ കാര്യഗൗരവത്തോടെയും എന്നാൽ

ലളിതശൈലിയോടെയും പ്രതിപാദിച്ചിരിക്കുന്നു.നവസാക്ഷരരുടെ ജീവിതഗുണ നിലവാരം ഉയർത്താൻ പ്രചോദനം നൽകുന്ന തരത്തിലാണ് വിഷയം ക്രമപ്പെടുത്തിയിട്ടുള്ളത്. ഭാഷാപ്രയോഗത്തിലും ആശയഘടനയിലും നവസാക്ഷരരുടെ നിലവാരത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന പുസ്തകമാണിത്. കുറച്ചു വാക്യങ്ങളിൽ ഏറെകാര്യങ്ങൾ പറയുകയാണ് ഇവിടെ ഗ്രന്ഥകാരന്റെ ലക്ഷ്യം.

*പരിശ്രമിച്ചാൽ വിജയിക്കും(1990)*[37] : രാധയെന്ന പെൺകുട്ടിയുടെ കഥയിലൂടെ അക്ഷരാഭ്യാസത്തിന്റെയും ജോലിയുടെയും മാഹാത്മ്യം ഉയർത്തിക്കാട്ടാൻ കഴിയുന്ന പുസ്തകമാണ് ഇന്ദുലേഖ വഴുതക്കാട് രചിച്ച *പരിശ്രമിച്ചാൽ വിജയിക്കും(1990).* നവസാക്ഷരരുടെ നിലവാരത്തിൽ നിന്നുകൊണ്ട് ചെറിയ ഒരു കഥയിലൂടെ വലിയ ആശയം പ്രചരിപ്പിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. ആശയങ്ങളെ കഥാത്മകമായും ലളിതമായും എങ്ങനെ ചിത്രീകരിക്കാൻ കഴിയുമെന്നതിന്റെ ഉത്തമോദാഹരണം തന്നെയാണ് പരിശ്രമിച്ചാൽ വിജയിക്കുമെന്ന ലഘുപുസ്തകം. ജീവിതത്തിൽ വെല്ലുവിളികളെ മനോധൈര്യത്തോടെ നേരിട്ടാൽ ഏതു പ്രതിസന്ധികളെയും അതിജീവിക്കാൻ കഴിയുമെന്ന ബോധം നവസാക്ഷരരിൽ ഉദിപ്പിക്കാൻ ഈ സാഹിത്യ സൃഷ്ടിക്ക് കഴിയും.

*ഊരുവിലക്ക് (1990)*[38] : നവസാക്ഷരസാഹിത്യവുമായി ബന്ധപ്പെട്ട ഒരു നാടകമാണ് രാധാകൃഷ്ണൻ അടുത്തില രചിച്ച *ഊരുവിലക്ക്(1990).* അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ അറിവുനേടിയ സമൂഹം പ്രതികരിക്കുമെന്ന പ്രമേയത്തെ ആസ്പദമാക്കി നവസാക്ഷരരുടെ നിലവാരത്തിൽ നിന്നുകൊണ്ട് രചിക്കപ്പെട്ട നാടകമാണിത്. പ്രധാനപ്പെട്ട ഒരു പ്രമേയത്തെ സാമാന്യവത്ക്കരിച്ച് ഏതു നാട്ടിൻപുറത്തും നടക്കാവുന്ന ഒരു സംഭവമാക്കിമാറ്റി അനുവാചക ഹൃദയങ്ങളിൽ പുത്തൻ ഉണർവിന്റെ

തിരിനാളം ഉയർത്താൻ ഈ നാടകത്തിനു കഴിയുന്നുണ്ട്. ആശയത്തിലും ആവിഷ്ക്കാരത്തിലും ജനകീയതലത്തിലേക്ക് മാറാൻ ശ്രമിക്കുന്നു. മന്ത്രവാദികളുടെയും വെളിച്ചപ്പാടുകളുടെയും പിടിയിൽ അകപ്പെട്ട സമുദായത്തെ വിദ്യയെന്ന വെളിച്ചത്തിലൂടെ ലോകത്തെ നോക്കിക്കാണാൻ പഠിപ്പിക്കുകയാണ് ഈ സാഹിത്യസൃഷ്ടിയിലൂടെ ചെയ്യുന്നത്.[39]

*യന്ത്രങ്ങളുടെലോകം(1990) :* നവസാക്ഷരരായ കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട യന്ത്രങ്ങളെ സംബന്ധിച്ച അറിവു നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ പുസ്തകമാണ് പള്ളിയറ ശ്രീധരൻ രചിച്ച *യന്ത്രങ്ങളുടെ ലോകം(1990).* കൃഷിക്ക് മരുന്ന് തളിക്കാൻ ഉപയോഗിക്കാനും പമ്പ് മുതൽ ട്രാക്ടർവരെയുള്ള വിവിധ യന്ത്രങ്ങളെ സംബന്ധിച്ച വിവരങ്ങൾ കഥാപാത്ര ങ്ങളിലൂടെ രസകരമായി അവതരിപ്പിച്ചിരിക്കുന്നു. കൃഷി ശാസ്ത്രീയമായി നടത്തിയാൽ കിട്ടുന്ന ഗുണങ്ങളും പുതിയ അറിവുകൾ നേടേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്ന ഈ നവസാക്ഷരകൃതി ഭാഷയിലും ആഖ്യാനശൈലിയിലും സാക്ഷരതാസാഹിത്യത്തോട് ഇണങ്ങിച്ചേരുന്നു.

കേരള ഗ്രന്ഥശാലാസംഘം പുറത്തിറക്കിയ നവസാക്ഷര പുസ്തകങ്ങളിൽ നിന്നും പന്ത്രണ്ട് പുസ്തകങ്ങളും കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റാൻ നടത്തിയ അക്ഷരകേരളം പദ്ധതിക്ക് മുമ്പുവരെ കേരളത്തിൽ നടന്ന സാക്ഷരതാപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച അഞ്ച് പാഠാവലികളും ഇതേകാലയളവിൽ പുറത്തിറക്കിയ പന്ത്രണ്ട് നവസാക്ഷരപുസ്തകങ്ങളുമാണ് ഈ അദ്ധ്യായത്തിൽ പഠനവിധേയ മാക്കിയത്. കേരള അനൗപചാരിക വിദ്യാഭ്യാസവികസനസമിതി (കാൻഫെഡ്) യും സ്റ്റേറ്റ് റിസോഴ്സ്സെന്ററും കേരള ഗ്രന്ഥശാലാസംഘവും മുന്തയി പരിഗണന നൽകിയത് സാക്ഷരത കൈവരിച്ചവർക്കായി സാഹിത്യസൃഷ്ടി നടത്തുന്നതിലായിരുന്നു. നിരക്ഷരനെ സാക്ഷരനാക്കാൻ കഴിയുന്ന തരത്തിൽ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഇവർ നിർമ്മിച്ച സാക്ഷരതാപാഠാവലികൾക്ക്

കഴിഞ്ഞതുമില്ല. ഇത് അന്നത്തെ സാക്ഷരതാപ്രവർത്തനത്തെയും ബാധിച്ചിരുന്നു. ഒച്ചിഴയുന്ന വേഗത്തിൽ മുന്നേറിക്കൊണ്ടിരുന്ന സാക്ഷരതാ പ്രവർത്തനത്തെ കൊടുങ്കാറ്റിന്റെ വേഗതയിലേക്ക് മാറ്റിമറിക്കാൻ കഴിഞ്ഞതിനു പിന്നിൽ പില്ക്കാലത്തെ സാക്ഷരതാസാഹിത്യത്തിനും നിർണ്ണായകമായ പങ്ക്വഹിക്കാൻ കഴിഞ്ഞു. സാക്ഷരതാസാഹിത്യത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളാതെ നവസാക്ഷരസാഹിത്യത്തിലേക്ക് ഓടിക്കയറാൻ നടത്തിയ സാഹസമാണ് ഇക്കാലത്തെ പ്രവർത്തനങ്ങളുടെ ശക്തി കുറച്ചത്.

കേരള ഗ്രന്ഥശാലാസംഘം 1980 നു മുമ്പ് പ്രസിദ്ധീകരിച്ച നവസാക്ഷര കൃതികളെ സാഹിത്യരചനകൾ എന്ന നിലയിൽ പരിശോധിക്കുമ്പോൾ ഒട്ടേറെ പരിമിതികൾ കണ്ടെത്താൻ കഴിയുന്നു. നവസാക്ഷരസാഹിത്യം എങ്ങനെ സൃഷ്ടിക്കണമെന്ന് മലയാളത്തിൽ പൂർവ്വമാതൃകകൾ ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ മാതൃകകൾ സൃഷ്ടിക്കപ്പെടേണ്ടത് ആദ്യകാല പ്രവർത്തകരുടെ കടമയായി മാറി. തങ്ങൾക്ക് ലഭിച്ച അറിവിന്റെയും കിട്ടിയ പരിശീലനത്തിന്റെയും വെളിച്ചത്തിൽ സാഹിത്യസൃഷ്ടി നടത്തിയപ്പോൾ എഴുത്തുകാർക്കു സംഭവിച്ച കുറവുകളായി അക്കാലത്തെ മിക്ക രചനകളേയും കാണേണ്ടിയിരിക്കുന്നു. മലയാള അക്ഷരം വലുതായി എഴുതിയാൽ, ഭാഷ ലളിതമായി എന്ന ധാരണ ഗ്രന്ഥകർത്താക്കളിൽ കടന്നുകൂടി. എന്തു പറയുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് എങ്ങനെപറയുന്നു എതും. അവതരണ ശൈലിയിലും ഉദാഹരണങ്ങളുടെ ഉപയോഗത്തിലും പലപ്പോഴും നവസാക്ഷരനായ വായനക്കാരനോട് നീതിപുലർത്താൻ കേരള ഗ്രന്ഥശാലാസംഘത്തിന്റെ ഈ കാലയളവിലെ മിക്കകൃതികൾക്കും കഴിഞ്ഞില്ല. സ്വാഭാവികമായും ഈ കൃതികൾക്ക് നവസാക്ഷരരായ അനുവാചകരിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞില്ല. മാനസിക സംഘർഷം ലഘൂകരിക്കാനോ മാനസികോല്ലാസം നൽകാനോ

ഈ കൃതികൾ അവസരം നൽകിയിരുന്നില്ല. ഒരേ അച്ചിലിട്ട് വാർത്ത കുറേ രചനകളെന്ന് ഇവയെ വിശേഷിപ്പിക്കാം.

ചിത്രങ്ങൾ ഉപയോഗിക്കാതെ അക്ഷരങ്ങളിലൂടെ മാത്രം ആശയസംവേദനം നടത്താനുള്ള ശ്രമമാണ് അന്ന് നടത്തിയിരിക്കുന്നത്. ഇത് നവസാക്ഷരപുസ്തകത്തിന് യോജിച്ച സമീപനമായിരുന്നില്ല. അക്ഷരങ്ങളുടെ വലുപ്പം നവസാക്ഷരകൃതിക്ക് യോജിച്ചതു തന്നെ. ഉള്ളടക്കത്തിന്റെ ഘടനയും അവതരണശൈലിയും തമ്മിലുള്ള പൊരുത്തക്കേടുകളായിരുന്നു മറ്റൊരു ന്യൂനത.

നവസാക്ഷര സാഹിത്യകൃതികളുടെ തുടക്കമെന്ന നിലയിൽ, മുൻമാതൃകകളില്ലാതെ നടത്തിയ പരിശ്രമമെന്ന നിലയിലും ഒരു സാഹിത്യശാഖ രൂപപ്പെടുത്തിയെടുക്കാൻ നടത്തിയ തീവ്രമായ പരിശ്രമത്തിന്റെ ഫലമാണ് കേരള ഗ്രന്ഥശാലാസംഘത്തിന്റെ നവസാക്ഷര പുസ്തകങ്ങൾ. കേരളത്തിൽ സംഘടിത സാക്ഷരതാപ്രവർത്തനം ഗൗരവമേറിയ പ്രവർത്തനമായി അംഗീകരിക്കാതിരുന്ന കാലഘട്ടത്തിൽ, സാക്ഷരതാപ്രവർത്തനത്തിന്റെയും സാക്ഷരതാസാഹിത്യത്തിന്റെയും പ്രാധാന്യം വെളിച്ചത്തു കൊണ്ടുവരുവാൻ കേരള ഗ്രന്ഥശാലാസംഘത്തിന്റെനവസാക്ഷര കൃതികൾക്ക് കഴിഞ്ഞിട്ടുണ്ട്. പിന്നീട് കേരളത്തിൽ നടന്ന സാക്ഷരതാപ്രവർത്തനങ്ങൾക്കും സാക്ഷരതാസാഹിത്യസൃഷ്ടികൾക്കും അടിത്തറയിടുവാൻ ഈ നവസാക്ഷരകൃതികൾ പ്രചോദനമായി. 1970 മുതൽ 1980 വരെയുള്ള കാലഘട്ടം മലയാളത്തിലെ സാക്ഷരതാസാഹിത്യ രംഗത്ത് പുതിയ അദ്ധ്യായത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞു.

കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്)യുടെ സമൂഹപാഠാവലിയിൽ നിന്നും ഗാന്ധിയൻപാഠാവലിയിൽ നിന്നും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രവൃത്യുന്മുഖ ബഹുജനസാക്ഷരതാപാഠവലിയിലൂടെ

കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ അക്ഷരം സാക്ഷരതാപാഠാവലിയിലെ ത്തുമ്പോൾ പാഠാവലിയുടെ കെട്ടിലും മട്ടിലും ആശയത്തിലും അവതരണത്തിലും അക്ഷരങ്ങളെ ചിട്ടപ്പെടുത്തുന്നതിലും ഒട്ടേറെ മാറ്റങ്ങൾ ദൃശ്യമാകുന്നു. പ്രസംഗസ്വഭാവത്തിൽ നിന്നും ഉത്ബോധനത്തിലൂടെയും കഥാകഥനത്തിലൂ ടെയും കടന്ന് അനുഭവത്തിന്റെ തെളിനീരിലൂടെ അക്ഷരജ്ഞാനവും അക്കജ്ഞാ നവും നേടാൻ നിരക്ഷരനെ പ്രാപ്തനാക്കുന്ന തരത്തിലാണ് പാഠാവലിയുടെ വളർച്ച കാണിക്കുന്നത്. സാക്ഷരതാസാഹിത്യത്തിന്റെ ക്രമാനുഗതമായ വളർച്ച യിൽ മാതൃകകൾ സൃഷ്ടിക്കപ്പെടുകയാണ് ചെയ്തുകൊണ്ടിരുന്നത്.

നിരക്ഷരനെ സാക്ഷരനാക്കാൻ മാർഗ്ഗങ്ങൾ തേടിയുള്ള യാത്രയിൽ പല പരീക്ഷണങ്ങളും സാഹിത്യരൂപത്തിൽ നടത്തി. നിരക്ഷരരെയും നവസാക്ഷരരെയും കൂടുതൽ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ജനകീയ സാഹിത്യസരണി ആവശ്യമാണെന്ന ബോധം എഴുത്തുകാരിൽ സൃഷ്ടിച്ചു. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വിവിധ പ്രയക്കാരെ ഒരേചരടിൽ കോർത്തിണക്കിയ പുഷ്പങ്ങൾ എന്നവണ്ണം ഒരുമിപ്പിച്ചുകൊണ്ടുവന്ന് അക്ഷരജ്ഞാനം നേടിയവരാക്കി മാറ്റാനുള്ള അതിസങ്കീർണ്ണമായ പരിശ്രമത്തിനിടയിൽ വിവിധ സാഹിത്യരൂപങ്ങളെ കോർത്തിണക്കി പുതിയ സാഹിത്യശാഖ സൃഷ്ടിക്കിക്കേണ്ടത് അനിവാര്യമായിത്തീർന്നു. ഈ അനിവാര്യതയിൽനിന്നാണ് യഥാർത്ഥ സാക്ഷരതാസാഹിത്യം ഉയിർകൊള്ളുന്നത്. ഇങ്ങനെ ഉരുത്തിരിയുന്ന സാക്ഷരതാസാഹിത്യത്തിന്റെ വകഭേദങ്ങളായി നവസാക്ഷരസാഹിത്യത്തെയും തുടർവിദ്യാഭ്യാസ സാഹിത്യത്തെയും വേർതിരിക്കാൻ കഴിയുമെങ്കിലും വിശാലാർത്ഥത്തിൽ ഇവയെല്ലാം ചേർന്ന പൊതു സാഹിത്യമാണ് സാക്ഷരതാസാഹിത്യം.

സാക്ഷരത കൈവരിച്ച വ്യക്തിയാണ് നവസാക്ഷരനെന്നും അവർക്കു വേണ്ടി സൃഷ്ടിക്കപ്പെടുന്നതാണ് നവസാക്ഷരസാഹിത്യം എന്നുമുള്ള വാദം അംഗീകരിക്കാവുന്നതുമാണ്. എന്നാൽ നിരക്ഷരനെ സാക്ഷരനാക്കാനുള്ള

സാഹിത്യമാണ് ആദ്യം സൃഷ്ടിക്കപ്പെടേണ്ടതെന്ന യാഥാർത്ഥ്യം പലപ്പോഴും ഇവിടെ വിസ്മരിക്കപ്പെട്ടു. അടിത്തറ പണിയാതെ ഭിത്തികെട്ടാൻ ശ്രമിച്ചതുപോലെ, നവസാക്ഷരസാഹിത്യം ആദ്യം സൃഷ്ടിക്കാൻ ശ്രമിച്ചതിലൂടെ സാക്ഷരതാപ്രവർത്തനങ്ങൾക്ക് ലക്ഷ്യം കാണാൻ കഴിഞ്ഞില്ല. ഈ സ്ഥിതി 1989 വരെ നിലനിന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് ബലമുള്ള അടിത്തറ സൃഷ്ടിക്കപ്പെട്ടത് എറണാകുളം ജില്ലാ സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനത്തിനായി ഉപയോഗിച്ച അക്ഷരം സാക്ഷരതാപാഠാവലിയിലൂടെയാണ്. നിലവിലിരുന്ന പല രചനാ സമ്പ്രദായങ്ങളെയും തിരസ്ക്കരിച്ചും അനുയോജ്യമായവയെ ഉൾക്കൊണ്ടും നിരക്ഷരന്റെ സാമൂഹ്യജീവിത ചുറ്റുപാടുകളിൽ നിന്നുകൊണ്ട് പാഠാവലി തയ്യാറാക്കാനുള്ള ശ്രമം അക്ഷരം സാക്ഷരതാപാഠാവലിയിലൂടെ വിജയംകണ്ടു.

പത്തൊൻപതാം നൂറ്റാണ്ടിൽ ആദ്യകിരണങ്ങൾ ചൊരിഞ്ഞ സാക്ഷരതാ സാഹിത്യം വ്യക്തമായി ഉരുത്തിരിയുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ്. സാക്ഷരതാസാഹിത്യത്തിന്റെ വളർച്ചയുടെ പ്രധാനഘട്ടം ആരംഭിക്കുന്നത് 1989 ലാണ്. മലയാളത്തിലെ സാക്ഷരതാസാഹിത്യ രംഗത്ത് പുതിയ തരംഗങ്ങൾ ഈ കാലയളവിൽ സൃഷ്ടിക്കപ്പെട്ടു. ഇത് സാക്ഷരതാ പ്രവർത്തന രംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ സഹായകരമായി.

2 : 5 കുറിപ്പുകൾ

1. *കൊച്ചീനഗരം*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1973.
2. *നെയ്ത്തുകാരൻ*, കേരള ഗ്രന്ഥശാലാ സംഘം,തിരുവനന്തപുരം, 1973.
3. *ഗ്രാമത്തിലെ വായനശാല*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1974.
4. *സ്ത്രീകൾക്കൊരു പാഠപുസ്തകം*,കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1974.
5. *റബ്ബർചെരുപ്പിന്റെ ലോകം*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1974.
6. *കർണ്ണൻ*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1974.
7. *കാറൽമാർക്സ്*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം,1974.
8. ജോസ് ചിറ്റിലപ്പള്ളി, *ഊരുംപേരും*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1975.
9. *നിങ്ങളും നിങ്ങളുടെനാടും*, കേരള ഗ്രന്ഥശാലാസംഘം, തിരുവനന്തപുരം, 1975.
10. *കയറിന്റെ കഥ*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം,1975.
11. *സിനിമ*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം,1976.
12. വാസു കെ.കെ,*വെളിച്ചത്തിലേക്ക്*, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 1979.
13. ഭാസ്ക്കരപ്പണിക്കർ പി.ടി. *സാമൂഹ്യപാഠാവലി*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988.
14. ഭാസ്ക്കരപ്പണിക്കർ പി.ടി. *സാമൂഹ്യപാഠാവലി*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988, പേജ് 61.
15. *അ.പു.* പേജ് 59.

16. അ.പു. പേജ്, 57.

17. ഭാസ്ക്കരപ്പണിക്കർ പി.ടി. *ഗാന്ധിയൻപാഠാവലി*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988.

18. *മലയാളപാഠാവലി*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1989.

19. *അ.പു.* പേജ് 1.

20. *അ.പു.* പേജ് 3.

21. *അ.പു.* പേജ് 5.

22. *കണക്കുപുസ്തകം*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1987.

23. രാജൻ കെ.ആർ, *അക്ഷരം സാക്ഷരതാപാഠാവലി*, എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാ പരിപാടി, എറണാകുളം, 1989.

24. *അ.പു.* പേജ് 7.

25. *അ.പു.* പേജ് 9.

26 *അ.പു.* പേജ് 19.

27. ഫ്രാൻസിസ് ചേന്നാട്ട്, *കൃഷിയും കർഷകനും*, കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി ( കാൻഫെഡ്) തിരുവന്തപുരം, 1980.

28. അ.പു. പേജ് 16.

29. അ.പു. പേജ് 42,43.

30. പണിക്കർ പി.എൻ, *ഞങ്ങൾക്ക് പഠിക്കണം*,സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988.

31. രാജേശ്വരി വി.കെ, ഹരീഷ്കുമാർ എസ്, *പഠനോപകരണങ്ങൾ*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1988.

32. *കൂടുതൽ പഠിക്കാൻ*, പ്രവൃത്യുന്മുഖ ബഹുജനസാക്ഷരതാ പരിപാടി, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1989.

33. രാധാകൃഷ്ണൻ അടുത്തില, *വൈകിവന്ന വെളിച്ചം*, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

34. ശാകംഭരി, കേരളത്തിലെ ജില്ലകൾ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

35. ശ്രീധരൻ പള്ളിയറ, ലഘുയന്ത്രങ്ങൾ,സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

36. ശ്രീധരൻ കൊയിലാണ്ടി, ഈച്ച, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

37. ഇന്ദുലേഖ വഴുതക്കാട്, പരിശ്രമിച്ചാൽ വിജയിക്കും, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

38. രാധാകൃഷ്ണൻ അടുത്തില, ഊരുവിലക്ക്, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

39. ശ്രീധരൻ പള്ളിയറ, യന്ത്രങ്ങളുടെ ലോകം, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 1990.

# അദ്ധ്യായം മൂന്ന്

## ഔദ്യോഗിക സാക്ഷരതാപ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം.

3 : 1 അക്ഷരകേരളം സാക്ഷരതാപാഠാവലികൾ : 93

3 : 2 തുടർസാക്ഷരതാ പാഠാവലി : 98

3 : 3 കേരള സാക്ഷരതാ സമിതിയുടെ നവസാക്ഷര പുസ്തകങ്ങൾ : 99

3 : 4 കുറിപ്പുകൾ : 123

# അദ്ധ്യായം മൂന്ന്

## ഔദ്യോഗിക സാക്ഷരതാപ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം

3 : 1 അക്ഷരകേരളം സാക്ഷരതാ പാഠാവലികൾ : സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് രൂപംകൊണ്ട ഒരു മഹാപ്രസ്ഥാനമായിരുന്നല്ലോ കേരള സാക്ഷരതാസമിതി. സാമൂഹ്യ,സാംസ്കാരിക,രാഷ്ട്രീയ സംഘടനകളുടെയും സർക്കാർ ഏജൻസികളുടെയും സംയുക്ത പ്രവർത്തനങ്ങളിലൂടെ രൂപംകൊണ്ട *അക്ഷരകേരളം* പദ്ധതിയിലൂടെ സമ്പൂർണ്ണസാക്ഷരത നേടിയ ആദ്യ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചു. സംസ്ഥാനത്തിന്റെ സാക്ഷരതാപ്രവർത്തനങ്ങൾക്ക് ലക്ഷ്യംബോധം നൽകിയത് സാക്ഷരതാ പാഠാവലികളും നവസാക്ഷര പുസ്തകങ്ങളുമാണ്. ഈ പുസ്തകങ്ങളെയാണ് ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നത്.

"ന്യൂഡൽഹിയിൽ 1990 ഏപ്രിൽ 2ന് കൂടിയ ദേശീയ സാക്ഷരതാമിഷന്റെ വിദഗ്ദ്ധകമ്മറ്റി മൂന്ന് ഭാഗങ്ങളുള്ള *അക്ഷരകേരളം സാക്ഷരതാപാഠാവലി* അംഗീകരിച്ചു.[1]" നിരക്ഷരനിൽ അക്ഷരജ്ഞാനവും അക്കജ്ഞാനവും പൊതുവിജ്ഞാനവും രൂപപ്പെടുത്തിയെടുക്കുന്നതിൽ പര്യാപ്തമായ തരത്തിലാണ് ഈ പാഠാവലികൾ തയ്യാറാക്കിയിരുന്നത്. ദേശീയ സാക്ഷരതാമിഷന്റെ നിർദ്ദേശപ്രകാരം പലഭാഗങ്ങളായും പലഗ്രേഡുകളിലും പ്രസിദ്ധീകരിച്ചിട്ടുള്ള സാക്ഷരതാ സാഹിത്യകൃതികളെ ഇവിടെ പഠനവിധേയ മാക്കുന്നു. അക്ഷരകേരളം പദ്ധതി ആരംഭിക്കുന്നതുവരെ കേരളത്തിൽ നടന്ന അസംഘടിതവും സംഘടിതവുമായ സാക്ഷരതാപ്രവർത്തനങ്ങളിൽ പലതര ത്തിലുള്ള സാക്ഷരതാസാഹിത്യ കൃതികൾ ഉപയോഗിച്ചിരുന്നു. കേരള സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ സമ്പൂർണ്ണ സാക്ഷരതാസംസ്ഥാന മാക്കി കേരളത്തെ മാറ്റാനുള്ള പദ്ധതിയുടെ ഭാഗമായി പുറത്തിറക്കിയ അക്ഷരകേരളം സാക്ഷരതാപാഠാവലിക്ക് മൂന്ന് ഭാഗങ്ങൾ ഉണ്ടായിരുന്നു.

2

*അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 1 (1990):* കേരളത്തിൽ 1990-91 കാലയളവിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനങ്ങളിൽ നിരക്ഷരനെ സാക്ഷരനാക്കുന്നതിനായി ആദ്യം ഉപയോഗിച്ച പാഠാവലിയാണിത്. ഇരുപത്തി ഒൻപതു പാഠങ്ങളും ആറ് ആവർത്തനപാഠങ്ങളും ഉൾപ്പെടുന്നതാണ് *അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 1 (1990).* ആദ്യം പഠിക്കേണ്ട അക്ഷരം റ യും തുടർന്ന് പ യും എന്ന ശാസ്ത്രീയ സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പാറയെന്ന ഒന്നാം പാഠത്തിൽ ആരംഭിച്ച് അക്ഷരങ്ങൾ എന്ന ഇരുപത്തി ഒൻപതാം പാഠത്തിലെത്തുമ്പോൾ അക്ഷരങ്ങളും അക്കങ്ങളും കേവലാർത്ഥത്തിൽ പഠിക്കുകയും നിരക്ഷരന്റെ പരിചയത്തിലുള്ള വിഷയങ്ങളിലേക്ക് ചർച്ചകൾ നയിക്കുകയും ചെയ്യുന്ന തരത്തിലാണ് പാഠഭാഗങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പാറ, പന, വല, തല, മരം, പാഠം, മീര, വീണ, ചെടി, എലി, ചേന, ഉരൽ, പുലി, പൂവ്, ഓല, കലം, മുഖം, ഇല, രോഗം, മേശ, ദാഹം, അരി, ആഹാരം, ഭാരതം, കേരളം, ഇന്ത്യ, ജാഥ, ഋഷി, വായന, കലണ്ടർ, ഞായർ, നവംബർ, റേഡിയോ, ബുധൻ, പൈസ, റേഷൻ, വാഴ, മേഘം, ഔഷധം, നേരംവൈകിയില്ല, അക്ഷരങ്ങൾ എന്നീ പദങ്ങൾ ഏതൊരു നിരക്ഷരനും പലതവണ നിത്യജീവിതത്തിൽ പ്രയോഗിക്കുന്നതാണ്.

പഠിതാവ് സ്ഥിരമായി ഉപയോഗിക്കുന്ന പരിചിതപദങ്ങളിലൂടെ അതിലെ അക്ഷരങ്ങളെ പരിചയപ്പെടുത്തുന്നതിനും സമാനപദങ്ങൾ മനസ്സിലാക്കുന്നതിനും ഉതകുന്ന തരത്തിലാണ് ഈ പാഠാവലി വിഭാവനം ചെയ്തിട്ടുള്ളത്. നിത്യപരിചിതമായ പദങ്ങളിലൂടെ അക്ഷരങ്ങൾ പഠിക്കുന്നതിനും പദങ്ങളിലൂന്നിയ ചർച്ചകളിലൂടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ അറിവ് നേടുന്നതിനുമുള്ള ജിജ്ഞാസ വർദ്ധിപ്പിക്കുന്നതിനും ഈ പാഠാവലിയ്ക്ക് കഴിയുന്നു. "സാക്ഷരതാപാഠാവലി തയ്യാറാക്കുന്നതിൽ ശാസ്ത്രീയവും മന:ശാസ്ത്രപരവുമായ സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള

3 ,,

വാദം പ്രസക്തമാണ്. പഠിതാവിന് യോജിച്ച പാഠാവലി സൃഷ്ടിക്കുന്നതിൽ ഗ്രന്ഥകർത്താവ് വിജയിച്ചിട്ടുണ്ട്. വിഷയത്തിനു യോജിച്ച ചിത്രങ്ങൾ കൊടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചതായി കാണാം. അക്ഷരങ്ങളുടെ വലിപ്പം സാക്ഷരതാപാഠാവലിക്ക് യോജിച്ചതുതന്നെ.

*അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 2(1990)*[4] : നിത്യപരിചിത പദങ്ങളിലൂടെ മാതൃഭാഷയിലെ കൂട്ടക്ഷരങ്ങളെ പഠിപ്പിക്കുന്നതിനുള്ള ശ്രമമാണ് *അക്ഷരകേരളം സാക്ഷരതാപാഠാവലിഭാഗം 2(1990)* ലുള്ളത്. അമ്മയും മക്കളും എന്ന ഒന്നാം പാഠത്തിലൂടെ മ്മ യും ക്ക യും എന്ന കൂട്ടക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. നെല്ലു കൊയ്തു കറ്റകെട്ടി, കമ്പിത്തപാലാപ്പീസ്, തെരഞ്ഞെടുപ്പ്, അങ്ങാടിയിൽ കച്ചവടം, ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട, വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിക്കാനില്ലത്രേ, കുഞ്ചൻനമ്പ്യാർ, ഒരുമ, കാലംമാറുന്നു, അടുക്കള, പഞ്ചായത്ത്, എന്റെ രാജ്യം, മലയാളം, കാരണം അറിയണം, സാമൂഹിക പുരോഗതി, കേരള സംസ്ഥാനം, സ്ത്രീധനം വേണ്ടേ വേണ്ട, മഹാത്മാഗാന്ധി, മകന്റെ കത്ത്, വിദ്യാഭ്യാസം, റോഡുനിയമങ്ങൾ, എല്ലാവർക്കും തൊഴിൽ, അദ്ധ്വാനം സമ്പത്ത്, വായിച്ചു വളരുക, മാസങ്ങൾ, അക്ഷരമാല എന്നിങ്ങനെ ചിരപരിചിതങ്ങളായ പദങ്ങളെ പാഠങ്ങളാക്കി മാറ്റി അതിലൂടെ അക്ഷരജ്ഞാനവും പൊതുവിജ്ഞാനവും നേടുകയെന്ന ലക്ഷ്യത്തിലാണ് അക്ഷരകേരളം സാക്ഷരതാപാഠാവലിയുടെ ഭാഗം രണ്ട് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഒന്നാംഭാഗത്ത് പരിചിതപദങ്ങളിലൂടെ അക്ഷരങ്ങളിൽ എത്തുമ്പോൾ രണ്ടാം ഭാഗത്ത് പരിചിതപദങ്ങളിലൂടെ കൂട്ടക്ഷരങ്ങളിലെത്താൻ നിരക്ഷരനെ സഹായിക്കുന്നു. പദങ്ങൾ കണ്ടെത്തി പാഠങ്ങളാക്കുന്നതിൽ സ്വീകരിച്ചിരിക്കുന്ന സമീപനങ്ങൾ ഉയർന്ന നിലവാരം പുലർത്തുന്നു. സാധാരണ ഉപയോഗിക്കുന്ന പദങ്ങളിലൂടെ നിരക്ഷരനെ അക്ഷരം പഠിപ്പിക്കാൻ കഴിയുമെന്ന് ഇതിലൂടെ

തെളിയുന്നു. തങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങുന്നതും മനസ്സിലാക്കാൻ കഴിയുന്നതുമാണ് സാക്ഷരതയുംസാഹിത്യവും എന്ന ബോധം നിരക്ഷരനിൽ ഉണർത്താൻ ഈ പാഠാവലികൾക്ക് കഴിയുന്നു. തങ്ങൾ ഉപയോഗിക്കുന്ന വാക്കുകളും പദങ്ങളും ഉപയോഗിച്ച് സാക്ഷരതാസാഹിത്യം ചിട്ടപ്പെടുത്തിയെടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഉണർത്താൻ ഈ പാഠാവലിയിലൂടെ തെളിയിക്കുന്നു.

*അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 3(1990) :*[5] നിരക്ഷരനിൽ അക്ഷരജ്ഞാനവും അക്കജ്ഞാനവും പരിചിതപദങ്ങളിലൂടെ വളർത്തി ക്രമാനുഗതമായി വീട്, ആരോഗ്യം, പരിസരം, ജീവിതരീതി, വികസനം,ലോകം എന്നീ വിഷയങ്ങളിലേക്ക് ചിന്ത ഉണർത്തുന്നതിന് ഉപകരിക്കുന്നതരത്തിലാണ് *അക്ഷരകേരളം സാക്ഷരതാപാഠാവലിയുടെ ഭാഗം 3 (1990)* രചിച്ചിരിക്കുന്നത്.ഏതാനും വാക്കുകളിലൂടെ പൊതുവിഷയം അവതരിപ്പിച്ച് പഠിതാവിനെ ചർച്ചയിലൂടെ കൂടുതൽ അറിവ് നേടിയവരാക്കി മാറ്റാൻ കഴിയുന്ന രചനാസമ്പ്രദായമാണ് അക്ഷരകേരളം സാക്ഷരതാപാഠാവലിയുടെ മൂന്നാംഭാഗത്ത് സ്വീകരിച്ചിട്ടുള്ളത്. പരിചിതപദങ്ങളിലൂടെ അക്ഷരം പഠിച്ച് അതിലൂടെ വാചകങ്ങൾ സൃഷ്ടിച്ച് ആശയങ്ങളെ അക്ഷരങ്ങളിലൂടെ ആവിഷ്ക്കരിക്കുന്നതിലേക്ക് ഒരു നിരക്ഷരനെ കൊണ്ടെത്തിക്കാൻ കഴിയുന്നു.

നിരക്ഷരനെ സാക്ഷരനാക്കുന്നതോടൊപ്പം താൻ നേടിയ അക്ഷരങ്ങളെ ആശയവിനിമയത്തിന് ഉപാധിയാക്കി മാറ്റുന്നതിനും മനസ്സിൽ ഉയർന്നു പൊങ്ങുന്ന കാര്യങ്ങൾ അക്ഷരങ്ങളിലൂടെ ആവിഷ്ക്കരിക്കുന്നതിനും കഴിയും എന്ന അവബോധം വളർത്തുന്ന തരത്തിലാണ് അക്ഷരകേരളം സാക്ഷരതാപാഠാവലികളുടെ അവതരണരീതി. ചിത്രങ്ങളുടെ ചിട്ടപ്പെടുത്തലും വാചകങ്ങളുടെ ഘടനയും ചെറിയ പദങ്ങളുടെ ഉപയോഗവും നിരക്ഷരനായ

ഒരാളെ പാഠഭാഗങ്ങളോട് താത്പര്യം ജനിപ്പിക്കുന്ന തരത്തിലാണ് അക്ഷര കേരളം സാക്ഷരതാപാഠാവലികളുടെ രചന.

"അരുതേ അരുതേ ചെയ്യരുതേ
ചെയ്യരുതാത്തതു ചെയ്യരുതേ
കാടുകൾ വെട്ടിവെളുപ്പിക്കരുതേ
മേടുകൾ വെട്ടിയിറക്കരുതേ"[6]

"കാടീനാടിനു കേടല്ല
കാടീ നാടിന്നീടാണ്
കാടുകൾ വെട്ടിനശിപ്പിക്കുന്നൊരു
കാടൻമാരുടെ കൈതട്ടൂ."[7]

കേവലപദങ്ങളെ കൂട്ടിയിണക്കി വാക്യമുണ്ടാക്കാനും പദങ്ങളെ കാവ്യാത്മകമായി ഇണക്കിച്ചേർത്ത് ആശയപ്രചരണം നടത്താനും കഴിയുമെന്ന് നവസാക്ഷരനെ ബോദ്ധ്യപ്പെടുത്താൻ ഇവിടെ കഴിയുന്നു. പദങ്ങളെ കാവ്യാത്മകമായും സരസമായും കൂട്ടിയിണക്കി സാഹിത്യം സൃഷ്ടിക്കാൻ കഴിയുമെന്നും അങ്ങനെ തങ്ങളുടെ പദസമ്പത്തിനും മാനസിക നിലവാരത്തിനും അനുഗുണമായ സാഹിത്യസംസ്കാരം രൂപപ്പെടുത്തിയെടുക്കാമെന്നും തെളിയിക്കുന്നു.

തങ്ങളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന പരിചിത സംഭവങ്ങളെ ഭാവനയിൽ ലയിപ്പിച്ച് പരിചിതപദങ്ങളിലൂടെ കാവ്യാത്മകമായോ താളബോധത്തോടെയോ നാടകീയമായോ അവതരിപ്പിക്കുമ്പോൾ സാഹിത്യം രൂപമെടുക്കുന്നു. ഇങ്ങനെ നവസാക്ഷരന്റെ പരിചിതമേഖലയിൽ നിലകൊള്ളുന്ന പദങ്ങളെയും സംഭവങ്ങളെയും ചിന്തകളെയും ആശയങ്ങളെയും ഭാവനകളെയും അനുഭവങ്ങളെയും കോർത്തിണക്കി സാക്ഷരതാസാഹിത്യം രൂപംകൊള്ളുന്നു. ഇതരസാഹിത്യത്തിൽ നിന്നും ഇവയുടെ ലക്ഷ്യം തീർത്തും വിഭിന്നമാണ്. സാഹിത്യകാരന്റെ മനസ്സിൽ

ഉയിർ കൊള്ളുന്ന ആശയങ്ങളോ അനുഭവങ്ങളോ ഭാവനയിൽ ചാലിച്ച് കാവ്യാത്മകമായി സാഹിത്യകാരന്റെ ഭാഷയിൽ അവതരിപ്പിക്കുകയാണ് ഇതര സാഹിത്യത്തിൽ ചെയ്യുന്നത്. ഇവിടെ സാഹിത്യകാരനാണ് മുഖ്യസ്ഥാനം. എന്നാൽ സാക്ഷരതാസാഹിത്യത്തിൽ അനുവാചകനാണ് മുഖ്യസ്ഥാനം. അവന്റെ പദപരിചയവും അനുഭവവും അവനിൽ ഉണർത്താൻ കഴിയുന്ന ചിന്താരീതിയും അവന് ഉൾക്കൊള്ളാൻ കഴിയുന്ന ആശയങ്ങൾക്കും പ്രാധാന്യം നൽകുന്ന രീതിസമ്പ്രദായമാണ് സ്വീകരിക്കുന്നത്. സാക്ഷരതാസാഹിത്യത്തിൽ സാഹിത്യകാരൻ അനുവാചകന്റെ മാനസിക നിലവാരത്തിലേക്ക് ഇറങ്ങുന്നെങ്കിൽ ഇതരസാഹിത്യത്തിൽ അനുവാചകനെ സാഹിത്യകാരന്റെ കൂടെ കൂട്ടിക്കൊണ്ടു പോകനുള്ള ശ്രമമാണ് നടക്കുന്നത്.

3 : 2 *തുടർസാക്ഷരതാ പാഠാവലി* : സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിൽ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി പാഠാവലിയും തയാറാക്കിയിരുന്നു.

*അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 4* [8] *(1992) :* കേരളത്തിലെ നിരക്ഷരരെ സാക്ഷരതയിലെത്തിക്കുന്നതിനുള്ള സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിനായി രൂപപ്പെടുത്തിയെടുത്ത പാഠാവലികളാണ് അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 1 (1990), അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 2(1990), അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 3(1990) എന്നിവ. മൂന്ന് ഭാഗങ്ങളുടെ വിജയകരമായ പഠനത്തോടുകൂടി ഒരു നിരക്ഷരൻ സാക്ഷരനായി മാറും. ഈ മൂന്ന് പാഠാവലികളും ലക്ഷ്യത്തിന് അനുയോജ്യമായ തരത്തിൽ തന്നെയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ നവസാക്ഷരനായ വ്യക്തിയ്ക്ക് തുടർസാക്ഷരത നൽകുന്നതിനായി തയാറാക്കിയ പാഠാവലിയാണ് *അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 4 (1992).*

പ്രമുഖ സാഹിത്യകാരൻമാരുടെ ആശയങ്ങളും ഭാവനാപൂർണ്ണമായ നിരീക്ഷണങ്ങളും തുടക്കത്തിലേ ഉൾപ്പെടുത്തിയില്ലെങ്കിൽ പാഠാവലിക്ക്

ഗാംഭീര്യം നഷ്ടപ്പെടുമോ എന്ന തോന്നൽ പാഠാവലി തയാറാക്കിയവരിൽ കടന്നുകൂടിയതായി പാഠഭാഗങ്ങളിൽ നിന്നും വ്യക്തമാകുന്നു. നവസാക്ഷരന്റെ പരിചിതപദങ്ങളിലൂടെ ചിട്ടപ്പെടുത്തയെടുത്ത അക്ഷരകേരളം സാക്ഷരതാ പാഠാവലിയുടെ മൂന്നു ഭാഗങ്ങളോടും ചേർന്നുപോകുന്ന തരത്തിലല്ല അക്ഷരകേരളം സാക്ഷരതാപാഠാവലിയുടെ നാലാം ഭാഗത്തിന്റെ രചന. അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം നാല്, അക്ഷരകേരളം സാക്ഷരതാ പാഠാവലി ഭാഗം മൂന്നിന്റെ തുടർച്ചയായി അംഗീകരിക്കാൻ കഴിയില്ല.

നവസാക്ഷരനെയും അവന്റെ പദപരിചയത്തെയും മാനസിക നിലവാരത്തെയും ഉൾക്കൊള്ളാൻ കഴിയാത്തവർ ആരെങ്കിലും എഴുതിയ കാര്യങ്ങൾ കൂട്ടിച്ചേർത്താൽ അക്ഷരകേരളം സാക്ഷരതാപാഠാവലിയാകും എന്ന ധാരണ തെറ്റാണ്. പദങ്ങളുടെ തെരഞ്ഞെടുപ്പിലും വിനിയോഗത്തിലും ആശയാവിഷ്ക്കരണത്തിലും പഠിതാവിനോടുള്ള സമീപനത്തിലും അക്ഷര കേരളം സാക്ഷരതാപാഠാവലി ഭാഗം മൂന്നിന്റെ പിന്തുടർച്ചയല്ല അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം നാല്. സാക്ഷരതാനന്തര പുസ്തകമെന്ന നിലയിൽ സാക്ഷരതാസാഹിത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്ന പാഠഭാഗങ്ങളും ഈ പുസ്തകത്തിലുണ്ട്. എന്നാൽ പാഠാവലിയായി ഇതിനെ പരിഗണിക്കാൻ കഴിയില്ല.

3 : 3 *കേരളസാക്ഷരതാസമിതിയുടെ നവസാക്ഷര പുസ്തകങ്ങൾ :* സാക്ഷരതാപാഠാവലികൾക്കു പുറമേ കേരളസാക്ഷരതാസമിതി നിരവധി നവസാക്ഷര പുസ്തകങ്ങൾ ഇക്കാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും തെരഞ്ഞെടുത്ത ഇരുപത്തിനാല് നവസാക്ഷര പുസ്തകങ്ങളെ ഇവിടെ പഠനവിധേയമാക്കുന്നു. നാട്ടിൽ ചിരപരിചിതമായ കാര്യങ്ങൾ നവസാക്ഷരന്റെ പദസമ്പത്തിന് ഇണങ്ങും വിധം പുനരാഖ്യാനം നടത്തി ആവിഷ്ക്കരിക്കാനാണ് സാക്ഷരതാസാഹിത്യകാരന്മാർ ശ്രമിക്കുന്നത്.

[9] *പഞ്ചതന്ത്രകഥകൾ(1993) :* സാക്ഷരതാസാഹിത്യത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ അധിഷ്ഠിതമായി വിശ്വപ്രസിദ്ധമായ പഞ്ചതന്ത്രകഥ സത്യപാലൻ എം.കെ. പുനരാഖ്യാനം നടത്തി നവസാക്ഷരർക്കായി അവതരിപ്പിക്കുന്ന ലഘുകൃതിയാണ് *പഞ്ചതന്ത്രകഥകൾ(1993).* അഞ്ച് കഥകളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരസ്പര സ്നേഹത്തിന്റെയും സഹായത്തിന്റെയും ഗുണങ്ങൾ വിളിച്ചോതുന്ന ചെറുകഥയാണ് നാല് ചങ്ങാതിമാർ. സാഹിത്യസൃഷ്ടിയെന്ന നിലയിൽ ഉൾക്കാമ്പുള്ളതും പരിചിതപദങ്ങളുടെ സന്നിവേശത്താലും വാചകങ്ങളുടെ ഘടനയാലും സാക്ഷരതാസാഹിത്യത്തോട് ചേർന്നുപോകുന്ന സാഹിത്യസൃഷ്ടിയാണിത്. ദീർഘമായ വാചകങ്ങളോ കഠിനപദങ്ങളോ നിഗൂഢാശയങ്ങളോ ഈ കഥയിൽ ഇല്ല.

ചെറിയവർ ഒത്തു നിന്നാൽ എന്ന രണ്ടാമത്തെ കഥയിലേക്ക് കടക്കുമ്പോഴും രചനയുടെ രീതിശാസ്ത്രത്തിൽ മാറ്റമില്ല. ഒരുമയിലൂടെ അഹങ്കാരിയായ ശക്തനെ വീഴാത്താൻ കഴിയുമെന്ന സാരാംശം ലളിതപദങ്ങളുടെ സംയോഗത്തിലൂടെ ആവിഷ്ക്കരിക്കുന്നു. പൂച്ചസന്യാസി, വേണ്ടതു വേണ്ടപ്പോൾ തോന്നണം, പണ്ഡിതന്മാരും സിംഹവും എന്നിങ്ങനെയുള്ള കഥകളിലും സാക്ഷരതാസാഹിത്യത്തിന്റെ അടിസ്ഥാന തത്ത്വങ്ങളുമായി ചേർന്നു പോകുന്നു. പദങ്ങളുടെ തെരഞ്ഞെടുപ്പിലും അവതരണരീതിയിലും വാചകങ്ങളുടെ ഘടനയിലും രചയിതാവ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

[10] *ശുചിത്വം(1993)* : കമലാസനൻ പി. രചിച്ച് കേരള സാക്ഷരതാസമിതി പ്രസിദ്ധീകരിച്ച *ശുചിത്വം(1993)* എന്ന നവസാക്ഷരതാപുസ്തകം പ്രതിപാദന രീതിയിലും ഉള്ളടക്കത്തിലും സാക്ഷരതാസാഹിത്യത്തിന്റെ സത്ത ഉൾക്കൊള്ളുന്നതാണ്. നമുക്ക് നിസ്സാരമെന്ന് തോന്നാവുന്ന കുളിയും

പല്ലുതേയ്പും നഖം വെട്ടലും മുടിചീകലും കൈകഴുകലും കുടിവെള്ളം സൂക്ഷിക്കലും എല്ലാം നിത്യജീവിതത്തിൽ വളരെ പ്രാധാന്യമുള്ള കാര്യമാണെന്ന് ബോധം ജനിപ്പിക്കാൻ ഈ പുസ്തകത്തിന് കഴിയുന്നു. പരിചിതമായ പദങ്ങളിലൂടെയും സംഭവങ്ങളിലൂടെയും ആശയങ്ങൾ നവസാക്ഷരരിൽ എത്തിക്കാൻ ഇതിലൂടെ ശ്രമിക്കുന്നു.നവസാക്ഷരനിൽ വായനാശീലം വളർത്താനും പുതിയ പദപരിചയത്തിനും ഈ പുസ്തകം ഉപകരിക്കും.

"വെളുക്കും മുൻപുണരേണം
വിയർപ്പോളം പണിയേണം
വെടിപ്പായിക്കുളിക്കേണം
വെളുത്തമുണ്ടുടുക്കേണം."[11]

കാതിൽ ഇമ്പമൂറുന്ന ഇത്തരം പഴംപാട്ടിലൂടെ ശുചിത്വത്തിന്റെ പ്രാധാന്യം നവസാക്ഷരനിൽ ഉണർത്താൻ നടത്തുന്ന ശ്രമം സാക്ഷരതാസാഹിത്യത്തിന് യോജിച്ചതുതന്നെ.

***വനം നമ്മുടെ സമ്പത്ത്(1993)***[12] **:** നവസാക്ഷരനായ ഒരാൾ വനത്തെപ്പറ്റി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വളരെ കുറഞ്ഞ വാക്കുകളിൽ വരച്ചു കാട്ടാൻ ഇന്ദുലേഖ കെ.യുടെ *വനം നമ്മുടെ സമ്പത്ത് (1993)* എന്ന പുസ്തകത്തിലൂടെ കഴിയുന്നു. നമ്മുടെ വനം, വനംകൊണ്ടുള്ള പ്രയോജനങ്ങൾ എന്നിങ്ങനെയുള്ള ചെറിയ അദ്ധ്യായങ്ങളിലൂടെ ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പ്രാധാന്യത്തോടൊപ്പം വാചകഘടനയിലും പദങ്ങളുടെ തെരഞ്ഞെടുപ്പിലും പ്രത്യേകത പുലർത്തുന്നു. കെട്ടിടം പണി, കടലാസ്, തീപ്പെട്ടി നിർമ്മാണം, പച്ചമരുന്ന്, വിറക് തുടങ്ങി വിവിധ തരത്തിലുള്ള പ്രയോജനങ്ങൾ വനംകൊണ്ട് ജനത്തിനുണ്ടാകുന്നുവെന്ന് വരച്ചുകാട്ടുന്നു. പക്ഷികൾക്ക് കൂടുകൂട്ടുന്നതിനും കാട്ടുമൃഗങ്ങൾക്ക് ആവാസകേന്ദ്രമായും സാധാരണ ജനങ്ങൾക്ക് മഴ ലഭിക്കുന്നതിനും പ്രകൃതി ശുദ്ധീകരിക്കുന്നതിനും വനങ്ങൾ നമുക്ക് ഉപകാരമായി

ഭവിക്കുന്നുവെന്ന ദീർഘ വീക്ഷണം ഈ പുസ്തകത്തിലൂടെ ഊട്ടി ഉറപ്പിക്കുന്നു. വിഷയത്തിന് യോജിച്ച ഗാനവും കൂട്ടിച്ചേർക്കാൻ രചയിതാവ് മറക്കുന്നില്ല.

"പെരിയാറേ, പെരിയാറേ,
പർവ്വതനിരയുടെ പനിനീരേ
മയിലാടും കുന്നിൽപ്പിറന്നു-പിന്നെ
മയിലാഞ്ചിക്കാട്ടിൽ വളർന്നു.......
പെരിയാറേ, പെരിയാറേ,
പർവ്വതനിരയുടെ പനിനീരേ......"[13]

എന്നുള്ള ഗാനം നവസാക്ഷരനെ പുസ്തകത്തിൽ പിടിച്ചു നിർത്തുന്നതിനും സാക്ഷരതാസാഹിത്യത്തോടുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനും വായനാ ശീലം കൂട്ടുന്നതിനും ഇടനൽകും. പ്രകൃതി ദുരന്തങ്ങളിൽ നിന്നും മനുഷ്യ മോചനം നേടാൻ വനം അനിവാര്യമാണെന്ന സന്ദേശം നവസാക്ഷരനിൽ ഊട്ടി യുറപ്പിക്കാൻ ഈ പുസ്തകത്തിനു കഴിയുന്നു. ഭാവനയിൽ ചാലിച്ച ലളിത പദങ്ങളുടെ സന്നിവേശത്തിലൂടെ സൃഷ്ടിക്കുന്ന സാക്ഷരതാസാഹിത്യത്തിന്റെ ശക്തി ഈ രചനയിലൂടെ പുറത്തുവരുന്നു.

***വെള്ളം(1993) :***[14] അമ്മയും മകനും സംഭാഷണ ശകലങ്ങളിലൂടെ വെള്ളത്തിന്റെ പ്രാധാന്യം, ഉപയോഗം, സംരക്ഷണം, എന്നിവയിലേക്ക് വെളിച്ചം വീശുന്ന തരത്തിൽ അഭിമന്യു സി. തന്റെ *വെള്ളം(1993)* എന്ന ചെറിയ നവസാക്ഷര പുസ്തകത്തിന്റെ രചന നടത്തിയിരിക്കുന്നു. ആശയതലത്തിലുള്ള പ്രാധാന്യത്തോടൊപ്പം തന്നെ സാഹിത്യപരമായ മികവും രചനയിൽ ഉടനീളം കാണാം.ആശയങ്ങളുടെ ശക്തമായ ആവിഷ്ക്കാരമായി സാക്ഷരതാ സാഹിത്യത്തെ കാണുവാൻ കഴിയും. നവസാക്ഷര സമൂഹത്തിൽ സ്വാധീനം ചെലുത്തേണ്ട വിഷയങ്ങൾ രചനയ്ക്ക് ആധാരമായി മാറിയിരിക്കുന്നു.

നവസാക്ഷര സമൂഹത്തിന് ഉൾക്കൊള്ളുവാൻ കഴിയുന്ന ഭാഷാശൈലിയും പ്രതിപാദന രീതിയും ഈ പുസ്തകത്തിനുണ്ട്. നവസാക്ഷര സമൂഹം ഉപയോഗിക്കുന്ന പദങ്ങൾ മാത്രമാണ് രചനയ്ക്കായി സ്വീകരിച്ചിരിക്കുന്നത്. കൂത്താടി, അഴുക്കുകലർന്ന, വെള്ളംകുടിക്കണം, ഏതാണ്ട് മുക്കാൽ പങ്കും, രക്തഓട്ടം, ആടുമാടുകൾ, മീനുകൾ, ഇടവപ്പാതിയും തുലാവർഷവും, പൈപ്പുവെള്ളം, മഴവെള്ളം, ആറ്റു വെള്ളം, കിണറ്റു വെള്ളം, കടൽ വെള്ളം എന്നിങ്ങനെ നവസാക്ഷര സമൂഹം ഉപയോഗിക്കുന്നതും മനസ്സിലാക്കാൻ കഴിയുന്നതുമായ പദങ്ങളും ശൈലിയുമാണ് രചനയ്ക്ക് സ്വീകരിച്ചിരിക്കുന്നത്. നവസാക്ഷരന്റെ അക്ഷരജ്ഞാനത്തെ മാനദണ്ഡമാക്കി അറിവുപകരാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുന്നു.

*ജന്തുകഥകൾ(1993)*[15] : നവസാക്ഷരരിൽ മാനസികോല്ലാസം നൽകുന്നതിന് സഹായകരമായഒരു സാഹിത്യസൃഷ്ടിയാണ് കരീം എം.എ. തന്റെ *ജന്തുകഥകൾ(1993)* എന്ന പുസ്തകത്തിലൂടെ പുറത്തു കൊണ്ടു വരുന്നത്. സാക്ഷരതാസാഹിത്യത്തിന്റെ ലക്ഷ്യങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്ന കഥകളാണ് മുതലയും കുറുക്കനും, സോനുവും മോനുവും,കുറുക്കന്റെ ഉപായം, പശ്ചാത്താപം എന്നിവ. നവസാക്ഷരരുടെ ഭാവനയും ചിന്തയും മാനവസ്നേഹം വളർത്തുവാനും വിദ്വേഷവും അഹന്തയും അവിവേകവും ശത്രുതാമനോഭാവവും സ്വാർത്ഥതയും പരദ്രോഹമോഹവും തളർത്തുവാനും കഴിയുമെന്ന ആമുഖത്തിലെ പ്രസാതാവന തന്നെ സാക്ഷരതാസാഹിത്യത്തിന്റെ ശക്തി വെളിവാക്കുന്നു. ഏതൊരു നവസാക്ഷരനും താത്പര്യം ജനിപ്പിക്കുന്ന തരത്തിൽ ജന്തുകഥകളിലൂടെയാണ് പലസന്ദേശങ്ങളും അനാവരണം ചെയ്യുന്നത്. ഒരു സാഹിത്യസൃഷ്ടിക്കുണ്ടാകേണ്ടുന്ന എല്ലാഗുണങ്ങളും ഇതിൽ ഒത്തിണങ്ങിയിരിക്കുന്നു. ചിന്തോദ്ദീപകങ്ങളായ ഉപമകളാലും സാരോപദേശ

കഥകളാലും നവസാക്ഷരന്റെ ഭാവനയിൽ കടന്നുചെന്ന് ചിന്താശീലവും വായനാശീലവും വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിലാണ് രചന. ഭാഷയുടെ പ്രയോഗത്തിലും പദങ്ങളുടെ ഘടനയിലും ഭാവനയുടെ സന്നിവേശത്തിലും നവസാക്ഷരനെ മുന്നിൽക്കണ്ട് രചിച്ചതാണ് ഈ പുസ്തകം.

*മുലപ്പാലിന്റെ മഹിമ (1993) :*[16] മാതൃത്വത്തിന്റെയും മുലപ്പാലിന്റെയും മഹത്വവും ഗുണവും നവസാക്ഷരരിൽ എത്തിക്കാൻ കഴിയും വിധമാണ് ഹൈദ്രോസ് ആലുവ *മുലപ്പാലിന്റെ മഹിമ(1993)* എന്ന പുസ്തകം രചിച്ചിട്ടുള്ളത്. രാജാവിന്റെയും രാജ്ഞിയുടെയും മക്കളുടെയും തോഴിയുടെയും അറിവും വ്യക്തിത്വവും വീക്ഷണഗതിയും സരസമായി കഥാരൂപേണ അവതരിപ്പിക്കുന്നു. ആശയത്തിലും അവതരണശൈലിയിലും ഭാവനയിലും സാധാരണ നവസാക്ഷരരിൽ സ്വാധീനം ചെലുത്തുവാൻ ഈ കൃതിയ്ക്ക് കഴിയും കാര്യങ്ങൾ വസ്തുനിഷ്ഠമായും തന്മയത്വത്തോടെയും മുഷിപ്പില്ലാതെയും അവതരിപ്പിക്കുന്നതിലൂടെ അനുവാചകഹൃദയങ്ങളിൽ ചെറുതെങ്കിലും അർത്ഥസമ്പുഷ്ടമായ ഈ കൃതിയ്ക്ക് മാറ്റങ്ങൾ വരുത്താൻ കഴിയും.

*ബലിയാടുകൾ(1993)*[17] : സമൂഹത്തെ കാർന്നുതിന്നുന്ന ഒരു സാമൂഹിക വിപത്തായി മദ്യപാനം മാറിയിരിക്കുകയാണ്. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ സംഭാഷണ രൂപേണ കഥാത്മകമായി അവതരിപ്പിക്കുകയാണ് ജയപ്രകാശ് കൊട്ടാരക്കര *ബലിയാടുകൾ(1993)* എന്ന ലഘു കൃതിയിൽ. നവസാക്ഷര സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് കഴിയും. അതിന് പ്രചോദനമേകാൻ ഈ ലഘുപുസ്തകത്തിന് കഴിയും. ഒരു സാഹിത്യ സൃഷ്ടിയെന്ന നിലയിൽ പരിശോധിക്കുമ്പോൾ അവതരണത്തിലും ഉള്ളടക്കത്തിലും നിലവാരം പുലർത്തുന്നു. നവസാക്ഷരർക്ക് കാര്യങ്ങൾ എളുപ്പം മനസ്സാലാകുന്ന ഭാഷയിലും ശൈലിയിലുമാണ് രചന നടത്തിയിരിക്കുന്നത്. നാടൻപദപ്രയോഗങ്ങൾ കൂടുതലായി കാണാൻ കഴിയുന്നു. പ്ഠാകുന്നു,

വയ്യുന്നേരമായോ, വാറ്റൊള്ള എടമാ, വലിയ തറവാട്ടിലെ കൊച്ചനല്ലെ, കേമിയാ, ചത്തത്, പെമ്പിറന്നോര്, വെശക്കുന്നെന്ന്, കഴിഞ്ഞയാണ്ടീ, പള്ളീലച്ചൻ,കൊഴപ്പമില്ല, വെശപ്പു തോന്നും, ഒറക്കോം വരും, വെഷമം, പയങ്കരം, ദേഹം പെരുത്തു, പെണ്ണു കെട്ടിച്ചു.മൊഖമടച്ചു വീണാൽ, ലെവലൊണ്ടോ ഇത്തരത്തിലുള്ള പദങ്ങളും പ്രയോഗങ്ങളും സാധാരണ ജനത്തെ കൃതിയോട് കൂടുതൽ അടുപ്പിക്കുന്നു. നിത്യജീവിതത്തിൽ നിന്നും അടർത്തി യെടുത്ത വാക്കുകളും ഭാഷയുമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

18
*വിശ്വാസംശിക്ഷിച്ചു(1993) :* അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൽക്കുമെതിരേ സമൂഹത്തിന്റെ ചിന്താഗതി ഉണർത്താൻ കഴിയുന്ന ഒരു ലഘു പുസ്തകമാണ് മനോജ് കെ. പുതിയവിളയുടെ *വിശ്വാസംശിക്ഷിച്ചു(1993).* നിരക്ഷരത കൂടിയ സമൂഹത്തിൽ അന്ധവിശ്വാസവും കൂടും. ശാസ്ത്രീയ വീക്ഷണത്തോടെ കാര്യങ്ങളെ അപഗ്രഥിക്കാനുള്ള ശക്തി നവസാക്ഷരരിൽ സൃഷ്ടിക്കാൻ ഈ ലഘുപുസ്തകത്തിന്കഴിയും.വിഷയത്തിന്റെ തെരഞ്ഞെടുപ്പിലെന്നതുപോലെ പദങ്ങളുടെ തെരഞ്ഞെടുപ്പും നവസാക്ഷരരെ മുന്നിൽകണ്ടാണ് നടത്തിയിരിക്കുന്നത്. നവസാക്ഷരന് യോജിച്ച പുസ്തക മെന്നതിനേക്കാൾ നവസാക്ഷരന് യോജിച്ച സാരോപദേശ പ്രസംഗം എന്നിതിനെ വിലയിരുത്തുന്നതാണ് ശരി. പ്രസംഗം മോഡലിൽ കാര്യങ്ങൾ പറഞ്ഞു പോകുന്നു. ലളിത മലയാള പദങ്ങൾ തന്നെയാണ് ഇതിന് ഉപയോഗിച്ചിരി ക്കുന്നത്. അറിയാത്ത പുള്ളയ്ക്ക് ചൊറിയുമ്പോൾ അറിയും, പഠിപ്പു പത്രാസിനല്ല തുടങ്ങിയ പദപ്രയോഗങ്ങൾ നവസാക്ഷര സാഹിത്യത്തിനു യോജിച്ചതു തന്നെ.

19
*ഊരുവിലക്ക് ( 1993) :* സാമൂഹിക ജീർണ്ണതകൾക്കും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ ചിന്തിക്കാനും പോരാടാനും പ്രേരിപ്പിക്കുന്ന ഒരു ലഘു കൃതിയാണ് രാധാകൃഷ്ണൻ അടുത്തില രചിച്ച *ഊരുവിലക്ക്(1993).*

വിദ്യയിലൂടെ മാത്രമേ ഇത്തരം വിശ്വാസപ്രമാണങ്ങളെ വലിച്ചെറിയാനും മനുഷ്യനെ മനുഷ്യനായി കാണുവാനും കഴിയുകയുള്ളു. നാടകരൂപത്തിൽ വിഷയത്തിന്റെ ഗൗരവം ചോർന്നുപോകാതെ നവസാക്ഷര സമൂഹത്തെ പിടിച്ചിരുത്തി ചിന്തിപ്പിക്കാൻ കഴിയുന്ന സാഹിത്യസൃഷ്ടിയാണിത്. ആഹ്ലാദവും ആനന്ദവും അനുവാചകന് നൽകുന്നതോടൊപ്പം ജീവിതത്തിൽ പുതിയ ദിശാബോധം സൃഷ്ടിക്കാനും ഇതിന് കഴിയുന്നു. തുടർവിദ്യാകേന്ദ്രങ്ങളിൽ നവസാക്ഷരരുടെ നേതൃത്വത്തിൽ ഈ ലഘു നാടകം അവതരിപ്പിക്കുന്നത് ഏറെ പ്രയോജനകരമായിക്കും. സാധാരണ ജനങ്ങൾക്ക് അന്ധവിശാവസങ്ങൾക്കും സാമൂഹിക തിന്മകൾക്കുമെതിരേ പോരാടാനുള്ള ശക്തി സാക്ഷരതാപ്രവർത്തകരിലും പഠിതാക്കളിലും വളർത്തയെടുക്കാൻ ഈ പുസ്തകത്തിനു കഴിയും. സാമൂഹ്യനീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ഇത്തരം പുസ്തകങ്ങൾ കൂടുതൽ പ്രചോദനം നൽകും.

20

*നമുക്ക് വളരാം (1993) :* ലക്ഷ്യബോധമില്ലാതെ കഴിയുന്ന സാധാരണ ജനങ്ങൾക്ക് ധനസംരക്ഷണ മാർഗ്ഗങ്ങളെപ്പറ്റിയുള്ള ബോധം ഉണർത്താൻ പര്യാപ്തമായ ലഘുപുസ്തകമാണ് ശ്രീധരൻ പള്ളിയറ രചിച്ച *നമുക്ക് വളരാം(1993)* . വിരസത ഉണ്ടാവാതെ നാടകീയത നിറഞ്ഞ സന്ദർഭങ്ങളിലൂടെ സമ്പാദ്യശീലത്തിന്റെയും ബാങ്കുകളുടെയും കഥപറയാൻ ശ്രീധരൻ പള്ളിയറ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ നാട്ടിൻ പുറങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളെ പശ്ചാത്തലമാക്കി തയ്യാറാക്കിയ ഈ പുസ്തകം വാചകഘടനയിലും ആവിഷ്ക്കാര രീതിയിലും സാക്ഷരതാസാഹിത്യത്തിൽ ഉയർന്നു നിൽക്കുന്നു. ഒന്നിന്റെ കൂടെ പൂജ്യം ചേർത്താൽ പത്ത്, വീണ്ടും ഒരു പൂജ്യം കൂടിച്ചേർത്താൽ നൂറ് . പിന്നെ ആയിരം, പതിനായിരം, ഓരോ പൂജ്യം ചേർത്ത് പോയാൽ മതി. പത്തുകിട്ടിയാൽ നൂറു മതിയെന്നും, നൂറു കിട്ടിയാൽ സഹസ്രം മതിയെന്നും സഹസ്രമെന്നാൽ ആയിരം എന്നല്ലേ. എന്നിങ്ങനെയുള്ള അവതരണശൈലി സാക്ഷരതാ

പഠനകേന്ദ്രത്തിൽ കണക്കു പഠിപ്പിക്കുമ്പോൾ വളരെ സഹായകരമായി ത്തീർന്നിട്ടുണ്ട്. പഠിതാക്കളിൽ കണക്കിനെ സംബന്ധിച്ച കൂടുതൽ ആത്മവിശ്വാസം നൽകുന്നതിന് ഈ പുസ്തകം ഇടനൽകി. നവസാക്ഷരന് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്നതാണീ പുസ്തകം.

*കേരളത്തിലെ കായലുകൾ(1993)*[21] : കേരളത്തിലെ കായലുകളുടെ പ്രാധാന്യവും സാമൂഹിക ജീവിതത്തിൽ കായലുകൾ ചെലുത്തുന്ന സ്വാധീനവും കാര്യ ഗൗരവമായും എന്നാൽ സരളമായും അവതരിപ്പിക്കാൻ ജയശ്രീ ജെ. *കേരളത്തിലെ കായലുകൾ (1993)* എന്ന ലഘുപുസ്തകത്തിലൂടെ ശ്രമിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക രംഗത്തും സാമ്പത്തികരംഗത്തും പരിസ്ഥിതി രംഗത്തും എല്ലാം നിർണ്ണായക ശക്തിയായ കായലുകളെ നവസാക്ഷരർക്ക് ആഴത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ രചന നിർവ്വഹിച്ചിരിക്കുന്നു. തെങ്ങുകൃഷിക്കായും ഇതര സ്വകാര്യ ഉപയോഗങ്ങൾക്കായും കായലുകൾ നികത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വിസ്തൃത ജലാശയങ്ങൾ നിലനിർത്തേണ്ടുന്നതിനെപ്പറ്റി സാമാന്യജനങ്ങളെ ബോധവൽക്കരിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ച കൃതിയായി ഈ ലഘുഗ്രന്ഥം പ്രശംസിക്കപ്പെട്ടിട്ടുണ്ട്. പ്രധാന കായലുകൾ കായലുകളുടെ പ്രാധാന്യം, ഗതാഗതം, വ്യവസായം, കൃഷി, മത്സ്യബന്ധനം, തുറമുഖങ്ങൾ, ജലോത്സവ ങ്ങൾ, കായൽപ്പാട്ടുകൾ, വിനോദ സഞ്ചാരം, കായലും ജനങ്ങളും, കായലും പരിസ്ഥിതിയും, കായൽ മലിനീകരണം, കണ്ടൽക്കാടുകൾ, എന്നിങ്ങനെ കായലുമായി ബന്ധപ്പെടുന്ന വിഷയങ്ങൾ ലഘുവായും സൂക്ഷ്മമായും അവതരിപ്പിക്കുവാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുന്നു.നവസാക്ഷരർക്ക് പഠനക്ലാസ്സുകളിൽ കായലുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു മാർഗ്ഗ രേഖയായി ഈ പുസ്തകത്തിനെ ഉപയോഗിക്കാൻ കഴിയും. കേരളത്തിലെ ജലാശയങ്ങളെ സംബന്ധിച്ചും ജലാശയ സംരക്ഷണത്തെ സംബന്ധിച്ചും സാധാരണ ജനങ്ങളെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നതാണ് ഈ പുസ്തകം.

22
*നാട്ടിലൊരു വിദ്യാകേന്ദ്രം(1993)* : നാടിന്റെ വെളിച്ചമായി മാറുന്ന തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളെ മാതൃകാപരമായി സൃഷ്ടിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന ഒരു പുസ്തകമാണ് പ്രഭാകരൻഎ.യുടെ *നാട്ടിലൊരു വിദ്യാകേന്ദ്രം(1993).* നിഷ്കാമകർമ്മികളായ ചില അദ്ധ്യാപക ശ്രേഷ്ഠന്മാർ അനുഭവിച്ച ത്യാഗത്തിന്റെയും ക്ലേശത്തിന്റെയും ചരിത്രം ലളിതമനോഹരമായി ആലേഖനം ചെയ്യാൻ പ്രഭാകരൻ എ. ശ്രമിച്ചിട്ടുണ്ട്. നവസാക്ഷരരിൽ ആദർശബോധവും സേവനതത്പരതയും സൃഷ്ടിക്കുന്നതിലും ചിന്തയിലും പ്രവർത്തനത്തിലും മാറ്റങ്ങൾ ഉണ്ടാകേണ്ടതിലേക്കും പ്രക്ഷേപണ രംഗത്ത് ദീർഘകാല പരിചയമുള്ള ഗ്രന്ഥകാരന് ഈ ലഘുപുസ്തകത്തിലൂടെ ശ്രമിച്ചിട്ടുണ്ട്. വിദ്യാകേന്ദ്രത്തിന്റെ ചുമതലക്കാർക്കും ഗുണഭോക്താക്കൾക്കും സാധാരണക്കാർക്കും ഒരുപോലെ മനസ്സിലാകുന്ന തരത്തിൽ നാട്ടിൻപുറത്തെ വിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം കൃത്യമായി അവതരിപ്പിക്കാൻ ഈ പുസ്തകത്തിലൂടെ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്.

കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമായി 1991 ഏപ്രിൽ 18 ന് പ്രഖ്യാപിച്ചു. ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനം എന്ന ബഹുമതി കേരളം നേടി. കേവലസാക്ഷരത കൈവരിച്ച നവസാക്ഷരർക്കായി തയാറാക്കിയ പന്ത്രണ്ട് നവസാക്ഷര പുസ്തകങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളവ. കേവലസാക്ഷരത കൈവരിച്ച നവസാക്ഷരനിൽ തുടർവായനയിലൂടെ അക്ഷരബോധവും അക്കബോധവും പൊതുവിജ്ഞാനവും കൂടുതൽ ഊട്ടി ഉറപ്പിക്കാൻ കഴിയുകയെന്നതായിരുന്നു ഈ പുസ്തകങ്ങളുടെ പ്രധാനലക്ഷ്യം. അതിനുവേണ്ട വിഷയങ്ങളെ നവസാക്ഷരരുടെ പരിചിതമേഖലകളിൽ നിന്നു തന്നെ കണ്ടെത്താൻ കഴിഞ്ഞു. ഇങ്ങനെ കണ്ടെത്തിയ വിഷയങ്ങളെ പരിചിതപദങ്ങളുടെയും വാചകങ്ങളുടെയും സഹായത്തോടെ ലളിതമായും സരസമായും നാടകീയമായും ആവിഷ്ക്കരിച്ചിട്ടുണ്ട്. പുസ്തകം വായിക്കാൻ തുറക്കുന്ന ഏതൊരു

നവസാക്ഷരനും വളരെ കുറഞ്ഞസമയം കൊണ്ട് വായിച്ചു തീർക്കാൻ കഴിയുമെന്ന് മാത്രമല്ല വായനയിൽ താത്പര്യം ജനിപ്പിക്കുന്നതിനും വീണ്ടും പുസ്തകങ്ങൾ വായിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അവനെ കൊണ്ടെത്തിക്കുന്നതിനും ഈ സാഹിത്യസൃഷ്ടികൾക്ക് കഴിയുന്നു.

നവസാക്ഷരർക്കായി പുതിയ സാഹിത്യസൃഷ്ടികൾ ഉണ്ടാകണമെന്ന ചിന്ത സാഹിത്യകാരന്മാരിലും വിദ്യാസമ്പന്നരിലും സാക്ഷരതാപ്രവർത്തകരിലും സൃഷ്ടിക്കുന്നതിനും ഈ രചനകൾ സഹായകമായിത്തീർന്നു. സമൂഹത്തിലെ ദുഖങ്ങളും ദുരിതങ്ങളും നന്മയും തിന്മയും വേർതിരിച്ചറിയുന്നതിനും പുസ്തകവായന ആവശ്യമാണെന്ന ബോധം സൃഷ്ടിക്കുന്നു. ക്രമമായും ആകർഷകമായും അവതരിപ്പിക്കുന്ന ആശയങ്ങൾ പഠിതാക്കൾ സ്വീകരിക്കുമെന്നതിന്റെ ഉത്തമ മാതൃകയാണ് ഈ സാഹിത്യസൃഷ്ടികൾ. കഠിനപദങ്ങളോ നീണ്ട വാചകങ്ങളോ അപരിചിതമായ ബിംബങ്ങളോ ഇതിൽ ഒരിടത്തും പ്രയോഗിച്ചിട്ടില്ല.

നവസാക്ഷരന് മാനസികോല്ലാസം നൽകിയും കാര്യങ്ങൾ വളച്ചുകെട്ടില്ലാതെയും കാര്യമാത്രപ്രസക്തിയോടെയും ആശയങ്ങൾ നഷ്ടപ്പെടാതെയും സാധാരണ പദങ്ങൾ ഉപയോഗിച്ച് സൃഷ്ടി നടത്താമെന്ന് സാക്ഷരതാസാഹിത്യത്തിലൂടെ തെളിയുന്നു. എന്തുപറയുന്നു എന്നതുപോലെ തന്നെ പ്രസക്തമാണ് എങ്ങനെ പറയുന്നു എന്നത്. എന്തു പറയുന്നു എന്നതിലല്ല എങ്ങനെപറയുന്നു എന്നതിലാണ് സാക്ഷരതാസാഹിത്യം ഇതരസാഹിത്യങ്ങളിൽ നിന്നും വിഭിന്നമായി നിലകൊള്ളുന്നത്. ഉപയോഗിക്കുന്ന ഭാഷ, ആവിഷ്ക്കാരരീതി, വാചകങ്ങളുടെ ഘടന, ശൈലി എന്നിവ ഇതരസാഹിത്യത്തിൽ നിന്നും ഭിന്നമാണ് സാക്ഷരതാസാഹിത്യത്തിൽ. കേരള സാക്ഷരതാസമിതി പുറത്തിറക്കിയ പുസ്തകങ്ങൾ നവസാക്ഷരനോട് നീതി പുലർത്തുന്നവയാണ്. സാക്ഷരതാസാഹിത്യ രംഗത്ത് തനതായ സംഭാവനകൾ നൽകാൻ ഇത്തരം സാഹിത്യസൃഷ്ടികളിലൂടെ കഴിഞ്ഞു.

23

*നമ്മുടെ നാടോടി ഗാനങ്ങൾ(1994) :* കേരള സാക്ഷരതാസമിതി 1994 ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് സിപ്പി പള്ളിപ്പുറം രചിച്ച *നമ്മുടെ നാടോടിഗാനങ്ങൾ(1994).* കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിൽ നാടൻപാട്ടുകൾക്ക് പങ്കുണ്ട്. വിവിധ പ്രദേശങ്ങളിൽ വാമൊഴിയായി കൈമാറുന്ന ഇത്തരം പാട്ടുകളെ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശക്തമായി ഉപയോഗിക്കാൻ കഴിയുന്ന സാഹിത്യമായി മാറ്റുന്നു. വിരുന്നൊരുക്കം എന്ന ആദ്യപാട്ടിൽ ഉപയോഗിക്കുന്ന പദങ്ങൾ നവസാക്ഷര സമൂഹത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതു മാത്രമാണ്. ചീര, ചക്കക്കുരു, ഇഞ്ചിക്കറി, പപ്പടം, പത്തിരി തുടങ്ങിയ വിഭവങ്ങളും ചിരുത, ചക്കി, ചക്കൻ, കുഞ്ചി, തുടങ്ങിയ പേരുകളും നവസാക്ഷരർക്ക് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്നതാണ്. മനുഷ്യ മനസ്സുകളിൽ നിലകൊള്ളുന്ന താളബോധവും പരിചിത പദങ്ങളുടെ കൂടിച്ചേരലും സാധാരണ ഉപയോഗിക്കുന്ന അക്ഷരങ്ങളുടെ കൂടിച്ചേരലുമാണ് ഈ പുസ്തകത്തിൽ കണ്ടെത്താൻ കഴിയുന്നത്. ഉള്ളടക്കം ലളിതവും രസകരവും ഏവർക്കും അറിയാവുന്നതും കുടുംബം, സമൂഹം എന്നിവയെ ബന്ധപ്പെടുത്തിയുള്ളതുമാണ്.

അമ്പിളിക്കുന്നത്താണേ നമ്മുടെ പെമ്പിള വീട് എന്ന പ്രയോഗത്തിലെ അമ്പിളിക്കുന്നും പെമ്പിളവീടും നാട്ടുഭാഷാ പ്രയോഗങ്ങളാണ്. സാധാരണക്കാർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന പദങ്ങളാണ് ഈ പുസ്തകത്തിൽ പൂർണ്ണമായും ഉള്ളത്. കട്ടൻകാപ്പി, കുട്ടകം, കഞ്ഞി, ഉപ്പ്, മൊളക്, ചട്ടി, വാഴേല, പാവയ്ക്കാ, കട്ടുറുമ്പ്, കോഴിക്കുഞ്ഞ്, പനങ്കള്ള് തുടങ്ങി ചിരപരിചിതങ്ങളായ പദങ്ങളിലൂടെയും ഭാഷാശൈലിയിലൂടെയും തുടർവായന പരിപോഷിപ്പിക്കാൻ ഈ പുസ്തകത്തിന് കഴിയും. പഠിതാവിന്റെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും സരസവും ലളിതവുമായി ആശയങ്ങൾ അവതരിപ്പിക്കുന്നതിനും സാക്ഷരതാസാഹിത്യത്തിനു കഴിയുന്നു.പാട്ടുകളിലൂടെ കാര്യങ്ങൾ അവതരിപ്പിക്കാനാണ് ഗ്രന്ഥകർത്താവ് ശ്രമിച്ചിരിക്കുന്നത്.

[24] *കുടിലിന്റെ പാട്ടുകൾ(1994)* :കേരള സാക്ഷരതാസിമതി പുറത്തിറക്കിയ ശ്രദ്ധേയമായ മറ്റൊരു പുസ്തകമാണ് ആനന്ദക്കുട്ടൻ വി.യുടെ *കുടിലിന്റെ പാട്ടുകൾ(1994)*.നാടൻപാട്ടിന്റെ മോഡലിൽ രചിച്ച പറ്റിയ സ്ഥലം, താലികെട്ടണമെങ്കിൽ, കൂടോത്രം, കുടിൽ, ചീത, നാഴിമണ്ണ്, കുറ്റം, നഗരം, ചിടുങ്ങൻ, എന്നീ കവിതകൾ നവസാക്ഷരർക്ക് വായിക്കാനും മനസ്സിലാക്കാനും രസംപകരാനും കഴിയുന്നതാണ് ഈ പുസ്തകം. ചീത എന്ന പ്രശസ്ത നാടകീയാഖ്യനത്തിലൂടെ കൃതഹസ്തനായ ഗ്രന്ഥകാരൻ ലളിതവും പരിചിതവുമായ പദങ്ങളാണ് ഈ പാട്ടുകളുടെ രചനയ്ക്കായും തെരഞ്ഞെടുത്തിട്ടുള്ളത്.

"ഉള്ളതു മുഴുവൻ കള്ളു കുടിച്ചാൽ
വെള്ളപ്പൊക്കം വന്നാലോ?
....................................................
കഞ്ഞികുടിക്കാനില്ലാഞ്ഞാലും
കള്ളില്ലെങ്കിൽ പരവേശം
................................................
കള്ളൊണ്ടാക്കിയ കാലന്മാരുടെ-
യെല്ലാം നിറുകയിലിടി വീഴും
....................................................
ദൈവം പോലും കള്ളുകുടിക്കും
വാവുന്നാളിൽ മൂക്കോളം
......................................................
കഞ്ഞികുടിക്കാൻ! - വേണ്ടാ വേണ്ടാ"[25]
അതിലും കാണും കൂടോത്രം

ഇങ്ങനെ ലളിത മലയാള പദങ്ങളെ കൂട്ടിയിണക്കി പാട്ടാക്കി മാറ്റി

നവസാക്ഷരനിൽ താളബോധത്തിന്റെയും കാവ്യഭാവനയുടെയും ചിറകുവിരിക്കാൻ ഈ പുസ്തകത്തിനു കഴിയും. നവസാക്ഷരരിൽ വായനാശീലം വർദ്ധിപ്പിക്കാനും പഠനതോതടും പഠനക്ലാസ്സുകളോടും കൂടുതൽ ആഭിമുഖ്യം സൃഷ്ടിക്കാനും ഈ പുസ്തകം സഹായകമാണ്.

*ടാഗൂർ(1994)* [26]:മഹാന്മാരുടെ ജീവചരിത്രം നവസാക്ഷരർക്ക് മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കാൻ ശ്രമാക്കുകയാണ്. അപ്പൻ എം.പി തന്റെ *ടാഗൂർ(1994)* എന്ന ചെറിയ പുസ്തകത്തിലൂടെ ചെയ്യുന്നത്. ഇന്ത്യയുടെ ദേശീയഗാനം രചിച്ച മഹാകവിയെ നവസാക്ഷരനായ മലയാളിക്ക് പരിചയപ്പെടുത്തി കൊടുക്കുകയാണ് ഈ പുസ്തകത്തിലൂടെ അപ്പൻ എം.പി ചെയ്തിരിക്കുന്നത്.

ലോകം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന രവീന്ദ്രനാഥടാഗൂറിന്റെ പ്രാധാന്യത്തിന് കോട്ടം തട്ടാതെ ലളിത പദപ്രയോഗത്തിലൂടെ കാര്യമാത്ര പ്രസക്തമായി ജീവചരിത്ര രചന നടത്താൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ട്. ജീവിചരിത്രത്തോടൊപ്പം ടാഗൂറിന്റെ ആശയം കൂടി പ്രചരിപ്പിക്കാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുണ്ട്. “[30]ഇരുൾ നിറഞ്ഞ കോവിലിനകത്ത് നീ ആരെയാണ് പൂജിക്കുന്നത് ? കണ്ണുതുറക്കൂ. നീ പൂജിക്കുന്ന ഈശ്വരൻ നിന്റെ മുമ്പിൽ ഇല്ലെന്ന് അപ്പോൾ അറിയാം. നിലം ഉഴുന്ന കൃഷിക്കാരനും നിരത്തിൽ കല്ലു പൊളിക്കുന്ന തൊഴിലാളിയും എവിടെ ഉണ്ടോ, അവിടെ ഭഗവാനും ഉണ്ട്.[27]” എന്ന ഗീതാഞ്ജലിയിലൂടെ ടാഗൂർ നൽകിയ മഹത്തായ സന്ദേശം നവസാക്ഷരനിൽ എത്തിക്കാൻ കഴിയുന്ന തരത്തിൽ ലളിതവും ഭാവഗംഭീരവുമായി രചന നടത്തിയിരിക്കുന്നു.

*അതാണ് ശരി(1994)* [28]: നിത്യജീവിതത്തിൽ ശീലിച്ച തെറ്റുകൾ തിരിച്ചറിഞ്ഞ് ശരിയായ മാർഗ്ഗത്തിലേക്ക് മന:പരിവർത്തനം ചെയ്യാൻ കഴിയുന്ന തരത്തിൽ രചിച്ച അഞ്ചുകഥകളാണ് സജിനി പവിത്രന്റെ *അതാണ്ശരി (1994)* എന്ന

നവസാക്ഷര പുസ്തകം. ശാരദയും ചിന്നുമോളും എന്ന കഥയിലൂടെ കുട്ടികൾ ചെയ്യുന്ന ചെറിയ ചെറിയ കുറ്റങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടതെന്ന ആശയം വളരെ ലളിതമായി അവതരിപ്പിക്കാൻ കഴിയുന്നു. നിത്യപരിചിത പദങ്ങളുടെ സമ്മേളനമാണ് ഇവിടെ നടന്നിരിക്കുന്നത്. എന്തു നല്ല വീട്, വാക്ക് വാളാകുമോ, ബിസ്സിനസ്സ് ബിസ്സിനസ്സ്, അമ്മയോ പെങ്ങളോ എന്നീ കഥകളെല്ലാം തന്നെ ലളിതമായ പദപ്രയോഗത്താലും സരസമായ ആഖ്യാനശൈലിയാലും ശ്രേഷ്ഠമായ ആശയങ്ങളാലും സമ്പന്നമാണ്. ഏതൊരാശയത്തെയും ഗൗരവകരമായി അവതരിപ്പിക്കാനുള്ള സാക്ഷരതാസാഹിത്യത്തിന്റെ ശക്തി ഇതിലൂടെ വെളിച്ചത്തു കൊണ്ടുവരുന്നു.

"ഒരു മരം വെട്ടുന്നേരം പിതൃഭൂമി മരിക്കുന്നൂ........

ഒരുമരം വെട്ടുന്നേരം മരുഭൂമി ജനിക്കുന്നൂ..........."[29]

എന്നിങ്ങനെ ആശയങ്ങളെ ശക്തമായി ആവിഷ്ക്കരിക്കാൻ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കഴിയുമെന്ന് സജിനി പവിത്രൻ തന്റെ രചനയിലൂടെ തെളിയിക്കുന്നു.

*സിനിമയുടെ കഥ*[30] *(1994) :* സിനിമയുടെ ചരിത്രം കഥാരൂപത്തിൽ അവതരിപ്പിക്കുകയാണ് ബേബി മണ്ണാറക്കയം തന്റെ *സിനിമയുടെകഥ(1994)* എന്ന നവസാക്ഷരപുസ്തകത്തിലൂടെ ചെയ്യുന്നത്. അമ്മൂമ്മയും കൊച്ചുമകനും തമ്മിലുള്ള സംഭാഷണത്തിലൂടെ സിനിമയുടെ ചരിത്രം വിവരിക്കുന്ന കഥാകാരൻ ഭാഷയുടെ തെരഞ്ഞെടുപ്പിലും വിനിയോഗത്തിലും പ്രത്യേകം ശ്രദ്ധിക്കുന്നു. അമ്മൂമ്മ ഉപയോഗിക്കുന്ന ഭാഷയിൽ സിലുമ (സിനിമ), കൊട്ടക ( തീയേറ്റർ), അരിചന്തൻ(ഹരിശ്ചന്ദ്രൻ),പക്തകുചേലൻ(ഭക്തകുചേലൻ), ശീത(സീത), നിശ്ശപ്പതചിത്തിരം(സംസാരിക്കാത്തസിനിമ) പൊട്ടൻമാരാരുന്നോടാ അതിലെല്ലാം, പോട്ടോ സ്റ്റുഡിയോ ( ഫോട്ടോ സ്റ്റുഡിയോ), അയ്യോ കസ്ടം ( അയ്യോ കഷ്ടം), പാലൻ (ബാലൻ) തുടങ്ങിയ ഭാഷാ ഭേദസംബന്ധിയായ പദങ്ങളും കണ്ടെത്താൻ കഴിയുന്നു. കഥാപാത്രങ്ങൾക്ക് അനുയോജ്യമായ

പദപ്രയോഗമാണ് ഈ പുസ്തകത്തിൽ കാണുവാൻ കഴിയുന്നത്. സിനിമയുടെ ചരിത്രം ഇത്രയും ലളിതമായും സരസമായും ചരിത്രത്തിന്റെ പ്രാധാന്യം നഷ്ടപ്പെടാതെയും അവതരിപ്പിക്കാൻ സാക്ഷരതാസാഹിത്യത്തിനു കഴിയുമെന്ന് ഇതിലൂടെ കണ്ടെത്താൻ കഴിയുന്നു.

*സ്വർണ്ണമോഹം*[31]*(1994)* : നവസാക്ഷരർക്കായി ബിനോയ് ചാത്തുരുത്തി രചിച്ച ഒരു ലഘു നാടകമാണ് *സ്വർണ്ണമോഹം(1994).* അതിമോഹം വരുത്തിവെയ്ക്കുന്ന വിന നവസാക്ഷരനിൽ ഉണർത്താൻ കഴിയുന്ന തരത്തിലാണ് പുസ്തകത്തിന്റെ രചന. കൊല്ലൻ, കർഷകൻ, ദേവത, ഭടൻ, രാജാവ്, സന്യാസി, നിയമജ്ഞൻ, ഉദ്യോഗസ്ഥൻ എന്നീ കഥാപാത്രങ്ങളിലൂടെ കുറഞ്ഞസമയം കൊണ്ട് വലിയ ആശയം അവതരിപ്പിക്കാൻ ശ്രമിയ്ക്കുന്നു. നവസാക്ഷരനിൽ ദിശാബോധം ഉണർത്താൻ നാടകവും മാധ്യമമായി സ്വീകരിക്കാൻ കഴിയും എന്നതിന്റെ തെളിവാണ് ഈ പുസ്തകം. നാടൻപാട്ടും കഥയും കവിതയും പോലെതന്നെ നാടകവും സാക്ഷരതാസാഹിത്യത്തിൽ പിറവിയെടുത്തിരുന്നു. നവസാക്ഷരസമൂഹത്തെ മുന്നിൽ കണ്ട് നാടകരചനയും നടത്തേണ്ടി വന്നിരുന്നു എന്നതിന് തെളിവാണ് ഇതിലൂടെ ലഭിയ്ക്കുന്നത്. സാഹിത്യത്തിലെ വിവിധ ശാഖകൾ സാക്ഷരതാസാഹിത്യത്തിലും ഉടലെടുത്തിരുന്നു. സാക്ഷരതാ പഠനകേന്ദ്രത്തിൽ ലഘുനാടകമായി അവതരിപ്പിക്കാൻ കഴിയുന്നതിലൂടെ സ്വർണ്ണ മോഹം എന്ന പുസ്തകത്തിന്റെ സാദ്ധ്യതകൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. പഠിതാക്കളെ കേന്ദ്രത്തിലേക്ക് ആകർഷിക്കുന്നതിനും സരസമായി പഠനപ്രക്രിയ മുന്നോട്ടു കൊണ്ടു പോകുന്നതിനും ഈ നാടകം പ്രചോദനം നൽകും. നവസാക്ഷരനിൽ കുടികൊള്ളുന്ന കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനും ഗുണകരമായദിശയിലേക്ക് വളർത്തുന്നതിനും ഇത്തരം പുസ്തകങ്ങൾ അത്യന്താപേക്ഷിതമാണ്. വായിച്ചു രസിക്കാനും അഭിനയിച്ചു ഫലിപ്പിക്കാനും കഴിയുന്നരീതിയാലാണ് ഇതിന്റെ രചന നിർവഹിച്ചിട്ടുള്ളത്. സമൂഹത്തിന് ഗുണപാഠമാകാൻ കഴിയുന്ന ഒരു സാഹിത്യസൃഷ്ടിയാണിത്.

*നറുമൊഴിപ്പാട്ടുകൾ(1994)*[32] : ലളിതവും മധുരവുമായ ശൈലിയിൽ നവസാക്ഷരർക്ക് ഉണർവേകാൻ കഴിയുന്ന പാട്ടുകളാണ് രവി ശൂരനാടിന്റെ *നറുമൊഴിപ്പാട്ടുകൾ(1994)* എന്ന പുസ്തകത്തിലുള്ളത്. നവസാക്ഷരർക്ക് വാനയിൽ ആത്മവിശ്വാസം ജനിപ്പിക്കാൻ ഈ പുസ്തകത്തിന് കഴിയും. സാക്ഷരതാസാഹിത്യത്തിൽ പാട്ടുകൾക്കുള്ള സ്ഥാനം വളരെ വലുതാണെന്ന് ബോദ്ധ്യപ്പെടുത്താൻ ഈ പുസ്തകത്തിനും കഴിഞ്ഞിട്ടുണ്ട്.

"വാലാട്ടിക്കിളി തലയാട്ടിക്കിളി
എങ്ങു പറന്നു കളിക്കുന്നു
വാലും തലയും വട്ടംചുറ്റി
തെങ്ങിലിരുന്നു ചിലയ്ക്കുന്നു
തലയാട്ടിക്കിളി വാലാട്ടിക്കിളി
എന്തു മുറിച്ചു ചവയ്ക്കുന്നു
തലയും വാലും വട്ടം ചുറ്റി
തളിരില കൊത്തി മുറിയ്ക്കുന്നു."[33]

ഇത്തരം പാട്ടുകളിലെ അർത്ഥം മനസ്സിലാക്കാൻ ഒരു നവസാക്ഷരന് നിഘണ്ടുവിന്റെ സഹായം വേണ്ട. പരിചിതപദങ്ങളെയും പ്രയോഗങ്ങളെയും താളബോധത്തിലധിഷ്ഠിതമാക്കി പാട്ടുകളായി അവതരിപ്പിക്കാനുള്ള സാക്ഷരതാസാഹിത്യത്തിന്റെ ശക്തി ഈ പുസ്തകം വെളിവാക്കുന്നു.

*കുരുവിക്കൂട് (1994)*[34] : സാക്ഷരതാസാഹിത്യത്തിൽ കവിതയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കിത്തരുവാൻ ഗോപി പി.കെ.യുടെ കുരുവിക്കൂട്(1994) എന്ന പുസ്തകം പര്യാപ്തമാണ്.

"മാനമിരുണ്ടു കറക്കുന്നു
മാരിക്കാറുകൾ പെയ്യുന്നു
ഓലപ്പുരകൾ ചോരുന്നു
കോരനിരുന്നു വിറയ്ക്കുന്നു."[35]

വാക്കുകളിലെ തെളിമയും പദ സൗകുമാര്യവും ആശയപ്പൊലിമയും വെറും നാല് വരികളിലൂടെ വരച്ചുകാട്ടാൻ സാക്ഷരതാസാഹിത്യത്തിനു കഴിയുമെന്ന് ഗ്രന്ഥകർത്താവ് തെളിയിച്ചു. നാടൻ പദങ്ങളും പ്രയോഗങ്ങളും കൂട്ടിച്ചേർക്കു ന്നതോടൊപ്പം പ്രചാരത്തിലുള്ള അന്യഭാഷാ പദങ്ങളും നവസാക്ഷരർക്ക് മന സ്സിലാകുന്ന നിലയിൽ ക്രമീകരിക്കാൻ കഴിയുമെന്ന് ഈ പുസ്തകം വെളിവാക്കുന്നു.

"ഭാഗ്യം ചെയ്തൊരു പൗലോച്ചേട്ടന്
പേഴ്സ് നിറച്ചും കാശാണ്
വൈഫും മക്കളുമിംഗ്ലണ്ടിൽ
അളിയൻ പണ്ടേയബുദാബീൽ
പൗലോച്ചച്ചട്ടനു ഹാർട്ടും - ഗ്യാസും -
ഷുഗറും - പ്രഷറും കൂട്ടാണ് !

അരിയാഹാരം പാടില്ല
എരിവും പുളിയും പാടില്ല
എഗ്ഗും ചിക്കനും ഉപ്പും മുളകും
അല്പം പോലും പാടില്ല

അൾസേഷൻ ഡോഗെട്ടണ്ണം
നോക്കാനൊമ്പതു സേർവെന്റ്സ്
മിൽക്കും മീറ്റും ബ്രഡ്ഡും ചീസും
ഡോഗിനു നൽകി രസിക്കുമ്പോൾ
പൊണ്ണത്തടിയൻ പൗലോച്ചേട്ടനു
കണ്ണു കലങ്ങിയതെന്താണ് ?[36] "

വൈഫ്, ഹാർട്ട്, ഗ്യാസ്, ഷുഗർ, പ്രഷർ, എഗ്ഗ്, ചിക്കൻ, അൾസേഷൻ, ഡോഗ്, സേർവെന്റ്സ്, മിൽക്ക് മീറ്റ് ബ്രഡ്ഡ്, ചീസ് തുടങ്ങി എന്നിങ്ങനെ സാധാരണ മലയാളി ഉപയോഗിക്കുന്ന അന്യഭാഷാപദങ്ങളെ നാടൻശൈലിയിലും ഈണത്തിലും ലളിതമലയാള പദങ്ങളുമായി കൂട്ടിച്ചേർത്ത് നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന പാകത്തിൽ ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നു. നവസാക്ഷരനിൽ വായനാശീലം വളർത്താൻ ഈപുസ്തകം സഹായകമാണ്.

*ജയവും തോൽവിയും*[37] *(1994)* : കോളേജിൽ പഠിക്കാൻ പോയാൽ പിന്നെ വീട്ടിലെ ജോലി ചെയ്യുന്നത് അപമാനമാണെന്നും പെണ്ണുങ്ങളാണ് വീട്ടിലെ മുഴുവൻ പണിയും ചെയ്യേണ്ടവരെന്നുമുള്ള തെറ്റായ ധാരണയിൽ നിന്നും സമൂഹത്തെ മോചിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വെളിച്ചംവീശുന്ന കഥയാണ് സചീന്ദ്രൻ എം. എം.രചിച്ച *ജയവും തോൽവിയും(1994)*. സാക്ഷരതാ ക്ലാസ്സിന്റെ പ്രാധാന്യവും സാക്ഷരതാസാഹിത്യത്തിൽ കഥയുടെ പ്രസക്തിയും വെളിവാക്കാൻ ഈ പുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. ഭാഷയുടെ തെരഞ്ഞെടുപ്പിലും വിനിയോഗത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ആഖ്യാനശൈലി ലളിതവും സരസവും എന്നാൽ ഗൗരവപൂർണ്ണവുമാണ്. ഏതൊരാശയവും ശക്തമായി അവതരിപ്പിക്കാൻ കഴിയുന്ന മാധ്യമമാണ് സാക്ഷരതാസാഹിത്യം.

*പാർവ്വതി പിന്നെ ചിരിച്ചിട്ടില്ല*[38] *(1994)* : സാക്ഷരതാസാഹിത്യത്തിൽ പുതിയമാനങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ലഘുനോവലാണ് വിമലാ മേനോൻ രചിച്ച *പാർവ്വതി പിന്നെ ചിരിച്ചിട്ടില്ല (1994)* എന്ന പുസ്തകം. വർത്തമാനകാല ജീവിതത്തിലെ സുഖങ്ങളും ദുഖങ്ങളും, കണ്ണീരും നിലവിളിയും, സ്നേഹവും ആത്മനൊമ്പരവും ഹൃദയസ്പർശിയായി ആവിഷ്ക്കരിക്കുകയാണ് വിമലാ മേനോൻ തന്റെ ഈ ലഘുനോവലിലൂടെ ചെയ്യുന്നത്. ബാല്യവും കൗമാരവും അടങ്ങുന്ന ഭൂതകാല നൊമ്പരങ്ങളും സന്തോഷങ്ങളും വർത്തമാനകാലത്തിന്റെ മരവിപ്പും ഇവിടെ വെളിവാക്കുന്ന ഒരു ഉത്തമ സാഹിത്യസൃഷ്ടിയാണിത്.

മനുഷ്യമനസ്സിൽ കുടികൊള്ളുന്ന വികാരങ്ങളെയും വിചാരങ്ങളെയും ഭാവനയിൽ ചാലിച്ച് നവസാക്ഷരസമൂഹത്തിന്റെ ഭാഷാവബോധത്തിനു യോജിച്ചവിധം ആവിഷ്കരിക്കാനുള്ള ഗ്രന്ഥകർത്താവിന്റെ കരവിരുത് പാർവ്വതി പിന്നെ ചിരിച്ചിട്ടില്ല എന്ന ഈ ലഘുനോവലിലൂടെ വെളിവാക്കുന്നു. നോവലു രൂപത്തിലും സാക്ഷരതാസാഹിത്യം രൂപപ്പെടുത്തയെടുക്കാൻ കഴിയുമെന്നതിന്റെ തെളിവാണ് ഈ പുസ്തകം.

*സ്വർഗ്ഗത്തിന്റെ ഉദയം*[39]*(1994)* : സാക്ഷരതാസാഹിത്യത്തിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യാൻ കഴിയുന്നതാണ് കരിങ്ങന്നൂർ ഗംഗാധരൻ രചിച്ച *സ്വർഗ്ഗത്തിന്റെ ഉദയം(1994)* എന്ന ലഘുനാടകം. മദ്യപാനത്തിന്റെ വിപത്തുകൾ തുറന്നു കാട്ടുന്നതോടൊപ്പം പ്രായോഗിക സമീപനത്തിലൂടെ നഷ്ടമായ ജീവിതം വീണ്ടെടുക്കാൻ കഴിയുമെന്ന സന്ദേശം പകരാൻ ഈ നാടകത്തിന് കഴിയുന്നു. നവസാക്ഷരസമൂഹത്തിൽ നാടകമെന്ന സാഹിത്യരൂപത്തിന്റെ പ്രാധാന്യം ഇതിലൂടെ വിളിച്ചോതുന്നു.

സാക്ഷരതാസാഹിത്യത്തിന്റെ അനന്ത സാദ്ധ്യതകളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ പുസ്തകം. സാക്ഷരതാപഠന ക്ലാസ്സുകളിൽ പഠിതാക്കളെ ഉൾപ്പെടുത്തി നാടകം അവതരിപ്പിക്കുന്നതിലൂടെ കലയിലും സാഹിത്യത്തിലും അവരിൽ താത്പര്യം ജനിപ്പിക്കാൻ ഇടനൽകും. പഠനകേന്ദ്രത്തിൽ കലാസംഘങ്ങളെ രൂപപ്പെടുത്തയെടുക്കാനും കലകളെ പരിപോഷിപ്പിക്കുന്നതിനും ഇത്തരം സാഹിത്യസൃഷ്ടികൾ പര്യാപ്തമാണ്.

*ഒരുഅഞ്ചുരൂപാനോട്ടിന്റെ ജീവിതയാത്ര*[40]*(1994)* : മലയാള സാക്ഷരതാസാഹിത്യത്തിൽ ഇരുത്തി ചിന്തിക്കാൻ പ്രേരണ നൽകുന്ന രണ്ട് ചിത്രീകരണങ്ങളാണ് കൃഷ്ണൻ നായർ എസ്. രചിച്ച *ഒരു അഞ്ചുരൂപാ നോട്ടിന്റെ ജീവിതയാത്ര(1994)* എന്ന ലഘുപുസ്തകം. ഒരു അഞ്ചുരൂപാ നോട്ടിന്റെ അച്ചടിമുതൽ ആ നോട്ട് ചെന്നുചേരാവുന്ന വഴികളെ കൗതുകകരമായി ചിത്രീകരിച്ചിരിക്കുന്നു.നന്ദിയാരോടു ഞാൻ ചൊല്ലേണ്ടു എന്ന ചിത്രീകരണത്തിലൂടെ ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യരും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരോട് കടപ്പെട്ടിരിക്കുന്നു എന്ന അവബോധം സൃഷ്ടിക്കുന്നു.

സാഹിത്യം ജീവിതാവസ്ഥയുടെ ആവിഷ്ക്കാരമാണ്. വായനക്കാരെ ആകർഷിക്കുന്ന ഒരു മനുഷ്യകഥ ഏതുകൃതിയിലും ഉണ്ടാവും. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായി അവതരിപ്പിക്കുന്ന കഥയാണ് ഒരു അഞ്ചു രൂപാനോട്ടിന്റെ ജീവിതയാത്ര. നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ പിറന്നുവീണ

ഒരു കറൻസിയെ കേന്ദ്ര കഥാപാത്രമാക്കി ആവിഷ്ക്കരിക്കുന്ന കഥയാണ് ഒരു അഞ്ചു രൂപാനോട്ടിന്റെ ജീവിതയാത്ര. ഈ കഥയിലൂടെ സാക്ഷരതാ സാഹിത്യത്തിന്റെ അനന്തസാദ്ധ്യതകളിലേക്ക് നവസാക്ഷരനെ കൂട്ടിക്കൊണ്ടു പോകുവാൻ കഥാകൃത്തിനു കഴിഞ്ഞിരിക്കുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യം, പാഠാവലികളും, കഥകളും, നോവലുകളും, നാടകങ്ങളും, ചിത്രീകരണങ്ങളും, പുസ്കങ്ങളും, പാട്ടുകളും, സാരോപദേശകഥകളും എല്ലാം അടങ്ങിയതാണ്. നിരക്ഷരനെ സാക്ഷരനാക്കാൻ കഴിയുന്ന പാഠാവലികളും വിവിധ വിഷയങ്ങൾ പഠിപ്പിക്കാൻ പര്യാപ്തമായ മറ്റ് പാഠാവലികളും പരിശീലന പുസ്തകങ്ങളും നവസാക്ഷരപുസ്തകങ്ങളും സാക്ഷരതാസാഹിത്യത്തിന്റേതായി രൂപപ്പെട്ട് വളർച്ച പ്രാപിച്ചു കഴിഞ്ഞു.

അക്ഷരങ്ങൾ പഠിപ്പിക്കാനും ഉറപ്പിക്കാനുമുള്ള ഒരു സംവിധാന ക്രമമല്ല മലയാളത്തിലെ സാക്ഷരതാസാഹിത്യ ത്തിനുള്ളത്. സാഹിത്യമേഖലയിലെ രൂപ,ഭാവ പരിണാമങ്ങൾ മലയാള സാക്ഷരതാസാഹിത്യത്തിലുമുണ്ട്. കഥകളും നോവലുകളും നാടകങ്ങളും പാട്ടുകളും കവിതകളുമൊക്കെ മനുഷ്യമനസ്സുകളിൽ ആഹ്ലാദവും അറിവും പ്രദാനം ചെയ്യുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യവും ഈ വീക്ഷണത്തിൽ നിന്നും വിഭിന്നമല്ല. വിവിധ കഥകളിലൂടെ പുതിയ ആശയങ്ങൾ ജനങ്ങളിൽ എത്തിച്ച് ജീവിത പരിവർത്തനത്തിന് പ്രേരിപ്പിക്കുന്ന ഘടകമായി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ കഥകളെ ഉപയോഗിക്കുന്നു. നിരക്ഷരനെ അക്ഷരം പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടു ത്തുന്നതിനും തുടർവായനയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും കഥയെ ഉപയോഗിക്കുന്നു. കഥകൾക്കായി ഉപയോഗിക്കുന്ന പദങ്ങളിലെ ലാളിത്യവും അവതരണ ശൈലിയും ആശയമഹത്വവും ഹ്രസ്വമാണെന്നതും സാക്ഷരതാ സാഹിത്യത്തിലെ കഥകളെ വ്യതിരിക്തമാക്കുന്നു.

പാട്ടുകളിലൂടെയും കവിതകളിലൂടെയും പരിചിത പശ്ചാത്തലത്തിലെ ആശയങ്ങളെ താളാത്മകമായും കാവ്യാത്മകമായും അവതരിപ്പിക്കാൻ സാക്ഷരതാസാഹിത്യത്തിനു കഴിയുന്നു. വായനാശീലം വർദ്ധിപ്പിക്കുന്നതിനും പദപ്രയോഗങ്ങളുടെ സംയോഗരീതി നവസാക്ഷരനിൽ വേരുറപ്പിക്കുന്നതിനും സാക്ഷരതാസാഹിത്യത്തിലെ പാട്ടുകൾക്കും കവിതകൾക്കും കഴിയുന്നു. നാടകമെന്ന സാഹിത്യരൂപത്തിനും സാക്ഷരതാസാഹിത്യത്തിൽ സ്ഥാനമുണ്ട്. ചരിത്രവും, ശാസ്ത്രവിജ്ഞാനവും വിവിധ സാഹിത്യരൂപങ്ങളും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ തെളിമയോടെ നിലകൊള്ളുന്നു.

നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷാ പ്രയോഗങ്ങളിലൂടെയും പരിചിതപദങ്ങളുടെ സന്നിവേശത്തിലൂടെയും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ശക്തിമഹത്ത്വങ്ങൾ വെളിവാക്കുന്നു. കേരളീയ സാമൂഹിക ജീവിതത്തിലെ പരിചിത സംഭവങ്ങളെയും സന്ദർഭങ്ങളെയും കോർത്തിണക്കി സാഹിത്യസൃഷ്ടി നടത്താൻ സാക്ഷരതാസാഹിത്യത്തിൽ കഴിയുന്നു. പദങ്ങൾക്കൊപ്പം ചിത്രങ്ങൾ നൽകുന്ന കാര്യത്തിലും സാക്ഷരതാസാഹിത്യം പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. വളരെ പെട്ടെന്ന് വായിച്ചു തീർക്കാൻ കഴിയുന്ന തരത്തിൽ ഹ്രസ്വമായ അവതരണശൈലി മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പ്രത്യേകതയാണ്.

സാക്ഷരതാപ്രവർത്തനങ്ങൾക്ക് ലക്ഷ്യബോധം ഉണ്ടാകാൻ ഉതകുന്ന പാഠാവലികളെയും അനുബന്ധകൃതികളെയും സാക്ഷരതാസാഹിത്യമായി വിശേഷിപ്പിക്കുന്നതിൽ അപാകതയില്ല. പത്രപ്രവർത്തനവുമായി ബന്ധപ്പെടുന്ന ഫീച്ചറുകളുടെയും നാടകീയ റിപ്പോർട്ടുകളുടെയും പാരമ്പര്യം പെട്ടെന്ന് വേണ്ടിവന്ന സാക്ഷരതാസാഹിത്യ രചനയെയും നിർണ്ണായകമായി സഹായിച്ചു. തെളിമയാർന്നതും ഓജസ്സുറ്റതുമായ ഒരു ഭാഷാശൈലി ഈ സാഹിത്യസൃഷ്ടികളിലുടനീളം കണ്ടെത്താൻ കഴിയുന്നു. നാവുകൾക്കും

നാട്ടുകാർക്കും വഴങ്ങുന്ന ഭാഷയാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിലുള്ളത്. ഇതരഭാഷകളിൽ നിന്നും കടമെടുത്ത കഠിനപദങ്ങളുടെ ഉപയോഗം സാക്ഷരതാസാഹിത്യത്തിൽ ഇല്ല.

മലയാളത്തിലെ സാക്ഷരതാസാഹിത്യം നിരക്ഷരരും നവസാക്ഷരരുമടങ്ങുന്ന ജനവിഭാഗത്തിനായി തയ്യാറാക്കിയ സാഹിത്യസൃഷ്ടി യാണ്. മലയാളത്തിലെ ബാലസാഹിത്യം പോലെ വളക്കൂറുള്ളതും ഉറച്ചതുമായ അടിത്തറയിലാണ് മലയാളത്തിലെ സാക്ഷരതാസാഹിത്യം പടുത്തുയർ ത്തിയിരിക്കുന്നത്. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് അനുവാചകരും ഗുണഭോക്താക്കളുമായി ഒരുവലിയ വിഭാഗം ജനങ്ങളുണ്ട്. വിവിധ കാരണങ്ങളാൽ പഠിക്കാൻ കഴിയാതിരുന്നവരും സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവരുമായ ജനവിഭാഗത്തിന് ആശയവും ആവേശവും ആഹ്ലാദവും പ്രദാനം ചെയ്യുന്ന സാഹിത്യസൃഷ്ടികളെന്ന നിലയിൽ മലയാളസാഹിത്യത്തിന്റെ മുഖ്യധാരയിൽ സാക്ഷരതാസാഹിത്യത്തെയും പരിഗണിക്കേണ്ടി വരും. സാക്ഷരതാസാഹിത്യം എന്നൊരു സാഹിത്യശാഖയെ മലയാളസാഹിത്യത്തിൽ അംഗീകരിക്കുന്നതിനും ഏറെ കാലതാമസം വേണ്ടി വരില്ല.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് ബലമുള്ള അടിക്കല്ലുകൾ പ്രദാനം ചെയ്യുക മാത്രമല്ല സാക്ഷരതാ സാഹിത്യസരണിയെ കെട്ടിപ്പെടുക്കു ന്നതിനും സ്ഥായീഭാവം നൽകുന്നതിനും കേരള സാക്ഷരതാസമിതിയുടെ പ്രവർത്തനം സഹായകമായി. മിഷനറിമാരിൽ ആരംഭിച്ച് കേരള ഗ്രന്ഥശാലാ സംഘവും കേരള അനൗപചാരിക വിദ്യാഭ്യാസവികസനസമിതി (കാൻഫെഡ്) യും കേരള ശാസ്ത്രസാഹിത്യ പരിഷത്തും സാക്ഷരതാ സാഹിത്യ സരണിയ്ക്കു നൽകിയ സംഭാവനകളുടെ പിൻബലത്തിൽ നിന്നു കൊണ്ടാണ് കേരള സാക്ഷരതാസമിതിയ്ക്ക് ശക്തമായ ഒരു സാക്ഷരതാസാഹിത്യം രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞത്.

സംഘടിതവും ആസൂത്രിതവുമായ പ്രവർത്തനങ്ങളിലൂടെ സാക്ഷരതാ സാഹിത്യ ശാഖ രൂപപ്പെടുത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ വെല്ലുവിളിയായിരുന്നു. ലക്ഷക്കണക്കിന് മലയാളികൾ നിരക്ഷരതയിൽ ആണ്ടു കഴിഞ്ഞപ്പോൾ അവരെ സാക്ഷരരാക്കുന്നതിനും സാക്ഷരരായവർക്ക് തുടർസാക്ഷരത നൽകുന്നതിനും സാഹിത്യസൃഷ്ടി ആവശ്യമായിത്തീർന്നു.സാക്ഷരതാ സാക്ഷരതാനന്തര പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച കേരള സാക്ഷരതാ സമിതിക്ക് ഇതിൽ നിന്നും മാറിനിൽക്കാൻ കഴിയുമായിരുന്നില്ല. ഈ പശ്ചാത്തലമാണ് ഓജസ്സുറ്റതും തെളിമയാർന്നതുമായ സാഹിത്യശാഖയായി സാക്ഷരതാസാഹിത്യത്തെ മാറ്റിയത്.

## 3 : 4 കുറിപ്പുകൾ

1 *അജണ്ടാക്കുറിപ്പുകൾ*, കേരളസാക്ഷരതാസമിതി രണ്ടാമത് ജനറൽ കൗൺസിൽ തിരുവനന്തപുരം, 1990.

2 സെക്രട്ടറി, കേരള സാക്ഷരതാസമിതി ( കേരള സമ്പൂർണ്ണ സാക്ഷരതാ പരിപാടി), *അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 1*, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം 1990.

3. ശാന്തകുമാർ സി.ജി. *സ്വകാര്യഅഭിമുഖം*, മാത്യു വി.വി, 27 ജൂൺ 2003.

4 സെക്രട്ടറി, കേരള സാക്ഷരതാസമിതി ( കേരള സമ്പൂർണ്ണ സാക്ഷരതാ പരിപാടി), *അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 2*, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം 1990.

5 സെക്രട്ടറി, കേരള സാക്ഷരതാസമിതി ( കേരള സമ്പൂർണ്ണ സാക്ഷരതാ പരിപാടി), *അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 3*, കേരളസാക്ഷരതാസമിതി,തിരുവനന്തപുരം 1990.

6. *അ. പു* പേജ് 41.

7 *അ. പു* പേജ് 36.

8 സെക്രട്ടറി, കേരള സാക്ഷരതാസമിതി ( തുടർ സാക്ഷരതാ പരിപാടി), *അക്ഷരകേരളം സാക്ഷരതാപാഠാവലി ഭാഗം 4*, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1992.

9. സത്യപാലൻ എം.കെ(പുനരാഖ്യാനം) *പഞ്ചതന്ത്ര കഥകൾ*, നവസാക്ഷര സാഹിത്യമാല പുസ്തകം - 2, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം, 1993.

10. കമലാസനൻ പി, ശുചിത്വം, നവസാക്ഷരസാഹിത്യമാല പുസ്തകം - 6, കേരള സാക്ഷരതാസമിതി,തിരുവനന്തപുരം, 1993.

11 *അ. പു* പേജ് 8.

12 ഇന്ദുലേഖ കെ., *വനം നമ്മുടെ സമ്പത്ത്*, നവസാക്ഷരസാഹിത്യമാല പുസ്തകം- 7, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം,1993.

13. *അ. പു* പേജ് 18.

14 അഭിമന്യു സി. *വെള്ളം*, നവസാക്ഷര സാഹിത്യമാല, പുസ്തകം- 10, കേരളസാക്ഷതാ സമിതി , തിരുവനന്തപുരം 1993.

15. കരീം എം. എ, *ജന്തു കഥകൾ,* നവസാക്ഷര സാഹിത്യമാല, പുസ്തകം -9, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1993.

16 ഹൈദ്രോസ് ആലുവ, *മുലപ്പാലിന്റെ മഹിമ*, നവസാക്ഷരസാഹിത്യമാല പുസ്തകം- 15, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം, 1993.

17. ജയപ്രകാശ് കൊട്ടാരക്കര, *ബലിയാടുകൾ*,നവസാക്ഷരസാഹിത്യമാല പുസ്തകം- 24, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം, 1993.

18. മനോജ് കെ. പുതിയവിള, *വിശ്വാസംശിക്ഷിച്ചു*, നവാസാക്ഷര സാഹിത്യമാല പുസ്തകം- 17, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം, 1993

19 രാധാകൃഷ്ണൻ അടുത്തില, *ഊരുവിലക്ക്*, നവസാക്ഷരസാഹിത്യമാല പുസ്തകം - 25, കേരളസാക്ഷരതാസമിതി,തിരുവനനന്തപുരം, 1993.

20. ശ്രീധരൻ പള്ളിയറ, *നമുക്ക് വളരാം*, നവസാക്ഷരസാഹിത്യമാല പുസ്തകം- 23, കേരളസാക്ഷരതാസമിതി, തിരുവനനന്തപുരം,1993.

21. ജയശ്രീ ജെ, *കേരളത്തിലെ കായലുകൾ*, നവസാക്ഷരസാഹിത്യമാല, പുസ്തകം- 22, കേരളസാക്ഷരതാസമിതി, തിരുവനനന്തപുരം, 1993

22. പ്രഭാകരൻ എ, *നാട്ടിലൊരുവിദ്യാകേന്ദ്രം*, നവസാക്ഷരസാഹിത്യമാല പുസ്തകം-11, കേരളസാക്ഷരതാസമിതി, തിരുവനനന്തപുരം,1993

23 സിപ്പി പള്ളിപ്പുറം, *നമ്മുടെ നാടോടിഗാനങ്ങൾ*, നവസാക്ഷര സാഹിത്യമാല, പുസ്തകം-29, എ-ഗ്രേഡ്, കേരളസാക്ഷരതാസമിതി, തിരുവനന്തപുരം, 1994

24. ആനന്ദക്കുട്ടൻ വി, *കുടിലിന്റെ പാട്ടുകൾ*,നവസാക്ഷരാഹിത്യമാല, പുസ്തകം -27, എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994

25. *അ. പു* പേജ് 9-11

26. അപ്പൻ എം.പി, *ടാഗൂർ*, നവസാക്ഷരസാഹിത്യമാല, പുസ്തകം-26, എ-ഗ്രേഡ്,കേരള സാക്ഷരതാസമിതി, തിരുവനന്തപുരം, 1994.

27. *അ. പു* പേജ് 22.

28. സജിനി പവിത്രൻ, *അതാണ് ശരി*, നവസാക്ഷരസാഹിത്യമാല, പുസ്തകം-37, എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994

29. *അ. പു* പേജ് 15

30. ബേബി മണ്ണാറക്കയം, *സിനിമയുടെ കഥ*, നവസാക്ഷരസാഹിത്യമാല , പുസ്തകം-37, എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994

31. ബിനോയ് ചാത്തുരുത്തി, *സ്വർണ്ണമോഹം*, നവസാക്ഷരസാഹിത്യമാല പുസ്തകം- 9, എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994.

32. രവി ശൂരനാട്, *നറുമൊഴിപ്പാട്ടുകൾ*, നവസാക്ഷരസാഹിത്യമാല, പുസ്തകം-26 എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994

33. അ. പു. പേജ് 17.

34. ഗോപി പി.കെ, *കുരുവിക്കൂട്*, നവസാക്ഷരസാഹിത്യമാല, പുസ്തകം-36, എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994.

35. *അ. പു.* പേജ് 13.

36. *അ. പു.* പേജ് 18-19.

37. സചീന്ദ്രൻ എം. എം, *ജയവും തോൽവിയും*, നവസാക്ഷര സാഹിത്യമാല, പുസ്തകം-43, എ-ഗ്രേഡ്, കേരളസാക്ഷരതാസമിതി തിരുവനന്തപുരം, 1994.

38. വിമലാ മേനോൻ, *പാർവ്വതി പിന്നെ ചിരിച്ചിട്ടില്ല*,നവസാക്ഷര സാഹിത്യമാല, പുസത്കം-41, എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994

39. ഗംഗാധരൻ കിടങ്ങന്നൂർ, *സ്വർഗ്ഗത്തിന്റെ ഉദയം*,നവസാക്ഷര സാഹിത്യമാല, പുസ്തകം-45, എ-ഗ്രേഡ്, കരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994.

40. കൃഷ്ണൻ നായർ എസ്, *ഒരു അഞ്ചുരൂപാ നോട്ടിന്റെ ജീവിതയാത്ര*, നവസാക്ഷരസാഹിത്യമാല,പുസ്തകം-42,എ-ഗ്രേഡ്, കേരള സാക്ഷരതാസമിതി, തിരുവനന്തപുരം 1994.

## അദ്ധ്യായം നാല്

## തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം


4 : 1 തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ : 128

4 : 2 വികസനസാക്ഷരത : 131

4 : 3 തൊഴിൽസാക്ഷരത : 139

4 : 4 ആരോഗ്യസാക്ഷരത : 147

4 : 5 കൃഷിസാക്ഷരത : 154

4 : 6 പാർപ്പിടസാക്ഷരത : 162

4 : 7 പാരമ്പര്യസാക്ഷരത : 163

4 : 8 നിയമസാക്ഷരത : 164

4 : 9 സാംസ്കാരിക സാക്ഷരത : 168

4 : 10 കായികസാക്ഷരത : 172

4 : 11 കുറിപ്പുകൾ : 180

## അദ്ധ്യായം നാല്
## തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം

4:1 *തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ:* കേരളത്തിലെ സാക്ഷരതാപ്രവർത്തനത്തിനും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിനും പുതിയ മുഖം ദർശിക്കാൻ കഴിയുന്നത് തുടർവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലാണ്.

വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണ് തുടർവിദ്യാഭ്യാസം. ഏതുതരത്തിലും തലത്തിലുമുള്ള വിദ്യാഭ്യാസത്തിന്റെ തുടർച്ചയെയും *തുടർവിദ്യാഭ്യാസം* എന്ന വിശാലമായ കാഴ്ചപ്പാടിൽ വിളിക്കാം. എന്നാൽ *മലയാളത്തിലെ സാക്ഷരതാ സാഹിത്യം ഒരു പഠനം* എന്ന ഈ ഗവേഷണ പ്രബന്ധത്തിൽ തുടർവിദ്യാഭ്യാസം എന്ന പദം ഏതു തരത്തിലുമുള്ള വിദ്യാഭ്യാസത്തിന്റെ തുടർച്ചയായിട്ടല്ല, പരിഗണിച്ചിരിക്കുന്നത്. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ സാക്ഷരതാപ്രവർത്തനങ്ങളുടെ തുടർച്ചയായി കേരളത്തിൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പദ്ധതിയും അതിനായി രൂപീകൃതമായ സാഹിത്യസൃഷ്ടിയുമാണ് ഇവിടെ തുടർവിദ്യാഭ്യാസം എന്ന പദം കൊണ്ടും തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം എന്ന വിശേഷണം കൊണ്ടും അർത്ഥമാക്കുന്നത്. "തുടർവിദ്യാഭ്യാസം വികസനത്തിന് എന്ന ആശയം *യുനെസ്കോ* (United Nations Eduucation, Scientific and Cultural Organisation - UNESCO) 1987 ലാണ് അവതരിപ്പിക്കുന്നത്. ബാങ്കോക്കിൽ (Bangkok) 1990 ൽ ചേർന്ന എല്ലാവർക്കും വിദ്യാഭ്യാസം എന്ന ഏഷ്യ-പസഫിക് പ്രോഗ്രാ (Asia-Pacific Programme of Education for All - APPEAL)മിന്റെ രണ്ടാമത് റീജനൽ കോ-ഓർഡിനേഷൻ യോഗത്തിൽ തുടർവിദ്യാഭ്യാസത്തെ ആറ് ഇനങ്ങളിലായി വേർതിരിച്ചിരിക്കുന്നു.

1. സാക്ഷരതാനന്തര പ്രവർത്തനം (Post - Literacy Programmes - PLP)
2. തുല്യതാ പരിപാടി (Equivalency Programmes - EP)

3. ജീവിത ഗുണനിലവാര ഉന്നമന പരിപാടി
(Quality of Life improvement Programme-QLIP)

4. വരുമാനവർദ്ധക പരിപാടികൾ ( Income Generating Programme - IGP)

5. വ്യക്തിഗത താത്പര്യ പോഷണ പരിപാടികൾ
(Individual Interest Promotion Programme)

6. ഭാവിലക്ഷ്യമാക്കിയുള്ള പരിപാടികൾ.(Future Oriented Programme)[1] "

ദേശീയ സാക്ഷരതാമിഷന്റെ ധനസഹായത്തോടെ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കേരളത്തിൽ തുടർവിദ്യാകേന്ദ്രങ്ങളും വികസനവിദ്യാകേന്ദ്രങ്ങളും സ്ഥാപിച്ച് നടപ്പാക്കിയ തുടർസാക്ഷരതാ പദ്ധതിയാണ് തുടർവിദ്യാഭ്യാസപദ്ധതി. തുടർവിദ്യാകേന്ദ്രങ്ങളിലൂടെയും വികസനവിദ്യാകേന്ദ്രങ്ങളിലൂടെയും നവസാക്ഷരരുടെയും സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവരുടെയും അറിവും കഴിവും വളർത്തി അവരെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർത്തുകയെന്നതാണ് തുടർവിദ്യാഭ്യാസ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

തുടർവിദ്യാഭ്യാസ പരിപാടിയിലൂടെ യുനെസ്കോ(United Nations Educaton, Scientific and Cultural Organisation-UNESCO) വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി നിരവധി സാഹിത്യസൃഷ്ടികൾ മലയാളത്തിൽ രൂപം കൊണ്ടു. ഇത് സാക്ഷരതാസാഹിത്യത്തെ പുതിയമാനങ്ങളിൽ എത്തിക്കാൻ കാരണമായി. ഇതിന്റെ ഭാഗമായി വികസന സാക്ഷരത, തൊഴിൽസാക്ഷരത,ആരോഗ്യസാക്ഷരത,പാർപ്പിടസാക്ഷരത, പാരമ്പര്യസാക്ഷരത, കൃഷിസാക്ഷരത, നിയമസാക്ഷരത, സാംസ്കാരിക സാക്ഷരത,കായികസാക്ഷരത തുടങ്ങി വിവിധ ശാഖകളിലായി സാക്ഷരതാസാഹിത്യം വളർന്നു. ജനങ്ങളുടെ അഭിരുചിക്കും ആവശ്യകതയ്ക്കും അനുസൃതമായി സാഹിത്യരചനകൾ നടന്നുകൊണ്ടിരുന്നു.

ഔപചാരിക വിദ്യാഭ്യാസ സംവിധാനത്തിലൂടെ വിദ്യാഭ്യാസം ആർജ്ജിക്കാൻ കഴിയാത്തവർക്കായി തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ

കഥകളും കവിതകളും നാടൻപാട്ടുകളും മറ്റും തെരഞ്ഞെടുത്തപ്പോഴും വിഷയങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ചപ്പോഴും നവസാക്ഷരരുടെ മാനസികനിലവാരം കണക്കിലെടുത്തിരുന്നു.കേരളത്തിൽ സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിനും സാക്ഷരതാനന്തരപ്രവർത്തനത്തിനും ശേഷമുള്ള ഘട്ടത്തിലാണ് ശക്തമായി തുടർവിദ്യാഭ്യാസപരിപാടി നടപ്പിലാക്കിയത്. സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനവും സാക്ഷരതാനന്തര പ്രവർത്തനവും കേരള സാക്ഷരതാസമിതിയുടെ മേൽനോട്ടത്തിലാണ് പ്രധാനമായും നടന്നതെങ്കിൽ തുടർവിദ്യാഭ്യാസ പരിപാടി കേരളത്തിൽ നടപ്പിലാക്കിയത് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നിയന്ത്രണത്തിലാണ്.കേവലസാക്ഷരത കൈവരിച്ച വ്യക്തിയും സമൂഹവും സാക്ഷരതാനന്തര പ്രവർത്തനങ്ങളിലൂടെ കൂടുതൽ പദപരിചയവും വായനാശീലവും വളർത്തുന്നതിനോടൊപ്പം അറിവുകളും കഴിവുകളും നൈപുണികളും വികസിപ്പിച്ച് ജീവിത വിജയത്തിന് ഉപകരണമാക്കി മാറ്റുകയെന്നതാണ് തുടർവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കേരളത്തിലെ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി പിറവിയെടുത്ത സാഹിത്യരചനകൾ ഈ അദ്ധ്യായത്തിൽ പഠന വിധേയമാക്കുന്നു. അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതോടൊപ്പം തന്നെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിതഗുണനിലവാരം ഉയർത്തുന്നതിനും വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ വികസിപ്പിക്കുന്നതിനും വിദ്യാഭ്യാസപരമായി തുല്യതയുള്ളവരാക്കി മാറ്റുന്നതിനുമായി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് പുതിയ ദിശാബോധം നൽകുകയുണ്ടായി. നവസാക്ഷരർക്കും നാമമാത്രമായ പ്രഥമിക വിദ്യാഭ്യാസം നേടിയവർക്കുമായി തയ്യാറാക്കിയ ഈ രചനകൾ

സാക്ഷരതാസാഹിത്യത്തിന്റെ പുതിയ സാദ്ധ്യതകൾ വെളിപ്പെടുത്തി. മാനസികോല്ലാസത്തിന് പ്രാധാന്യം നൽകുന്ന രചനാരീതിയാണ് ഇവിടെയും ആവിഷ്ക്കരിച്ചിട്ടുള്ളത്. ഗഹനമായ വിഷയങ്ങളെ ലളിതവത്ക്കരിച്ച് കുറഞ്ഞ പദപ്രയോഗങ്ങളിലൂടെ ആവിഷ്ക്കരിക്കുന്ന തുടർവിദ്യാഭ്യാസരചനകൾ, മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

*4 : 2 വികസന സാക്ഷരത:* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വികസന സാക്ഷരതയുമായി ബന്ധപ്പെട്ട് നിരവധി സാഹിത്യസൃഷ്ടികൾ പുറത്തിറക്കിയിട്ടുണ്ട്. ഇത്തരം സാഹിത്യസൃഷ്ടികൾ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി.

*സാക്ഷരതയിൽ നിന്നു മുന്നോട്ട്*[2]*(2000) :* തുടർവിദ്യാഭ്യാസത്തിന്റെ പ്രസക്തിയും പ്രാധാന്യവും വിളിച്ചോതുന്ന ഒരു ലഘു പുസ്തകമാണ്. ശശിഭൂഷൺ എം.ജി രചിച്ച *സാക്ഷരതയിൽനിന്നുമുന്നോട്ട് (2000).* അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ ജനകീയ സർവ്വകലാശാല എന്ന സങ്കല്പം ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു. ജീവിതത്തിന്റെ സർവ്വമേഖലകളിലും സാക്ഷരത അത്യാവശ്യമാണെന്ന ബോധം ഏതാനും വാചകങ്ങളിലൂടെ അവതരിപ്പിക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. തുടർവിദ്യാഭ്യാസത്തിന് അക്ഷരങ്ങൾക്കപ്പുറം എന്ന ലക്ഷ്യമാണുള്ളതെന്ന് തെളിയിക്കാൻ ഈ പുസ്തകത്തിന് കഴിഞ്ഞു. വികസനസാക്ഷരത,, തൊഴിൽസാക്ഷരത, ആരോഗ്യസാക്ഷരത, പാർപ്പിട സാക്ഷരത, സാംസ്കാരികസാക്ഷരത, പാരമ്പര്യസാക്ഷരത, കൃഷി സാക്ഷരത,നിയമസാക്ഷരത,കായികസാക്ഷരത തുടങ്ങി നിരവധി സാക്ഷരത ജനങ്ങൾക്കാവശ്യമാണെന്ന് ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് വൈവിധ്യമാർന്ന നിരവധി മേഖലകളിലേക്ക് കടന്നുകയറാൻ കഴിയുന്നതിന്റെ ആദ്യ സൂചനകൾ ഈ പുസ്തകത്തിൽ നിന്നും ലഭിക്കുന്നു.

“കേവലം ആശയതലത്തിൽ നിന്നുകൊണ്ട് എഴുതപ്പെടുന്ന ബൃഹത് ഗ്രന്ഥങ്ങളെക്കാൾ അനുഭവ സമ്പത്തും ആത്മാർത്ഥതയും പ്രായോഗിക വീക്ഷണവും പകർന്നേകുന്ന പുസ്കങ്ങളാണ് സാക്ഷരതാപ്രസ്ഥാനത്തോട് കൂടുതൽ നീതി പുലർത്തുക. ഈ പുസ്തക്തിന്റെ രചനാ ശൈലി ലഘുവും ലളിതവുമാണ്. ആശയങ്ങൾക്ക് വ്യക്തതയുണ്ട്. ഇതിലൊരു സാമൂഹികമായ കാഴ്ചപ്പാടുണ്ട്. മുമ്പേ പറക്കുന്ന പക്ഷിയെ വായനക്കർക്ക് ഇഷ്ടപ്പെടും”[3] എന്ന പ്രസ്താവന തീർത്തും ശരിതന്നെയാണ്. ആ ജീവനാന്ത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലധിഷ്ഠിതമായ തുടർവിദ്യാഭ്യാസ പരിപാടിയെ സംബന്ധിച്ച് നവസാക്ഷരനിൽ ദിശാബോധം നൽകാൻ ഈ ലഘുപുസ്തകത്തിനു കഴിയുന്നു. പൊതുവായി കാര്യങ്ങൾ പറഞ്ഞു പോകുന്ന അവതരണ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് സാക്ഷരതാസാഹിത്യത്തിന്റെ പൊതു സ്വഭാവത്തിന് ചേർന്നതല്ല.

*അയൽക്കൂട്ടങ്ങളും പങ്കാളിത്ത ജനാധിപത്യവും(2000) :*[4] ഗ്രാമീണജനതയുടെ വികസനത്തിന് അയൽക്കൂട്ടങ്ങളുടെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പുസ്തകമാണ് കുഞ്ഞിക്കണ്ണൻ ടി.പി. രചിച്ച *അയൽക്കൂട്ടങ്ങളും പങ്കാളിത്ത ജനാധിപത്യവും(2000).* വികേന്ദ്രീകൃത ഭരണരീതിയെ സംബന്ധിച്ചും ഗ്രാമസഭകളെക്കുറിച്ചും അയൽക്കൂട്ടങ്ങളുടെ ആവശ്യകതകളെ സംബന്ധിച്ചും ഏതാനും വാചകങ്ങളിൽ വിപുലമായ വിഷയം ലളിതമായി അവതരിപ്പിക്കാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. ഗഹനമായ വിഷയത്തെ ലളിതമായി ഏറ്റവും കുറഞ്ഞ വാക്കുകളിൽ സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ സാഹിത്യസൃഷ്ടി നടത്താൻ കുഞ്ഞിക്കണ്ണൻ ടി.പി.യ്ക്ക് കഴിഞ്ഞു. വികസന പ്രവർത്തനങ്ങളിൽ സാധാരണജനങ്ങളുടെ പങ്കാളിത്തത്തിന്റെ ആവശ്യകത വ്യക്തമാക്കാനും അതിലൂടെ നാട്ടിലുണ്ടാകാവുന്ന പുരോഗതിയെ സംബന്ധിച്ച ബോധം ഉണർത്താനും ഈ ലഘു പുസ്തകത്തിന് കഴിഞ്ഞു. “വിജ്ഞാനദാഹികളായ നവസാക്ഷരർക്കും, ഔപചാരികവിദ്യാഭ്യാസം വഴി

ജീവിക്കാനാവശ്യമായ നൈപുണികൾ വികസിപ്പിക്കാനാവാതെ പോയവർക്കും തുടർവിദ്യാഭ്യാസ പരിപാടിയിലെ പ്രേരക്മാർ അടക്കമുള്ള മുഴുവൻ സന്നദ്ധ പ്രവർത്തകർക്കും അധിക വിജ്ഞാനത്തിന് ഉപകരിക്കുന്നതാണ്"[5] ഈ പുസ്തകമെന്ന അഭിപ്രായത്തോട് യോജിക്കുന്നു.

കേരളത്തിൽ സ്ത്രീശാക്തീകരണ രംഗത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കുടുംബശ്രീയുടെ പൂർവ്വരൂപം എന്തായിരുന്നു എന്ന അറിവ് നൽകാൻ ഈ ലഘുഗ്രന്ഥത്തിന് കഴിയുന്നു. കുടുംബശ്രീ രംഗത്ത് പ്രവർത്തിക്കുന്ന വനിതകളിൽ ബഹുഭൂരിപക്ഷവും തുടർവിദ്യാഭ്യാസ പരിപാടിയുടെ ഗുണഭോക്താക്കളാണ്. ആ നിലയിൽ ഈ സാഹിത്യസൃഷ്ടി കാലഘട്ടത്തിന് യോജിച്ചതു തന്നെ. അവതരണരീതിയിലും പദങ്ങളുടെ തെരഞ്ഞെടുപ്പിലും സാക്ഷരതാസാഹിത്യത്തോട് ഇണങ്ങിച്ചേരുന്നതാണ് ഈ രചന.

*കേരളത്തിലെ തുടർവിദ്യാഭ്യാസം*[6]*(2001):* കേരളത്തിലെ തുടർവിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ വരച്ചുകാട്ടുന്ന ലഘുപുസ്തകമാണ് *കേരളത്തിലെ തുടർവിദ്യാഭ്യാസം(2001).* തുടർവിദ്യാഭ്യാസത്തിലൂടെ സാധാരണ ജനങ്ങൾക്ക് ആർജ്ജിക്കാൻ കഴിയുന്ന പ്രായോഗിക നേട്ടങ്ങളെ സംബന്ധിച്ചും അനുഭവപാഠങ്ങളെ സംബന്ധിച്ചും ജോസഫ് പി.ജെ. ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു. പുതിയ നൂറ്റാണ്ടിൽ വിപ്ലവകരമായ സാമൂഹിക മാറ്റത്തിന് കാരണമാകാൻ തുടർവിദ്യാഭ്യാസത്തിലൂടെ കഴിയുമെന്ന കണ്ടെത്തൽ ഈ ലഘുഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നു. തുടർവിദ്യാഭ്യാസത്തിന്റെ അനന്തസാധ്യതകൾ പൊതുജനമദ്ധ്യത്തിൽ "ഉയർത്തിക്കാട്ടാൻ ഈ പുസ്തകത്തിന് കഴിയുമെന്ന അഭിപ്രായം"[7] പ്രത്യേകം സ്മരണീയമാണ്. ഭാഷാപരമായ ലാളിത്യവും ആശയപരമായ ഉൾക്കാഴ്ചയും അനുഭവസമ്പത്തും ഒത്തിണങ്ങിയ ഒരു സാഹിത്യസൃഷ്ടിയാണിത്.

*അറിവിൽക്കൂടി വികസനം*[8] *(2001) :* എഴുത്തും വായനയും മറന്നുപോയ നവസാക്ഷരന്റെ അനുഭവകഥ ചടുലമായ ഭാഷയിൽ തന്മയത്വത്തോടെ അവതരിപ്പിക്കുകയാണ് ഹരിഹരൻ ഉണ്ണിത്താൻ എസ്.പി. തന്റെ *അറിവിൽക്കൂടി വികസനം(2001)* എന്ന ലഘു പുസ്തകത്തിൽ . വെറും ആറ് പേജിൽ കഥാരൂപത്തിൽ വികസനത്തിന്റെയും അറിവിന്റെയും സന്ദേശം പകർന്നു നൽകാൻ ഗ്രന്ഥകർത്താവ് നടത്തിയ ശ്രമം സാക്ഷരതാസാഹിത്യത്തിലെ ഒരു മുതൽക്കൂട്ടുതന്നെയാണ്. ഒരാശയത്തെ സാധാരണക്കാരന് മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ ഏറ്റവും കുറഞ്ഞ പദത്തിൽ കുറിക്കുകൊള്ളുന്ന തരത്തിൽ അവതരിപ്പിക്കാൻ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് കഴിയുമെന്നതിന്റെ ഉത്തമദർശനമാണ് അറിവിൽക്കൂടി വികസനം എന്ന ഈ ലഘു പുസ്തകം.

കേരളത്തിലെ നാട്ടിൻപുറങ്ങളിലെ ഏതു ചായക്കടയിലും നടക്കാവുന്ന സംഭാഷണ ശകലങ്ങൾ അടർത്തിയെടുത്ത് സാഹിത്യരൂപത്തിലാക്കുകയാണ് ഗ്രന്ഥകർത്താവ് ചെയ്തിരിക്കുന്നത്. തുടർവിദ്യാഭ്യാസ രചനകളിലേക്ക് വായനക്കാരെ കൂടുതൽ അടുപ്പിക്കാൻ ഈ പുസ്തകം പര്യാപ്തമാണ്

*പ്ലാസ്റ്റിക് മിത്രമോ ശത്രുവോ*[9] *(2001) :* തുടർവിദ്യാകേന്ദ്രത്തിലെ ചർച്ചാക്ലാസ്സ് കഥാരൂപേണ അവതരിപ്പിക്കുകയാണ് അജിത് വെണ്ണിയൂർ തന്റെ *പ്ലാസ്റ്റിക് മിത്രമോ ശത്രുവോ(2001)* എന്ന ലഘു പുസ്തകത്തിൽ. പരിസ്ഥിതി സംരക്ഷണം എന്ന ഗൗരവമേറിയ വിഷയം സംഭാഷണ രൂപേണ ലളിതമായി അവതരിപ്പിക്കാൻ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെ സംബന്ധിച്ചും പകരം ഉപയോഗിക്കാവുന്ന ചണം, തുണിസഞ്ചികളെ സംബന്ധിച്ചും തുടർവിദ്യാകേന്ദ്രങ്ങളിലെ തൊഴിൽ പരിശീലനത്തിലേക്കും ബോധവൽക്കരണ ക്ലാസ്സുകളിലേക്കും വെളിച്ചംവീശുന്ന

തരത്തിൽ തന്മയത്വത്തോടെ ഏതാനും വാക്കുകളിൽ വരച്ചുകാട്ടാൻ രചയിതാവിന്റെ ശ്രമം വിജയിച്ചിട്ടുണ്ട്. തുടർസാക്ഷരതാ പഠിതാവിന്റെ ഭാഷാ നിലവാരത്തിനും ആശയ സംവേദനശേഷിക്കും അനുയോജ്യമായ തരത്തിലാണ് പുസ്തക രചന. സാമൂഹിക അവബോധം സൃഷ്ടിക്കാൻ കഴിയുന്ന ഇത്തരം രചനകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

*ജനകീയാസൂത്രണവും തുടർവിദ്യാഭ്യാസവും*[10] *(2000) :* അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണവും അതേ കാലയളവിൽ തന്നെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കേരളത്തിൽ തുടക്കം കുറിച്ച തുടർവിദ്യാഭ്യാസപദ്ധതിയും വികസനപ്രക്രിയയിൽ വരുത്താവുന്ന മാറ്റങ്ങളിലേക്ക് വെളിച്ചം വീശുന്ന ആധികാരിക ഗ്രന്ഥമാണ് ഗോപകുമാർ പി. കോന്നി രചിച്ച *ജനകീയാസൂത്രണവും തുടർവിദ്യാഭ്യാസവും(2000).* ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തത്തിന്റെ ആവശ്യകത തുടർവിദ്യാഭ്യാസത്തിലൂടെ എങ്ങനെ ആവിഷ്ക്കരിക്കാൻ കഴിയുമെന്ന കണ്ടെത്തൽ ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നു.

സാക്ഷരതാ - വയോജന വിദ്യാഭ്യാസങ്ങളെ സംബന്ധിച്ചുള്ള ഗൗരവകരമായ പഠനം *ജനകീയാസൂത്രണവും തുടർവിദ്യാഭ്യാസവും(2000)* എന്ന ഗ്രന്ഥത്തിലുണ്ട്. നവസാക്ഷരനായ ഒരുവ്യക്തിക്ക് സാക്ഷരതാ പ്രവർത്തനങ്ങളുടെ ചരിത്രാവബോധം സൃഷ്ടിക്കാൻ ഈ പുസ്തകത്തിന് കഴിയും. സാമാന്യ വിദ്യാഭ്യാസം നേടിയ ഒരാൾക്കുള്ള റഫറൻസ് ഗ്രന്ഥമായും ഈ പുസ്തകം ഉപയോഗിക്കാം.

*ഗ്രാമക്ഷേമം*[11] *(2000) :* സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്കുവേണ്ടി കേന്ദ്രഗ്രാമവികസന മന്ത്രാലയം നിരവധിയായ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പദ്ധതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മ ഗ്രാമീണ ജനതയുടെ ചൂഷണത്തിന്

കാരണമാകുന്നു. ജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ആരംഭിച്ച തുടർവിദ്യാഭ്യാസ പദ്ധതിയിലൂടെ വിവിധങ്ങളായ അറിവ് ജനങ്ങളിൽ എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ പുസ്തകമാണ് വാസു ഇ. രചിച്ച *ഗ്രാമക്ഷേമം(2000).* ഗ്രാമക്ഷേമ പദ്ധതികളെ സംബന്ധിച്ച സാമാന്യമായ അറിവ് നൽകുന്നതാണ് ഈ പുസ്തകം. ധാരാളം അറിവുകൾ കുത്തിനിറച്ച ഒരു പുസ്തകമാണിത്. വായനാശീലം മുരടിപ്പിക്കാനേ ഇത്തരം പുസ്തകങ്ങൾക്ക് കഴിയൂ. അവതരണ ശൈലി തീർത്തും പരാജയമാണ്. സാമാന്യ വിദ്യാഭ്യാസം നേടിയവരെ മുന്നിൽക്കണ്ട് നടത്തിയ രചനയാണിത് സാക്ഷരതാസാഹിത്യത്തിന്റെ പരിധി യിൽപ്പെടുത്താൻ കഴിയുന്നതല്ല ഈ പുസ്തകം.

*ആസൂത്രിത ഗ്രാമവികസനം*[12]*( 2000) :* തുടർവിദ്യാഭ്യാസത്തെ വികസനവുമായി ബന്ധിപ്പിക്കണമെന്ന തത്ത്വത്തിൽ അധിഷ്ഠിതമാണ് വാസു ഇ. രചിച്ച *ആസൂത്രിത ഗ്രാമവികസനം(2000)* എന്ന ലഘു ഗ്രന്ഥം. ചിട്ടയായ ആസൂത്രണത്തിലൂടെ മാത്രമേ ഗ്രാമവികസനം സാദ്ധ്യമാകൂവെന്ന സാമാന്യ തത്ത്വം തന്നെയാണ് ഈ ഗ്രന്ഥത്തിലൂടെ പ്രതിപാദിക്കുന്നത്. വിഷയം ഒഴുക്കൻമട്ടിൽ പറഞ്ഞുപോകാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുന്നു.

ഭാഷയിലും പദങ്ങളുടെ തെരഞ്ഞെടുപ്പിലും വിനിയോഗത്തിലും സാക്ഷരതാസാഹിത്യത്തിന്റെ പരിധിയ്ക്കുള്ളിൽ നിലകൊള്ളുന്ന പുസ്തകമായി ഇത് പരിഗണിക്കാൻ കഴിയുകയില്ല. ഗ്രാമവികസനം പഠിക്കാൻ ശ്രമിക്കുന്ന സാമാന്യ വിദ്യാഭ്യാസം നേടിയ ഒരാൾക്ക് ഉപകരിക്കുന്ന തരത്തിലാണ് പുസ്തക രചന. തുടർവിദ്യാഭ്യാസ പഠിതാവിന് ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലല്ല രചന ചിട്ടപ്പെടുത്തിയിരിക്കുന്നത്.

*ചെറുവ്യവസായം*[13]*(1999) :* പരാജിതരായവരുടെ കഥകളും അവർക്ക് സംഭവിച്ച പാകപ്പിഴകളും അനാവരണം ചെയ്ത് എങ്ങനെ ലാഭകരമായി ചെറുകിട

വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാം എന്നതിലേക്ക് ശ്രദ്ധ ആകർഷിക്കുന്ന ലഘുഗ്രന്ഥമാണ് ഭാസ്ക്കരൻ കെ.ടി.യും മൻസർ ടി.കെ യും ചേർന്ന് രചിച്ച *ചെറുവ്യവസായം(1999).* ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള കാര്യങ്ങൾ എവിടെ എങ്ങനെ കൊടുക്കണം,ഓരോ സ്ഥാപനങ്ങളും നൽകുന്ന വായ്പാപദ്ധതികൾ എന്തൊക്കെയെന്നതിലേക്ക് വെളിച്ചംവീശുന്ന ഒരു രചനയാണിത്.

തുടർവിദ്യാഭ്യാസം എന്നാൽ കേവലസാക്ഷരതയ്ക്കപ്പുറമുള്ള വികസന സാക്ഷരത ഊന്നിയുളള പ്രവർത്തനമാണെന്ന് തെളിയിക്കുന്ന ഒരു ഗ്രന്ഥമാണിത്. വ്യവസായ സംരഭകരുടെ വിജയത്തിനും പരാജയത്തിനും കാരണമാകുന്ന ഘടകങ്ങൾ വസ്തുനിഷ്ഠമായി ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഭാഷയിലും അവതരണശൈലിയിലും ഇതര സാക്ഷരതാസാഹിത്യരചനകളിൽ നിന്നും വേറിട്ടൊരു സമീപനമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഉള്ളടക്കം പൂർണ്ണമായും ഒരു നവസാക്ഷരനോ തുടർവിദ്യാഭ്യാസ പഠിതാവിനോ ഉൾക്കൊള്ളാൻ കഴിയുന്നതല്ല. നവസാക്ഷരന് ഉൾക്കൊള്ളാൻ കഴിയുന്ന ലളിത ഭാഷയിൽ ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കേണ്ടതാണ്.

14

*ജനങ്ങൾ സമ്പത്ത് (2000) :* നാടിന്റെ വികസനത്തിൽ സാക്ഷരത കൈവരിച്ച സമൂഹം നൽകിയ സംഭാവനകളിലേയ്ക്ക് വെളിച്ചം വീശുന്ന ലഘുഗ്രന്ഥമാണ് കുഞ്ഞിക്കണ്ണൻ ടി.പി. രചിച്ച *ജനങ്ങൾ സമ്പത്ത്(2000).* ഇന്നലെകളിൽ നിന്നും ഇന്നിനുണ്ടായ മാറ്റങ്ങൾക്ക് മുഖ്യകാരണം ജനങ്ങളുടെ ബോധമണ്ഡലത്തിൽ സംഭവിച്ച മാറ്റങ്ങളാണ്. സാമൂഹികരംഗത്തെ വികാസവും ജനപ്പെരുപ്പവും താരതമ്യം ചെയ്യുന്നതോടൊപ്പം ഏതൊക്കെ തലത്തിൽ മനുഷ്യ വിഭവശേഷി ഉപയോഗിക്കാം എന്ന കണ്ടെത്തലും ഈ ലഘു പുസ്തക ത്തിലുണ്ട്. തുടർവിദ്യാഭ്യാസ ലക്ഷ്യത്തിൽ അധിഷ്ഠിതമാണ് ഈ ലഘു ഗ്രന്ഥം.

നിത്യജീവിതത്തിലെ അനുഭവങ്ങൾ പരിചിതപദങ്ങളിൽ കോർത്തിണക്കി സമൂഹം നേരിടുന്ന വെല്ലുവിളികൾ തുറന്നുകാട്ടാൻ ഈ പുസ്തകത്തിനു കഴിയുന്നു. പ്രസംഗരൂപേണ ആശയങ്ങൾ അവതരിപ്പിക്കുന്ന ശൈലിയാണ് ഈ രചനയിൽ സ്വീകരിച്ചിരിക്കുന്നത്. ഇത് തുടർവിദ്യാഭ്യാസ രചനകൾക്ക് ചേർന്നതല്ല. കുറഞ്ഞവാക്കുകളിൽ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനാലും ലളിതമലയാള പദങ്ങൾ ഉപയോഗിക്കുന്നതിനാലും നവസാക്ഷരരിൽ വായനാശീലം വളർത്താൻ ഈ പുസ്തകം ഉപകരിക്കും. അവതരണശൈലി കൂടി മാറിയിരുന്നെങ്കിൽ പുസ്തകം കൂടുതൽ ജനകീയമാകുമായിരുന്നു.

മലയാളത്തിലെ സാക്ഷരതാസാഹിത്യം വളർന്ന് പൂർണ്ണ വികാസം പ്രാപിച്ചിരിക്കുന്നത് തുടർവിദ്യാഭ്യാസ രചനകളിലെത്തുമ്പോഴാണ്. വിവിധ മാനങ്ങളോടും അനവധി ലക്ഷ്യങ്ങളോടും കൂടി നടപ്പാക്കുന്ന തുടർവിദ്യാഭ്യാസ പരിപാടിയിൽ ഏതു പ്രായക്കാർക്കും ഏതു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും പങ്കാളികളാകാൻ കഴിയും. സാക്ഷരതയെ വികസനത്തിന്റെ ഭാഗമായി തുടർവിദ്യാഭ്യാസത്തിൽ കാണാൻ കഴിയുന്നു.

അക്ഷരവിദ്യയെ ജീവിത വിജയത്തിനുള്ള ഉപകരണമാക്കി മാറ്റാൻ കഴിയുന്ന തരത്തിൽ സാക്ഷരതാസാഹിത്യത്തിൽ മൗലികമായ മാറ്റങ്ങൾ വരുന്നത് തുടർവിദ്യാഭ്യാസ രചനകളിലെത്തുമ്പോഴാണ്. കേവലസാക്ഷരത നേടുന്നതിനോ, നേടിയ അടിസ്ഥാനസാക്ഷരത നിലനിർത്തുന്നതിനോ വേണ്ടി മാത്രമുള്ള സാഹിത്യസൃഷ്ടികളല്ല ഇവിടെ ആവശ്യം. അക്ഷരാഭ്യാസമുള്ള ജനത്തിന് ഉപജീവനത്തിന്‌വക കണ്ടെത്താൻ കഴിയുന്ന വഴിത്താര കാട്ടിക്കൊടുക്കുന്നതിനും സാമൂഹ്യതിന്മകൾക്കും അനാചാരങ്ങൾക്കുമെതിരേ പോരാടാൻ അവനെ പ്രാപ്തനാക്കുന്നതിനും ശാസ്ത്രാവബോധം പകർന്നു നൽകി നേർവഴിയ്ക്ക് സഞ്ചരിക്കുന്നതിനും കഴിയുന്ന രചനകളാണ് തുടർവിദ്യാഭ്യാസത്തിൽ ലക്ഷ്യമിടുന്നത്.

തുടർവിദ്യാഭ്യാസ രചനകൾ ഒരു വിജ്ഞാന സമൂഹ സൃഷ്ടിയിലേക്കുള്ള നടപ്പാതയെന്ന നിലയിൽ മാറേണ്ടിയിരിക്കുന്നു. കേവലസാക്ഷരത കൈവരിക്കുന്നതിൽ നിന്നും തുടങ്ങി അടിസ്ഥാനസാക്ഷരത നിലനിർത്തി തുടർവായനയിലൂടെ അറിവും കഴിവും നേടിയ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ഉതകുന്നരചനകൾ തുടർവിദ്യാഭ്യാസരചനകളിൽ കണ്ടെത്താൻ കഴിയുന്നു. പുതിയ പദങ്ങളും പ്രയോഗങ്ങളും പഠിക്കുന്നതിനും സ്വായത്തമാക്കുന്നതിനും ഉതകുന്ന രചനകൾ തുടർവിദ്യാഭ്യാസ പുസ്തകങ്ങളിൽ ഉണ്ട്.

ഭാഷയെ ജീവിത വിജയത്തിനുള്ള ഉപകരണമാക്കി മാറ്റാൻ തുടർവിദ്യാഭ്യാസത്തിൽ ശ്രമിക്കുന്നു. ഭാഷയിലൂടെ നേടുന്ന അറിവുകൾ വികസിത ജനസമൂഹത്തിന്റെ വാതിലുകളിലേയ്ക്ക് നമ്മെ ആനയിക്കുന്നു. പരസഹായം കൂടാതെ തുടർവിദ്യാഭ്യാസരചനകൾ വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും കഴിയുന്നു. വായനക്കാരെ വട്ടംകറക്കുന്ന ബിംബങ്ങളോ പ്രതിബിംബങ്ങളോ ഇവിടെ കാണാൻ കഴിയുന്നില്ല. പറയാനുള്ള കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ നേരെ പറയുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

*4 : 3 തൊഴിസൽ സാക്ഷരത :* തൊഴിൽസാക്ഷരതയുമായി ബന്ധപ്പെടുത്തി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുസ്തകങ്ങൾ പുറത്തിറക്കി യിട്ടുണ്ട്. തൊഴിലുകളെ സംബന്ധിച്ച് സാമാന്യ അറിവു നൽകാൻ ഇത്തരം പുസ്തകങ്ങൾ ഉപകാരപ്രദമാകും.

15

*ഫോട്ടോഗ്രഫി വീഡിയോഗ്രഫി (1999) :* വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡിന് പടമെടുക്കാൻ പോയ ശാന്തമ്മയിലൂടെ വിവിധ തരത്തിലുള്ള ക്യാമറകളുടെ പ്രവർത്തനങ്ങളിലേയ്ക്ക് ശ്രദ്ധതിരിക്കാൻ ഗ്രന്ഥകർത്താവ് സുനിൽകുമാർ സി. യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ക്യാമറകളെ സംബന്ധിച്ചും ഉപയോഗിക്കുന്ന രീതികളെ സംബന്ധിച്ചും സംക്ഷിപ്ത വിവരണം നൽകാൻ ഫോട്ടോഗ്രഫി വീഡിയോഗ്രഫി(1999) എന്ന പത്തൊൻപതു പേജുള്ള പുസ്തകത്തിലൂടെ ശ്രമിക്കുന്നു.

ചുരുങ്ങിയ വാക്കുകളിലൂടെ വിപുലമായ ഒരു വിഷയം അവതരിപ്പിക്കുവാൻ രചയിതാവിന് കഴിഞ്ഞിട്ടുണ്ട്. ചെറിയ ചെലവിൽ ലളിതമായ സാങ്കേതിക വിദ്യയുടെ പരിശീലനത്തിലൂടെ ഒരാൾക്ക് ഫോട്ടോഗ്രാഫർ ആകുവാൻ കഴിയുമെന്ന ആത്മവിശ്വാസം ജനിപ്പിക്കാൻ ഈ പുസ്തകത്തിനു കഴിയുന്നു. തൊഴിലില്ലായ്മ രൂക്ഷമായ ഈ കാലഘട്ടത്തിന് യോജിച്ച പുസ്തകമാണിത്. നവസാക്ഷരനായ ഒരാൾക്ക് കടന്നുചെല്ലാൻ കഴിയുന്ന മേഖലയാണ് ഫോട്ടോഗ്രഫിയെന്ന് ആത്മവിശ്വാസം ജനിപ്പിക്കാൻ കഴിയുമെന്ന തരത്തിലാണ് രചനാശൈലി. തൊഴിൽസാക്ഷരതയുടെ മൗലീകസ്വഭാവം ഉൾക്കൊള്ളുന്ന ലഘുഗ്രന്ഥമാണിത്.

16

*ബുക്ക്ബൈൻഡിങ്ങ് (2001) :* കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി തൊഴിൽസാക്ഷരതയുമായി ബന്ധപ്പെടുത്തി പുറത്തിറക്കിയ ഒരു ലഘു പുസ്തകമാണ് സിറിൾ ഡി.വി രചിച്ച *ബുക്ക്ബൈൻഡിങ്ങ്(2001)*. ഒരു തുടർവിദ്യാഭ്യാസ പഠിതാവിന്റെ നിലവാരത്തിൽ നിന്നുകൊണ്ടു തന്നെ ബുക്ക് ബൈൻഡിങ്ങിന്റെ വിവിധ മേഖലകളിലേക്ക് വെളിച്ചം വീശാൻ രചയിതാവ് ശ്രമിക്കുന്നുണ്ട്. ഇംഗ്ലീഷ് പദങ്ങൾ കൂടുതൽ ചേർത്താലേ തൊഴിൽസാക്ഷരതാ പുസ്തകങ്ങൾ നിലവാരത്തിലെത്തുകയുള്ളു എന്നതോന്നൽ ഗ്രന്ഥകർത്താവിനെ ബാധിച്ചിട്ടുണ്ട്.

ഈ പുസ്തകത്തിലൂടെ ആയാസരഹിതമായി ബൈൻഡിങ്ങ് ജോലി ഏറ്റെടുക്കാൻ നവസാക്ഷരനായ ഒരാൾക്ക് കഴിയുമെന്ന ആത്മവിശ്വാസം ജനിപ്പിക്കാൻ പര്യാപ്തമല്ല. നവസാക്ഷരരായ നിരധി ആൾക്കാർ തൊഴിൽ ചെയ്യുന്ന മേഖലയാണ് ബുക്ക് ബൈൻഡിങ്ങ്. ചെറിയൊരു പരിശീലനത്തിലൂടെ മികച്ച ബുക്ക്ബൈൻഡറാകാൻ കഴിയുന്ന സാഹചര്യം നിലനിൽക്കുമ്പോൾ സങ്കീർണ്ണമായ രീതിയിലേക്ക് വായനക്കാരെ എത്തിക്കാനേ ഈ പുസ്തകത്തിനു കഴിയൂ. വിഷയം നവസാക്ഷരർക്ക് യോജിച്ചതാണ്. എന്നാൽ അവതരണശൈലി സാക്ഷരതാസാഹിത്യത്തിനു യോജിച്ചതല്ല.

*റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം(1999)*[17] : സ്വയം തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവർക്ക് പിൻബലം നൽകത്തക്ക രീതിയിൽ രചിച്ചിരിക്കുന്ന ഒരു തുടർവിദ്യാഭ്യാസ പുസ്തകമാണ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം. തയ്യൽജോലി പ്രായോഗികമായി പരിശീലിക്കേണ്ടതാണെങ്കിലും അതിനുവേണ്ട പ്രാഥമിക അറിവുകൾ സ്വയം ആർജ്ജിക്കാൻ ഇന്ദിരാ കൃഷ്ണൻ രചിച്ച *റെഡിമെയ്ഡ് വസ്ത്രനിർമ്മാണം(1999)* എന്ന പുസ്തകത്തിലൂടെ കഴിയും. വീട്ടിൽ വെറുതെയിരിക്കുന്ന സ്ത്രീകൾക്ക് പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമായി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തെ മാറ്റാൻ കഴിയും.

നവസാക്ഷരരായ ധാരാളം വ്യക്തികൾ ജോലിചെയ്യുന്ന മേഖലയാണ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രധാന പരിശീലനങ്ങളിൽ ഒന്നാണ് തയ്യൽ. തയ്യൽപരശീലനം ലഭിച്ചവർക്ക് ഒന്നിച്ചുകൂടി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം പകരാൻ ഈ പുസ്തകം പ്രയോജനപ്രദമാണ്. ഇതു തുടർവിദ്യാകേന്ദ്രങ്ങളുടെ വളർച്ചയ്ക്കും ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇട നൽകും. ആശയത്തിലും അവതരണശൈലിയിലും നവസാക്ഷരരോട് നീതി പുലർത്തുന്ന പുസ്തകമാണിത്.

*ആഭരണനിർമ്മാണം(1999)*[18]:സ്വർണ്ണാഭരണ നിർമ്മാണത്തിലേക്ക് സാധാരണക്കാരുടെ ശ്രദ്ധക്ഷണിക്കുന്ന ഒരു ലഘു പുസ്തകമാണ് ശിവൻകുട്ടി എസ്. രചിച്ച *ആഭരണനിർമ്മാണം(1999)* .കേവലം ഒരു തൊഴിൽ മാത്രമല്ല ഒരു കല കൂടിയാണ് ആഭരണ നിർമ്മാണം. ആഭരണങ്ങൾ വാങ്ങുന്നവർക്കും ഉപയോഗിക്കുന്നവർക്കും തൊഴിൽചെയ്യാൻ ആഗ്രഹിക്കുന്നവർക്കും ഒരുപോലെ പ്രയോജനകരമാണ് ഈ പുസ്തകം. സാധാരണക്കാരായ ഉപഭോക്താക്കൾക്ക് സ്വർണ്ണാഭരണങ്ങളെ സംബന്ധിച്ച സാമാന്യമായ അറിവ് ലഭിക്കാൻ കഴിയുന്ന പ്രകാരമാണ് ഈ പുസ്തകത്തിന്റെ രചന. ജനങ്ങൾക്ക് ഒട്ടേറെ പരിചിതമാണ് സ്വർണ്ണാഭരണമെങ്കിലും അതിന്റെ വിവധ സാങ്കേതിക വശങ്ങളെ സംബന്ധിച്ച

സാമാന്യമായ അറിവ് ലഭിക്കാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ല. ആഭരണതൊഴിലാളികൾക്ക് ആത്മവിശ്വാസം പകരാൻ സഹായകരമായ രചന കൂടിയാണിത്. ആഭരണ നിർമ്മാണരംഗത്ത് പണിചെയ്യുന്ന സാധാരണ തൊഴിലാളികളെ മുന്നിൽ കണ്ടു പോലും സാഹിത്യരചന നടത്താൻ കഴിയുന്ന തലത്തിലേക്ക് തുടർവിദ്യാഭ്യാസ കാലത്തെ രചനകൾ വളർന്നു എന്നതിന്റെ തെളിവാണ് ഈ പുസ്തകം.

*കോഴിക്കോടൻ ഹൽവ(2000) :*[19] കേരളത്തിനകത്തും പുറത്തും ഒരുപോലെ അറിയപ്പെടുന്ന ഒരു മധുരപലഹാരമാണ് കോഴിക്കോടൻ ഹൽവ. കോഴിക്കോടൻ ഹൽവ നിരവധി ജനങ്ങൾക്ക് ഒരു ഉപജീവനമാർഗ്ഗമാണ്. ഇതിന്റെ നിർമ്മാണത്തെ സംബന്ധിച്ചും ചേരുവകകളെ സംബന്ധിച്ചും രുചിഭേദങ്ങളെ സംബന്ധിച്ചും സാധാരണക്കാർക്ക് അറിവ് പകരുന്ന ഒരു ലഘുഗ്രന്ഥമാണ് ഗംഗാധരക്കുറുപ്പ് ഇ.പി. രചിച്ച *കോഴിക്കോടൻ ഹൽവ(2000).* ചക്കപ്പഴം ഹൽവ മുതൽ പൈനാപ്പിൾ ഹൽവ വരെ വൈവിദ്ധ്യമാർന്ന ഹൽവകളുടെ പാചകക്കുറിപ്പുകളും ഈ പുസ്തകത്തിലുണ്ട്. ഹൽവ നിർമ്മാണം മെച്ചപ്പെട്ട രീതിയിൽ തുടരാൻ കഴിയുമെന്ന ആത്മവിശ്വാസം തൊഴിൽരഹിതരായ മലയാളികൾക്ക് പകരുന്നതാണ് ഈ പുസ്തകം. വിപണനമാർഗ്ഗത്തെപ്പറ്റി പരാമർശിക്കുന്നില്ലായെന്നതാണ് ഈ ലഘു പുസ്തകത്തിന്റെ ന്യൂനത.

ആഴ്ചപ്പതിപ്പുകളിലും മാസികകളിലും മാത്രം പാചകക്കുറിപ്പുകളായി പ്രത്യക്ഷപ്പെടുന്ന ഹൽവ നിർമ്മാണത്തെ പുസ്തകരൂപത്തിൽ നവസാക്ഷരന് യോജിച്ച വിധത്തിൽ അവതരിപ്പിക്കാനുള്ള ശ്രമം വിജയിച്ചിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ തുടർവിദ്യാഭ്യാസ രചനകൾക്കായി സ്വീകരിക്കുന്നത് സാധാരണക്കാരെ വായനയിലേക്ക് അടുപ്പിക്കും. വിഷയവും ഭാഷയും വായനക്കാരന്റെ പരിചിത മേഖലകളിൽ നിന്നും എടുക്കുന്നതാണ് നല്ലത്.

*കാപ്പിച്ചെടി വേരുകൊണ്ട് അലങ്കാര ശിൽപ്പങ്ങൾ(2000)*[20] : ഉപയോഗശൂന്യമെന്ന് പറഞ്ഞ് തള്ളുന്ന കാപ്പി വേരുകൊണ്ടും തേക്കിന്റെ വേരുകൊണ്ടും അലങ്കാരശില്പങ്ങൾ നിർമ്മിക്കാൻ കഴിയുമെന്ന വസ്തുത അനാവരണം ചെയ്യുന്ന ഒരു ലഘു പുസ്തകമാണ് അജീബ് കൊമാച്ചി രചിച്ച *കാപ്പിച്ചെടി വേരുകൊണ്ട് അലങ്കാരശിൽപ്പങ്ങൾ(2000).* കലയും ഭാവനയും ഒത്തിണങ്ങുകയും പ്രായോഗിക പരിശീലനം കൂടി ലഭിക്കുകയും ചെയ്താൽ ഉപേക്ഷിച്ചു കളയുന്ന വേരുകൾ വിലപിടിപ്പുള്ള അലങ്കാരവസ്തുക്കളാക്കി മാറ്റാൻ കഴിയും. ഇത്തരം വിഷയങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അനന്തസാദ്ധ്യതകൾ മറ്റുള്ളവരിലേക്ക് പകരാൻ കഴിയുന്ന തരത്തിലുള്ള സാഹിത്യരചന പുതുമയാർന്നതാണ്.

തുടർവിദ്യാഭ്യാസരചനകളുടെ സാദ്ധ്യതകൾ വെളിവാക്കുന്ന സാഹിത്യ സൃഷ്ടിയാണിത്. ലളിതപദങ്ങൾ കൂട്ടിയിണക്കി വിഷയത്തിന്റെ ഗൗരവം ചോർന്നുപോകാതെ നവസാക്ഷരന്റെ മാനസികാവസ്ഥയ്ക്കു യോജിച്ച വിധമാണ് രചന നടത്തിയിരിക്കുന്നത്. വിഷയത്തിന്റെതെരഞ്ഞെടുപ്പിലും അവതരണശൈലിയിലും തുടർവിദ്യാഭ്യാസ പഠിതാവിനോട് നീതി പുലർത്തുന്ന രചനയാണിത്. കാപ്പിച്ചെടി വേരുകൊണ്ട് അലങ്കാര ശില്പങ്ങൾ എന്ന പുസ്തകത്തിലൂടെ സാക്ഷരതാസാഹിത്യത്തിന്റെ വളർച്ചയും സാദ്ധ്യതയും വെളിപ്പെടുത്തുന്നു.

*വെൽഡിങ്ങ്*[21] *(2000)* : വെൽഡിങ്ങ് തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കും സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും ഒന്നുപോലെ ഉപകരപ്രദമാണ് ഷാജി പി.എം. രചിച്ച *വെൽഡിങ്ങ്(2000)* എന്ന ഈ ചെറുപുസ്തകം. വിവിധതരത്തിലുള്ള വെൽഡിങ്ങുകളെ സംബന്ധിച്ചും അതിലെ സാങ്കേതിക രീതികളെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഇത്തരം കാര്യങ്ങൾ ലഘു പുസ്തകരൂപത്തിൽ സാധാരണക്കാർക്ക് മനസ്സിലാകുന്ന ലളിത ഭാഷയിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് തെളിയിച്ചത് തുടർവിദ്യാഭ്യാസ

സാക്ഷരതാസാഹിത്യ രംഗത്ത് നേട്ടം തന്നെയാണ്. വെൽഡിങ്ങ് പഠനം ഒരു കോഴ്സ് എന്നനിലയിൽ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം കോഴ്സുകളിൽ പങ്കാളികളാകാതെ ധാരാളം വ്യക്തികൾ പണിശാല കളിൽ നിന്നും നേരിട്ട് വെൽഡിങ്ങ് പഠിക്കാറുണ്ട്. പ്രായോഗിക പരിജ്ഞാനം ഇവർക്ക് കൂടുതൽ ആയിരിക്കും. ഇത്തരക്കാർക്ക് കൂടുതൽ പ്രയോജനകരമാണീ പുസ്തകം. വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിനാൽ ഗവൺമെന്റ് അംഗീകൃത വെൽഡിങ്ങ് കോഴ്സിൽ ചേർന്നു പഠിക്കാൻ കഴിയാത്തവർക്ക് വർക്ക്ഷോപ്പു കളിൽ നിന്നും വെൽഡിങ്ങ് പഠിക്കുവാൻ അനുയോജ്യമായ പുസ്തകമാണിത്. ഭാഷയിലും അവതരണശൈലിയിലും നവസാക്ഷരനോട് നീതി പുലർത്താൻ ഗ്രന്ഥകർത്താവ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

*കളിപ്പാട്ടം ഉണ്ടാക്കാം(1999)*[22] : തടി കൊണ്ട് കളിപ്പാട്ടങ്ങൾ നിർമ്മിച്ച് വ്യവസായികാടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ കഴിയുമെങ്കിൽ തൊഴിൽ രംഗത്ത് അനന്തസാദ്ധ്യതകൾ സൃഷ്ടിക്കാൻ കഴിയും. കുട്ടികൾക്ക് കളിക്കാൻ കഴിയുന്ന തരത്തിലുള്ള ബസ്സുകളും, ഓട്ടോറിക്ഷകളും, ലോറികളും മറ്റും എങ്ങനെ നിർമ്മിക്കാൻ കഴിയുമെന്നതിലേക്ക് വെളിച്ചം വീശുന്ന വിജ്ഞാന പ്രദമായ ഒരു ലഘു പുസ്തകമാണ് ഗോപിനാഥൻ രചിച്ച *കളിപ്പട്ടം ഉണ്ടാക്കാം(1999).* നിസ്സാരമെന്ന് തോന്നാവുന്ന തൊഴിലുകൾ പോലും സ്ഥിരവരുമാനം നേടാൻ പ്രയോജനപ്പെടുമെന്ന് ഈ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾ വിപണി കൈയ്യടക്കിയതിനാലാവാം ഈ പുസ്ത കത്തിന് പഠിതാക്കളുടെ താത്പര്യം ആർജ്ജിക്കാൻ കഴിയാതെ പോയത്. കുറഞ്ഞവിലയ്ക്ക് പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾ ലഭിക്കുമെങ്കിലും തടികൊണ്ടുള്ള കളിപ്പാട്ടങ്ങൾ പരിസ്ഥിതിക്കനുയോജ്യമായവയാണ്. ഉപയോഗശൂന്യമെന്ന നിലയിൽ തള്ളിക്കളയുന്ന ചെറിയതടികളും പലകകളും ബോധപൂർവ്വം വിനിയോഗിച്ചാൽ ഒട്ടേറെ കളിപ്പാട്ടങ്ങൾ നിർമ്മിക്കാൻ കഴിയും. മലയാളികളെ

ഇത്തരത്തിലുള്ള പ്രായോഗിക സമീപനത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ കഴിയുന്നതാണ് ഈ പുസ്തകം. കുടിൽവ്യവസായം എന്നനിലയിൽ ഏതൊരാൾക്കും ചെറിയ പരിശീലനത്തിലൂടെ സ്വന്തമായി ചെയ്യാൻ കഴിയുന്ന താണ് കളിപ്പാട്ട നിർമ്മാണം. ഭാഷയിലും അവതരണശൈലിയിലും തുടർവിദ്യാഭ്യാസ പഠിതാവിന് ഉൾക്കൊള്ളാൻ പാകത്തിനാണ് പുസ്തക രചന നിർവഹിച്ചിട്ടുള്ളത്.

***ചന്ദനതിരിയും പനിനീരും (2000)*** [23] **:** ഒരു കുടിൽ വ്യവസായം എന്ന നിലയിൽ കേരളത്തിൽ വളർത്തിയെടുക്കാൻ കഴിയുന്ന ഒന്നാണ് ചന്ദനതിരിയുടെ നിർമ്മാണം. ചന്ദനത്തിരിയും പനിനീരും കേരളത്തിൽ ധാരാളം ഉപയോഗിക്കുന്നണ്ട്. സങ്കീർണ്ണമല്ലാത്ത ഒരു നൈപുണിക സാങ്കേതികവിദ്യ പഠിച്ചാൽ ജീവിതോപാധിയാക്കി മാറ്റാൻപോലും കഴിയുമെന്ന ആത്മവിശ്വാസം നൽകാൻ ചന്ദനതിരിയും പനിനീർ നിർമ്മാണത്തിനും കഴിയുന്നു. തൊഴിൽ സാക്ഷരതയുമായി ബന്ധപ്പെട്ട വിജ്ഞാനപ്രദമായ പുസ്തകമാണിത്. സാക്ഷരതാ തുടർവിദ്യാഭ്യാസ രംഗത്തും സ്വയം തൊഴിൽ പരിശീലന രംഗത്തും തനതു സംഭാവനകൾ നൽകിയിട്ടുള്ള അരവിന്ദാക്ഷൻ നായർ സി.പി. രചിച്ച *ചന്ദന തിരിയും പനിനീരും (2000)* എന്ന പുസ്തകം സാക്ഷരതാസാഹിത്യത്തിന്റെ എല്ലാ ലക്ഷണങ്ങളും ഒത്തിണങ്ങിയതാണ്.

തുടർവിദ്യാകേന്ദ്രങ്ങളുടെയും വികസനവിദ്യാകേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ തൊഴിൽപരിശീലനം ആരംഭിക്കുമ്പോൾ പാഠപുസ്തകമായി സ്വീകരിക്കാവുന്നതാണ് ചന്ദനതിരിയും പനിനീരം എന്ന പുസ്തകം. നവസാക്ഷരരുടെ മാനസിക നിലവാരം മുന്നിൽകണ്ട് അവർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലാണ് പുസ്തകം രചിച്ചിട്ടുള്ളത്. തൊഴിൽ രഹിതരായ മലയാളികൾക്ക് ജീവിതമാർഗ്ഗമായി ഏറ്റെടുക്കാൻ കഴിയുന്ന ഒരു തൊഴിലാണ് ചന്ദനതിരിയുടെയും പനിനീരിന്റെയും നിർമ്മാണമെന്ന് ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് ഈ പുസ്തകത്തിന്റെ രചന.

***കുടനിർമ്മാണം[24](2000)*** **:** തൊഴിൽ സാക്ഷരതയുമായി ബന്ധപ്പെടുത്തി സാക്ഷരതാമിഷൻ പ്രസിദ്ധീകരിച്ച പുസ്തകമാണ് ഷാജി പി. മുഹമ്മദിന്റെ *കുടനിർമ്മാണം(2000).* തൊഴിൽ സാദ്ധ്യതയും വിപണന സാദ്ധ്യതകളും കൂടുതലായി ഉള്ള ഒന്നാണ് കുടനിർമ്മാണം. കുടനിർമ്മാണത്തിന്റെ വിവിധ വശങ്ങൾ ലളിതമായ ഭാഷയിൽ ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നു. തുടർവിദ്യാഭ്യാസ പഠിതാക്കൾ ഈ പുസ്തകത്തിന് വളരെ പ്രാധാന്യം നൽകുകയുണ്ടായി. മികച്ച തുടർവിദ്യാഭ്യാസ രചനയ്ക്കുള്ള ഡി.സി. കിഴക്കേമുറി അവാർഡ് ലഭിച്ച ഈ പുസ്തകം നവസാക്ഷരപഠിതാക്കളിൽ ഏറെ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽരഹിതരായ ഒട്ടേറെ യുവതീ യുവാക്കൾ പ്രാദേശികമായി കുടനിർമ്മാണ രംഗത്തേക്ക് കടന്നുവരാൻ ഈ പുസ്തകം പ്രേരണയായി. സാധാരണ ജനങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന തരത്തിലാണ് ഈ പുസ്തകത്തിന്റെ രചന. ആശയത്തിലും ആവിഷ്ക്കരണരീതിയിലും തുടർവിദ്യാഭ്യാസ പഠിതാവിനോട് നീതി പുലർത്തുന്നതാണ് കുടനിർമ്മാണം എന്ന ഈ പുസ്തകം.

സാക്ഷരതയെ തൊഴിലുമായി ബന്ധപ്പെടുത്തുന്ന രചനകളാണ് തൊഴിൽ സാക്ഷരതാ പുസ്തകങ്ങൾ. കേവലം അക്ഷരങ്ങൾ പഠിക്കുന്നതിലപ്പുറം പഠിച്ച അക്ഷരങ്ങളെ ജീവിതായോധനവുമായി ബന്ധപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് തൊഴിൽ സാക്ഷരതാപുസ്തകങ്ങൾ. മലയാളത്തിലെ സാക്ഷരതാ സാഹിത്യത്തിൽ രൂപപരിണാമങ്ങൾ വന്നു സംഭവിക്കുന്നത് തുടർവിദ്യാഭ്യാസ രചനകളിൽ എത്തുമ്പോഴാണ്. സാക്ഷരതയെ വരുമാനദായക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ അനുയോജ്യമായ സാഹിത്യ രചനകൾ ആവശ്യമായിത്തീർന്നു. ജനങ്ങളെ ചിരിപ്പിക്കുന്നതോടൊപ്പം തന്നെ പുതിയ അറിവുകൾ പ്രദാനം ചെയ്യേണ്ടതും സാഹിത്യത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. വിജ്ഞാനത്തോടൊപ്പം പ്രവൃത്തിമണ്ഡലത്തിൽ അറിവും

കഴിവും വികസിപ്പിക്കാൻ പര്യാപ്തമായ സാഹിത്യ സൃഷ്ടികൾ തുടർവിദ്യാഭ്യാസത്തിൽ അത്യന്താപേക്ഷിതമാണ്. സാക്ഷരത എന്ന വാക്കിന് പുതിയ മാനങ്ങൾ നൽകാനും നിത്യജീവിതവുമായി കൂട്ടിയിണക്കുന്നതിനും വായനാശീലം വളർത്തി കർമ്മമണ്ഡലത്തിൽ ശക്തനാക്കി മാറ്റുന്നതിനും പുസ്തകങ്ങൾ ആവശ്യമായി വന്നു. ചെറിയ തൊഴിൽപരിശീലനങ്ങൾക്ക് വേണ്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ സാക്ഷരതാമിഷൻ നടത്തിയ ശ്രമങ്ങൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് പുതിയ മുഖം നൽകുന്നതായിരുന്നു.

*4 : 4 ആരോഗ്യ സാക്ഷരത* : കേരളത്തിലെ ആരോഗ്യരംഗത്തെ പ്രശ്നങ്ങളും രോഗപ്രതിരോധ മാർഗ്ഗങ്ങളും ചികിത്സാ രീതികളും നവസാക്ഷര സമൂഹത്തിൽ പരിചയപ്പെടുത്താനുള്ള ലളിതമായ പരിശ്രമമാണ് ആരോഗ്യസാക്ഷരതയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പ്രത്യേകം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[25]

*പൊതുജനാരോഗ്യപ്രശ്നങ്ങൾ അത്യാവശ്യം അറിയേണ്ട കാര്യങ്ങൾ(1999) :*

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി വിവിധ തരത്തിലുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ആരോഗ്യസാക്ഷരത. ഇതുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിയ ലഘുഗ്രന്ഥമാണ് രാമദാസ് എസ്.രചിച്ച *പൊതുജനാരോഗ്യ പ്രശ്നങ്ങൾ അത്യാവശ്യം അറിയേണ്ട കാര്യങ്ങൾ(1999).* ശുചിത്വം, മാതൃസംരക്ഷണം, രോഗപ്രതിരോധചികിത്സ തുടങ്ങിയ വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ് ഈ ലഘുപുസ്തകം. വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യരംഗത്തെ വളർച്ചയ്ക്ക് ആരോഗ്യ സാക്ഷരത ആവശ്യമാണ്. ഗഹനമായ വിഷയം ലളിതവത്ക്കരിച്ച് സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാനുള്ള

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ശക്തിയായി ഈ പുസ്തകത്തെ വിലയിരുത്താം. ആരോഗ്യസാക്ഷരതാരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ച കേരളത്തിൽ പകർച്ച വ്യാധികളുടെ കടന്നുകയറ്റത്തിൽ നിന്നും മോചിപ്പിക്കാൻ ഇത്തരം പുസ്തകങ്ങൾ അനിവാര്യമാണ്. പൊതുജനാരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ഈ പുസ്തകത്തിനു കഴിയും. ഇത്തരം പുസ്തകങ്ങൾ വേണ്ടത്ര രീതിയിൽ ജനങ്ങളിൽ എത്തിക്കാൻ തുടർവിദ്യാഭ്യാസ പ്രവർത്തകർക്ക് കഴിയേണ്ടതുണ്ട്.

*ആർത്തവം അറിയേണ്ട കാര്യങ്ങൾ*[26]*(2000) :* പെൺകുട്ടികളിലുണ്ടാകുന്ന ശാരീരിക മാറ്റങ്ങളെ സംബന്ധിച്ച് ശരിയായ അറിവ് കുട്ടിക്കും മാതാപിതാക്കൾക്കും ഉണ്ടായിരിക്കണം. ശരീരത്തിൽ സ്വാഭാവികമായി വന്നുചേരുന്ന വ്യതിയാനത്തെ സംബന്ധിച്ച തിരിച്ചറിവ് സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി അഗ്നിവേശ്, ജോസ് നാഞ്ഞിലത്ത് എന്നിവർ ചേർന്ന് രചിച്ച ലഘുഗ്രന്ഥമാണ് *ആർത്തവം അറിയേണ്ട കാര്യങ്ങൾ(2000).* വിദ്യാസമ്പന്നരിൽ പോലും ആർത്തവത്തെപ്പറ്റി അനവധി അബദ്ധധാരണകൾ നിലനിൽക്കുമ്പോൾ വിദ്യാഭ്യാസം തീരെയില്ലാത്തവരുടെ അവസ്ഥ പറയേണ്ട കാര്യമില്ല.സ്ത്രീകൾക്കുണ്ടാകുന്ന മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും ആർത്തവത്തെ സംബന്ധിച്ച ശരിയായ അവബോധം ജനിപ്പിക്കുന്നതിനും ഈ പുസ്തകം സഹായകരമാണ്. സാധാരണ ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ലളിതഭാഷയിൽ ശാസ്ത്രീയ വിഷയങ്ങൾ അവതരിപ്പിക്കാൻ കഴിയുമെന്നതിന്റെ തെളിവാണ് ഈ പുസ്തകം.

*ആസ്ത്മ, ടൈഫോയ്ഡ്*[27]*(2000) :* ജനങ്ങളെ ബാധിക്കുന്ന ആസ്ത്മാ, ടൈഫോയ്ഡ് എന്നീ രോഗത്തെ സംബന്ധിച്ചും രോഗലക്ഷണങ്ങളെ സംബന്ധിച്ചും രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകളെ സംബന്ധിച്ചും ഈ ലഘുപുസ്തകത്തിൽ വിവരിക്കുന്നു.ആഹാരവും വെള്ളവും

പരിസ്ഥിതിയും മാലിന്യ വിമുക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കും വെളിച്ചം പകരുന്ന ഒരു ചെറിയ പുസ്തകമാണ് രാധ രചിച്ച *ആസത്മാ, ടൈഫോയ്ഡ് (2000).* ആരോഗ്യരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ നേടിയ കേരളം ഇനിയും അതിദൂരം സഞ്ചരിക്കേണ്ടതുണ്ട്. പരിസരമലിനീകരണവും ജീവിത രീതിയിലും ഭക്ഷണക്രമത്തിലും വന്നുചേർന്നിട്ടുള്ള മാറ്റങ്ങളും പല രോഗങ്ങൾക്കും കാരണമായിത്തീരുന്നു. വ്യക്തി ശുചിത്വംവും, പരിസര ശുചിത്വവും ഒരുപോലെ പാലിക്കേണ്ടതുണ്ട്. ഇത്തരം വിഷയങ്ങൾ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കാൻ ഈ തുടർവിദ്യാഭ്യാസ രചനയ്ക്ക് കഴിയുന്നു. സാക്ഷരതാസാഹിത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഒരു പുസ്തകമാണിത്.

***ലഘുയോഗാസനങ്ങൾ*[28] *(1999):*** ശരീരത്തിനും മനസ്സിനും പ്രയോജനം ലഭിക്കുന്ന വ്യായാമങ്ങൾ ഉൾക്കൊള്ളുന്ന തുടർവിദ്യാഭ്യാസ പുസ്തകമാണ് ഗോവിന്ദൻ നായരുടെ *ലഘുയോഗാസനങ്ങൾ(1999).* ആരോഗ്യവും മന:ശാന്തിയും വീണ്ടെടുക്കാൻ യോഗാ പരിശീലനം ഉപകരിക്കും. പലപ്പോഴും ഇത്തരം കാര്യങ്ങൾ ഉന്നതന്മാരുടെ ജീവിതരീതിയുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നതാണെന്ന ധാരണയാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. എന്നാൽ സാധാരണ ജനങ്ങൾക്ക് ഉപയോഗപ്രദമായി പരിശീലിക്കാൻ പാകത്തിൽ തയ്യാറാക്കിയുള്ള ഒരു പുസ്തകമാണിത്. തുടർവിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾക്ക് ഏതെല്ലാം മേഖലകളിൽ കടന്നുകയറാൻ കഴിയും എന്നതിന്റെ മറ്റൊരുദാഹരണമായി ഈ പുസ്തകത്തെയും പരിഗണിക്കാൻ കഴിയും. വിഷയവും അവതരണ ശൈലിയും സാക്ഷരതാസാഹിത്യത്തിനു യോജിച്ചതെങ്കിലും പുസ്തകത്തിലെ അക്ഷരങ്ങളുടെ വലുപ്പം സാക്ഷരതാസാഹിത്യത്തിനു ചേർന്നതല്ല. അക്ഷരങ്ങളുടെ വലുപ്പക്കുറവ് വായനക്കാരിൽ മുഷിപ്പ് സൃഷ്ടിക്കുന്നതിനും വായനാശീലം നഷ്ടപ്പെടാനും ഇടനൽകും.

*തൊഴിൽജന്യരോഗങ്ങൾ(1999)* [29] **:** തൊഴിൽ ചെയ്യാതെ മനുഷ്യന് ജീവിയ്ക്കാൻ കഴിയില്ല. എല്ലാ തൊഴിലുമായും ബന്ധപ്പെട്ട രോഗങ്ങൾ ഉണ്ടാകാം. തങ്ങൾക്ക് വരാൻ സാദ്ധ്യതയുള്ള രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിവിധി കാണുന്നതിനും സഹായകരമായ തരത്തിലാണ് ദിവാകരൻ ആർ. വി. എം. *തൊഴിൽജന്യരോഗങ്ങൾ(1999)* എന്ന പുസ്തകം രചിച്ചിട്ടുള്ളത്. സാധാരണ ജനങ്ങൾ അഭിമുഖീകരിക്കുന്ന തൊഴിൽജന്യ രോഗങ്ങളും തൊഴിൽരംഗത്തെ നിയമ പരിരക്ഷയും ലളിതഭാഷയിൽ ആവിഷ്ക്കരിക്കാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുണ്ട്. മാനസികവും ശാരീരികവുമായി ഒരു സാധാരണ തൊഴിലാളി അഭിമുഖീകരിക്കേണ്ടി വരുന്ന വൈഷമ്മ്യങ്ങൾ പ്രതിപാദിക്കുന്ന ഈ പുസ്തകം നവസാക്ഷരനായ ഒരാളിൽ ആത്മവിശ്വാസം പകരുന്നതിനും മുൻകരുതലുകൾ എടുക്കുന്നതിനും സഹായകരമാണ്.

*ഹോമിയോപ്പതി അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ(1999)* [30] **:**

ഹോമിയോപ്പതിയുടെ ഉത്ഭവത്തെക്കുറിച്ചും അതിന്റെ ഉപജ്ഞാതാവായ സാമുവൽഹാനിമാനെക്കുറിച്ചും ഹോമിയോപ്പതി ചികിത്സയുടെ സാമാന്യ തത്ത്വങ്ങളെക്കുറിച്ചും ലളിതമായി പ്രതിപാദിക്കുന്ന ഒരു ലഘുഗ്രന്ഥമാണ് ഏലിയാസ് ടി.പി രചിച്ച *ഹോമിയോപ്പതി അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ (1999).* നാട്ടിൻപുറങ്ങളിൽ പലപ്പോഴും ജനങ്ങൾ ആശ്രയിക്കുന്ന സാമ്പത്തികക്കുറവുള്ള ചികിത്സാരീതിയെന്ന നിലയിൽ ഹോമിയോപ്പതിയെ സംബന്ധിച്ച് വിജ്ഞാനപ്രദമായ ഈ ലഘുഗ്രന്ഥം മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ ഒരു മുതൽക്കൂട്ടാണ്. സ്വയം ചികിത്സ നടത്താനല്ല ഹോമിയോ ചികിത്സയുടെ പ്രാധാന്യം പറഞ്ഞു മനസ്സിലാക്കാനാണ് ഗ്രന്ഥകാരന്റെ ശ്രമം. നവസാക്ഷരനോ തുടർവിദ്യാഭ്യാസ പഠിതാവിനോ അത്യാവശ്യം അറിയേണ്ട പുസ്തകമായി ഇതിനെ പരിഗണിക്കാൻ കഴിയില്ല. ഹോമിയോപ്പതിയുടെ ചരിത്രം അറിയുന്നത് നല്ലതു തന്നെ എന്നാൽ

പ്രഥമ പരിഗണന ഇതിനല്ല നൽകേണ്ടത്. നിത്യജീവിതവുമായി ബന്ധപ്പെടുന്ന വിഷയങ്ങളെ രചനകൾക്കാധാരമാക്കുന്നതാണ് നല്ലത്. കൂടുതൽ അറിവു പകരാൻ ഇത്തരം പുസ്തകങ്ങൾ സഹായകരമാണ്.

*വാതരോഗങ്ങൾ സംശയങ്ങളും നിവാരണങ്ങളും*[31]*(1999)* : മനുഷ്യനു സംഭവിയ്ക്കുന്ന ശാരീരികവും മാനസികവുമായ രോഗങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥനം ചെയ്യാനുള്ള ശ്രമമാണ് *വാതരോഗങ്ങൾ സംശയങ്ങളും നിവാരണങ്ങളും(1999)* എന്ന പുസ്തകത്തിലൂടെ രാമചന്ദ്രൻ സി.കെ. നിർവ്വഹിയ്ക്കുന്നത്. സാധാരണക്കർക്ക് രോഗങ്ങളെ സംബന്ധിച്ച് ഉണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി നൽകുന്ന വിധത്തിൽ ചോദ്യോത്തര രൂപത്തിലാണ് ഗ്രന്ഥരചന നടത്തിയിട്ടുള്ളത്. കാര്യങ്ങൾ പറഞ്ഞുപോകുന്ന രീതി ശാസ്ത്രം പ്രയോഗിക്കാത്തതിനാൽ ഏതൊരാൾക്കും മുഷിപ്പു തോന്നാതെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. "നവസാക്ഷരന്റെ മാനസിക നിലവാരത്തിനു യോജിച്ച വിഷയവും ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷയുമാണ് ഈ പുസ്തകത്തെ ജനകീയമാക്കി മാറ്റാൻ കഴിഞ്ഞത്."[55] സാധാരണക്കരെ മുന്നിൽക്കണ്ട് രചിച്ച ഈ പുസ്തകം ആശയതലത്തിലും ഭാഷായിലും അവതരണത്തിലും സാക്ഷരതാസാഹിത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.

*എയ്ഡ്സിനെതിരെ*[32]*( 2000):* എയ്ഡ്സിനെക്കുറിച്ച് സാധാരണക്കാരിൽ ശരിയായ അവബോധം സൃഷ്ടിക്കാൻ പര്യാപ്തമാണ് ബാലചന്ദ്രൻ പി. രചിച്ച *എയ്ഡ്സിനെതിരെ(2000)* എന്ന പുസ്തകം. രോഗത്തെക്കുറിച്ച് ശാസ്ത്രീയമായ അറിവ് നൽകുന്നതോടൊപ്പം എയ്ഡ്സിനെതിരെയുള്ള പ്രചരണങ്ങളിൽ ശക്തി പകരാൻ കഴിയുന്നതുമാണ് ആരോഗ്യസാക്ഷരതയുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിയ ഈ പുസ്തകം. സമൂഹം നേരിടുന്ന മഹാവിപത്തായ എയ്ഡ്സിനെതിരെയുള്ള പ്രവർത്തനങ്ങൾക്കായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്ന പേരിൽ സർക്കാർതന്നെ സംഘടനാ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്.

എയ്ഡ്സിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്ക് ശക്തിപകരാൻ കഴിയുന്നതരത്തിലും തലത്തിലുമാണ് പുസ്തകരചന നടത്തിയിരിക്കുന്നത്. ഭാഷാപ്രയോഗത്തിലും അവതരണശൈലിയിലും സാധാരണ വായനക്കാരന്റെ നിലനവാരത്തിലേക്ക് ഇറങ്ങിവന്ന് ശാസ്ത്രീയ വിഷയം സമർത്ഥമായി അവതരിപ്പിച്ചിരിക്കുന്നു. വൈദ്യശാസ്ത്ര സംബന്ധമായ രചനകൾ സാക്ഷരതാ സാഹിത്യത്തിന്റെ നിലവാരത്തിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ മൂല്യത്തിന് കോട്ടം തട്ടുന്നില്ലായെന്നതിന്റെ തെളിവാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നൂറാമത് പുസ്തകമായ എയ്ഡ്സിനെതിരെ എന്ന പുസ്തകം കേരളത്തിലെ ചെറുതും വലുതുമായ നിരവധി സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്ന എയ്ഡ്സ് ബോധവൽക്കരണ പരിപാടിക്ക് ഈ പുസ്തകം ഒരു മാർഗ്ഗദീപമാണ്.

33

*കൊതുകു നശീകരണ മാർഗ്ഗങ്ങൾ(2000) :*മനുഷ്യനെ ബാധിക്കുന്ന പലരോഗങ്ങൾക്കും കാരണമായി മാറുന്ന കൊതുകുകളെ നശിപ്പിക്കേണ്ടത് മനുഷ്യരാശിയുടെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതമാണ്. കൊതുകുകളെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചെലവുകുറഞ്ഞ നൂതന മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുകയാണ്. ജോർജ് ഇ. എം തന്റെ *കൊതുക് നശീകരണ മാർഗ്ഗങ്ങൾ(2000)* എന്ന ലഘുപുസ്തകത്തിലൂടെ ചെയ്യുന്നത്. ലളിതഭാഷയിൽ മനുഷ്യരാശിയ്ക്ക് ഗുണകരമായ കാര്യം അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകർത്താവ് ഭാഗികമായി വിജയിച്ചിട്ടുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യശതകത്തിൽ മലയാളി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കൊതുകു പരത്തുന്ന വിവിധ തരത്തിലുള്ള പകർച്ചപ്പനികളാണ്. ആരോഗ്യരംഗത്ത് ഇന്ത്യയ്ക്ക് മാതൃകയായ സംസ്ഥാനം എന്ന വിശേഷണമുള്ള കേരളം എലിപ്പനി. ഡങ്കിപ്പനി, ചിക്കുൻഗുനിയ, ജപ്പാൻജ്വരം തുടങ്ങിയ പകർച്ചപ്പനിക ളിൽ അകപ്പെട്ടിരിക്കുകയാണ്. ആരോഗ്യപരിപാലന രംഗത്ത് കുറ്റമറ്റ കൊതുക്

നശീകരണമാർഗ്ഗങ്ങൾ സ്വായത്തമാക്കാൻ കഴിഞ്ഞില്ലായെന്നാണ് ഈ രോഗങ്ങൾ തെളിയിക്കുന്നത്. ഈ സാമൂഹിക പരിതസ്ഥിതിയിൽ മാറ്റം വരുത്താൻ കഴിയുന്ന തരത്തിൽ രചിക്കപ്പെട്ട പുസ്തകമാണ് കൊതുകു നശീകരണ മാർഗ്ഗങ്ങൾ. "കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഈ പുസ്തകം സൗജന്യമായി വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നുവെങ്കിൽ 2001 മുതൽ 2007 വരെ കേരളം അഭിമുഖീകരിച്ച പകർച്ചപ്പനികൾക്ക് തീർച്ചയായും കുറവു സംഭവിക്കുമായിരുന്നുവെന്ന[34] "സാമൂഹികപ്രവർത്തകരുടെ അഭിപ്രായം കാലഘട്ടത്തിന്റെ സ്പന്ദനം ഉൾക്കൊണ്ടതാണ്. ശാസ്ത്രീയവും സമഗ്രവുമായ ഈ പുസ്തകം മലയാള സാക്ഷരതാസാഹിത്യത്തിന് ഒരു മുതൽക്കൂട്ട് തന്നെയാണ്.

*തിരുമ്മുചികിത്സ(2000)*[35] *:* തിരുമ്മുചികിത്സാരീതി സരളമായി പ്രതിപാദിക്കുന്ന ഒരു തുടർവിദ്യാഭ്യാസ പുസ്തകമാണ് ചന്ദ്രശേഖരൻനായർ കെ.എ. രചിച്ച *തിരുമ്മുചികിത്സ(2000).* തിരുമ്മു പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും ചികിത്സ ആഗ്രഹിക്കുന്നവർക്കും ഒരുപോലെ പ്രയോജനപ്രദമാണ് ഈ പുസ്തകം. ആയുർവ്വേദ - ടൂറിസം എന്ന പേരിൽ നടക്കുന്ന കച്ചവട തന്ത്രങ്ങളുടെ അപകടങ്ങളെപ്പറ്റി സൂചിപ്പിക്കുന്നില്ലെന്നതാണ് ഈ പുസ്തകത്തിന്റെ ന്യൂനത.

ഇടക്കാലത്ത് മലയാളികൾ തിരുമ്മു ചികിത്സയിൽ കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നില്ല. ഇതിൽ മലയാളികളിൽ പലവിധ രോഗങ്ങളുടെ കടന്നു കയറ്റത്തിനും കാരണമായി. വീണ്ടും മലയാളികൾ തിരുമ്മു ചികിത്സയിലേക്ക് മടങ്ങുന്നുവെന്നതിന്റെ തെളിവാണ് കേരളത്തിൽ ഉയർന്നു പൊങ്ങുന്ന തിരുമ്മു ചികിത്സാലയങ്ങൾ. ഈ ചികിത്സാരീതിയെ ജനകീയമാക്കാൻ കഴിയുന്ന തരത്തിലാണ് പുസ്തക രചന നടത്തിയിരിക്കുന്നത്. തുടർവിദ്യാഭ്യാസ രചനയെന്ന നിലയിൽ സാധാരണക്കാരന് ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷാരീതിയും പദപ്രയോഗവുമാണ് ഈ പുസ്തകത്തിലുള്ളത്. സാക്ഷരതാസാഹിത്യത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഇത്തരം പുസ്തകങ്ങൾ രചിക്കുകയെന്നത് ശ്രമകരമായ ദൗത്യമാണ്.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ദിശ വിവിധ മേഖലകളിലേയ്ക്ക് തിരിയുന്നതായി കണ്ടെത്താൻ കഴിയുന്നു. കേരളത്തിലെ സാമൂഹിക ജീവിതത്തിൽ ആവശ്യം വേണ്ട ഒന്നാണ് ആരോഗ്യസാക്ഷരത. ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യരംഗത്ത് നാം സ്വീകരിക്കേണ്ട നിരവധി മുൻകരുതലുകളിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നവയാണ് ഇവിടെ പ്രതിപാദിക്കപ്പെട്ട പുസ്തകങ്ങൾ എല്ലാം തന്നെ. ഈ പുസ്തകങ്ങൾ വായിക്കുന്നതിനോ മനസ്സിലാക്കുന്നതിനോ ഉന്നതവിദ്യാഭ്യാസം ആവശ്യമില്ല. സാധാരണ എഴുത്തും വായനയും അറിയാവുന്ന ആർക്കും കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലാണ് ഈ പുസ്തകങ്ങളുടെ രചന. ഇത്തരം സാഹിത്യസൃഷ്ടികളിലൂടെ കേരളത്തിലെ ആരോഗ്യസാക്ഷരതയുടെ നിലവാരം ഉയർത്താൻ കഴിയുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരളത്തിലെ ഇത്തരം ആരോഗ്യസാക്ഷരതാ പ്രവർത്തനങ്ങൾ. സാക്ഷരതാസാഹിത്യത്തിന്റെ ശക്തിയും മഹത്വവും വിളിച്ചോതുന്നവയാണ് ഇത്തരം രചനകൾ. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട രചനകൾ ലളിത മലയാളത്തിൽ നിർവ്വഹിക്കാൻ കഴിയുമെന്ന സത്യം ഇത്തരം രചനകളിലൂടെ പുറത്തുകൊണ്ടുവരുന്നു.

*4 : 5 കൃഷിസാക്ഷരത :* തുടർവിദ്യാഭ്യാസ പരിപാടിയ്ക്കായി 1998 – 2001 കാലത്ത് സാക്ഷരതാമിഷൻ പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഏറെയുണ്ട്. കൃഷിസാക്ഷരതയുടെ വിവിധ മേഖലകളിലേയ്ക്ക് വെളിച്ചം വീശുന്നവയാണ് ഇവ ഓരോന്നും. ഭാഷയിലും പ്രയോഗത്തിലും സാക്ഷരതാസാഹിത്യത്തിന്റെ വളർച്ചയാണ് സൂചിപ്പിക്കുന്നത്. മലയാളികളിൽ ഭൂരിപക്ഷവും കാർഷികമേഖലയുമായി ബന്ധപ്പെട്ട് കഴിയുന്നവരാണ്. സാമാന്യവിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് കാർഷികമേഖലയിലെ പുതിയ പുതിയ അറിവുകൾ നൽകാൻ കഴിയുന്നവയാണ്

ഈ പുസ്തകങ്ങൾ. കേരളത്തിലെ കാർഷികരംഗം ഒരു പ്രതിസന്ധി നേരിടുമ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടവയായിരുന്നു ഈ പുസ്തകങ്ങൾ എന്നത് പ്രാധാന്യം അർഹിക്കുന്നു.

*പുഷ്പക്കൃഷി-ഓർക്കിഡ്, ആന്തൂറിയം (1999)*[36] :മനുഷ്യമനസ്സിൽ നിറഞ്ഞു നിൽക്കുന്ന ആഹ്ലാദത്തിന്റെ പ്രതീകമാണ് പുഷ്പം. പൂന്തോട്ട നിർമ്മാണത്തോടൊപ്പം തന്നെ ശാസ്ത്രീയ പുഷ്പക്കൃഷിയിലൂടെ ധാരാളം പണം സമ്പാദിക്കാൻ കഴിയുന്ന മേഖലയായി ഇന്ന് പുഷ്പകൃഷി മാറിയിരിക്കുന്നു. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുതിയതരം പുഷ്പങ്ങളെക്കുറിച്ച് സാമാന്യമായ അറിവു നൽകുന്ന തരത്തിൽ ലളിതമായ ഭാഷയിലാണ് സുധീർ ബാബു *പുഷ്പക്കൃഷി-ഓർക്കിഡ്, ആന്തൂറിയം (1999)* എന്ന പുസ്തകം സംവിധാനം ചെയ്തിട്ടുള്ളത്. വായനാശീലം വർദ്ധിപ്പിക്കാനും വായനയിലൂടെ പുതിയ അറിവുകൾ സ്വായത്തമാക്കാനും പുഷ്പകൃഷിയെന്ന പുസ്തകത്തിനു കഴിയുന്നു. ആശയതലത്തിലും ഭാഷയിലും അവതരണ ശൈലിയിലും തുടർവിദ്യാഭ്യാസ രചനകൾക്ക് യോജിച്ച സമീപനമാണ് പുഷ്പകൃഷിയിലൂടെ പുറത്തു വന്നത്. അറിയാവുന്നതിൽ നിന്നും അറിയാൻ പാടില്ലാത്തതിലേക്ക് എന്ന സമീപനമാണ് രചനയിൽ സ്വീകരിച്ചിരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ ശ്രദ്ധിക്കാതെ പോകുന്ന പൂന്തോട്ടം ഒരു വരുമാനമർഗ്ഗമായി മാറ്റാൻ കഴിയുമെന്ന സന്ദേശം പരിമിതമായ വാക്കുകളിലൂടെ അവതരിപ്പിക്കുകയാണ് ഈ ലഘുപുസ്തകത്തിലൂടെ ചെയ്തിരിക്കുന്നത്. നവസാക്ഷരരിൽ പുതിയ ദിശാബോധം ഉണർത്താൻ ഈ സാഹിത്യസൃഷ്ടിക്ക് കഴിയുന്നു.

*നെൽകൃഷിക്കാർ അറിയാൻ(2000)*[37] : കേരളീയരുടെ പ്രധാന കൃഷികളിൽ ഒന്നാണ് നെൽകൃഷി. നെൽകൃഷിയെന്ന് കേൾക്കുമ്പോൾ പുതുമ തോന്നുന്നില്ലെങ്കിലും ശാസ്ത്രീയ കൃഷിരീതിയിലൂടെ ലാഭം നേടാൻ കഴിയുന്നവർ ചുരുക്കമാണ്. നവസാക്ഷരരിൽ നല്ലൊരുശതമാനം പാടത്തും

പറമ്പിലും പണിചെയ്യുന്ന തൊഴിലാളികളും കൃഷിക്കാരുമാണ്. നെൽകൃഷിയെ സംബന്ധിച്ച് പരമ്പരാഗത അറിവു നേടി കൃഷിചെയ്യുന്ന കർഷകരും തൊഴിലാളികളും കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും കൃഷിരീതിയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതിനും അവസരം നൽകുന്ന ഒരു പുസ്തകമാണ് ഗോപിമണി ആർ. രചിച്ച *നെൽകൃഷിക്കാർ അറിയാൻ(2000)*രചനയിലും ഉള്ളടക്കത്തിലും ഭാഷാപ്രയോഗത്തിലും സാക്ഷരതാസാഹിത്യത്തിന്റെ ലക്ഷ്യത്തെ സാക്ഷാത്ക്കരിക്കുന്ന ഒരു സൃഷ്ടിയാണിത്. നെൽകൃഷിക്കാരുടെ ഇടയിൽ പ്രയോഗത്തിലുള്ള പദങ്ങൾതന്നെ രചനയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. ശാസ്ത്രീയമായി കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും കൃഷിക്കാരുടെ ഇടയിൽ ഉപയോഗിക്കുന്ന ഭാഷാരീതി തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്.

*കാർഷികോത്പന്നങ്ങളുടെ സംസ്കരണവും സംരക്ഷണവും(2000)*[38] :

കൃഷിസാക്ഷരതയുമായി ബന്ധപ്പെടുത്തി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ പുസ്തകമാണ് സുനിൽകുമർ ടി.കെ രചിച്ച *കാർഷികോത്പന്നങ്ങളുടെ സംസ്കരണവും സംരക്ഷണവും(2000).* വിവിധ തരത്തിലുള്ള കാർഷികോത്പന്നങ്ങൾ കേടുകൂടാതെ കൂടുതൽനാൾ എങ്ങനെ സൂക്ഷിക്കാം എന്നതിലേക്ക് വെളിച്ചം വീശുന്നതാണ് ഈ പുസ്തകം. തങ്ങൾക്ക് നിത്യപരിചിതമായ കാർഷികോത്പ്പന്നങ്ങളുടെ സംസ്ക്കരണത്തെ സംബന്ധിച്ചും സംരക്ഷണത്തെ സംബന്ധിച്ചും കൂടുതൽ അറിവ് നൽകുന്നതോടൊപ്പം വായനാശീലം വർദ്ധിപ്പിക്കാനും ഈ പുസ്തകം ഉപകരിക്കും.

കൊപ്ര, അടയ്ക്ക, കശുവണ്ടി, കാപ്പി, കൊക്കോ, റബ്ബറ്, നെൽവിത്ത്, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി വിത്തുകൾ, കൂൺ, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, വാനില തുടങ്ങിയവ സംസ്ക്കരിച്ച് സംരക്ഷിക്കുന്നതിലേക്കുള്ള സാമാന്യ അറിവ് മാത്രം നൽകാൻ ഉദ്ദേശിച്ചുള്ള

സാഹിത്യസൃഷ്ടിയാണിത്. കാലഘട്ടത്തിന് യോജിച്ച വിഷയവും സാധാരണക്കരന് ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷയുമാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. കൃഷി കൂടുതൽ ലാഭകരമാക്കുന്നതിന് കാർഷികോത്പന്നങ്ങളുടെ സംസ്കരണവും സംരക്ഷണവും അത്യന്താപേക്ഷിതമാണ്.

*വാഴക്കൃഷി(2001)*[39] : ജീവിതത്തിൽ എന്നെങ്കിലും ഒരു വാഴ നടാത്തവരായി ആരെങ്കിലുമുണ്ടോയെന്ന് ആശ്ചര്യപ്പെട്ടേക്കാം. എന്നാൽ വാഴ വളരുമ്പോൾ സ്വീകരിക്കേണ്ട പരിചരണങ്ങൾ എന്തായിരിക്കുമെന്ന് വലിയ നിശ്ചയമുണ്ടാകാൻ ഇടയില്ല. വാഴയ്ക്ക് എപ്പോൾ വളം ഇടണം, ഏതുസമയത്താണ് വാഴ നടാൻ പറ്റുന്നത് എന്നതിലേക്ക് വെളിച്ചം വീശുന്ന ഒരു ലഘുപുസ്തകമാണ് ഗോപി മണി ആർ. രചിച്ച വാഴക്കൃഷി. വാഴപ്പഴത്തിന്റെ രുചിഭേദത്തിനു കാരണം വളം ഇടുന്നതിലുള്ള ശരിയായ അറിവില്ലായ്മ മൂലമാണെന്ന കാര്യംപോലും ഈ ലഘുപുസ്തകത്തിലൂടെ ജനമനസ്സുകളിൽ എത്തിക്കുന്നു. നിസ്സാരമായ വാഴക്കൃഷിയിൽപ്പോലും ശാസ്ത്രീയ സമീപനം സ്വീകരിച്ചില്ലെങ്കിൽ പരാജയം സംഭവിക്കുമെന്ന അവബോധം സാധാരണ ജനങ്ങളിൽ ജനിപ്പിക്കാൻ ഈ പുസ്ത കത്തിനു കഴിയും. അവതരണ രീതിയിലും പദങ്ങൾ തെരഞ്ഞെടുക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്ന ഗ്രന്ഥകർത്താവ് ഒറ്റയിരുപ്പിൽ വായിച്ചു തീരുന്ന തരത്തിലാണ് കാര്യങ്ങൾ പറയുന്നത്.

*ഒട്ടുചെടിവളർത്തൽ(1999)*[40] : ഉത്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനായി തൈകൾ പരസ്പരം ഒട്ടിച്ചു ചേർത്ത് വളർത്തുന്ന രീതി ഇന്ന് പ്രചാരത്തിലുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ച സാമാന്യജ്ഞാനം പോലും ഭൂരിപക്ഷം കർഷകർക്കുമില്ല. ഇതു സംബന്ധിച്ച പ്രാഥമിക അറിവ് നൽകാൻ കഴിയുന്ന ഒരു ലഘുപുസ്തകമാണ് രവിവർമ്മ ആർ. ടി.യുടെ *ഒട്ടുചെടിവളർത്തൽ(1999).* ചുരുങ്ങിയ വാക്കുകളിൽ സങ്കീർണ്ണമായ ആശയം ലളിതമായി ആവിഷ്ക്കരിക്കാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. ഒട്ടുചെടി യുടെ ഉത്പാദനവും വിപണനവും പ്രധാനപ്പെട്ട ഒരു മേഖലയായി കാർഷിക

രംഗം വളർന്നുകൊണ്ടിരിക്കുകയാണ്. സാധാരണ കൃഷിക്കാർക്കു പോലും ഒരു പ്രധാന തൊഴിലായി ഇതിനെ സ്വീകരിക്കാൻ കഴിയും. സാധാരണക്കാരിൽ ഒട്ടുചെടിയുടെ ബാലപാഠങ്ങൾ പഠിപ്പിക്കാൻ ഈ പുസ്തകത്തിനു തീർച്ചയായും കഴിയും. ചുരുങ്ങിയ വാക്കുകളിൽ സങ്കീർണ്ണമായ ആശയം ലളിതമായി ആവിഷ്ക്കരിക്കാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. തുടർവിദ്യാഭ്യാസ പുസ്തകങ്ങൾക്ക് ഏതെല്ലാം മേഖലയിലേക്ക് കടക്കാൻ കഴിയും എന്നതിന്റെ തെളിവാണ് ഈ പുസ്തകം.

[41] *വനവൃക്ഷങ്ങൾ കൃഷിയും പരിപാലനവും(2000) :* വനവൃക്ഷങ്ങളായ തേക്ക്, പെരുമരം, മുളകൾ, പീലിവാക, താന്നി, മാഞ്ചിയം, ആര്യവേപ്പ്, ആഞ്ഞിലി, മഹാഗണി, വെള്ളപ്പയിൻ എന്നിവ കൃഷിഭൂമിയിലും ആദായകരമായി വളർത്താൻ കഴിയുമെന്ന ആശയമാണ് അനൂപ് ഇ.വി. തന്റെ *വനവൃക്ഷങ്ങൾ കൃഷിയും പരിപാലനവും(2000)* എന്ന പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നത്. നാട്ടിൻപുറങ്ങളിലെ കൃഷിക്കാർക്ക് പുതിയ അറിവ് നൽകാൻ ഈ പുസ്തകത്തിലൂടെ കഴിയുന്നു.ഫോറസ്ട്രി (വനശാസ്ത്രം) എന്ന വിജ്ഞാന മേഖലയെ സാധാരണക്കാർക്ക് പരിചയപ്പെടുത്തുന്ന ഒരസാധാരണ പുസ്തകമാണിത്. പുസ്തകത്തിന്റെ വലിപ്പത്തെക്കാൾ വായനക്കാർക്ക് പുതിയ മേഖലകൾ കാട്ടിക്കൊടുക്കാൻ ശ്രമിക്കുന്നു എന്നതാണ് ഈ പുസ്കത്തിന്റെ പ്രത്യേകത.

വനത്തിൽ വളരുന്ന വൃക്ഷങ്ങളാണ് വനവൃക്ഷങ്ങൾ എന്ന സാധാരണ ധാരണയ്ക്കു മാറ്റം വരുത്താൻ ഈ പുസ്തകത്തിനു കഴിയുന്നു. സാധാരണ പുരയിടങ്ങൾ വെറുതെയിടാതെ ബുദ്ധിപരമായ സമീപനത്തിലൂടെ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ കഴിഞ്ഞാൽ വൻ സാമ്പത്തികനേട്ടം കൃഷിക്കാർക്ക് കൈവരിക്കാൻ കഴിയും. സാധാരണ കൃഷിക്കാർക്ക് അന്യമായ വിഷയം അവർക്ക് മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലും അവതരിപ്പിച്ചിരിക്കുന്നു.

*തെങ്ങുകൃഷി(2000)*[42] : കൃഷിസാക്ഷരതയുമായി ബന്ധപ്പെടുത്തി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ *തെങ്ങുകൃഷി(2000)* എന്ന പുസ്തകത്തിലൂടെ തെങ്ങുകൃഷിയുടെ പുതിയ സമീപനങ്ങൾ നായർ ആർ.ആർ. വ്യക്തമാക്കുന്നു. കേരളീയർക്ക് ചിരപരിചിതമായ തെങ്ങുകൃഷിയെ സംബന്ധിച്ചുള്ള ഈ പുസ്തകം മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണ്. ആശയതലത്തിനും അവതരണത്തിനും ഒരുപോലെ പ്രാധാന്യം നൽകിയിട്ടുള്ള ഈ പുസ്തകത്തിലെ ഭാഷ ലളിതമാണ്. വയലുകൾ വൻതോതിൽ നികത്തുന്ന ഒരു കാലഘട്ടത്തെക്കൂടി മുന്നിൽകണ്ടുള്ള രചനയെന്നും ഈ പുസ്തകത്തെ വിശേഷിപ്പിക്കാം.

കേരം തിങ്ങും കേരളനാട് എന്ന വിശേഷണം അന്യമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തെങ്ങ് കൃഷി ലാഭകരമായി എല്ലാ മേഖലയിലും നടത്താൻ കഴിയുമെന്ന സന്ദേശം പ്രചരിപ്പിക്കാൻ ഈ പുസ്തകത്തിനു കഴിയും. തെങ്ങ് കൃഷിയിലേക്ക് കേരളീയരെ മടക്കിക്കൊണ്ടുവരാൻ കഴിയുന്ന സാഹിത്യ സമീപനമെന്ന നിലയിൽ ഈ പുസ്തകം വളരെ പ്രാധാന്യം അർഹിക്കുന്നു. കൃഷിക്കാരുടെ ഇടയിൽ കടന്നു ചെല്ലാൻ കഴിയുന്ന ഒരു നല്ല നവസാക്ഷരപുസ്തകമാണിത്.

*ടിഷ്യൂകൾച്ചർ(1999)*[43] : ശാസ്ത്രത്തിന്റെ വളർച്ചയുടെ പ്രതീകമായി നിലകൊള്ളുന്ന ടിഷ്യൂകൾച്ചർ എന്ന ആശയത്തെ സംഭാഷണ രൂപേണ അവതരിപ്പിക്കാനുള്ള നമ്പൂതിരി എ.എൻ. നടത്തിയ ശ്രമം അത്യന്തം വിജയപ്രദമാണ്. സാക്ഷരതാസാഹിത്യത്തിന്റെ മർമ്മം കണ്ടറിഞ്ഞ അവതരണ രീതിയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ജോൺ സാർ, അപ്പുക്കുട്ടൻ, രാധാ ടീച്ചർ എന്നീ മൂന്ന് കഥാപാത്രങ്ങളിലൂടെ ടിഷ്യൂകൾച്ചർ എന്ന ശാസ്ത്രീയമായ വലിയൊരാശയം സാമാന്യവത്ക്കരിക്കുന്നതിനുള്ള തീവ്രമായ ശ്രമം വിജയിച്ചിരിക്കുകയാണ്. അവതരണരീതിയിലും ഭാഷാപ്രയോഗത്തിലും

നവസാക്ഷരർക്ക് അനുയോജ്യമാണ് ഈ പുസ്തകം. ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ അനന്തസാദ്ധ്യതകളെ ലളിതമായി സാധാരണക്കാരിൽ എത്തിക്കാൻ കഴിയുന്ന തരത്തിലാണ് ഈ പുസ്തകത്തിന്റെ രചന. കൃഷിയുടെ അനന്തമായ പുരോഗതിയ്ക്ക് വാതിൽ തുറക്കാൻ കഴിയുന്നതാണ് ടിഷ്യു കൾച്ചർ എന്ന് സാധാരണക്കരിൽ എത്തിക്കൻ കഴിയുന്ന തരത്തിൽ വിഭാവനം ചെയ്ത ഒരു പുസ്തകമാണിത്.

കമ്പൊടിച്ച് കുഴിച്ചു വയ്ക്കുന്ന സങ്കേതത്തിന്റെ പരിഷ്ക്കരിച്ച പതിപ്പാണ് ടിഷ്യു കൾച്ചർ. ഇലയോ, തണ്ടോ, പൂവോ, വേരോ ചെറിയ കഷണങ്ങളാക്കി പരീക്ഷണശാലകളിൽ സ്ഫടികപാത്രത്തിലിട്ട് ചെടികൾ ഉണ്ടാക്കിയെടുക്കുന്ന രീതിയാണിത്. ലബോറട്ടറികളിലാണ് ടിഷ്യു കൾച്ചർ ചെയ്യുന്നത്. ഒരു ചെടിയിൽ നിന്ന് ലക്ഷക്കണക്കിനോ വേണമെങ്കിൽ കോടിക്കണക്കിനോ ശരിപ്പകർപ്പുകളെ സൃഷ്ടിക്കാൻ കഴിവുണ്ട് ഈ സാങ്കേതിക വിദ്യയ്ക്ക്. ആശയത്തിന്റെ ഗാഭീര്യത്തിന് കോട്ടം തട്ടാതെ തികഞ്ഞ ഗൗരവത്തോടെ അനുവാചകനിൽ വിഷയം എത്തിക്കാൻ രചയിതാവിന് കഴിഞ്ഞിട്ടുണ്ട്.

*മണ്ണിരവളം*[44]*(2000)* : രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗത്തിലൂടെ ജീവൻ നഷ്ടപ്പെട്ട മണ്ണിന്റെ ജൈവസ്വഭാവം നിലനിർത്താൻ മണ്ണിരവളത്തിനു കഴിയും . മണ്ണിരവളം കൂടുതലായി എങ്ങനെ ഉത്പാദിപ്പിക്കാം എന്നതിലേക്ക് വെളിച്ചം വീശുന്ന ഒരു ചെറിയപുസ്തകമാണ് നിമി ജോർജ് രചിച്ച *മണ്ണിരവളം(2000)*.മണ്ണിരവള നിർമ്മണം ഒരു തൊഴിലായി സ്വീകരിക്കാവുന്നതുമാണ്. സാധാരണക്കാർക്കും കൃഷിക്കാർക്കും കാര്യമായി വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കും ഒരുപോലെ വായിച്ച് കാര്യം ഗ്രഹിക്കാൻ കഴിയുന്ന തരത്തിലാണ് പുസ്തകരചന. കാര്യമായ സാമ്പത്തിക ബാദ്ധ്യതയില്ലാതെ പാഴ്വസ്തുക്കളിൽ നിന്നും മണ്ണിരവളം നിർമ്മിച്ച് ലാഭകരമായ നിലയിൽ കൃഷി നടത്താൻ കഴിയുമെന്ന അവബോധം

സാധാരണ ഗ്രാമീണ കൃഷിക്കാരിൽ വളർത്താൻ ഈ പുസ്തകത്തിനു കഴിയും. ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ലോക മാർക്കറ്റിൽ വൻസാദ്ധ്യതകളാണ് ഇന്നുള്ളത്. കൃഷിയുടെ വളർച്ചയ്ക്കും പരിസ്ഥിതി മലിനീകരണത്തിൽ നിന്നുള്ള മോചനത്തിനും മണ്ണിരവള നിർമ്മാണം അനിവാര്യമാണ്. തുടർവിദ്യാകേന്ദ്രങ്ങളിലൂടെയും വികസനവിദ്യാ കേന്ദ്രങ്ങളിലൂടെയും നടത്തുന്ന മണ്ണിരവള നിർമ്മാണ പരിശീലന പരിപാടിക്ക് കൈപ്പുസ്തകമായി ഈ പുസ്തകത്തെ പരിഗണിക്കാൻ കഴിയും.

*വീട്ടുവളപ്പിലെ കുരുമുളകു കൃഷി(2000)*[45] : ലോകരാഷ്ട്രങ്ങളുടെ ഇടയിൽ കേരളത്തിന് പേരും പെരുമയും സൃഷ്ടിച്ചത് കറുത്തപൊന്നെന്ന അപരനാമത്തിൽ അറിയപ്പെടുന്ന കുരുമുളകിലൂടെയാണ്. കുരുമുളകു ചെടിയെ സംബന്ധിച്ചും കൃഷിരീതികളെ സംബന്ധിച്ചും സാധാരണ ജനങ്ങൾക്ക് അറിവ് നൽകാൻ കഴിയുന്ന തരത്തിൽ തോമസ് എം.ജെ. രചിച്ചിട്ടുള്ള പുസ്തകമാണ് വീട്ടുവളപ്പിലെ കുരുമുളകുകൃഷി(2000). ആത്മാർത്ഥതയുള്ള ഒരു കൃഷി ആഫീസറുടെ പ്രസംഗം പോലുണ്ട് പുസ്തകം. കേരളത്തിലെ ഗ്രാമീണ അന്തരീക്ഷത്തിൽ കുരുമുളകു ചെടി വളർത്തൽ പുതുമയുള്ളതല്ല. വളരെ ശാസ്ത്രീയമായി ചെയ്യേണ്ട ഒരു കൃഷിയാണ് കുരുമുളകു ചെടി വളർത്തൽ എന്ന് ഈ പുസ്തകത്തിലൂടെ കണ്ടെത്താൻ കഴിയുന്നു. കാര്യമായ അദ്ധ്വാനമോ പണംമുടക്കോ ഇല്ലാതെ ലാഭകരമായ രീതിയിൽ കുരുമുളകു ചെടികൾ വീട്ടുവളർപ്പിൽ വളർത്താൻ കഴിയുമെന്ന് ലളിതഭാഷയിൽ ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു. അവതരണ ശൈലി സാക്ഷരതാ സാഹിത്യത്തിന് യോജിച്ചതല്ല.

കേരളീയരായ കൃഷിക്കാരുടെയും തുടർവിദ്യാഭ്യാസ പഠിതാക്കളുടെയും നിലവിലുള്ള അറിവ് വർദ്ധിപ്പിക്കാൻ കഴിയുന്നതോടൊപ്പം കൂടുതൽ അറിവ് നേടാനുള്ള ആഗ്രഹം ജനിപ്പിക്കാനും ഈ സാഹിത്യസൃഷ്ടികൾക്ക് കഴിയുന്നു. കേവല വിനോദത്തിനപ്പുറം വിജ്ഞാനത്തിനു സ്ഥാനം നൽകാനും

ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കാനും വരുമാനമാർഗ്ഗം സൃഷ്ടിക്കാനും ഈ സാഹിത്യരൂപത്തിലൂടെ കഴിയുന്നു. മലയാളികളുടെ പ്രധാന തൊഴിൽ കൃഷിയാണ്. കൃഷിയിൽ കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ അറിവുകൾ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിസാക്ഷരതയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ രചിച്ചിട്ടുള്ളത്.

*4 : 6 പാർപ്പിടസാക്ഷരത :* മനുഷ്യജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങളാണ് ആഹാരം, വസ്ത്രം, പാർപ്പിടം. മനുഷ്യന് അന്തിയുറങ്ങാൻ ഒരു കൂര എന്ന സങ്കൽപ്പത്തിന് എത്രയോ കാലപ്പഴക്കമുണ്ട്. കേരളത്തിൽ അത് പൂർണ്ണമായും നേടാൻ ഇന്നും കഴിഞ്ഞിട്ടില്ല. വളരുന്ന സമൂഹത്തിന് പാർപ്പിടസാക്ഷരത അത്യാവശ്യമാണ്. ജനങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച് പ്രകൃതിയ്ക്ക് യോജിച്ചതും സാമ്പത്തിക സ്ഥിതിക്ക് അനുയോജ്യവുമായ വീട് നിർമ്മിക്കാൻ പാർപ്പിട സാക്ഷരത അനിവാര്യമാണ്. ഇത്തരത്തിലുള്ള ചിന്തയുടെയും പഠനത്തിന്റെയും ഫലമാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി തുടക്കം കുറിച്ച പാർപ്പിടസാക്ഷരതാ പരിപാടി.

*ചെലവ്കുറച്ച് എങ്ങനെ വീട് പണിയാം(1999)*[46] : മനുഷ്യന് അന്തിയുറങ്ങാൻ വീട് ആവശ്യമാണ്. കുടിൽ മുതൽ കൊട്ടാരംവരെയെന്ന ശൈലി മലയാളിക്ക് ചിരപരിചിതമാണ്. സാമ്പത്തികശേഷി കുറഞ്ഞ നവസാക്ഷരർക്ക് പാർപ്പിടസാക്ഷരത നേടേണ്ടത് അനിവാര്യമാണ്. ഇതിനായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ പുസ്തകമാണ് വർഗീസ് സി.എസ്.ന്റെ *ചെലവുകുറച്ച് എങ്ങനെ വീടു പണിയാം(1999).* വീടുപണിയുന്നതിനു മുമ്പു തന്നെ തന്റെ കൈയിലുള്ള പണവും, നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടിന്റെ ചെലവും തമ്മിൽ താരതമ്യം ചെയ്യണം അല്ലെങ്കിൽ പണിതീരാത്ത വീടായി അത് നിലകൊള്ളും. ഈ സാമാന്യതത്ത്വം ഈ പുസ്തകത്തിലൂടെ ലളിതമായി അവതരിപ്പിക്കുന്നു.

പരിസ്ഥിതിക്ക് ഇണങ്ങുന്നതും കേരളത്തിലെ കാലാവസ്ഥയ്ക്കു യോജിച്ചതും ഭൂപ്രകൃതി കണക്കിലെടുത്തും സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും ഉറപ്പും വെടിപ്പുമുള്ള ഗൃഹനിർമ്മാണശൈലി സാധാരണക്കാരിൽ എത്തിക്കാൻ പാർപ്പിടസാക്ഷരത യിലൂടെ കഴിയും. ഒരു വീട് നിർമ്മിക്കുമ്പോൾ സാങ്കേതികമായും ശാസ്ത്രീയമായും അറിഞ്ഞിരിക്കേണ്ട പലകാര്യങ്ങളുമുണ്ട് . എന്നാൽ തുടർവിദ്യാഭ്യാസ പഠിതാവിൽ ഇത്തരം കാര്യങ്ങൾ പെട്ടെന്ന് ഉറപ്പിക്കാൻ കഴിയുന്ന തരത്തിലായില്ല പുസ്തകരചന. ഒട്ടേറെ ശാസ്ത്രീയമായും സാങ്കേതികമായും കാര്യങ്ങൾ കുത്തിത്തിരുകിയ ഒരു രചനയായി മാത്രമേ ഇതിനെ കാണുവാൻ കഴിയൂ. ഈ പുസ്തകം തുടർവിദ്യാഭ്യാസ രചനകളിൽ ഉൾപ്പെടുത്താൻ കഴിയില്ല. പാർപ്പിട സാക്ഷരതയുമായി ബന്ധപ്പെട്ട് കൂടുതൽ പുസ്തകങ്ങൾ സാക്ഷരതാമിഷൻ പുറത്തിറക്കണം.

*4 : 7 പാരമ്പര്യസാക്ഷരത* : നമ്മുടെ പാരമ്പര്യത്തെ അറിയുവാനും പഠിക്കുവാനും പങ്കുവയ്ക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുകയാണ് തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായുള്ള പാരമ്പര്യസാക്ഷരതകൊണ്ട് ഉദ്ദേശിക്കുന്നത്.

*പാരമ്പര്യ സാക്ഷരത(2000)*[47] *: കഴിഞ്ഞകാല കേരളത്തിലേക്ക് ഒരെത്തിനോട്ടം* നടത്താൻ നവസാക്ഷരനും കഴിയുന്ന തരത്തിലാണ് ശശിഭൂഷൺ എം.ജി. *പാരമ്പര്യസാക്ഷരത(2000)* എന്ന പുസ്തകം രചിച്ചിട്ടുള്ളത്. ഗുഹാചിത്രങ്ങൾ, ചരിത്രസ്മാരകങ്ങൾ, പള്ളികൾ, കോട്ടകൾ എന്നിവയിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുവാൻ കഴിയുന്ന തരത്തിലാണ് രചന. പുരാവസ്തു ചരിത്രഗവേഷകരുടെ മേഖലയെന്ന് മാറ്റിനിർത്തുന്ന ഈ രംഗത്തേക്ക് നവസാക്ഷരർ പോലും കടന്നുചെല്ലാനും കൂടുതൽ അറിവുകൾ നേടാനും ഈ പുസ്തകത്തിനു കഴിയുന്നു. ഭൂതകാലാരാധനയോ അനുകരണമോ അല്ല പാരമ്പര്യസാക്ഷരതയുടെ ലക്ഷ്യം. നമ്മുടെ പൂർവ്വികർക്കു സംഭവിച്ച തെറ്റുകൾ

കണ്ടെത്തുകയും സമകാലിക ജീവിതത്തിൽ സമാനമായ പാളിച്ചകൾ ആവർത്തിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുകയാണ് പാരമ്പര്യസാക്ഷരതയുടെ ലക്ഷ്യം.നാം ജീവിക്കുന്ന പ്രദേശം വിഭിന്ന വിശ്വാസികൾക്ക് സഹവർത്തിത്ത്വത്തോടെയും സമാധാനത്തോടെയും ജീവിക്കാനുള്ളതാണെന്ന സന്ദേശത്തിന്റെ പ്രചരണവും പാരമ്പര്യസാക്ഷരത യുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ആഗോളവത്ക്കരണത്തിന്റെയും വിവരസാങ്കേതികവിദ്യയുടെയും മറവിൽ നാട്ടറിവുകളും പ്രാദേശിക പൈതൃകങ്ങളും ചവിട്ടി മെതിക്കപ്പെടുന്നത് തടയുവാനും പാരമ്പര്യസാക്ഷരതയെ ഉപയോഗിക്കാവുന്നതാണ്. ലളിതവും ശാസ്ത്രീയവുമായ സമീപനമാണ് രചനയിൽ ഗ്രന്ഥകർത്താവ് സ്വീകരിച്ചിരിക്കുന്നത്. തുടർവിദ്യാഭ്യാസരംഗത്തെ ഒരു നൂതനആശയമാണ് പാരമ്പര്യസാക്ഷരത. ഗവേഷകരുടെയും ഉന്നതവിദ്യാഭ്യാസം നേടിയവരുടെയും മേഖലകളിൽ മാത്രം ചർച്ച ചെയ്യുന്ന വിഷയമാണ് പാരമ്പര്യസാക്ഷരതയെന്ന ചിന്താഗതിയെ മാറ്റിമറിക്കാൻ പാരമ്പര്യസാക്ഷരതയെന്ന രചനയിലൂടെ കഴിയുന്നു.

*4 : 8 നിയമ സാക്ഷരത:* നിയമങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ സമൂഹത്തെ പല തെറ്റിലേക്കും നയിക്കും. ഏതൊരു രാജ്യത്തിന്റേയും നിലനിൽപ്പ് ആ രാജ്യത്തെ നിയമങ്ങൾ ജനങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിലൂടെയാണ്. നിയമങ്ങൾ ജനങ്ങൾ അറിഞ്ഞിരുന്നാൽ മാത്രമേ അവകാശങ്ങളെയും കടമകളേയും സംബന്ധിച്ച് ഓരോരുത്തർക്കും ബോദ്ധ്യമുണ്ടാവുകയുള്ളു. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നിയമസാക്ഷരതയുമായി ബന്ധപ്പെടുത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[48]

*ജനനീതി (2000) :* നിയമനിർമ്മാണ സഭയാണ് നിയമസഭ. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ചുമതല ഗവൺമെന്റുകൾക്കാണ്. അതിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കേണ്ട ഉത്തരവാദിത്വം നിയമ സഭയ്ക്കാണുള്ളത്. നിയമസഭയിൽ തന്നെ പലതരത്തിലുള്ള കമ്മറ്റികൾ ഉണ്ട്.

അവയിൽ ഒന്നാണ് പെറ്റീഷൻ കമ്മറ്റി. ജനങ്ങളുടെ പരാതി സ്വീകരിക്കാനും പരിഹാരം പെട്ടെന്ന് നിർദ്ദേശിക്കാനും കഴിയുന്ന പെറ്റീഷൻ കമ്മറ്റിയുടെയും ഇതര കമ്മറ്റികളുടേയും നടപടിക്രമങ്ങൾ പ്രതിപാദിക്കുന്നതാണ് ജോർജ് പി.സി. രചിച്ച *ജനനീതി(2000)* എന്ന പുസ്തകം.നിയമസഭാ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് ഈ പുസ്തകത്തിന്റെ രചന.സാങ്കേതികവും നിയമപരവുമായ വിഷയങ്ങൾ നിയമസഭാംഗങ്ങളുടെ ലോകത്തുനിന്നും നവസാക്ഷരനിലേക്ക് പകരാൻ ഗ്രന്ഥ കർത്താവ് നടത്തുന്ന ശ്രമം വിജയിച്ചിട്ടുണ്ട്.നിയമസഭാ നടപടിക്രമമങ്ങളുടെ മലയാളം പരിഭാഷ വായിച്ചാൽ ഒന്നും മനസ്സിലാകാൻ കഴിയാത്തപ്പോൾ ജനങ്ങൾക്ക് മനസ്സിലാകുന്ന തരത്തിൽ പുസ്തകം രചിക്കാൻ ഗ്രന്ഥകർത്താ വിന് കഴിഞ്ഞു എന്നതാണ് ഇതിന്റെ പ്രത്യേകത. വളരെ പെട്ടെന്ന് വായിച്ച് കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുന്ന തരത്തിൽ വിഷയം അവതരിപ്പിക്കുന്നു. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ ഒരു മുതൽക്കൂട്ടാണ് ഈ പുസ്തകം.

[49] *പോലീസും ജനങ്ങളും(1999) :* പോലീസിന്റെ പ്രവർത്തനങ്ങളും പോലീസുമായി ബന്ധപ്പെട്ട് ജനങ്ങളുടെ അവകാശങ്ങളും പോലീസും ജനങ്ങളും തമ്മിൽ സൗഹൃദം നഷ്ടപ്പെടാനുള്ള കാരണവും സാമാന്യമായി ചർച്ച ചെയ്യുന്ന പുസ്തകമാണ് ജേക്കബ് തോമസ് രചിച്ച *പോലീസും ജനങ്ങളും(1999).* പേടിപ്പെടുത്തുന്ന കഥാപാത്രങ്ങളും ഉന്നതന്മാരുടെ ആജ്ഞാനുവർത്തികളുമായി സാധാരണ ജനങ്ങൾ പോലീസുകാരെ നോക്കിക്കാണുന്നു. പോലീസിന്റെ യഥാർത്ഥ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് ലളിതമായി വിവരിക്കുകയാണ് ഈ പുസ്തകത്തിലൂടെ ജേക്കബ് തോമസ് ചെയ്തിരിക്കുന്നത്. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പുസ്തകം രചിക്കാൻ കഴിഞ്ഞതിനോടൊപ്പം വിഷയം വസ്തുനിഷ്ഠമായി അവതരിപ്പി ക്കാനും കഴിഞ്ഞിട്ടുണ്ട്.പോലീസ്പീഡനം എന്നവാക്ക് സർവ്വസാധാരണമാണ്.

പോലീസ് എന്നു കേൾക്കുമ്പോഴേ സാധാരണ ജനങ്ങൾക്ക് ഭയമാണ് ജനിക്കുന്നത്. നിയമത്തെ സംബന്ധിച്ച ശരിയായ അറിവില്ലായ്മ ജനങ്ങൾക്കും പോലീസിനും ഒരുപോലെ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇതിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്ന തരത്തിലാണ് പുസ്തക രചന.

50

*പോലീസിനെ അടുത്തറിയുമ്പോൾ(1999) :* പോലീസിനെക്കുറിച്ചും പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അറിവ് നൽകാൻ പര്യാപ്തമായ ഒരു ലഘുപുസ്തകമാണ് ജേക്കബ് തോമസ് രചിച്ച *പോലീസിനെ അടുത്തറിയുമ്പോൾ(1999).* പോലീസിനെ എങ്ങനെ തിരിച്ചറിയാം, പോലീസ് വിഭാഗങ്ങൾ ഏതൊക്കെ, പോലീസ് സ്റ്റേഷനിൽ ജനങ്ങൾക്കുള്ള അവകാശങ്ങൾ, പോലീസ് സ്റ്റേഷനിൽ പരാതിക്കാരുടെ ആവശ്യം പരിഹരിച്ചില്ലെങ്കിൽ ചെയ്യേണ്ട കാര്യങ്ങൾ, പോലീസ് സ്റ്റേഷനിൽ പരാതികൊടുക്കുമ്പോൾ പരാതിയിൽ ചേർക്കേണ്ട വിവരങ്ങൾ തുടങ്ങി ഒരു സാധാരണ പൗരൻ അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ ആധികാരികമായി തന്നെ ജേക്കബ് തോമസ് ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നു.

വായനക്കാരന് പെട്ടെന്ന് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് രചന. ആശയത്തിന്റെ ഗൗരവം ചോർന്നുപോകാതെ നവസാക്ഷരനിൽ പോലീസിനെ സംബന്ധിച്ച ശരിയായ അറിവ് ഊട്ടിയുറപ്പി ക്കാൻ കഴിയുന്ന തരത്തിലാണ് ഗ്രന്ഥകർത്താവ് രചന നടത്തിയിരിക്കുന്നത്. സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയാത്ത ഒട്ടേറെ സാങ്കേതികപദങ്ങൾ കടന്നുവരാവുന്ന അവസരങ്ങളിൽ ലളിതമായ പരിചിതപദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. താൻ ആർക്കുവേണ്ടിയാണ് പുസ്തകം രചിക്കുന്ന തെന്നും മുൻകൂട്ടി തീരുമാനമെടുത്തശേഷം തയാറാക്കിയ രചനാ സമ്പ്രദായം തന്നെയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.സാധാരണക്കാരായ തുടർവിദ്യാഭ്യാസ പഠിതാക്കൾക്കും നവസാക്ഷരർക്കും ഈ പുസ്തകം പ്രയോജനകരമാണ്.

[51]*നിയമസംരക്ഷണം സ്ത്രീകൾക്ക് (1999) :* സ്ത്രീകൾക്കായി സമൂഹത്തിൽ ഒട്ടേറെ നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ച് വനിതകളും സാധാരണജനങ്ങളും പലപ്പോഴും ബോധവാൻമാരല്ല. ഈ സാഹചര്യത്തിൽ *നിയമസംരക്ഷണം സ്ത്രീകൾക്ക്(1999)* എന്ന ശ്രീലേഖ. ആർ എഴുതിയ പുസ്തകം വളരെ പ്രയോജനപ്രദമാണ്. സമൂഹത്തിൽ നിന്നും സ്ത്രീകൾക്ക് ലഭിക്കേണ്ട നിയമപരിരക്ഷകളെ സംബന്ധിച്ച് ഈ പുസ്തകത്തിൽ ആധികാരികമായി വിശദീകരിക്കുന്നു.സ്ത്രീകൾ സമൂഹത്തിൽ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുന്ന തരത്തിലാണ് പുസ്തകരചന നടത്തിയിരിക്കുന്നത്. അബലകളും അശക്തകളുമായ സ്ത്രീകളെയല്ല നമുക്കാവശ്യം പ്രതിസന്ധികളിൽ തളരാതെ മന:ശക്തിയോടെ മുന്നോട്ട് കുതിക്കാൻ വെമ്പുന്ന വനിതകളെ സൃഷ്ടിക്കാനാണ് നാം മുന്നിട്ടിറങ്ങേണ്ടത്. അതിലേക്കുള്ള ആദ്യ കാൽവയ്പ്പായി നിയമസംരക്ഷണം സ്ത്രീകൾക്ക് എന്ന പുസ്തകത്തെ കാണാൻ കഴിയും. സ്ത്രീകളിൽ പ്രതികരണശേഷി വളർത്താൻ ഈ പുസ്തകം ഉപകരിക്കും. നിയമസാക്ഷരത ആവശ്യമാണെന്ന ബോധം ജനിപ്പിക്കുന്നതോടൊപ്പം തന്നെ സമൂഹത്തിൽ ഓരോരുത്തരുടെയും പങ്കെന്താണെന്ന തിരിച്ചറിവ് ഉണ്ടാക്കുന്നതിനും ഈ ലഘു ഗ്രന്ഥത്തിനു കഴിയുന്നു.

[52]*കുട്ടികളിലെ കുറ്റവാസനയും നിരക്ഷരതയും(2000) :* ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ. കുട്ടികളിലുണ്ടാകുന്ന കുറ്റവാസനകൾ സമൂഹത്തിന്റെ മാറാരോഗങ്ങളെ സൂചിപ്പിക്കുന്നു. കുട്ടികളിലെ കുറ്റവാസന ഇല്ലാതാക്കി അവരെ നേർവഴിയിലേക്ക് നയിക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ വിശദീകരിക്കുകയാണ് ജെയിംസ് വടക്കുംചേരി കുട്ടികളിലെ *കുറ്റവാസനയും നിരക്ഷരതയും(2000)* എന്ന പുസ്തകത്തിലൂടെ ചെയ്യുന്നത്. വായനയിലൂടെ അറിവ് ലഭിക്കുന്നതിനാൽ നിരക്ഷരത കുറ്റകൃത്യങ്ങൾക്ക് ഒരു കാരണമായി മാറാം. നിയമ സാക്ഷരതയുടെയും തുടർവിദ്യാഭ്യാസത്തിന്റേയും ആവശ്യകതയിലേക്ക്

വിരൽ ചൂണ്ടുന്ന ഒരു പുസ്തകം കൂടിയാണിത്. സമൂഹത്തിന്റെ എല്ലാ ചലനങ്ങളും അതിവേഗം ഉൾക്കൊള്ളുന്നവരാണ് കുട്ടികൾ. കുട്ടികളിലെ കുറ്റവാസനയും നിക്ഷരതയും നിർമ്മാർജ്ജനം ചെയ്യേണ്ടുന്ന ഉത്തരവാദിത്തം സമൂഹത്തിനു കൂടിയുണ്ട്. കുട്ടികളിൽ അക്ഷരജ്ഞാനം പകർന്നു നൽകി ചിന്താശീലമുള്ളവരാക്കി മാറ്റാൻ സാക്ഷരതാപ്രവർത്തകർ പരിശ്രമി ക്കേണ്ടതുണ്ട്. അതിലേക്ക് വെളിച്ചം വീശാൻ കഴിയുന്നതാണ് ഈ പുസ്തകം. ഭാഷയിലും അവതരണശൈലിയിലും നവസാക്ഷരർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലാണ് രചന.

*4 : 9 സാംസ്കാരിക സാക്ഷരത:* അക്ഷരങ്ങളിലൂടെയും അറിവിലൂടെയും കലയിലൂടെയും ഒരു ജനതയുടെ സാംസ്കാരിക നിലവാരം വളർത്തിയെടു ക്കാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങൾ മലയാളിക്ക് പുതുമയുള്ളതല്ല. സാംസ്കാരികസാക്ഷരതയെന്നത് പുതുമയുള്ള വാക്കാണ്. മറ്റേതുരംഗത്തെയും പോലെ സാംസ്കാരികസാക്ഷരതയും മലയാളിക്ക് ആവശ്യമാണെന്ന ബോധം സൃഷ്ടിക്കാൻ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്ത നങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്.

*അക്ഷരത്തോണി(2000)*[53] : നാട്ടിലെ സമപ്രായക്കാരായ കുട്ടികളെ അക്ഷരം പഠിപ്പിക്കാൻ ശ്രമിക്കുന്ന കുട്ടികളുടെ കഥയാണ് കേശവൻ വെള്ളിക്കുളങ്ങര *അക്ഷരത്തോണി(2000)* എന്ന പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നത്. നിരക്ഷരരെ അക്ഷരം പഠിപ്പിച്ചാൽ ഗ്രാമത്തിൽ വികസനം കൊണ്ടുവരാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരു പറ്റം കുട്ടികൾ തങ്ങൾ നടത്തുന്ന സാക്ഷരതാകേന്ദ്രത്തിൽ പഠിതാക്കളെ എത്തിക്കുന്നതും പഠിപ്പിക്കുന്നതുമായ കാര്യങ്ങൾ നാടകീയമായി അവതരിപ്പിക്കുന്നു. നവസാക്ഷരരിൽ സാക്ഷരതാപ്രവർത്തനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനും സാക്ഷരതാകേന്ദ്രം നടത്തുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നതിനും ഈ പുസ്തകം ഏറെ ഗുണകരമാണ്. നവസാക്ഷരർ

പഠനകേന്ദ്രങ്ങളിൽ എത്താൻ ഏറെ പ്രയോജനം നൽകിയ പുസ്തകമാണ് അക്ഷരത്തോണി. നാടിന്റെ വികസനത്തിനായി നിരക്ഷരരായഗ്രാമവാസികളെ അക്ഷരം പഠിപ്പിക്കുകയും അതിലൂടെ തങ്ങളുടെ ഗ്രാമത്തിന്റെ വികസനത്തിനാവശ്യമായ കാര്യങ്ങൾ നേടിയെടുക്കുകയും ചെയ്യുന്ന കുട്ടികൾ കേരളത്തിനാകെ മാതൃകയാണ്.നവസാക്ഷരർക്കും തുടർവിദ്യഭ്യാസപ്രവർത്തകർക്കും ഒരുപോലെ താത്പര്യം ജനിപ്പിക്കുന്ന അവതരണ ശൈലിയാണ് ഈ പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നത്. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ എല്ലാ സവിശേഷതകളും ഒത്തിണങ്ങിയതാണ് ഈ പുസ്തകം.

*കഥാപ്രസംഗപരിശീലനം*[54]*(2000)* : കേരളത്തിലെ ഒരു ജനകീയ കലയാണ് കഥാപ്രസംഗം. വിനോദത്തിനും ആശയപ്രചരണത്തിനും കഥാപ്രസംഗത്തെ കേരളീയർ കൂട്ടു പിടിച്ചിട്ടുണ്ട്. പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന ഈ കലയുടെ പരിശീലനത്തിൽ സ്വീകരിക്കേണ്ട സമീപനങ്ങളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്ന ഒരു പുസ്തകമാണ് ജോസഫ് കൈമാപ്പറമ്പന്റെ *കഥാപ്രസംഗ പരിശീലനം(2000).* വിദ്യാഭ്യാസ യോഗ്യതയെക്കാൾ കലാവാസനയും പ്രതിബദ്ധതയും കൈമുതലായവർക്ക് കഥാപ്രസംഗത്തിൽ ശോഭിക്കാൻ കഴിയും. തത്വചിന്തകളും ആശയപ്രചരണങ്ങളും നടത്താൻ മാത്രമല്ല ജനങ്ങളെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും കഴിയുന്ന മാധ്യമമെന്ന നിലയിലും സവിശേഷ പ്രാധാന്യം കഥാപ്രസംഗത്തിനുണ്ട്. നവസാക്ഷരർക്ക് എങ്ങനെ കഥാപ്രസംഗകനായി മാറാൻ കഴിയും എന്നതിലേക്ക് ഈ പുസ്തകം ഉൾക്കാഴ്ച നൽകുന്നു.

കഥയിലൂടെ കലയുടെ മർമ്മം കണ്ടറിയാൻ നവസാക്ഷരനെ പ്രചോദിപ്പിക്കുന്ന ഒരു പുസ്തകമാണിത്. നവസാക്ഷരനിലെ അറിവും കഴിവും വളർത്തി ചെറിയൊരു പരിശീലനത്തിലൂടെ കഥാപ്രസംഗകനാക്കി മാറ്റുവാൻ കഴിയുമെന്ന ആത്മവിശ്വാസം ഈ കൃതി നൽകുന്നു. കേരളത്തിലെ പലപ്രസ്ഥാനങ്ങളുടെയും വളർച്ചയ്ക്ക് പ്രധാനഘടകമായി ഉപയോഗിച്ചിരുന്ന ഒരു കലാരൂപമാണ് കഥാപ്രസംഗം.

*ലളിതസംഗീതം(2000)*[55] : ജാതിക്കും മതത്തിനും ഭാഷയ്ക്കും ദേശത്തിനും വർണ്ണത്തിനും ഉപരിയായി മനുഷ്യനെ ഒന്നായി തീർക്കുന്ന മാധ്യമമാണ് സംഗീതം. താള,ലയ,സ്വര വിന്യാസത്തിൽ അധിഷ്ഠിതമായ സംഗീതം മനുഷ്യന്റെ വികാരവിചാരങ്ങളെ ആനന്ദത്തിൽ ആറാടിക്കുന്നു.ലളിതസംഗീതം ആസ്വദിക്കുന്നവർക്കും ലളിതസംഗീതം പഠിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കും ഒരു പോലെ പ്രയോജനപ്രദമാണ് രവീന്ദ്രനാഥ് ജി. പെരുമ്പാവൂർ രചിച്ച *ലളിതസംഗീതം(2000)* എന്ന ലഘു പുസ്തകം. നവസാക്ഷരസമൂഹത്തിന് ഏറ്റവും അനുയോജ്യമായ രീതിയിലാണ് രചന.

സംഗീതത്തിന്റെ ബാലപാഠങ്ങൾ നവസാക്ഷരനിലേക്ക് പകരാനുള്ള ശ്രമത്തിന്റെ ആദ്യകാൽവയ്പ്പായി ഈ പുസ്തകത്തെ പരിഗണിക്കാൻ കഴിയും. സാക്ഷരതാസാഹിത്യത്തിന് ഏതെല്ലാം മേഖലയിലേക്ക് കടന്നു ചെല്ലാൻ കഴിയുമെന്നതിന്റെ തെളിവാണ് ഈ പുസ്തകം. ലളിതസംഗീത സങ്കല്പങ്ങളെ നവസാക്ഷരന് പകർന്നു നൽകാനുള്ള രചയിതാവിന്റെ പരിശ്രമം വിജയിച്ചിട്ടുണ്ട്. നമ്മുടെ സാംസ്കാരിക വളർച്ചയ്ക്ക് ഈ പുസ്തകം ഏറെ പ്രയോജനകരമാണ്.

*ചിത്രകലാപഠനം(2000)*[56] : ചിത്രകലയുടെ ശൈലികളും പ്രസ്ഥാനങ്ങളും സങ്കേതങ്ങളും വിവരിക്കുന്ന സനാതനൻ എം. രചിച്ച ലഘു പുസ്തകമാണ് *ചിത്രകലാപഠനം(2000)*. ചിത്രകലയിൽ താത്പര്യമുള്ള ഏതൊരാൾക്കും ഗുണകരമാണ് ഈ പുസ്തകം. ചിത്രകലയുടെ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള സാമാന്യ അറിവ് നൽകാൻ ഈ പുസ്തകത്തിനു കഴിയുന്നു. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി സാംസ്കാരിക സാക്ഷരതയുമായി ബന്ധപ്പെടുത്തി പ്രസിദ്ധീകരിച്ച ഈ പുസ്തകം മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ പല സവിശേഷതകളും നിറഞ്ഞതാണ്. ചിത്രകലയുടെ പ്രയോക്താക്കൾ വിദ്യാസമ്പന്നരും അല്ലത്തവരുമായവരുണ്ട്. നവസാക്ഷരർക്കും പ്രാഥമിക വിദ്യാഭ്യാസം മാത്രം

കൈമുതലായവർക്കും ഏറെ ഗുണം ചെയ്യുന്നതാണ് ഈ പുസ്തകം. ജന്മവാസനയാണ് ഒരാളെ ചിത്രകാരനാക്കുന്നത്. എന്നാൽ പ്രായോഗിക പരിശീലനം ആവശ്യമുള്ള ഒരു ലളിതകലകൂടിയാണ് ചിത്രകല. ചിത്രകലയുടെ വിവിധ ശൈലികളെയും പ്രസ്ഥാനങ്ങളെയും സങ്കേതങ്ങളെയും പരിചയപ്പെടുത്തുന്ന ഈ ലഘുപുസ്തകം ചിത്രകലാ പരിശീലനത്തിനുള്ള കൈപ്പുസ്തകമായി പരിഗണിക്കാവുന്നതാണ്. നവസാക്ഷരനിൽ ചിത്രകലാപഠനശേഷി വളർത്താൻ പര്യാപ്തമായ തരത്തിലാണ് പുസ്തക രചന. ചിത്രകലയുടെ അടിസ്ഥാന സങ്കല്പങ്ങൾക്ക് കോട്ടംതട്ടാതെ ലളിതഭാഷയിൽ വിഷയം അവതരിപ്പിക്കാൻ കഴിഞ്ഞതിലൂടെ ഈ പുസ്തകം ജനകീയമായി മാറും. നവസാക്ഷരരോട് ഗ്രന്ഥകർത്താവ് നീതിപുലർത്താൻ ശ്രമിച്ചിട്ടുണ്ട്.

57

*ശേഷം വെള്ളിത്തിരയിൽ(1999)* : മലയാള സിനിമാ നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും വിവിധ വശങ്ങളിലേക്ക് അനുവാചകരുടെ ശ്രദ്ധക്ഷണിക്കുന്ന പുസ്തകമാണ് സത്യൻ അന്തിക്കാടിന്റെ *ശേഷം വെള്ളിത്തിരയിൽ(1999).* സിനിമയിൽ ഓരോരുത്തരും അനുഭവിക്കുന്ന പ്രയാസങ്ങളും ഓരോ രംഗത്തും അവർ എത്താനുണ്ടായ കാര്യങ്ങളും ഇവിടെ വിവരിക്കുന്നു. നാം മനസ്സിൽ കാണുന്ന ഗ്ലാമർ സംസ്കാരം എങ്ങനെ രൂപപ്പെടുന്നുവെന്ന് സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഈ പുസ്തകം ഉപകരിക്കും. ഉദാഹരണങ്ങളുടെ പിൻബലത്തിൽ സരസമായി വിഷയങ്ങൾ അവതരിപ്പിച്ച് വായനക്കാരെ കൂടെക്കൊണ്ടുപോകാൻ രചയിതാവിനു കഴിഞ്ഞിട്ടുണ്ട്. വിഷയത്തെ ഭാവനാപൂർണ്ണമായി വരച്ചുകാട്ടുന്നതിലൂടെ വായനക്കാർക്ക് മനസ്സിൽ പതിയുന്ന രചനാരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. സാക്ഷരതാസാഹിത്യത്തിന്റെ എല്ലാസാദ്ധ്യതകളും പ്രയോജനപ്പെടുത്തിയാണ് സത്യൻ അന്തിക്കാട് തന്റെ ശേഷം വെള്ളിത്തിരയിൽ എന്ന പുസ്തകം രചിച്ചിരിക്കുന്നത്. സിനിമാ രംഗത്ത്

നിലകൊള്ളുന്ന പല പ്രവണതകളെയും സരസമായി വരച്ചുകാട്ടാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. ജീവിതത്തിന് ശരിയായ ദിശാബോധം നൽകാൻ കഴിയുന്ന ഉദാഹരണങ്ങളും ഉപമകളും ഈ പുസ്തകത്തിന്റെ സവിശേഷതകളാണ്. നവസാക്ഷരസമൂഹത്തിന് മാർഗ്ഗദർശിയായി മാറാൻ കഴിയുന്ന ഒരു രചനയാണിത്.

*4 : 10 കായികസാക്ഷരത :* നവസാക്ഷരന്റെ കായികപരമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കായികസാക്ഷരതാ പരിപാടിക്ക് തുടക്കം കുറിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്ക് സഹായകരമായ നിലയിൽ ഏതാനും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*ഫുട്ബോൾ മിന്നിപ്പായുന്ന അനുഭവങ്ങൾ(1999)*[58] : മനുഷ്യമനസ്സിൽ സന്തോഷം പ്രദാനം ചെയ്യുന്നത് കളികളാണ്. ഫുട്ബോൾ കളിയെന്നു കേൾക്കുമ്പോൾ തന്നെ മലയാളികളുടെ മനസ്സുകളിൽ പന്തിന്റെ രൂപഭാവം തെളിയും. ഫുട്ബോൾ രംഗത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് കളിയിൽ സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച് സംക്ഷിപ്തമായി വിവരിക്കുകയാണ് ഒളിമ്പ്യൻ റഹ്മാൻ *ഫുട്ബോൾ മിന്നിപ്പായുന്ന അനുഭവങ്ങൾ(1999)* എന്ന ചെറിയ പുസ്തകത്തിൽ. സരസമായും ലളിതമായും ചുരുങ്ങിയ വാക്കുകളിൽ ആധികാരികമായി തന്മയത്വത്തോടെ വിഷയം അവതരിപ്പിക്കാൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ട്. ഫുട്ബോൾ രംഗത്ത് നാം ആർജ്ജിക്കേണ്ട തന്ത്രങ്ങളും മനസ്സിലാക്കേണ്ട നിയമങ്ങളും വസ്തുനിഷ്ഠമായി ഭാവനയിൽ ചാലിച്ച് സാഹിത്യരൂപത്തിൽ അവതരിപ്പിക്കാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. സിദ്ധാന്തങ്ങളുടെ കളിയല്ല പ്രായോഗികതയുടെ കളിയാണ് ഫുട്ബോൾ എന്ന് നമ്മെ ബോധ്യപ്പെടുത്താൻ ഗ്രന്ഥകർത്താവിന് കഴിയുന്നുണ്ട്.

*വോളിബോൾ പരിശീലനം*[59] *(2001) :* വോളിബോൾ കളിയുടെ പ്രായോഗിക വശത്തിന് ഊന്നൽ നൽകിക്കൊണ്ട് കളിയുടെ നിയമങ്ങൾ ലളിതമായി വിവരിക്കുന്ന ഒരു നവസാക്ഷരപുസ്തകമാണ് സനൽ പി. തോമസ് രചിച്ച *വോളിബോൾ പരിശീലനം(2001).* കായിക സാക്ഷരതാപരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ ഈ പുസ്തകത്തിൽ വോളിബോൾ കളിയുടെ ലഘു ചരിത്രവും മികച്ച കളിക്കാരുടെ വിവിധ ശൈലികളും അനാവരണം ചെയ്തിട്ടുണ്ട്. യുവതീ യുവാക്കളുടെ കായികശേഷി ഉണർത്തുന്നതിനും വളർത്തുന്നതിനും വോളിബോൾ പരിശീലനം നല്ലതുതന്നെ.

നവസാക്ഷരരിൽ ഉറങ്ങിക്കിടക്കുന്ന കായികക്ഷമത വീണ്ടെടുത്ത് വളർത്തുന്നതിനും അതിലൂടെ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്ന തിനും കഴിയുന്ന തലത്തിൽ ചിന്തയെ ഉദ്ദീപിപ്പിക്കാൻ ഈ പുസ്തകത്തിനു കഴിയും. വോളിബോൾ പോലുള്ള കായിക പരിശീലനം നവസാക്ഷരർക്ക് യോജിച്ചവണ്ണം പുസ്തകരൂപത്തിൽ രചിക്കാൻ കഴിഞ്ഞത് ഗ്രന്ഥകർത്താവിന് നവസാക്ഷരരുടെ മാനസികനിലവാരത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞതു കൊണ്ടാണ്. ശരിയായ പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുകയാണെങ്കിൽ വോളിബോൾ രംഗത്ത് കേരളത്തിന് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ കഴിയും. അതിന് ഇത്തരം പുസ്തകങ്ങൾ അനിവാര്യമാണ്.

മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റെ ഉദയ വികാസഘട്ടത്തിൽ വൈവിധ്യമാർന്ന മേഖലകളിലേക്ക് സാക്ഷരതാസാഹിത്യത്തെ കൊണ്ടെത്തി ക്കുന്നത് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യത്തിൽ എത്തുമ്പോഴാണ്.തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള സാഹിത്യം ഉദയംകൊള്ളുന്നതും പുഷ്പിക്കുന്നതും ഫലംപുറപ്പെടുവിക്കുന്നതും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തന കാലത്താണ്.

അക്ഷരങ്ങൾക്കപ്പുറം എന്ന ആശയത്തിന്റെ ഭാഗമായി സാക്ഷരതയിൽ നിന്ന് മുന്നോട്ട് എന്ന മുദ്രാവാക്യത്തിന്റെ സഹായത്തോടെ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തിയ ധീരോദാത്തമായ പ്രവർത്തനങ്ങൾ സാക്ഷരതാസാഹിത്യത്തിന് പുതിയമാനങ്ങൾ നൽകി. കേവലസാക്ഷരതയ്ക്കപ്പുറമുള്ള വികസനസാക്ഷരത, തൊഴിൽസാക്ഷരത, ആരോഗ്യസാക്ഷരത, കൃഷിസാക്ഷരത, പാർപ്പിടസാക്ഷരത, പാരമ്പര്യസാക്ഷരത, നിയമസാക്ഷരത, സാംസ്കാരികസാക്ഷരത, കായികസാക്ഷരത എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലേക്ക് നവസാക്ഷരനെ പ്രയാണം ചെയ്യിക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹിത്യസൃഷ്ടിക്ക് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ ഇക്കാലത്ത് തുടക്കം കുറിച്ചു.മലയാളത്തിലെ മറ്റേതൊരു സാഹിത്യശാഖയെയും പോലെ സാക്ഷരതാസാഹിത്യരംഗം വളർച്ച പ്രാപിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ വികസനസാക്ഷരതയിൽ ഉൾപ്പെടുത്താവുന്ന പുസ്തകങ്ങൾ നവസാക്ഷരരെ ലക്ഷ്യമാക്കി രചിച്ചിട്ടുള്ളവയാണ്. മനുഷ്യവിഭവശേഷിയുടെ ശരിയായ ഉപയോഗത്തിലൂടെ മാത്രമേ വികസനം സാദ്ധ്യമാകൂ എന്ന സന്ദേശം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരിൽ എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ സാഹിത്യസൃഷ്ടികൾ. ഭാഷാപരമായ ലാളിത്യം ഈ കൃതികളുടെ സവിശേഷതകളാണ്. ചുരുങ്ങിയ സമയം കൊണ്ട് വിപുലമായ ആശയം സംക്ഷിപ്തമായി അനുവാചകരിൽ എത്തിക്കാൻ സാക്ഷരതാസാഹിത്യത്തിനു കഴിയുമെന്നതിന്റെ ഉത്തമോദാഹരണമാണ് ഈ പുസ്തകങ്ങൾ. കൃത്രിമത്വം തീണ്ടാത്ത പദപ്രയോഗവും സംസാരഭാഷയോട് ഇണങ്ങിച്ചേരുന്ന ഭാഷാപ്രയോഗവും ഈ കൃതികളുടെ സവിശേഷതകളാണ്.

സാക്ഷരതയെ തൊഴിലുമായി ബന്ധപ്പെടുത്തുന്നതാണ് തൊഴിൽ സാക്ഷരത കേവലമായ അക്ഷരങ്ങൾ പഠിക്കുന്നതിലപ്പുറം പഠിച്ച അക്ഷരങ്ങളെ ജീവിതായോധനവുമായി ബന്ധപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് തൊഴിൽസാക്ഷരത. മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിൽ രൂപപരിണാമങ്ങൾ സംഭവിക്കുന്നത് തുടർവിദ്യാഭ്യാസ രചനകളിൽ എത്തുമ്പോഴാണ്. സാക്ഷരതയെ വരുമാനദായക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ അനുയോജ്യമായ സാഹിത്യ രചനകൾ ആവശ്യമായിത്തീർന്നു. ജനങ്ങളെ ചിരിപ്പിക്കുന്നതോടൊപ്പം തന്നെ പുതിയ അറിവുകൾ പ്രദാനം ചെയ്യേണ്ടതും സാഹിത്യത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്.

വിജ്ഞാനത്തോടൊപ്പം പ്രവൃത്തിമണ്ഡലത്തിൽ അറിവും കഴിവും വികസിപ്പിക്കാൻ പര്യാപ്തമായ സാഹിത്യസൃഷ്ടികൾ തുടർവിദ്യാഭ്യാസത്തിൽ അത്യന്താപേക്ഷിതമാണ്. സാക്ഷരത എന്ന വാക്കിന് പുതിയ മാനങ്ങൾ നൽകാനും നിത്യജീവിതവുമായി കൂട്ടിയിണക്കുന്നതിനും വായനാശീലം വളർത്തി കർമ്മമണ്ഡലത്തിൽ ശക്തനാക്കി മാറ്റുന്നതിനും പുസ്തകങ്ങൾ ആവശ്യമായി വന്നു. ചെറിയ തൊഴിൽ പരിശീലനങ്ങൾക്ക് വേണ്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ സാക്ഷരതാമിഷൻ നടത്തിയ ശ്രമങ്ങൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന് പുതിയ മുഖം നൽകുന്നതായിരുന്നു. ഇത് നവസാക്ഷരർക്ക് ഏറെ പ്രചോദനം നൽകി.

നവസാക്ഷരരും പ്രാഥമിക വിദ്യാഭ്യാസം നേടിയവരുമായ സാധാരണ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ മുൻനിർത്തി ധാരാളം സാഹിത്യരചനകൾ ആരോഗ്യസാക്ഷരതയുടെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പ്രസിദ്ധീകരിക്കുകയുണ്ടായി. രോഗങ്ങളെ സംബന്ധിച്ച തിരിച്ചറിവുകൾ ജനങ്ങളിൽ എത്തിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനും അനുയോജ്യമായ രചനകളാണിവ.

രോഗങ്ങളെ സംബന്ധിച്ച അറിവില്ലായ്മയാണ് സമൂഹത്തിന്റെ മുന്നിലെ പ്രധാന പ്രശ്നം. ആരോഗ്യസാക്ഷരതാ രംഗത്തെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകാൻ കഴിയുന്നതായിരുന്നു ഇത്തരം പുസ്തകങ്ങൾ. വളരെ കുറഞ്ഞ വാക്കുകളിൽ എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ കഴിയുന്ന പാകത്തിൽ ലളിതമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി സമ്പ്രദായമാണ് ആരോഗ്യസാക്ഷരതയുമായി ബന്ധപ്പെടുത്തി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പുറത്തിറക്കിയ സാഹിത്യസൃഷ്ടികളുടെ പൊതുസമീപനം. നാട്ടുമരുന്നുകളുടെ പ്രസക്തിയും പ്രാധാന്യവും വിവരിക്കുന്നതോടൊപ്പം കൊതുകുനശീകരണമടക്കം പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകത വ്യക്തമാക്കലും ശുചിത്വാവബോധം സൃഷ്ടിക്കലും ഈ രചനകളിലൂടെ കഴിയുന്നു. അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും മാറ്റുന്നതോടൊപ്പം രോഗങ്ങളെയും മാനസികപ്രശ്നങ്ങളെയും ശാസ്ത്രീയമായി സമീപിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വെളിച്ചം വീശുന്ന രചനകൾ ആരോഗ്യസാക്ഷരതാ സാഹിത്യത്തിൽ കണ്ടെത്താൻ കഴിയുന്നു. ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി ചികിത്സാരീതികളിലേയ്ക്ക് വെളിച്ചം വീശുന്ന രചനകളും ഈ കൂട്ടത്തിൽ ഉണ്ട്.

കൃഷിസാക്ഷരതയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ പുസ്തകങ്ങളിൽ പൊതുസമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. നാട്ടിൻപുറങ്ങളിൽ സാധാരണക്കാർക്ക് ചിരപരിചിതമായ കൃഷികളെയാണ് രചനയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. കുരുമുളക്, വാഴ, നെൽ, തെങ്ങ്, മുള, തേക്ക്, പുഷ്പം, പച്ചക്കറി എന്നിവയെല്ലാം ഇതിന്റെ ഉദാഹരണങ്ങളാണ്. പത്തുമിനിറ്റിനുള്ളിൽ വായിച്ചുതീർക്കാൻ കഴിയുന്ന വയാണ് ഈ പുസ്തകങ്ങൾ എല്ലാംതന്നെ. വളരെപെട്ടെന്ന് വായിച്ചു തീർക്കണം എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. കഥാരൂപത്തിലും സംഭാഷണരൂപത്തിലും

വിഷയങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നു. വിഷയം നിസ്സാരമെന്ന് തോന്നാമെങ്കിലും വിദ്യാസമ്പന്നർക്കുപോലും അറിയാൻ പാടില്ലാത്ത കാര്യങ്ങൾ ചർച്ച ചെയ്യുന്നു. പദങ്ങളുടെ തെരഞ്ഞെടുപ്പിലും ഉപയോഗത്തിലും സാധാരണ ജനങ്ങൾ ഉപയോഗിക്കുന്ന ഭാഷയോടും രീതിയോടും ചേർന്നു പോകുന്നു.

സാമ്പത്തിക പരാധീനതകൾ മൂലം ആത്മഹത്യ ഒരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. പാർപ്പിട നിർമ്മാണത്തിന് ഇറങ്ങി പുറപ്പെട്ട് സാമ്പത്തിക പ്രതിസന്ധികളിൽ അകപ്പെട്ട നിരവധി മലയാളികൾ ഉണ്ട്. ഇവർക്കും വീടുവയ്ക്കാൻ ശ്രമിക്കുന്നവർക്കും ലക്ഷ്യബോധം നൽകാനാണ് പാർപ്പിടസാക്ഷരത. ജീവിതത്തിൽ മനുഷ്യൻ എന്തിനെല്ലാം മുൻഗണന നൽകണമെന്ന് ബോധം ഉദിപ്പിക്കാൻ ഇത്തരം പുസ്തകങ്ങൾക്ക് കഴിയുന്നു.

പാരമ്പര്യസാക്ഷരത എന്ന രചനയിലൂടെ നമ്മളെയും നമ്മുടെ നാടിനെയും മനസ്സിലാക്കാൻ കഴിയും. സാക്ഷരനാകട്ടെ നവസാക്ഷരനാകട്ടെ വിദ്യാസമ്പന്നനാകട്ടെ അവൻ മലയാളിയാണെങ്കിൽ കേരളത്തെയും കഴിഞ്ഞ കാല കേരളീയ ജീവിതത്തെയും അറിയേണ്ടതാണ്. ഇത്തരം അറിവുകൾ നവസാക്ഷരനിലെത്തിക്കാനുള്ള ശ്രമമാണ് പാരമ്പര്യസാക്ഷരതാ പുസ്തകങ്ങളിലൂടെ ലക്ഷ്യമാക്കുന്നത്.

നവസാക്ഷരസമൂഹത്തെ മുന്നിൽ കണ്ടുകൊണ്ട് നിയമസാക്ഷരതാ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നാണ്. വിദേശഭാഷയായ ഇംഗ്ലീഷിൽ രൂപപ്പെട്ടതും പ്രചാരത്തിലിരിക്കുന്നതുമാണ് കേരളത്തിലെ നിയമങ്ങൾ. ഇത്തരം നിയമങ്ങൾ മലയാളഭാഷയിൽ വിവർത്തനം ചെയ്യാൻ കഴിയുമോയെന്ന സന്ദേഹവും മലയാളികളായ പലരും പ്രകടിപ്പിക്കാറുണ്ട്. നിയമങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ മലയാളഭാഷയ്ക്ക് ശക്തിയില്ലായെന്നാണ് ഇത്തരക്കാർ വാദിക്കാറുള്ളത്. ലളിത മലയാളഭാഷയിൽ ഏതുനിയമങ്ങളും വിവർത്തനം

ചെയ്യാൻ കഴിയുമെന്നതിന്റെ ഉത്തമോദാഹരണങ്ങളാണ് സാക്ഷരതാമിഷൻ പുറത്തിറക്കിയ നിയമസാക്ഷരതാ പുസ്തകങ്ങൾ. ഏതുകാര്യങ്ങളും സാധാരണ മലയാളികൾക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാൻ സാക്ഷരതാസാഹിത്യത്തിനു കഴിയുമെന്നത് ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു. അക്ഷരം അറിവാണെന്നും അറിവ് അഗ്നിയാണെന്നും അഗ്നി അന്ധകാരത്തിൽ നിന്നുമുള്ള മോചനമാണെന്നുമുള്ള തിരിച്ചറിവ് സമൂഹത്തിന് നൽകാൻ ഈ നിയമസാക്ഷരതാ പുസ്തകങ്ങൾക്ക് കഴിയുന്നു.

നവസാക്ഷരനിൽ രൂഢമൂലമായിരിക്കുന്ന കലാസാംസ്കാരിക കഴിവുകൾ പരിപോഷിപ്പിക്കാൻ ഉതകുന്ന തരത്തിലാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പുറത്തിറക്കിയ സാംസ്കാരികസാക്ഷരതയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ. ഒരു ജനതയുടെ പ്രധാന സംഭാവനകളിലൊന്നാണ് കലയും സംസ്കാരവും. ഏതൊരു മനുഷ്യന്റെയും മനസ്സിൽ ചെറുതും വലുതുമായ കലാവാസനകൾ അടിഞ്ഞുകൂടിയിട്ടുണ്ട്. ഇത്തരം വാസനകളെ പരിപോഷിപ്പിക്കുകയെന്നത് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പ്രത്യേകതയാണ്. ഇത്തരം പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകാൻ കഴിയുന്നതരത്തിലുള്ള സാഹിത്യസൃഷ്ടികളാണ് സാംസ്കാരിക സാക്ഷരതയുമായി ബന്ധപ്പെട്ട് പുറത്തു വന്നിട്ടുള്ളത്.

മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ് കായിക വിനോദം. പലതരത്തിലുള്ള കായികവിനോദങ്ങൾ കേരളത്തിൽ ഉണ്ട്. ഇത്തരം മേഖലകളിലേക്ക് കടന്നുചെല്ലാനുള്ള ശ്രമമാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കായിക സാക്ഷരതയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ പുസ്തകങ്ങൾ. നവസാക്ഷരർക്ക് പുതിയ ദിശാബോധം നൽകാൻ കഴിയുന്നതാണ് ലളിതഭാഷയിൽ രചിച്ചിട്ടുള്ള കായികസാക്ഷരതയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ.

മലയാളത്തിലെ സാക്ഷരതാ സാഹിത്യം പലഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നിരക്ഷരനായ ഒരു വ്യക്തിയെ സാക്ഷരനാക്കാൻ ഉപയോഗിക്കുന്ന പാഠാവലി മുതൽ നവസാക്ഷരർക്കായി രചിക്കപ്പെട്ട നവസാക്ഷരസാഹിത്യത്തിലൂടെ കടന്ന് തുടർവിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുന്നതുവരെ ഒട്ടേറെ സാഹിത്യസൃഷ്ടികൾ മലയാളത്തിലെ സാക്ഷരതാസാഹിത്യത്തിന്റേതായി പുറത്തു വന്നിട്ടുണ്ട്.

തുടർവിദ്യാഭ്യാസ സാഹിത്യരചനകൾ ഉൾക്കൊള്ളാൻ ശീലിച്ച ഒരു പഠിതാവിന് തുടർന്ന് മലയാള സാഹിത്യത്തിലെ ഇതരസാഹിത്യ സൃഷ്ടികളിലേക്ക് കടന്നു ചെല്ലാൻ കഴിയുന്ന പ്രാപ്തി കൈവരും. മലയാളത്തിലെ സാക്ഷരതാസാഹിത്യം മനുഷ്യവിഭവശേഷിയുടെ വികസനത്തിനു പ്രാധാന്യം നൽകുന്ന നിലയിലേക്ക് വളർന്നിരിക്കുന്നു. വ്യക്തിയും സമൂഹവും ആർജ്ജിക്കേണ്ട ഭാഷാപരവും വികസനപരവും പ്രായോഗികവുമായ സമീപനങ്ങളിലേക്ക് നവസാക്ഷരരെ കൊണ്ടെത്തിക്കാൻ പര്യാപ്തമായ സാഹിത്യസൃഷ്ടികളാണ് തുടർവിദ്യാഭ്യാസ രചനകളിൽ കാണാൻ കഴിയുന്നത്.

അക്ഷരങ്ങൾക്കപ്പുറം എന്ന പ്രായോഗിക സമിപനത്തിലൂടെ നവസാക്ഷരസമൂഹത്തിന് പുതിയദിശാബോധം നൽകുന്നതിനും കർമ്മശേഷി ഉണർത്തുന്നതിനും വിദ്യാഭ്യാസത്തിന്റെ ആവശ്യകതാബോധം വളർത്തുന്ന തിനും തുടർവിദ്യാഭ്യാസ രചനകൾക്ക് കഴിയുന്നു. സമൂഹത്തിലെ നാനാവിഭാഗം ജനങ്ങൾക്കും അവരുടെ കർമ്മമണ്ഡലത്തിൽ പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിനും വായനാശീലം വർദ്ധിപ്പിക്കുന്നതിനും ഭാഷയുടെയും സാഹിത്യത്തിന്റെയും ഉപയോഗത്തിലൂടെ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുമെന്നുള്ള പ്രത്യാശ ജനിപ്പിക്കാൻ ഈ രചനകൾക്ക് കഴിയുന്നു.

## ഗ്രന്ഥസൂചി


| | | | | |
|---|---|---|---|---|
| 1. | ശ്രീധരൻ പള്ളിയറ | *യന്ത്രങ്ങളുടെ ലോകം* | സ്റ്റേറ്റ് റിസോഴ്സ് സെന്റർ,തിരുവനന്തപുരം. | 1990 |
| 2. | രാധാകൃഷ്ണൻ | *ഊരുവിലക്ക്* | ,, | 1990 |
| 3. | ഇന്ദുലേഖ വഴുതക്കാട് | *പരിശ്രമിച്ചാൽ വിജയിക്കും* | ,, | 1990 |
| 4. | ശ്രീധരൻ കൊയിലാണ്ടി | *ഈച്ച* | ,, | 1990 |
| 5. | ശ്രീധരൻ പള്ളിയറ | *ലഘുയന്ത്രങ്ങൾ* | ,, | 1990 |
| 6. | ശാകംഭരി | *കേരളത്തിലെ ജില്ലകൾ* | ,, | 1990 |
| 7. | രാധാകൃഷ്ണൻഅടുത്തില | *വൈകിവന്ന വെളിച്ചം* | ,, | 1990 |
| 8. | പ്രവൃത്യുന്മുഖ സാക്ഷരതാ- പരിപാടി 1989 | *കൂടുതൽ പഠിക്കാൻ* | ,, | 1989 |
| 9. | രാജേശ്വരി വി.കെ, ഹരീഷ്കുമാർ എസ് | *പഠനോപകരണങ്ങൾ* | ,, | 1988 |
| 10. | – | *കണക്ക് പുസ്തകം* | ,, | 1987 |
| 11. | പണിക്കർ പി.എൻ | *ഞങ്ങൾക്ക് പഠിക്കണം* | ,, | |
| 12. | ഫ്രാൻസിസ് ചേന്നാട്ട് | *കൃഷിയും കർഷകനും* | ,, | 1980 |
| 13. | എറണാകുളം ജില്ലാ സാക്ഷരതാസമിതി | *അക്ഷരം സാക്ഷരതാ പാഠാവലി* | ,, | 1990 |
| 14. | പ്രവൃത്യുന്മുഖ ബഹുജന സാക്ഷരതാപരിപാടി 1989 | | ,, | 1989 |
| 15. | ഭാസ്ക്കരപ്പണിക്കർ പി.ടി | *ഗാന്ധിയൻപാഠാവലി* | ,, | 1988 |
| 16. | ഭാസ്ക്കരപ്പണിക്കർ പി.ടി | *സമൂഹപാഠാവലി* | ,, | 1988 |
| 17. | ,, | *പഠിതാക്കൾക്കൊരു വർക്ക് ബുക്ക്* | ,, | 1980 |
| 18. | ,, | *സമൂഹപാഠാവലി* | ,, | 1988 |
| 19. | ,, | *ഭാരതപാഠാവലി* | ,, | 1988 |
| 20 | ,, | *സാക്ഷരതയും* | | |
| 21. | | *സോഷ്യലിസവും* | ,, | 1988 |
| 22. | ഗോപാലകൃഷ്ണൻ നടുവട്ടം | ഗവേഷണ രീതിശാസ്ത്രം | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം | 2002 |

| | | | |
|---|---|---|---|
| 23 മേരി വിതയത്തിൽ | *വേലിക്കെട്ടുകൾ* | കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്), തിരുവനന്തപുരം | 1989 |
| 24 ജനാർദ്ദനൻ കെ.കെ | *മഹാഭാരതം* | ,, | 1989 |
| 25 ഉത്തമൻ പാപ്പിനശ്ശേരി | *യക്ഷിപ്പാല* | ,, | 1989 |
| 26 ദാമോദരൻ പൊൻകുന്നം | *അന്ധവിശ്വാസങ്ങൾ* | ,, | 1989 |
| 27 ജയൻ നായർ കെ.പി | *രാജാരവിവർമ്മ* | ,, | 1989 |
| 28 ,, | *ബോധവൽക്കരണ ഗാനങ്ങൾ* | ,, | 1989 |
| 29 ഭാസ്ക്കരപ്പണിക്കർ പി.ടി | *അക്ഷരംസാക്ഷരതാപാഠാവലി* | ,, | 1980 |
| 30 ,, | *ശാസ്ത്രപാഠാവലി* | ,, | 1984 |
| 31 ,, | *കൃഷിപാഠാവലി* | ,, | 1984 |
| 32 ,, | *സംസ്കാരപാഠാവലി* | ,, | 1988 |
| 33 ,, | *മനുഷ്യകഥാപാഠാവലി* | ,, | 1987 |
| 34 ,, | *ബഹുജനപാഠാവലി* | ,, | 1988 |
| 35 ,, | *പരിസരപാഠാവലി* | ,, | 1989 |
| 36 ,, | *കണക്കുപുസ്തകം* | ,, | 1987 |
| 37 ,, | *ഗ്രാമവികസനം* | ,, | 1988 |
| 38 ,, | *നവസാക്ഷരസാഹിത്യം* | ,, | 1988 |
| 39 ,, | *നിരക്ഷരതയ്ക്ക് എതിരായ സമരം* | ,, | 1987 |
| 40 പണിക്കർ പി.എൻ | *വീട്ടമ്മമാർക്കൊരു പാഠപുസ്തകം* | ,, | 1980 |
| 41 ,, | *വിദ്യാർത്ഥികൾ രാഷ്ട്രസേവനത്തിന്* | ,, | 1987 |
| 42 ,, | *കാൻഫെഡ് പ്രവർത്തകരോട്* | ,, | 1988 |
| 43 ,, | *എന്താണു രാഷ്ട്രീയം* | ,, | 1988 |
| 44 ,, | *മദ്യത്തിനെതിരായ ബഹുജനപ്രസ്ഥാനം* | ,, | 1989 |

| | | | |
|---|---|---|---|
| 45.നായർ ആർ.ആർ | *തെങ്ങുകൃഷി* | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി,തിരുവനന്തപുരം | 2000 |
| 46.വാസു ഇ | *ആസൂത്രിത ഗ്രാമവികസനം* | ,, | 2000 |
| 47.ഉണ്ണികൃഷ്ണൻ- ജി.എസ് | *കേരളത്തിലെ നാട്ടുപൂക്കൾ* | ,, | 2001 |
| 48.പരമേശ്വരൻ നായർ എം | *സിമിന്റ് ചേർക്കാത്ത മൺബ്ലോക്കുകൾ* | ,, | 1999 |
| 49.ഭാസ്ക്കരൻ കെ.ടി മൻസൂർ ടി.കെ | *ചെറുവ്യവസായം* | ,, | 1999 |
| 50.നിമ്മി ജോർജ് | *മണ്ണിരവളം* | ,, | 1999 |
| 51.ഗോപിനാഥൻ | *കളിപ്പാട്ടം ഉണ്ടാക്കാം* | ,, | 1999 |
| 52.വിജയരാഘവൻ കെ | *കല്ലിൻമേൽക്കായ കൃഷി* | ,, | 1999 |
| 53.ലക്ഷ്മി ജെ | *പപ്പട നിർമ്മാണം* | ,, | 2000 |
| 54.രാമചന്ദ്രൻ പന്മന | *ശരിയായ മലയാളം* | ,, | 1999 |
| 55.ഉണ്ണി ടി.ആർ | *കുളങ്ങൾ നിലനിർത്തുക* | ,, | 1999 |
| 56.കുമാർ കവടിയാർ | *ഡോഗ് ട്രയിനിങ്ങ്* | ,, | 2001 |
| 57.പരമേശ്വരൻ നായർ എം | *കല്പണിക്കാരൻ* | ,, | 1999 |
| 58.ഇന്ദിരാ കൃഷ്ണൻ | *ഗൃഹാലങ്കാരം* | ,, | 1999 |
| 59.മുരളീധരൻ പി | *ഫുട്ബോൾ പരിശീലനം* | ,, | 2000 |
| 60.രവി പാറശ്ശാല | *മൃദംഗപഠനം* | ,, | 2000 |
| 61.സനാതനൻ എം | *ചിത്രകലാപഠനം* | ,, | 2000 |
| 62.ഗിരിനാഥൻ നായർ പി | *ഗജപരിപാലനം* | ,, | 2001 |
| 63.ഗോപിമണി ആർ | *വാഴകൃഷി* | ,, | 2001 |
| 64.ജോർജ് വർഗീസ് കല്ലുമൂട്ടിൽ | *ലോക് അദാലത്ത്* | ,, | 2001 |
| 65.വാസു ഇ. | *ഗ്രാമക്ഷേമം* | ,, | 2000 |
| 66.രവീന്ദ്രനാഥ് ജി പെരുമ്പാവൂർ | *ലളിതസംഗീതം* | ,, | 2000 |

| | | | |
|---|---|---|---|
| 67.ഷാജി പി. മുഹമ്മദ് | *കുടനിർമ്മാണം* | ,, | 2000 |
| 68.ജോർജ് പി.സി | *ജനനീതി* | | 2000 |
| 69.ജയിംസ് വടക്കുംചേരി | *കുട്ടികളിലെ കുറ്റവാസനയും നിരക്ഷരതയും* | ,, | 2000 |
| 70.ദേവൻ പി.കെ | *ആദിവാസി വിദ്യാഭ്യാസം* | ,, | 2001 |
| 71.ഹരിഹരൻ ഉണ്ണിത്താൻ- എസ്.പി | *അറിവിൽക്കൂടി വികസനം* | ,, | 2001 |
| 72.ശശിഭൂഷൺ എം.ജി | *സാക്ഷരതയിൽനിന്നു മുന്നോട്ട്* | ,, | 2000 |
| 73.ശ്രീലേഖാ ആർ | *നിയമസംരക്ഷണം സ്ത്രീകൾക്ക്* | ,, | 1999 |
| 74.വാസുദേവൻ കെ.എൻ | *ലൈഫ് ഇൻഷ്വറൻസിന്റെ ലഘു പാഠങ്ങൾ* | ,, | 1999 |
| 75.സന്ധ്യ ബി | *സ്ത്രീ ശക്തി* | ,, | 2000 |
| 76.റസീനാ വിശ്വംഭരൻ - എം.എസ് | *മനോരോഗങ്ങൾ തിരിച്ചറിയുക* | ,, | 2000 |
| 77.ജോസഫ് പി.ജെ | *കേരളത്തിലെ തുടർവിദ്യാഭ്യാസം* | ,, | 2001 |
| 78.മധുവാസുദേവൻ | *സംഗീതാസ്വാദനം* | ,, | 2001 |
| 79.ശശിഭൂഷൺ എം.ജി | *ഓണാട്ടുകര* | സാക്ഷരതാമിഷൻ ആലപ്പുഴ ജില്ല | 2001 |
| 80. | *കൊച്ചി നഗരം* | കേരളഗ്രന്ഥശാലാ സംഘം തിരുവനന്തപുരം | 1973 |
| 81. | *നെയ്ത്തുകാരൻ* | ,, | 1973 |
| 82. | *ഗ്രാമത്തിലെ വായനശാല* | ,, | 1974 |
| 83. | *വനിതാപാഠാവലി* | ,, | 1974 |
| 84. | *റബ്ബർ ചെരുപ്പിന്റെ ലോകം* | ,, | 1974 |
| 85. | *കർണ്ണൻ* | ,, | 1974 |
| 86. | *കാറൽ മാർക്സ്* | ,, | 1974 |
| 87.ജോസ് ചിറ്റിലപ്പള്ളി | *ഊരും പേരും* | ,, | 1975 |
| 88. | *നിങ്ങളും നിങ്ങളുടെ നാടും* | ,, | 1975 |
| 89. | *കയറിന്റെ കഥ* | ,, | 1975 |
| 90. | *കേരളം* | ,, | 1975 |
| 91. | *സിനിമ* | ,, | 1976 |

| | | | |
|---|---|---|---|
| 92.സരസ്വതീഭായി എ | *ഔഷധസസ്യങ്ങൾ* | പ്രകൃതി ജീവനസമിതി | 1993 |
| 93.ജോർജ് ഇ.എം | *കൊതുകുനശീകരണ മാർഗ്ഗങ്ങൾ* | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി,തിരുവനന്തപുരം & ഡി.സി.കിഴക്കേമുറി ഫൗണ്ടേഷൻ, കോട്ടയം. | 2000 |
| 94.ഭാസ്ക്കരൻ നായർ - ചേപ്പാട് | *മൊസെയ്ക്ക് നിർമ്മാണം* | ,, | 1999 |
| 95.നന്ദകുമാർ പി | *മുയൽവളർത്തൽ* | ,, | 2000 |
| 96.സീരി | *പണം തരുന്ന പൂക്കൾ* | ,, | 1999 |
| 97. ,, | *അടുക്കളതോട്ടം* | ,, | 1999 |
| 98.അനൂപ് ഇ.വി | *വനവൃക്ഷങ്ങൾ കൃഷിയും പരിപാലനവും* | ,, | 2000 |
| 99.ഭാസ്ക്കരൻ നായർ- ചേപ്പാട് | *നെഹ്റുവും പട്ടേലും* | ,, | 1999 |
| 100.ഗോപിനാഥൻ നായർ- പി.പി | *ഹിന്ദി സംസാരിച്ചു- പഠിക്കാം* | ,, | 1999 |
| 101.ശോഭാ രവി | *ജാം,ജെല്ലി, ജൂസ്, സ്ക്വാഷ് നിർമ്മാണം* | ,, | 1999 |
| 102.ശശിധരൻ എം.എൻ | *രക്തസമ്മർദ്ദം* | ,, | 1999 |
| 103.സീരി | *ഒട്ടുചെടി വളർത്തൽ* | ,, | 1999 |
| 104.വർഗീസ് സി.എസ് | *ചെലവുകുറച്ച് എങ്ങനെ വീടുപണിയാം* | ,, | 1999 |
| 105.ശശിധരൻ എം.എം | *മഞ്ഞപ്പിത്തം* | ,, | 1999 |
| 106.ബിജുകുമാർ എ | *അലങ്കാര മത്സ്യം വളർത്താൻ* | ,, | 1999 |
| 107.സേതുമാധവൻ ടി.പി | *ആടുവളർത്തൽ* | ,, | 1999 |
| 108.സീരി | *പൂന്തോട്ടനിർമ്മാണം* | ,, | 1999 |
| 109.രാമൻപിള്ള കെ | *പന്നിവളർത്തൽ* | ,, | 1999 |
| 110.ഭാസ്ക്കരൻ നായർ ചേപ്പാട് | *വൈരക്കൽ തയാറാക്കൽ,,* | | 1999 |

| | | | |
|---|---|---|---|
| 111.ഇന്ദിരാ കൃഷ്ണൻ | *റെഡിമെയ്ഡ് വസ്ത്ര-* | ,, | 1999 |
| | *നിർമ്മാണം* | | |
| 112.രാധ | *ആസ്ത്മാ, ടൈഫോയ്ഡ്* | ,, | 2000 |
| 113.സുമാ ബി.നായർ | *ദാമ്പത്യം ദാമ്പത്യോപദേശം* | ,, | 2000 |
| 114.ദീപാ മേനോൻ | *കോഴിത്തീറ്റ കാലിത്തീറ്റ-* | ,, | *2001* |
| 115.നാരായണൻകുട്ടി കെ. | *നിർമ്മാണം* | | |
| 116.ബാലചന്ദ്രൻ നായർ.പി. | *എയ്ഡ്സിനെതിരെ* | ,, | 2000 |
| 117.ശ്രീനിവാസൻ | *പോർട്രെയ്റ്റ് രചന* | ,, | 2000 |
| 118.ശശിധരൻ എം.എൻ | *അർശസ്സ്* | ,, | 1999 |
| 119.അജിത് വെണ്ണിയൂർ | *ഗാന്ധിയൻ ദർശനം* | ,, | 2000 |
| 120.ശശിഭൂഷൺ എം.ജി | *പാരമ്പര്യസാക്ഷരത* | ,, | 2000 |
| 121.സത്യൻ അന്തിക്കാട് | *ശേഷം വെള്ളിത്തിരയിൽ* | ,, | 1999 |
| 122.നാരായണൻ കുട്ടി കെ. | *വാത്തവളർത്തൽ* | ,, | 2001 |
| 123. ,, | *കോഴിവളർത്തൽ* | ,, | 1999 |
| 124.ഷാജു സി.കെ | *പശുവളർത്തൽ* | ,, | 1999 |
| 125.നമ്പൂതിരി എ.എൻ. | *രാസവളങ്ങളും ഹോർമോണും* | | |
| | *കൃഷിയിൽ* | ,, | 2000 |
| 126.ഗീതാ കൃഷ്ണ | *ഗൃഹഭരണം* | ,, | 1999 |
| 127.ശശിധരൻ എം.എൻ. | *പ്രമേഹം* | ,, | 1999 |
| 128.നമ്പൂതിരി എ.എൻ. | *ടിഷ്യൂകൾച്ചർ* | ,, | 1999 |
| 129.കേശവൻ | *അക്ഷരത്തോണി* | ,, | 2000 |
| 130.ഗോവിന്ദൻ നായർ | *ലഘുയോഗാസനങ്ങൾ* | ,, | 1999 |
| 131.നാരായണൻകുട്ടി കെ. | *താറാവുവളർത്തൽ* | ,, | 2001. |
| 132.ജയിംസ് ജോസഫ് | *സ്പോക്കൺ ഇംഗ്ലീഷ്* | ,, | 1999 |
| 133.ശോഭാ രവി | *കൗതുക വസ്തു നിർമ്മാണം* | ,, | 1999 |
| 134.സുനിൽകുമാർ സി. | *ഫോട്ടോഗ്രഫി വീഡിയോഗ്രഫി* | ,, | 1999 |

| | | | |
|---|---|---|---|
| 135.രവി കെ.പിള്ള | *കമ്പ്യൂട്ടർ കഥപറയുന്നു* | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി & അക്ഷരകേരളം ട്രസ്റ്റ്, തിരുവനന്തപുരം. | 1999 |
| 136.ഏലിയാസ് ടി.പി | *ഹോമിയോപ്പതി അത്യാവശ്യം അറിയേണ്ട കാര്യങ്ങൾ* | ,, | |
| 1999137.സുധീർ ബാബു | *പുഷ്പകൃഷി ഓർക്കിഡ്, ആന്തൂറിയം* | ,, | 1999 |
| 138.രാമചന്ദ്രൻ സി.കെ | *ആയുർവേദം ദൈനംദിന ജീവിതത്തിൽ* | ,, | 1999 |
| 139.ഷാജി എസ്. | അൽഷിമേഴ്സ് രോഗം | ,, | 1999 |
| 140.ഗോപാലകൃഷ്ണൻ എം.ആർ | *ഹോംനഴ്സിങ്ങ്* | ,, | 1999 |
| 141.രാമചന്ദ്രൻ സി.കെ | *വാതരോഗങ്ങൾ സംശയങ്ങളും നിവാരണങ്ങളും* | ,, | 1999 |
| 142.ജോൺ സി.ജെ | *ജീവിത വിജയത്തിന് മന:ശാസ്ത്ര പാഠങ്ങൾ* | ,, | 1999 |
| 143.രത്നാകരൻ പി. | *നേതാജി* | കേരള സാക്ഷരതാസമിതി തിരുവനന്തപുരം | 1994 |
| 144.ബാലൻ മൊകേരി | *ഗുരുസ്വാമികൾ* | ,, | 1994 |
| 145.ജോർജ് ഓണക്കൂർ | *മഹാത്മാഗാന്ധി* | ,, | 1994 |
| 146.അപ്പൻ എം.പി | *ടാഗൂർ* | ,, | 1994 |
| 147.പ്രകാശ് മേനോൻ | *ജവഹർലാൽ നെഹ്റു* | ,, | 1994 |
| 148.കരീം എം.എ | *ചെറിയപെരുനാൾ* | ,, | 1994 |
| 149.രവി ശൂരനാട് | *നറുമൊഴിപ്പാട്ടുകൾ* | ,, | 1994 |
| 150.ആനന്ദക്കുട്ടൻ വി. | *കുടിലിന്റെ പാട്ടുകൾ* | ,, | 1994 |
| 151.അർജ്ജുനൻ വെള്ളായണി | *പഞ്ചതന്ത്രകഥകൾ* | ,, | 1993 |
| 152.ഷാജി കൈനകരി | *തേൻതുള്ളികൾ* | ,, | 1994 |

| | | | | |
|---|---|---|---|---|
| 153. | ബിനോയ് - ചാത്തുരുത്തി | *സ്വർണ്ണമോഹം* | ,, | 1994 |
| 154. | ഹൈദ്രോസ് - ആലുവ | *മുലപ്പാലിന്റെ മഹിമ* | ,, | 1993 |
| 155. | മാത്യു പി.എം. | *അനുഭവപാഠങ്ങൾ* | ,, | 1994 |
| 156. | സിപ്പി പള്ളിപ്പുറം | *നമ്മുടെ നാടോടി ഗാനങ്ങൾ* | ,, | 1994 |
| 157. | സചീന്ദ്രൻ എം.എം | *ജയവും തോൽവിയും* | ,, | 1994 |
| 158. | ജാൻസി തോമസ് | *കുഞ്ഞോമന* | ,, | 1994 |
| 159. | ഇന്ദുലേഖാ കെ | *വനം നമ്മുടെ സമ്പത്ത്* | ,, | 1993 |
| 160. | കമലാസനൻ പി. | *ശുചിത്വം* | ,, | 1993 |
| 161 | അഭിമന്യ സി. | *വെള്ളം* | ,, | 1993 |
| 162 | ജോർജ് സഖറിയാ | *പലതുള്ളി പെരുവെള്ളം* | ,, | 1994 |
| 163 | സേതു കുമാരി | *ഒരു കൈത്തിരി വെട്ടം* | ,, | 1994 |
| 164 | കരീം എം.എ | *ജന്തുകഥകൾ* | ,, | 1993 |
| 165 | സജിനി പവിത്രൻ | *അതാണ് ശരി* | ,, | 1994 |
| 166 | ഗോപി പി.കെ | *കുരുവിക്കൂട്* | ,, | 1994 |
| 167 | വിമലാ മേനോൻ | *പാർവ്വതി പിന്നെ ചിരിച്ചിട്ടില്ല* | ,, | 1994 |
| 168 | പ്രഭാകരൻ എ. | *നാട്ടിലൊരു വിദ്യാകേന്ദ്രം* | ,, | 1993 |
| 169 | ജയശ്രീ ജെ. | *കേരളത്തിലെ കായലുകൾ* | ,, | 1993 |
| 170 | ശ്രീധരൻ പള്ളിച്ചിറ | *നമുക്ക് വളരാം* | ,, | 1993 |
| 171 | ഗംഗാധരൻ കരിങ്ങന്നൂർ | *സ്വർഗ്ഗത്തിന്റെ ഉദയം* | ,, | 1994 |
| 172 | കൃഷ്ണൻ നായർ എസ്. | *ഒരു അഞ്ച് രൂപാ നോട്ടിന്റെ ജീവിതയാത്ര* | ,, | 1994 |
| 173 | ജയപ്രകാശ് കൊട്ടാരക്കര | *ബലിയാടുകൾ* | ,, | 1993 |
| 174 | ദേവു | *സ്നേഹത്തിൽ വിടർന്ന പൂവ്* | ,, | 1994 |
| 175 | രാധാകൃഷ്ണൻ അടുത്തില | *ഊരുവിലക്ക്* | ,, | 1993 |
| 176 | മനോജ് കെ.പുതിയവിള | *വിശ്വാസം ശിക്ഷിച്ചു* | ,, | 1993 |

| | | | | |
|---|---|---|---|---|
| 177 | ബേബി മണ്ണാറക്കയം | *സിനിമയുടെ കഥ* | ,, | 1994 |
| 178 | ജോർജ് ഓണക്കൂർ | *ഗോത്രസ്മൃതി സ്മരണിക* | ,, | 1995 |
| 179 | ജേക്കബ് തോമസ് | *പോലീസിനെ* | അക്ഷരകേരളം | |
| | | *അടുത്തറിയുമ്പോൾ* | ട്രസ്റ്റ്, തിരുവനന്തപുരം | 2000 |
| 180 | ,, | *പോലീസും ജനങ്ങളും* | ,, | 1997 |
| 181 | വാരിയർ പി.കെ | *ആയുർവേദദർശനം* | ,, | 2000 |
| 182 | ഗംഗാധരകുറുപ്പ് ഇ.പി | *കോഴിക്കോടൻ ഹൽവ* | ,, | 2000 |
| 183 | അജീബ് കൊമാച്ചി | *കാപ്പിച്ചെടി വേരുകൊണ്ട്* | | |
| | | *അലങ്കാര ശില്പങ്ങൾ* | ,, | 2000 |
| 184 | വാസുദേവൻ പി.എ | *കുടുംബബജറ്റ്* | ,, | 2000 |
| 185 | റഹ്മാൻ ഒളിമ്പ്യൻ | *ഫുട്ബോൾ മിന്നിപ്പായുന്ന* | | |
| | | *അനുഭവങ്ങൾ* | ,, | 1999 |
| 186 | സുധാകരൻ നായർ | | | |
| | കെ.ആർ | *ആദായം നേടാൻ പശു -* | ,, | 1999 |
| | | *വളർത്തൽ* | | |
| 187 | ലോഹിതാക്ഷൻ കെ | *നമ്മുടെ* | തുടർവിദ്യാഭ്യാസ | |
| | | *മൗലീകാവകാശങ്ങൾ* | പുസ്തകമാല | 1999 |
| 188 | കൃഷ്ണകുമാർ കെ | *മനുഷ്യൻ മനുഷ്യനായ കഥ* | ,, | 2000 |
| 189 | രാധാകൃഷ്ണൻ ആർ. | *ഉപഭോക്താവിന്റെ അവകാശങ്ങൾ* | ,, | 2000 |
| 190 | ഭവനീ ദേവി എസ് | *കൂൺകൃഷി* | കേരള ഭാഷാ | |
| | | | സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 1996 |
| | | | തിരുവനന്തപുരം | |
| 191 | തോമസ് പി.ടി | *കുഷ്ഠരോഗം* | ,, | 1992 |
| 192 | മുല്ലനേഴി | *അക്ഷരദീപം* | തുടർവിദ്യാഭ്യാസ | 2001 |
| | | | പുസ്തകമാല & | |
| | | | ശാസ്ത്ര സാഹിത്യ പരിഷത്ത് | |
| | | | കോഴിക്കോട് | |
| 193 | ശിവദാസ് എസ്. | *ആറടിമണ്ണുമതി* | ,, | 2000 |
| 194 | ശ്രീധരൻ കെ. | *വൈദ്യുതിയും വീട്ടമ്മയും* | ,, | 2000 |

| | | | | |
|---|---|---|---|---|
| 195 | ലോഹിതാക്ഷൻ എ.കെ | നമ്മുടെ ഭരണഘടന | ,, | 2000 |
| 196 | പ്രസാദ് എം.കെ | മനുഷ്യനും പ്രകൃതിയും | ,, | 2000 |
| 197 | കൃഷ്ണകുമാർ കെ.കെ | വിശ്വമാനവൻ | ,, | 2000 |
| 198 | ജോസഫ് എ.കെ | അറിവിന്റെ വഴികാട്ടി | ഡി.സി.ബുക്സ് കോട്ടയം | 1999 |
| 199 | ജോൺ കെ.ജെ | മക്കൾ നല്ലവരാകണമെങ്കിൽ | ,, | 1999 |
| 200 | തോമസ് പി.ജെ | മലയാള സാഹിത്യവും ക്രിസ്ത്യാനികളും | ,, | 1989 |
| 201 | ശ്രീധരൻ ഇയ്യങ്കോട് | നവമാലിക സംഗീത ശില്പം | കേരള ശാസ്ത്ര- സാഹിത്യ പരിഷത്ത് കോഴിക്കോട് | 1987 |
| 202 | വാസുദേവൻ പി.പി. മോഹൻ എം.എസ് | സ്പാർട്ടക്കസ് | ,, | 1987 |
| 203 | അരവിന്ദ് ഗുപ്ത | ഇത്തിരി ശാസ്ത്രം | ,, | 1991 |
| 204 | പ്രഭാകരൻ ടി.ടി | ഉണ്ണിയാർച്ച(വടക്കൻപാട്ട്) | ,, | 1991 |
| 205 | ശ്രീധരൻ കെ | വൈദ്യുതിയുടെ കഥ | ,, | 1983 |
| 206 | രാമചന്ദ്രൻ സി. | *രാജാവും പോലീസും* | ,, | 1983 |
| 207 | മാധവപണിക്കർ- പി.ആർ. | *ബ്രഹമാണ്ഡത്തിന്റെ കഥ* | ,, | 1981 |
| 208 | അച്യുതൻ എ. | *കുതിരയില്ലാത്ത വണ്ടി* | ,, | 1977 |
| 209 | കൃഷ്ണകുമാർ - കെ.കെ | *പ്രകൃതി, സമൂഹം, ശാസ്ത്രം* | ,, | 1978 |
| 210 | തങ്കപ്പൻ കെ.ആർ | *രോഗപ്രതിരോധം* | ,, | 2000 |
| 211 | രാജ്മോഹൻ കെ | *വയറിളക്കരോഗങ്ങൾ* | ,, | 2000 |
| 212 | മാത്യു സാം | *വഴിവിളക്ക്* | സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം | 1995 |
| 213 | രാധികാ സി.നായർ | *കമ്പ്യൂട്ടറിന്റെ ലോകം* | ,, | 1999 |
| 214 | ശ്രീമഹാദേവൻ- പിള്ള | *കുട്ടപ്പന്റെ വീട്* | ,, | 1994 |

| | | | | |
|---|---|---|---|---|
| 215 | സത്യൻ ആര്യനാട് | *മാനംതെളിഞ്ഞു* | ,, | 2001 |
| 216 | ഗോപാലകൃഷ്ണൻ ഉമ്മന്നൂർ | *സൂര്യവിളക്ക്* | ,, | 1999 |
| 217 | വിജയകുമാർ കാരയ്ക്കമണ്ഡപം | *വരയുടെ പൊരുൾ* | ,, | 1999 |
| 218 | രജനി ചന്ദ്രൻ | *മണ്ണു വേണ്ടാത്ത കൃഷി* | ,, | 1999 |
| 219 | മധു ഓമല്ലൂർ | *ചിത്രകഥകൾ* | ,, | 1997 |
| 220 | ജോഷി എൻ.ഡി | *ഗിരിജനപാഠാവലി പ്രവർത്തക സഹായി* | ,, | 1985 |
| 221 | തായാട്ട് കെ | *നാം ചങ്ങല പൊട്ടിച്ച കഥ* | തായാട്ട് കെ | 2000 |
| 222 | അയ്യപ്പൻ നായർ- എൻ. | **ഗ്രാമവികസനവും** *പഞ്ചായത്ത് രാജും* | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് തിരുവനന്തപുരം. | 1997 |
| 223 | പൗലൊഫ്രെയർ | *വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം* | ഫാബിയൻ ബുക്സ് തിരുവനന്തപുരം | 1999 |
| 224 | വർക്കി എം.എം | *ഡോക്യുമെന്ററി സിനിമ* | സാഹിത്യപ്രവർത്തക സഹകരണ സംഘം കോട്ടയം. | 1999 |
| 225 | ഹുമയൂൺ കബീർ | *ഇന്ത്യയുടെ പൈതൃകം* | ,, | 1999 |
| 226 | വർമ്മ സി.ആർ.ആർ | *പഞ്ചഭൂതോപാസനയും സാധാരണ രോഗങ്ങളും* | കറന്റ് ബുക്സ്, കോട്ടയം. | 1993 |
| 227 | നമ്പൂതിരിപ്പാട്- എം.സി | *രോഗവിമുക്തരാകുവാൻ* | ,, | 1993 |
| 228 | സുധാകരൻ എം. | *ഉപഭോക്തൃ കോടതി എങ്ങനെ ഉപയോഗപ്പെടുത്താം* | ,, | 1997 |
| 229 | ജയമണി സി.വി നാണുക്കുട്ടൻ നായർ | *കറിയുപ്പും തൊണ്ടമുഴയും* | ,, | 1999 |
| 230 | ജയമണി സി.വി | *പൂർണ്ണാരോഗ്യത്തിന് സസ്യാഹാരം* | ,, | 1997 |

| | | | | |
|---|---|---|---|---|
| 231 | സതീശ് ചന്ദ്രൻ | എയ്ഡ്സ് | ,, | 1995 |
| 232 | മാത്യു പി.എം | എങ്ങനെ പഠിക്കണം | | |
| | | പരീക്ഷ എഴുതണം | ,, | 2000 |
| 233 | വർഗീസ് സി.ഡി | സ്ത്രീകളും ക്യാൻസറും | ,, | 1997 |
| 234 | വർമ്മ സി.ആർ.ആർ | പഞ്ചഭൂതോപാസനയും | | |
| | | സാധാരണ രോഗങ്ങളും | കേരള ഗാന്ധി | 1997 |
| | | | സ്മാരക നിധി, | |
| | | | തിരുവനന്തപുരം. | |
| 235 | കുമാരപിള്ള ജി. | *എം.പി.മന്മഥൻ എന്ന* | എം.പി.മന്മഥൻ | 1997 |
| | | *മനുഷ്യൻ* | സ്മാരക ട്രസ്റ്റ് | |
| 236 | പരമേശ്വരൻ നായർ | *മലയാള സാഹിത്യ* | സാഹിത്യ അക്കാദമി | |
| | എസ്. ഉള്ളൂർ | *ചരിത്രം* | തിരുവനന്തപുരം | |
| 237 | പരമേശ്വരൻ നായർ പി.കെ | ,, | ,, | 1988 |
| 238 | തമ്പാൻ എം.ആർ | *മാധ്യമങ്ങളും മലയാള* | കേരള ഭാഷാ | |
| | | *സാഹിത്യവും* | ഇൻസ്റ്റിറ്റ്യൂട്ട് | 2000 |
| 239 | ,, | *വിജ്ഞാനം* | | |
| | | *ഇരുപത്തിയൊന്നാംനൂറ്റാണ്ടിലേക്ക്* | ,, | 2000 |
| 240 | ഗോപാലകൃഷ്ണൻ പി.കെ | *കേരളത്തിന്റെ സാസ്കാരിക* | | |
| | | *ചരിത്രം* | ,, | 1992 |
| 241 | പണിക്കർ എം.പി | *മലയാള ഖണ്ഡകാവ്യങ്ങൾ* | | |
| | | *ഒരു പഠനം* | ,, | 1985 |
| | | *വിദ്യാസംഗ്രഹം* | ബെഞ്ചമിൻ ബെയ്‌ലി | 1864- |
| | | | ഗവേഷണ കേന്ദ്രം | 1865 |
| 242 | രാജൻഗുരുക്കൾ | *കേരള ചരിത്രം* | വള്ളത്തോൾ | |
| | രാഘവവാര്യർ | | വിദ്യാപീഠം | 1992 |
| 243 | | | | |
| 244 | പാലാക്കുന്നേൽ വല്യച്ചൻ | *നാളാഗമം* | ചരമ ശതാബ്ദികമ്മറ്റി | |
| | | | പ്രസിദ്ധീകരണം | 2000 |
| 245 | പവനൻ | *വിമർശനം മലയാളത്തിൽ* | മുണ്ടശ്ശേരി | |
| | | | സ്മാരക സമിതി | 1990 |

| | | | | |
|---|---|---|---|---|
| 246 | പവനൻ | *പവനന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ* | സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം. | 1988 |
| 247 | കുര്യാക്കോസ്- ഏലിയാസച്ചൻ- ചാവറ | *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ( മൂന്ന് വാല്യങ്ങൾ)* | സെന്റ് ജോസഫ് പ്രസ്, മാന്നാനം | വാല്യം 1 1981<br>വാല്യം 2 1981<br>വാല്യം 3 1982 |
| 248 | കുര്യാക്കോസ്- ഏലിയാസച്ചൻ- ചാവറ | *ഒരു നല്ല അപ്പന്റെ ചാവരുൾ 21 -ാം പതിപ്പ്* | ,, | 2001 |
| 249 | ജോയി തിരുമൂലപുരം | *വാർത്ത വാല്യം 1* | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം | 1997 |
| 250 | ,, | *വാർത്ത വാല്യം 2* | ,, | 1998 |
| 251 | ,, | *വാർത്ത വാല്യം 3* | ,, | 2000 |
| 252 | പൈലി എം.വി | *ഇന്ത്യൻഭരണഘടന* | ,, | 1975 |
| 253 | നാരായണൻ പോറ്റി | *മലയാള സാഹിത്യ സർവ്വസ്വം* | കേരള സാഹിത്യ അക്കാദമി,തൃശ്ശൂർ | 1987 |
| 254 | സുകോമൾസെൻ | *ഇന്ത്യൻ തൊഴിലാളി വർഗ്ഗ ചരിത്രം* | കേരള സസർവീസ് തിരുവനന്തപുരം | 2005 |
| 255 | ശങ്കുണ്ണി കൊട്ടാരത്തിൽ | *ഐതിഹ്യമാല* | കറന്റ് ബുക്സ് കോട്ടയം | 1991 |
| 256 | ഹെർമൻ ഗുണ്ടർട്ട് | *ഗുണ്ടർട്ട് നിഘണ്ടു* | സാഹിത്യപ്രവർത്തക സഹകരണ സംഘം കോട്ടയം | 1962 |

| | | | | |
|---|---|---|---|---|
| 257. | പദ്മനാഭപിള്ള ശ്രീകണ്ഠേശ്വരം | *ശബ്ദതാരാവലി* | ,, | 2004 |
| 258. | ബാലകൃഷ്ണൻ ബി.സി, നാരായണപിള്ള കെ.എസ്. | *ശബ്ദസാഗരം* | ഡി.സി.ബുക്സ് കോട്ടയം | 1991 |
| 259. | രാമലിംഗം പിള്ള ടി. | ഇംഗ്ലീഷ് -ഇംഗ്ലീഷ് മലയാളം നിഘണ്ടു(റിവൈസ്) | ,, | 2002 |
| 260. | Prem Chand | Statistical Database for Literacy Vol.2 | National Institute of Adult Education New Delhi | 1993 |
| 261. | | Quest for Change | National Literacy Mission, New Delhi | 1994 |
| 262. | | Production, Selection and Purchase of Neo-Literates Material for Continuing Education Centres. | Adult Education Govt.of India New Delhi | 1998 |
| 263. | | A Decade of Achievements Literacy Rates | ,, | 1998 |
| 264. | Shash S.Y | An Encyclopedia of Indian Adult Education | ,, | 1999 |
| 265. | Nasim Ahamad | Constituent factors of Learning Environment of Adult Leaners | ,, | 1999 |
| 266. | | A Hand Book For Preraks | ,, | 2000 |

| | | | |
|---|---|---|---|
| 267 | APPEAL Training Materials for Training of Continuing Education Personnel | UNESCO Regional Office for Asia and PACIFIC | 2000 |
| 268 | Learning Society | Adult Education Govt.of India New Delhi | 2001 |
| 269 | Continuing Education Manual for Training of Preraks | ,, | 2001 |
| 270 | Hand Book on Training Methods | Adult Education Govt. of India,New Delhi | 2001 |
| 271 | Manual for Training of Key Resource Persons. | ,, | 2001 |
| 272 | Evaluation of Literacy Campaign in India, Report of Expert Groups. | ,, | 2001 |
| 273 | Literacy in India Achievements and Challenges | | 2002 |

## സാങ്കേതികപദാവലി

| | |
|---|---|
| തുല്യതാ പരിപാടി | Equivalency Class ( IV, VIII, X) |
| വരുമാനവർദ്ധക പരിപാടി | Income Generating Programme |
| ജീവിതഗുണനിലവാര പരിപാടി | Quality of Life Improvement Programme |
| വ്യക്തിഗത താത്പര്യപോഷണ പരിപാടി | Individual Intrest Promotion Programme |
| പ്രവൃത്ത്യുന്മുഖ സാക്ഷരതാ പരിപാടി | Functional Literacy Programme |
| കർഷക പ്രവൃത്ത്യുന്മുഖസാക്ഷരതാ പരിപാടി | Farmers Functional Literacy Programme |
| കർഷക പരിശീലന പ്രവൃത്ത്യുന്മുഖ സാക്ഷരതാപരിപാടി | Farmers Training and Functional Literacy Programme |
| ഗ്രാമീണ പ്രവൃത്ത്യുന്മുഖ സാക്ഷരതാ പരിപാടി | Rural Functional Literacy Programme |
| അനൗപചാരികവിദ്യാഭ്യാസ പരിപാടി | Nonformal Education Programme |
| ദേശീയ വയോജനവിദ്യാഭ്യാസ പരിപാടി | National Adult Education Programme |
| വയോജന വിദ്യാഭ്യാസ പരിപാടി | Adult Education Programme |
| ജനബോധന സാക്ഷരതായജ്ഞം | Peoples Education and Literacy Campaign, Kottayam(PELCK) |

അനുബന്ധം 1

## ഇന്ത്യൻ വയോജനവിദ്യാഭ്യാസം മാറുന്ന കാഴ്ചപ്പാടുകൾ

| സമീപനം | ഘട്ടം, കാലം | മുഖ്യ സങ്കല്പം | പ്രധാന പരിപാടികൾ |
|---|---|---|---|
| മതപരവും പരാമ്പരാഗതവുമായ സമീപനം. | ഒന്നാം ഘട്ടം (-1947) | അടിസ്ഥാനസാക്ഷരത | നിശാപാഠശാലകൾ |
| ദേശീയബോധാധിഷ്ഠിത സമീപനം | രണ്ടാംഘട്ടം (1948 - 1966) | രാജ്യസ്നേഹസാക്ഷരത പൗരബോധസാക്ഷരത | സാമൂഹിക വിദ്യാഭ്യാസം } |
| തൊഴിൽപരമായ സമീപനം | മൂന്നാംഘട്ടം (1967 - 1977) | പ്രവൃത്യുന്മുഖ സാക്ഷരത | കാർഷിക പ്രവൃത്യുന്മുഖ സാക്ഷരതാ പരിപാടി |
| സാമൂഹ്യമാറ്റം | നാലാംഘട്ടം (1978 - | വികസനസാക്ഷരത | ദേശീയ വയോജന വിദ്യാഭ്യാസ പരിപാടി, സാമൂഹ്യ തൊഴിൽ സാക്ഷരതാ പരിപാടി, സമ്പൂർണ്ണ സാക്ഷരതാ പരിപാടി, തുടർവിദ്യാഭ്യാസം. |

അനുബന്ധം 2

## സാക്ഷരതാനിരക്ക് ഇന്ത്യയിൽ 1901 – 2001

| വർഷം | വയസ്സ് | ശതമാനം | പുരുഷൻ | സ്ത്രീ |
|---|---|---|---|---|
| 1901 | മുഴുവൻ ജനങ്ങൾ (വിഭജിക്കാത്ത ഇന്ത്യ) | 5.39 | 9.83 | 0.60 |
| 1911 | മുഴുവൻ ജനങ്ങൾ (വിഭജിക്കാത്ത ഇന്ത്യ) | 5.92 | 10.56 | 1.05 |
| 1921 | മുഴുവൻ ജനങ്ങൾ (വിഭജിക്കാത്ത ഇന്ത്യ) | 7.16 | 12.21 | 1.81 |
| 1931 | മുഴുവൻ ജനങ്ങൾ ( വിഭജിക്കാത്ത ഇന്ത്യ) | 9.50 | 15.59 | 2.93 |
| 1941 | മുഴുവൻ ജനങ്ങൾ (വിഭജിക്കാത്ത ഇന്ത്യ) | 16.10 | 24.90 | 7.30 |
| 1951 | 5 വയസ്സിനു മുകളിൽ | 18.33 | 27.16 | 8.86 |
| 1961 | 5 വയസ്സിനു മുകളിൽ | 28.30 | 40.40 | 15.34 |
| 1971 | 5 വയസ്സിനു മുകളിൽ | 34.45 | 45.95 | 21.97 |
| 1981 | 7 വയസ്സിനു മുകളിൽ | 43.67 | 56.50 | 29.85 |
| 1991 | 7 വയസ്സിനു മുകളിൽ | 52.21 | 64.13 | 39.29 |
| 2001 | 7 വയസ്സിനു മുകളിൽ | 65.38 | 75.85 | 54.16 |

അനുബന്ധം 3

## തുടർവിദ്യാകേന്ദ്രങ്ങളിലെയും വികസനവിദ്യാകേന്ദ്രങ്ങളിലെയും ഗുണഭോക്താക്കളിൽനടത്തിയ സർവേയുടെ റിപ്പോർട്ട്

| | | | |
|---|---|---|---|
| 1. | സർവേയിൽ പങ്കെടുത്ത പഠിതാക്കളുടെ എണ്ണം | : | 517 |
| 2. | 2.1 സ്ത്രീകൾ | : | 431 |
| | 2.2 പുരുഷന്മാർ | : | 86 |
| 3 | പ്രായം | | |
| | 3.1 16 വയസ്സിനു താഴെ | : | 0 |
| | 3.2 16 - 35 വയസ്സിനു താഴെ | : | 0 |
| | 3.3 35 - 55 വയസ്സിനു താഴെ | : | 391 |
| | 3.4 56 -75 വയസ്സിനു താഴെ | : | 126 |
| | 3.5 75 വയസ്സിനു മുകളിൽ | : | 0 |
| 4. | സമുദായം | | |
| | 4.1 മുന്നോക്കം | : | 48 |
| | 4.2 പിന്നോക്കം | : | 329 |
| | 4.3 എസ്.സി | : | 118 |
| | 4.4 എസ്.റ്റി | : | 22 |
| 5. | വൈവാഹിക നില | | |
| | 5.1 വിവാഹിത | : | 431 |
| | 5.2 വിവാഹിതൻ | : | 86 |
| | 5.3 അവിവാഹിത | : | 0 |
| | 5.4 അവിവാഹിതൻ | : | 0 |
| 6. | വിദ്യാഭ്യാസ യോഗ്യത | | |
| | 6.1 4-ാം തരം തുല്യതാ പഠിതാവ് | : | 441 |
| | 6.2 7-ാം തരം തുല്യതാ പഠിതാവ് | : | 64 |
| | 6.3 10 -ാം തരം തുല്യതാ പഠിതാവ് | : | 12 |

| | | | |
|---|---|---|---|
| 7. | സാക്ഷരതാ കലാജാഥ കണ്ടവർ | : | 517 |
| 8. | കലാജാഥ സ്വാധീനിച്ചവർ | : | 517 |
| 9. | സാക്ഷരതാഗാനങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞവർ | : | 517 |
| 10. | പ്രൈമറുകൾ I II III IV വായിച്ചവർ | : | 453 |
| 11. | 11.1 പ്രൈമർ I II III നോട് യോജിച്ചവർ | : | 453 |
| | 1 .2 പ്രൈമർ IV നോട് യോജിച്ചവർ | : | 356 |
| 12. | നവസാക്ഷര പുസ്തകങ്ങൾ വായിച്ചവർ | : | 517 |

13. 1997 വരെ പ്രസിദ്ധീകരിച്ച നവസാക്ഷര പുസ്തകങ്ങൾ വായിച്ചവരുടെ അഭിപ്രായം

| | | | |
|---|---|---|---|
| 1. | ലളിതഭാഷയിൽ രചിച്ചത് | : | 503 |
| 2. | മനസ്സിന് സന്തോഷം തരുന്നത് | : | 489 |
| 3. | അക്ഷരങ്ങൾ ചേർത്ത് കൂടുതൽ വായിക്കാൻ ഉപകരിക്കുന്നു | : | 468 |
| 4. | കഥയിലൂടെ ആശയം അവതരിപ്പിക്കുന്നു | : | 431 |
| 5. | വേഗത്തിൽ വായിച്ച് മനസ്സിലാക്കാൻ കഴിയും | : | 456 |
| 6. | വായനയിൽ മുഷിപ്പു തോന്നുന്നില്ല | : | 431 |
| 7. | പാഠം വിജ്ഞാനപ്രദമാണ് | : | 462 |
| 8. | ഇത്തരത്തിലുള്ള കൂടുതൽ പുസ്തകങ്ങൾ വായിക്കാൻ ഇഷ്ടമാണ് | : | 517 |

14. സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങളെപ്പറ്റി അറിവുള്ളവർ : 517

15. സാക്ഷരതാമിഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ വായിച്ചവർ :517

16. കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റിയുടെ പുസ്തകങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായം

1. വിജ്ഞാനം നൽകുന്നതെന്ന് അഭിപ്രായപ്പെട്ടവർ :493
2. മുഷിവ് തോന്നാതെ വായിക്കാൻ കഴിയുന്നതെന്ന് അഭിപ്രായപ്പെട്ടവർ :318
3. പ്രാദേശിക ജീവിതത്തിൽ ഗുണകരമാണെന്ന് അഭിപ്രായപ്പെട്ടവർ
4. ലളിതമായ പദവിന്യാസമാണെന്ന് അഭിപ്രായപ്പെട്ടവർ :392
5. വിഷയത്തിന്റെ അവതരണരീതി നല്ലതെന്ന് അഭിപ്രായപ്പെട്ടവർ :306
6. നവസാക്ഷരർക്ക് യോജിച്ച വിഷയം ആണെന്ന് അഭിപ്രായപ്പെട്ടവർ :472
7. നിത്യജീവിതത്തിന് ഗുണകരമാണെന്ന് അഭിപ്രായപ്പെട്ടവർ :329
8. നവസാക്ഷരർക്കും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർക്കും വിഷയം മനസ്സിലാക്കാൻ കഴിയുന്നതാണെന്ന് അഭിപ്രായപ്പെട്ടവർ :378
9. ഭാഷാപരമായ ലാളിത്യം ഉണ്ടെന്ന് അഭിപ്രായപ്പെട്ടവർ :431
10. പുസ്തകത്തിന്റെ വലിപ്പം യോജിച്ചതെന്ന് അഭിപ്രായപ്പെട്ടവർ :368

17. സാക്ഷരതാ പുസ്തകങ്ങൾ ഭാഷയ്ക്കും സാഹിത്യത്തിനും ഗുണകരമെന്ന് അഭിപ്രായപ്പെട്ടവർ : 517

18. ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കുന്നവർ : 517

19. വായിക്കുന്ന മാസികകളെ സംബന്ധിച്ച വിവരം

| | | |
|---|---|---|
| 19.1 മനോരമ :517 | 19.2 മംഗളം :517 | 19.3 മാമാങ്കം :374 |
| 19.4 കുങ്കുമം :296 | 19.5 മാതൃഭൂമി :91 | 19.6 കൗമുദി :63 |
| 19.7 ഭാഷാപോഷിണി: 31 | 19.8 വനിത :52 | 19.9 കന്യക :62 |
| 19.10 ഗൃഹലക്ഷ്മി :18 | 19.11 കേരളശബ്ദം :11 | 19.12 കർഷകൻ :07 |
| 19.13 ഇന്ത്യാടുഡേ :04 | 19.14 മലയാളം :02 | |

20. താഴെപ്പറയുന്നവരുടെ നോവലുകളും കഥകളും വായിക്കുന്നവരുടെ എണ്ണം

| | | | |
|---|---|---|---|
| 20.1 എം.ടി.വാസുദേവൻ നായർ | : 198 | 20.2 ഒ.വി.വിജയൻ | :53 |
| 20.3 ആനന്ദ് | :106 | 20.4 ബാറ്റൻബോസ് | :517 |
| 20.5 കമലാഗോവിന്ദ് | :499 | 20.6 മാത്യു മറ്റം | :517 |
| 20.7 പാറപ്പുറം | :179 | 20.8 തകഴി | :168 |
| 20.9 കേശവദേവ് | :194 | 20.10 സക്കറിയ | :64 |
| 20.11 മുട്ടത്തുനർക്കി | :413 | 20.12 കാനം ഇ.ജെ | : |
| 20.13 ജോയ്സി | :507 | 20.14 ജോസി വാഗമറ്റം | :498 |
| 20.15 കോട്ടയം പുഷ്പനാഥ് | :517 | 20.16 പി.വി.തമ്പി | :378 |
| 20.17 സുധാകർ മംഗളോദയം | : | | |

21. തുടർവായനയ്ക്കായി ലഭ്യമായ പുസ്തകങ്ങളെ സംബന്ധിച്ചുള്ള വിവരം

21.1 സാക്ഷരതാ പുസ്തകങ്ങൾ വായിച്ചവർ :517

21.2 വിജ്ഞാനപുസ്തകങ്ങൾ വായിച്ചവർ :127

21.3 പ്രാർത്ഥനാ പുസ്തകങ്ങൾ വായിച്ചവർ :469

21.4 ആഴ്ചപ്പതിപ്പുകൾ വായിച്ചവർ :517

22. ജനങ്ങൾക്ക് താത്പര്യമുള്ള പ്രസിദ്ധീകരണങ്ങൾ

22.1 വിജ്ഞാനപുസ്തകങ്ങൾ വായിക്കാൻ താത്പര്യമുള്ളവർ :79

22.2 കഥകൾ വായിക്കാൻ താത്പര്യമുള്ളവർ :491

22.3 നോവലുകൾ വായിക്കാൻ താത്പര്യമുള്ളവർ :478

22.4 ആഴ്ചപ്പതിപ്പുകളിൽ വരുന്ന കഥകളും നോവലുകളും വായിക്കാൻ താത്പര്യമുള്ളവർ :517

23. ടെലിവിഷൻ കാണുന്നവർ :517

24. ടെലിവിഷൻ പരിപാടിയിൽ പ്രാധാന്യം നൽകുന്നതു സംബന്ധിച്ചുള്ള വിവരം

24.1 വാർത്തകൾക്ക് പ്രാധാന്യം നൽകുന്നവർ :291

24.2 ചിത്രീകരണങ്ങൾക്ക് പ്രാധാന്യം നൽകുന്നവർ :78

24.3 അഭിമുഖങ്ങൾക്ക് പ്രാധാന്യം നൽകുന്നവർ :61

24.4 സീരിയലുകൾക്ക് പ്രാധാന്യം നൽകുന്നവർ :517

24.5 സിനിമകൾക്ക് പ്രാധാന്യം നൽകുന്നവർ :461

25. ടെലിവിഷൻ പരിപാടികൾ തുടർച്ചയായി കാണാൻ തുടങ്ങിയതിൽപ്പിന്നെ വായന കുറഞ്ഞവർ :248

26. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഗുണഫലം ലഭിച്ചവർ : 517

27. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ മേന്മകളെ സംബന്ധിച്ച അഭിപ്രായം

27.1 അക്ഷരവിദ്യയിലൂടെ അറിവിന്റെ പുതിയ മേഖലകളിൽ എത്തി എന്ന് അഭിപ്രായപ്പെട്ടവർ :517

27.2 സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിച്ചു എന്ന് അഭിപ്രായപ്പെട്ടവർ :267

27.3 പുതിയ ഒരു ജീവിത വീക്ഷണം ലഭിച്ചു എന്ന് അഭിപ്രായപ്പെട്ടവർ :432

27.4 കുടുംബപരമായ അഭിവൃദ്ധി ഉണ്ടായി എന്ന് അഭിപ്രായപ്പെട്ടവർ :394

27.5 വ്യക്തിത്വ വികസനം ലഭിച്ചു എന്ന് അഭിപ്രായപ്പെട്ടവർ :497

28. അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ ഭാഷാശേഷി വർദ്ധിപ്പിച്ചവർ :517

29. അനൗപചാരിക വിദ്യാഭ്യാസഗുണഭോക്താക്കളിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടതും വായനാശേഷി വർദ്ധിപ്പിക്കാൻ ഉതകിയതുമായ പ്രസിദ്ധീകരണങ്ങൾ :

29.1 തുടർവിദ്യാഭ്യാസ പുസ്തകം ഇഷ്ടപ്പെട്ടവർ :401

29.2 പ്രൈമറുകൾഇഷ്ടപ്പെട്ടവർ :399

29.3 ഗ്രന്ഥശാലാ സംഘത്തിന്റെ പുസ്തകങ്ങൾ ഇഷ്ടപ്പെട്ടവർ :161

29.4 ആഴ്ചപ്പതിപ്പുകൾഇഷ്ടപ്പെട്ടവർ (മംഗളം, മനോരമ.....) :517

29.5 സാക്ഷരതാസമിതിയുടെ പുസ്തകങ്ങൾ ഇഷ്ടപ്പെട്ടവർ :467

29.6 തുല്യതാ പാഠാവലി ഇഷ്ടപ്പെട്ടവർ :118

30. ഗുണഭോക്താക്കൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത്

30.1 ആഴ്ച്ചപ്പതിപ്പുകൾ വായിക്കാൻ ഇഷ്ടപ്പെടുന്നവർ :517

30.2 സാക്ഷരതാ പുസ്തകങ്ങളുടെ വായന ഇഷ്ടപ്പെടുന്നവർ :461

30.3 സീരിയൽ കാണാൻ ഇഷ്ടപ്പെടുന്നവർ :517

30.4 സിനിമ കാണാൻ ഇഷ്ടപ്പെടുന്നവർ :493

30.5 നോവൽ വായിക്കാൻ ഇഷ്ടപ്പെടുന്നവർ :478

## സാങ്കേതികപദാവലി

| | |
|---|---|
| തുല്യതാ പരിപാടി | Equivalency Class ( IV, VIII, X) |
| വരുമാനവർദ്ധക പരിപാടി | Income Generating Programme |
| ജീവിതഗുണനിലവാര പരിപാടി | Quality of Life Improvement Programme |
| വ്യക്തിഗത താത്പര്യപോഷണ പരിപാടി | Individual Intrest Promotion Programme |
| പ്രവൃത്ത്യുന്മുഖ സാക്ഷരതാ പരിപാടി | Functional Literacy Programme |
| കർഷക പ്രവൃത്ത്യുന്മുഖസാക്ഷരതാ പരിപാടി | Farmers Functional Literacy Programme |
| കർഷക പരിശീലന പ്രവൃത്ത്യുന്മുഖ സാക്ഷരതാപരിപാടി | Farmers Training and Functional Literacy Programme |
| ഗ്രാമീണ പ്രവൃത്ത്യുന്മുഖ സാക്ഷരതാ പരിപാടി | Rural Functional Literacy Programme |
| അനൗപചാരികവിദ്യാഭ്യാസ പരിപാടി | Nonformal Education Programme |
| ദേശീയ വയോജനവിദ്യാഭ്യാസ പരിപാടി | National Adult Education Programme |
| വയോജന വിദ്യാഭ്യാസ പരിപാടി | Adult Education Programme |
| ജനബോധന സാക്ഷരതായജ്ഞം | Peoples Education and Literacy Campaign, Kottayam(PELCK) |